# ഉദയഗിരി ഗ്രാമപഞ്ചായത്ത്



# വികസനരേഖ-'96

# ഉദയഗിരി ഗ്രാമപഞ്ചായത്ത്.



# ഉദയഗിരി ഗ്രാമ പഞ്ചായത്ത്

## ജനകീയ ആസൂത്രണം

## വികസന രേഖ

1996

ഉദയഗിരി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

# വികസന രേഖ ’96

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

**പൊതുവിവരങ്ങൾ**

**വിസ്തീർണ്ണം - 51.8 ചതുരശ്ര കി.മീ**

**ജനസംഖ്യ - 19,557 (1991-ലെ സെൻസസ് പ്രകാരം)**

**- 9664പുരുഷൻ - 9893 സ്ത്രീകൾ**

**കുടുംബങ്ങളുടെ എണ്ണം - 3990**

**വാർഡുകളുടെ എണ്ണം - 10**

**ഹരിജൻകോളനികളുടെ എണ്ണം - 12**

**പ്രധാന കൃഷികൾ - തെങ്ങ്, കശുമാവ്, റബ്ബർ, കവുങ്ങ്, കുരുമുളക്**

**ജനങ്ങളുടെ മുഖ്യജീവിത മാർഗ്ഗം - കൃഷി**

## ആരാധനാലയങ്ങൾ

1. **കൃസ്ത്യൻ പള്ളികൾ - ഉദയഗിരി, കാർത്തികപുരം, മണക്കടവ്, താബോർ, ജയഗിരി, അരിവിളഞ്ഞപൊയിൽ, മാമ്പൊയിൽ.**
2. **ക്ഷേത്രങ്ങൾ - കോഴിത്താവളം, മണക്കടവ്, ചീക്കാട്, പൂവഞ്ചാൽ, അരിവിളഞ്ഞപൊയിൽ, താളിപ്പാറ, മുതുശ്ശേരി, കാർത്തികപുരം, മണിയംകൊല്ലി.**
3. **മുസ്ലീം പള്ളി- ലഡാക്ക്, ഉദയഗിരി**
4. **രാജ്യഹാൾ - കാർത്തികപുരം, പൂവഞ്ചാൽ**

**സാംസ്ക്കാരിക നിലയം - ഉദയഗിരി**

**പോസ്റ്റ് ഓഫീസ് - കാർത്തികപുരം, ഉദയഗിരി, അരിവിളഞ്ഞപൊയിൽ, മണക്കടവ്, താബോർ, വിജയഗിരി**

## നിലവിലുള്ള അതിർത്തികൾ

**വടക്ക് - പെരിങ്ങോം വയക്കര പഞ്ചായത്ത് അതിർത്തി**

**(ജോസ്ഗിരി - താബോർ - ചാത്തമംഗലം വരെ)**

**തെക്ക് - ആലക്കോട് പഞ്ചായത്ത് അതിർത്തി**

**(മഞ്ഞപുല്ല് - കാപ്പിമല - ആശാൻ കവല വരെ)**

**കിഴക്ക് - കർണ്ണാടക ഫോറസ്റ്റ്**

**പടിഞ്ഞാറ് - ആലക്കോട് പഞ്ചായത്ത് അതിർത്തി**

**(കോളി, കൂടാപറമ്പ്-പരപ്പ, ചാത്തമംഗലം വരെ.)**

**കൃഷി ഭവൻ - ഉദയഗിരി**

**മൃഗാസ്പത്രി - ഉദയഗിരി**

**ടെലഫോൺ എക്സ്ചേഞ്ച് - മണക്കടവ്**

**ഗവ. ഹോമിയോ ഡിസ്പൻസറി - കാർത്തികപുരം**

**ഹൈസ്കൂൾ - ജി.എച്ച്.എസ്, കാർത്തികപുരം, ജി.എച്ച്.എസ് ശ്രീപുരം**

യു.പി.എസ്. - പ്രത്യാശ യു.പി.എസ്, ഉദയഗിരി, ജി.യു.പി.എസ്. പൂവഞ്ചാൽ

എൽ.പി.എസ് - മാമ്പൊയിൽ, താബോർ

അൺ എയ്ഡഡ് - മണക്കടവ്. സെൻറ് തോമസ് എൽ.പി.എസ്.

ഗ്രാമസേവകൻ ഓഫീസ്- കാർത്തികപുരം

ഐ.സി.ഡി.പി - സബ്ബ് സെൻറർ മണക്കടവ്

ആർ.പി.എസ് - കാരിക്കയം, ഉദയഗിരി

അംഗൻവാടി - പൂവഞ്ചാൽ, മാവുംതട്ടു, കാർത്തികപുരം, ഉദയഗിരി, കട്ടപ്പള്ളി, മുതുശ്ശേരി, മണ്ണാത്തിക്കുണ്ട്, ചീക്കാട്, ലഡാക്ക്, താളിപ്പാറ

കംപ്യൂട്ടർ സെൻറർ - ശ്രീപുരം ഗവ: ഹൈസ്കൂൾ

സ്വകാര്യ ആശുപത്രികൾ - ഉദയഗിരി, കാർത്തികപുരം, മണക്കടവ്

UDAYAGIRI PANCHAYAT



# ഉദയഗിരി പഞ്ചായത്ത് ഭരണ സമിതി

## 1980-85

1. ശ്രീ. ജോസഫ് പന്തപ്ലാക്കൽ (പ്രസിഡണ്ട് 1980-'82)
2. " രാഘവൻ കുന്നേൽ (വൈ. പ്രസിഡണ്ട്)
3. " തോമസ് ഇരുപ്പക്കാട്ട് ( പ്രസിഡണ്ട് 1982- 85)
4. " ചാണ്ടി കുരിശുംമൂട്ടിൽ
5. " കുര്യച്ചൻ ഉപ്പ്മാക്കൽ
6. " ജോസഫ് പേടിക്കാട്ടുകുന്നേൽ
7. " കെ.പി. ശ്രീധരൻ നായർ
8. " കെ.എസ്. അമ്മുക്കുട്ടി
9. " ഒ.ആർ. കോരൻ

## 1988 - '95

1. ശ്രീ. തോമസ് വെക്കത്താനം (പ്രസിഡണ്ട്)
2. " തോമസ് വടക്കൻ (വൈ. പ്രസിഡണ്ട്)
3. " ജോസഫ് വട്ടക്കോട്ടയിൽ
4. " പി.കെ. ആദിച്ചൻ
5. " ജയപുരം രാജു
6. " ലീലാമ്മ ജോർജ്ജ്
7. " ജോസഫ് നെല്ലിക്കുന്നേൽ
8. " സി.എൻ. വാസുദേവൻ
9. " ത്രേസ്യാമ്മജേക്കബ്.

# ഉദയഗിരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

## 1995 - 2000

| | | |
|---|---|---|
| 1. | ശ്രീ തോമസ് വെക്കത്താനം | (പ്രസിഡണ്ട്). |
| 2. | ശ്രീ ജോയിച്ചൻ പള്ളിയാലിൽ | (വൈ: പ്രസിഡണ്ട്) |
| 3. | ശ്രീമതി ജഗദമ്മ ദാമോദരൻ | (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ` |
| 4. | ശ്രീ ജോസഫ് വട്ടക്കൊട്ടയിൽ | (മെമ്പർ) |
| 5. | ശ്രീ കെ.കെ. ചന്ദ്രൻ | " |
| 6. | ശ്രീ സെബാസ്റ്റ്യൻ മേപ്രക്കാവിൽ | " |
| 7. | ശ്രീ ടി. സുബൈർ | " |
| 8. | ശ്രീമതി. അന്നമ്മ ജോസഫ് പാലക്കുഴി | " |
| 3. | ശ്രീമതി. മേരി ജയിംസ് വാണിയക്കുന്നേൽ | " |
| 10. | ശ്രീമതി. ലക്ഷ്മി പുതുശ്ശേരി | " |

# വികസന രേഖ തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയവർ

1. ഉദയഗിരി ഗ്രാമ പഞ്ചായത്ത് ചരിത്രം

| | |
|---|---|
| ശ്രീ തോമസ് വെക്കത്താനം | (ചെയർമാൻ) |
| ശ്രീ വി.വി. അയ്യപ്പൻ നായർ | (കൺവീനർ) |
| ശ്രീ ജോസഫ് പാലക്കൽ | (കമ്മിറ്റി അംഗം) |
| ശ്രീ മാണിക്കുട്ടി പൈകടയിൽ | " |
| ശ്രീ വി.സി. അഗസ്റ്റ്യൻ | " |

2. കൃഷിയും ജലസേചനവും

| | |
|---|---|
| ശ്രീ ജോയിച്ചൻ പള്ളിയാലിൽ | (ചെയർമാൻ) |
| ശ്രീ കെ.എസ്. ചന്ദ്രശേഖരൻ | (കൺവീനർ) |
| ശ്രീ ആൻറണി ഡോമനിക് | (കമ്മിറ്റി അംഗം) |
| ശ്രീ രാധാകൃഷ്ണൻ പുതുപ്പറമ്പിൽ | " |
| ശ്രീ ജോസഫ് നെല്ലിക്കുന്നേൽ | " |
| ശ്രീമതി ബേബി റീന (കൃഷിഭവൻ) | " |
| ശ്രീ ജെ. പി. പാലക്കാവുങ്കൽ | " |

3. മൃഗസംരക്ഷണം

| | |
|---|---|
| ശ്രീ സെബാസ്റ്റ്യൻ മേപ്രക്കാവിൽ | (ചെയർമാൻ) |
| ഡോ. ജയമോഹൻ (മൃഗഡോക്ടർ) | (കൺവീനർ) |
| ശ്രീ സുരേഷ് കൂടത്തിങ്കൽ | (കമ്മിറ്റി അംഗം) |

4. വ്യവസായം

| | |
|---|---|
| ശ്രീമതി ജഗദമ്മ ദാമോദരൻ | (ചെയർമാൻ) |
| ശ്രീ കെ. ആർ. രാജേന്ദ്രൻ | (കൺവീനർ) |

5. വിദ്യാഭ്യാസം

| | |
|---|---|
| ശ്രീ കെ.കെ. ചന്ദ്രൻ | (ചെയർമാൻ) |
| ശ്രീ വി.എസ്. സണ്ണി മാസ്റ്റർ | (കൺവീനർ) |
| ശ്രീ ശ്രീരാജ്. വി.ടി | (കമ്മിറ്റി അംഗം) |

6. കുടിവെള്ളം - പൊതുജനാരോഗ്യം

| | |
|---|---|
| ശ്രീമതി മേരിജയിംസ് | (ചെയർമാൻ) |
| ശ്രീ എം.ബി. മുരളി | (കൺവീനർ) |
| ശ്രീ ബേബി മരുതികുന്നേൽ | (കമ്മിറ്റി അംഗം) |
| ശ്രീ വി.എം. സാലു | ( " ) |

7. ഗതാഗതം ഊർജ്ജം

| | |
|---|---|
| ശ്രീ ജോസഫ് ഫിലിപ്പ് വട്ടക്കോട്ടയിൽ | (ചെയർമാൻ) |
| ശ്രീ സന്തോഷ്. ടി.എസ് | (കൺവീനർ) |
| ശ്രീ ടോമി തൈക്കൂട്ടം | (കമ്മിറ്റി അംഗം) |
| ശ്രീ മാത്യു ചിങ്കല്ലേൽ | ( " ) |

8. ഭവന നിർമ്മാണം - സാമൂഹ്യക്ഷേമം

| | |
|---|---|
| അന്നമ്മ ജോസഫ് പാലക്കുഴി | (ചെയർമാൻ) |
| മോഹൻദാസ് കൂടത്തിങ്കൽ | (കൺവീനർ) |
| ടി. സുബൈർ | (കമ്മിറ്റി അംഗം) |

9. സംസ്കാരം

| | |
|---|---|
| ടി. സുബൈർ | (ചെയർമാൻ) |
| മാനുവൽ വടക്കേ മുറിയിൽ | (കൺവീനർ) |
| കെ.ജി. മുരളിദാസ് | (കമ്മിറ്റി അംഗം) |

10. വനിതാക്ഷേമം

| | |
|---|---|
| ശ്രീമതി ലക്ഷമി പുതുശ്ശേരി | (ചെയർമാൻ) |
| ശ്രീമതി ആനിയമ്മ രാജേന്ദ്രൻ | (കൺവീനർ) |
| കുമാരി മിനി. സി.വി | (കമ്മിറ്റി അംഗം) |

11. സഹകരണം

| | |
|---|---|
| ജോസഫ് നെല്ലികുന്നേൽ | (ചെയർമാൻ) |
| സാജൻ. കെ.ജോസഫ് കുമ്പളപള്ളിൽ | (കൺവീനർ) |
| കെ.എസ്. ചന്ദ്രശേഖരൻ | (കമ്മിറ്റി അംഗം) |
| ബന്നി പീടികയ്കൽ | ( " ) |

12. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

| | |
|---|---|
| കെ.കെ. ചന്ദ്രൻ | (ചെയർമാൻ) |
| ചന്തുക്കുട്ടി. ടി.വി. | (കൺവീനർ) |

13. വിഭവസമാഹരണം

| | |
|---|---|
| ബന്നി പീടികയ്കൽ | (ചെയർമാൻ) |
| ശ്രീ ജോർജ് ഓലികുന്നേൽ | (കൺവീനർ) |


കവർ ഡിസൈൻ : തോമസ് തുണ്ടത്തിൽ

ടൈപ്പ് സെറ്റിംഗ് : പ്രിൻറ്ലൈൻ പയ്യന്നൂർ

പ്രിൻറിംഗ് : ടൈം ഓഫ്സെറ്റ് പ്രസ്, തളിപ്പറമ്പ്

ഫോൺ : 202225



**ശ്രീ: ജോയിച്ചൻ പള്ളിയാലിൽ**
(വൈ: പ്രസിഡൻറ്)



**ശ്രീ: തോമസ് വെക്കത്താനം**
(പ്രസിഡൻറ് ഉദയഗിരി ഗ്രാമ പഞ്ചായത്ത്)



**ശ്രീമതി: ജഗദമ്മ ദാമോദരൻ**
(ചെയർമാൻ സ്റ്റാൻറിംങ് കമ്മറ്റി)



ശ്രീ: **തോമസ് വെക്കത്താനം** (പ്രസിഡൻറ്, ഉദയഗിരി ഗ്രാമപഞ്ചായത്ത്), ശ്രീ: **ജോയിച്ചൻ പള്ളിയാലിൽ** (വൈ: പ്രസിഡൻറ്), ശ്രീമതി: **ജഗദമ്മ ദാമോദരൻ** (ചെയർമാൻ, സ്റ്റാൻറിംങ് കമ്മറ്റി), മെമ്പർമാർ:- ശ്രീ: **ജോസഫ് ഫിലിപ്പ്**, വട്ടക്കൊട്ടയിൽ, ശ്രീ: **സെബാസ്റ്റ്യൻ മാപ്രക്കാവിൽ**, ശ്രീ: **കെ.കെ. ചന്ദ്രൻ**, ശ്രീമതി: **ലക്ഷ്മി പുതുശ്ശേരി**, ശ്രീമതി: **അന്നമ്മ ജോസഫ് പാലക്കുഴി**, ശ്രീ: **ടി. സുബൈർ**, ശ്രീമതി: **മേരി ജയിംസ്** എന്നിവർ.



ശ്രീ: തോമസ് വെക്കത്താനം (ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്), ശ്രീ: കെ.പി. രാമൻ കുട്ടി (സെക്രട്ടറി), ജീവനക്കാർ:- ശ്രീ: ഭാസ്കരൻ, ശ്രീ: എൻ.എൻ. പ്രസന്നകുമാർ, ശ്രീമതി: ഏലിക്കുട്ടി, ശ്രീ: ബാബു എന്നിവർ.



ശ്രീ: ജയപുരം രാജു (ബ്ലോക്ക് പഞ്ചായത്ത പ്രസിഡന്റ), ശ്രീ: തോമസ് വെക്കത്താനം (ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), ശ്രീ: വി.സി. ബേബി (ജില്ലാ-പഞ്ചായത്ത് മെമ്പർ), ശ്രീമതി: റോസമ്മ ജോസഫ്(ബ്ലോക്ക്-പഞ്ചായത്ത് മെമ്പർ), ശ്രീ: പി. ചന്ദ്രശേഖരൻ നായർ (B.D.O), ശ്രീ: ടി.വി. ചന്തുക്കുട്ടി (V.E.O)എന്നിവർ.



# സന്ദേശം

പ്രിയപ്പെട്ട ശ്രീ: തോമസ് വെമ്മത്താനം

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ഉദയഗിരി ഗ്രാമ പഞ്ചായത്ത് ഒരു വികസന രേഖ തയ്യാറാക്കുന്നതായി അറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. പുരോഗതിക്ക് വേണ്ടി വെമ്പൽ കൊള്ളുന്ന മലയോര ജനതയുടെ ചുടു നിശ്വാസങ്ങൾ ഈ വികസനരേഖയിൽ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. കഠിനാദ്ധ്വാനം മാത്രം കൈമുതലാക്കിയ കുടിയേറ്റ ജനതയുടെ വളർച്ചയുടെയും നാടിന്റെ പുരോഗതിയുടെയും ഇതിഹാസ ചരിത്രമായി വികസന രേഖ മാറട്ടെയെന്ന് ആത്മാർത്ഥമായി ആശിക്കുന്നു.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉദയഗിരി പഞ്ചായത്ത് വളർച്ചയുടെ പാതയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് ഞാൻ സന്തോഷത്തോടെ അനുസ്മരിക്കുന്നു. ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും. പഞ്ചായത്ത് ഭരണാധികാരികളുടെ അർപ്പണ മനോഭാവവും. നിരന്തരമായ പരിശ്രമശീലവും. പഞ്ചായത്തിന്റെ വികസന രംഗത്ത് വേഗത കൂട്ടാൻ ഉപകരിച്ചിട്ടുണ്ട്.

ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഭരണ സമിതിയും ഒരുപറ്റം സന്നദ്ധ പ്രവർത്തകരും വിവധ ഉദ്യോഗസ്ഥ പ്രതിനിധികളും ചേർന്ന് ചർച്ചചെയ്ത് രൂപപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഈ വികസനരേഖ തയ്യാറാക്കപ്പെട്ടത് എന്ന് ഞാൻ മനസ്സിലാക്കുന്നു.

നിരവധി പേരുടെ കൂട്ടായ അദ്ധ്വാനം പ്രശംസനീയമാണ്. 1996 ഡിസംബർ 2ന് ചേരുന്ന പഞ്ചായത്ത് വികസന സെമിനാറിൽ പ്രകാശനം ചെയ്യുന്ന വികസനരേഖ തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ താങ്കളെയും താങ്കളുടെ നേതൃത്വത്തിലുള്ള ഗ്രാമ. പഞ്ചായത്ത് ഭരണ സമിതിയേയും മുഴുവൻ സന്നദ്ധ പ്രവർത്തകരെയും അനുമോദിക്കുന്നതോടൊപ്പം ഉദഗിരി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

*സ്നേഹപൂർവ്വം*
കെ.സി. ജോസഫ് M.L.A

തിരുവനന്തപുരം.
28/11/1996



ശ്രീ: വി.സി. ബേബി
(ജില്ലാ–പഞ്ചായത്ത് മെമ്പർ)



ശ്രീമതി: റോസമ്മ ജോസഫ്
(ബ്ലോക്ക്–പഞ്ചായത്ത് മെമ്പർ)



ന്യൂഡൽഹി.

28.11.96.

# സന്ദേശം

പ്രിയപ്പെട്ട ശ്രീ. വെങ്കത്താനം.

1996 ഡിസംബർ 2ന് ഉദയഗിരി പഞ്ചായത്ത് വികസനസെമിനാർ നടക്കുന്നതായി അറിഞ്ഞു. സെമിനാറിനോടനുബന്ധിച്ച് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി -പഞ്ചായത്ത് വികസന രേഖ- പ്രകാശനം ചെയ്യുന്നുവെന്നറിഞ്ഞതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. നാടിന്റെ വികസനത്തിന് താഴെനിന്നും മുകളിലോട്ട് പ്ലാനിങ്ങ് രൂപപ്പെടുത്തുന്നത് അഭികാമ്യമാണ്. സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിൽ നാം പിന്നിട്ട അമ്പതുവർഷങ്ങളിൽ ഭാരതത്തിൽ മാറിമാറി വന്ന വിവിധ ഗവൺമെന്റുകൾ നമ്മുടെ നാടിനെ പുരോദതിയിലേക്ക് നയിച്ചിട്ടുണ്ട്. രാഷ്ട്രശില്പിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തുടങ്ങി വെച്ച പഞ്ചവത്സര പദ്ധതികൾ നമ്മുടെ നാടിനെ പുരോഗതിയിലേക്ക് നയിച്ചിട്ടുണ്ട്. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും. നമ്മുടെ രാജ്യം അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും പദ്ധതി നിർവ്വഹണത്തിൽ ചില പോരായ്മകൾ കണ്ടെത്തിയിട്ടുണ്ട്. കുറവുകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ വികസനപ്രവർത്തനങ്ങൾ വേഗതകൂട്ടി നടപ്പിലാക്കുവാൻ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. മത-വർഗ്ഗ-രാഷ്ട്രീയ അതിപ്രസരങ്ങളില്ലാതെ എല്ലാവരു ഒത്തുചേർന്ന് നാടിന്റെ വികസനത്തിന് വേണ്ടി പ്രവർത്തിക്കുവാനുള്ള സമീപനം സ്വാഗതാർഹമാണ്.

വികസനരേഖ തയ്യാറാക്കുന്നതിന് താങ്കളും. പഞ്ചായത്ത് മെമ്പർമാരും. നിരവധി സന്നദ്ധ പ്രവർത്തകരും കൂട്ടായി അദ്ധ്വാനിച്ചിട്ടുള്ളത് വളരെയേറെ അനുമോദനാർഹമാണ്. താങ്കളുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പാർലമെന്റ് മണ്ഡലത്തിലെ എം.പി. എന്ന നിലയിൽ ഉദയഗിരി പഞ്ചായത്തിന്റെ വികസന കാര്യത്തിൽ എന്റെ പൂർണ്ണമായ സഹകരണം എപ്പോഴുമുണ്ടായിരിക്കുമെന്ന് ഞാൻ ഇത്തരുണത്തിൽ ഉറപ്പുനൽകുന്നു.

താങ്കൾക്കും പഞ്ചായത്തത്ത് ഭരണസമിതിക്കും പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

വിജയാശംസകളോടെ....

മുല്ലപ്പള്ളി രാമചന്ദ്രൻ. എം.പി.

# വിഷയവിവരം

ആമുഖം
ചരിത്രം

സാമൂഹ്യ-സാമ്പത്തിക മേഖലകൾ

കൃഷി - ജലസേചനം
മൃഗസംരക്ഷണം, മത്സ്യകൃഷി
വ്യവസായം
വിദ്യാഭ്യാസം
കുടിവെള്ളം, പൊതുജനാരോഗ്യം
ഗതാഗതം, ഊർജ്ജം
ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
സംസ്ക്കാരം
വനിതാക്ഷേമം
സഹകരണം
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
വിഭവ സമാഹരണം



# ആമുഖം

മാന്യരെ,

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി കേരളത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും ഓരോ വികസന റിപ്പോർട്ടുകൾ തയ്യാറാക്കപ്പെടുകയാണ്. ഓരോ പഞ്ചായത്തിൻെറയും, ചരിത്രവും, ഘടനയും, ഭൂമിശാസ്ത്രവും, ജനങ്ങളുടെ ജീവിതരീതിയും എല്ലാം വിശദമായി പ്രതിപാദിപ്പിക്കപ്പെടുന്ന ഒരു ചരിത്രരേഖയായി ഈ വികസന റിപ്പോർട്ട് ഭാവിതലമുറയ്ക്ക് ഉപകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സ്വതന്ത്രഭാരതത്തിൽ പിന്നിട്ട 50 വർഷക്കാലത്തിനിടയ്ക്ക് മാറി മാറി വന്ന ജനാധിപത്യ ഭരണകൂടങ്ങൾ നമ്മുടെ നാടിനെ എല്ലാരംഗത്തും പുരോഗതിയിലേക്ക് നയിക്കുവാൻ വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. ഭാരതത്തിൻെറ ഒന്നാമത്തെ പ്രധാനമന്ത്രിയും, രാഷ്ട്രശില്പിയുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തുടങ്ങിവെച്ച പഞ്ചവത്സര പദ്ധതികളിലൂടെ നമ്മുടെ രാജ്യം കാർഷിക - വ്യാവസായിക രംഗങ്ങളിൽ വലിയ പുരോഗതി പ്രാപിച്ചിട്ടുണ്ട്. 1947 -ൽ ഭാരതം സ്വതന്ത്രയാവുമ്പോൾ ഭക്ഷ്യധാന്യങ്ങൾക്ക് വേണ്ടി നാം അയൽ രാജ്യങ്ങളുടെ മുൻപിൽ കൈനീട്ടി നില്ക്കേണ്ട ഗതികേടിലായിരുന്നു. വ്യാവസായികരംഗത്ത് ഒരു മൊട്ടുസൂചിപോലും സ്വന്തനിലയിൽ ഉല്പാദിപ്പിക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ ഇന്ന് നമ്മുടെ രാജ്യത്തുനിന്നും ലക്ഷക്കണക്കിന് ടൺ ഭക്ഷ്യധാന്യങ്ങൾ അയൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ മാത്രം നാം വളർന്നിരിക്കുന്നു. വ്യാവസായിക ഭൂപടത്തിൽ ഇന്ത്യ ഇന്നു ലോകരാഷ്ട്രങ്ങളുടെയിടയിൽ 6-ാം സ്ഥാനത്ത് എത്തി നില്ക്കുന്നു. ശാസ്ത്രഗവേഷണരംഗങ്ങളിലും നാം വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്ക നിലയിൽ വളർന്നിരിക്കുന്നു. വാർത്താവിനിമയ രംഗങ്ങളിലും വലിയ പുരോഗതി കൈപ്പറ്റിയിരിക്കുന്നു. എന്നിരുന്നാലും പദ്ധതി നിർവ്വഹണത്തിൽ എന്തോ ചില പോരായ്മകൾ ഉണ്ടെന്ന് കണ്ടതിനാൽ ശ്രീ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഒരു സർവ്വെ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ച പ്രധാനകാര്യം, പദ്ധതികൾക്ക് നീക്കിവയ്ക്കുന്ന തുകയിൽ 20 ശതമാനം മാത്രമാണ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്നും, സിംഹഭാഗവും വിവിധ തട്ടുകളിലായി ദുർവ്യയം ചെയ്യപ്പെടുകയാണെന്നും ചൂണ്ടികാണിക്കപ്പെട്ടു. അതിനെ തുടർന്ന് അധികാരവികേന്ദ്രീകരണത്തിനുള്ള ചില ചുവടുകൾ ശ്രീ രാജീവ് ഗാന്ധി തന്നെ തുടങ്ങി വയ്ക്കുകയുണ്ടായി. JRY അൺടൈഡ് പദ്ധതികൾ അങ്ങിനെ രൂപം കൊണ്ടവയാണ്. 1989-ലെ 'അധികാരവികേന്ദ്രീകരണം-വികേന്ദ്രീകൃത പ്ലാനിഗ്' എന്ന വിഷയം സംബന്ധിച്ച് വികസന ബ്ലോക്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ ചേർന്ന ചില ചർച്ചകളും മറ്റും നടത്തുകയുണ്ടായി. 1988-ൽ ശ്രീ. രാജീവ് ഗാന്ധി പഞ്ചായത്തീരാജ് നിയമം പാർലമെൻറിൽ അവതരിപ്പിച്ചെങ്കിലും ലോകസഭ പാസ്സാക്കിയ നിയമം രാജ്യസഭയിൽ പരാജയപ്പെടുകയാണുണ്ടായത്. പിന്നീട് ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായിരുന്നപ്പോൾ പഞ്ചായത്തീരാജ് നിയമം പാർലമെൻറ് പാസ്സാക്കുകയും, 73, 74 ഭരണഘടന ഭേദഗതികൾ

നിയമമാക്കി മാറ്റുകയും ചെയ്തു. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ 1995 - സെപ്തംബർ 27ന് നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പു നടക്കുകയും, ത്രിതല പഞ്ചായത്ത് സമിതികൾക്ക് കൂടുതൽ അധികാരങ്ങളും, കൂടുതൽ ഫണ്ടും നല്കി അധികാര വികേന്ദ്രീകരണം ഉറപ്പുവരുത്തുമെന്ന് സംസ്ഥാന ഗവൺമെൻറും വ്യക്തമാക്കിയിരിക്കയാണ്.

അതിന്റെ അടിസ്ഥാനത്തിൽ 1997 ഏപ്രിൽ 1-ന് തുടങ്ങുന്ന 9 - 10 പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിനാണ് ജനകീയ ആസൂത്രണം വിഭാവനം ചെയ്യുന്നത്. മുൻകാലങ്ങളിൽ കേന്ദ്രത്തിൽ നിന്നും താഴേക്ക് സംസ്ഥാനങ്ങൾക്കും, പഞ്ചായത്തുകൾക്കും പദ്ധതി തയ്യാറാക്കി പണവും നല്കി വരികയായിരുന്നു പതിവ്. ഡിപ്പാർട്ടുമെൻറലിസമായിട്ടാണ് പദ്ധതി നടപ്പാക്കിയിരുന്നത്.

എന്നാൽ ഇന്ന് നമ്മുടെ നാട്ടിൽ എന്തു പദ്ധതി വേണമെന്നു തീരുമാനിക്കാനുള്ള അവകാശവും മുൻഗണന നിശ്ചയിക്കുവാനുള്ള അധികാരവും താഴേക്ക് പഞ്ചായത്തുകൾക്ക് നല്കിയിരിക്കുന്നു. സംസ്ഥാനത്തിന് അനുവദിക്കുന്ന തുകയുടെ 40 ശതമാനവും പഞ്ചായത്തുകളാണ് രൂപപ്പെടുത്തുന്ന പദ്ധതികൾക്കാണ്. പഞ്ചായത്തിന്റെ ഓരോ വാർഡിലും ഇതിനകം നടന്നുകഴിഞ്ഞ ഗ്രാമസഭയിലൂടെ ജനങ്ങൾ ഉന്നയിച്ച പ്രശ്നങ്ങളും, ആവശ്യങ്ങളും അതുപോലെ പഞ്ചായത്തുതല റിസോർസ് പേഴ്സൺമാർ സ്വരൂപിച്ച സ്ഥിതിവിവരങ്ങളും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ടാണ് വികസന റിപ്പോർട്ട് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. 13 ഗ്രൂപ്പുകളിലായി തിരിഞ്ഞ്, പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ ഒട്ടനവധി പഞ്ചായത്തുതല - ജില്ലാതല റിസോർസ് പേഴ്സൺമാരുടെയും വിവിധ തുറകളിലെ ഉദ്യോഗസ്ഥരുടെയും നിരന്തരമായ കൂട്ടായ അധ്വാനത്തിന്റെ ഫലമാണ് ഈ വികസന റിപ്പോർട്ട്. ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച ബന്ധപ്പെട്ട മുഴുവൻ ആളുകൾക്കും ഇത്തരുണത്തിൽ നന്ദി പ്രകാശിപ്പിക്കുകയാണ്. പുരോഗതിയുടെ ചുവടുകൾ ചവിട്ടിക്കയറി 21 -ാം നൂറ്റാണ്ടിനെ ലക്ഷ്യം വച്ച് നീങ്ങുന്ന ഉദയഗിരി പഞ്ചായത്തിലെ ജനങ്ങൾക്ക് ഈ വികസന റിപ്പോർട്ട് ഒരു മാർഗ്ഗ രേഖയും, ഭാവി തലമുറക്ക് ഒരു പഠനരേഖയുമായി മാറുമെന്ന പ്രത്യാശയോടെ, മുഴുവൻ ജനങ്ങൾക്കും ഭാവുകങ്ങൾ നേർന്നുകൊണ്ട് ആമുഖം ഇവിടെ നിർത്തട്ടെ.

സ്നേഹപൂർവ്വം
തോമസ് വെക്കത്താനം
പ്രസിഡൻറ് ഉദയഗിരി ഗ്രാമപഞ്ചായത്ത്

15 -11 -96
ഉദയഗിരി

# ഉദയഗിരി ഗ്രാമപഞ്ചായത്ത്
# ചരിത്രം

ഉദയസൂര്യനെപോലെ ഉദിച്ചുയരുന്ന ഉദയഗിരി പഞ്ചായത്തിൻെറ ചരിത്രത്തിലേക്ക് ഒന്നെത്തിനോക്കുക മാത്രമാണ് ഞങ്ങൾ ഇവിടെ ചെയ്യുന്നത്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപപ്പെടുത്തുന്ന ചരിത്ര പശ്ചാത്തലങ്ങളുടെ പരിശോധന പുതിയ തലമുറയ്ക്ക് ഒരു പഠനരേഖ കൂടിയായി മാറുമെന്ന് പ്രത്യാശിക്കുന്നു. ഘോരവനാന്തരങ്ങൾക്കിടയിൽ ജീവിച്ചുപോന്ന ആദ്യകാലത്തെ ആദിവാസി സുഹൃത്തുക്കളുടെ ത്യാഗപൂർണ്ണമായ ജീവിത കഥയും സാഹസികരായ ഒരുപറ്റം കുടിയേറ്റക്കാരുടെ നിശ്ചയദാർഢ്യത്തിൻേറയും മെയ്കരുത്തിൻെറയും അധ്വാനത്തിൻെറയും ത്യാഗസുരഭിലമായ വീരഗാഥയും കൂടി ചേർന്നതാണ് ഇന്നത്തെ ഉദയഗിരിയുടെ ചരിത്രം.

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൻെറ കിഴക്കൻ മലയോര പ്രദേശങ്ങൾ ഉൾകൊള്ളുന്ന കർണ്ണാടക അതിർത്തിയിൽ കുടക് മലനിരകളോട് ചേർന്നു കിടക്കുന്ന ഒരു മലയോര പഞ്ചായത്താണ് ഉദയഗിരി. ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പൈതൽമല പഞ്ചായത്തിൻെറ തെക്കുകിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്നു. കുടക് മലനിരകളിൽ നിന്നുത്ഭവിക്കുന്ന പാട്ടപ്പാറപുഴ ഈ പഞ്ചായത്തിൻെറ ഒത്ത നടുവിലൂടെയാണ് ഒഴുകുന്നത്.

വടക്ക് പെരിങ്ങോം - വയക്കര പഞ്ചായത്തിലെ ജോസ്ഗിരി, താബോർ, ചാത്തമംഗലം പ്രദേശങ്ങളും തെക്ക് പൈതൽമലയും ആലക്കോട് പഞ്ചായത്തിലെ കാപ്പിമലമുതൽ ഉദയഗിരി പഞ്ചായത്തിലെ ആശാൻ കവല വരെയുള്ള ഭാഗങ്ങളും കിഴക്ക് കർണ്ണാടക ഫോറസ്റ്റും പടിഞ്ഞാറ് ആലക്കോട് പഞ്ചായത്തിലെ കോളി കുട്ടാപറമ്പു മുതൽ പരപ്പ, ചാത്തമംഗലം പ്രദേശങ്ങളും അതിരുകളാണ്.

1991-ലെ സെൻസ് പ്രകാരം മൊത്തം ജനസംഖ്യ 19557 ആണ്. 9893 സ്ത്രീകളും 9664 പുരുഷന്മാരും ഉണ്ട്. 51.8 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമാണ് പഞ്ചായത്തിനുള്ളത്. 99% ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ഈ പഞ്ചായത്തിൻെറ ഭൂതകാല ചരിത്രത്തിലേക്ക് എല്ലാവരുടെയും ശ്രദ്ധക്ഷണിക്കട്ടെ.

ഇപ്പോൾ ഉദയഗിരി പഞ്ചായത്തിൽപെടുന്ന പ്രദേശങ്ങൾ മുഴുവനും രണ്ട് ജന്മിമാരുടെയും ജന്മിമാരുടെ കീഴിൽ കുടിയാന്മാരായ മൂന്ന് വൻകിട ഭൂവുടമകളുടേതുമായിരുന്നു. വേങ്ങയിൽ നായനാർ കുടുംബവും പി.ആർ. രാമവർമ്മരാജാ അവ[illegible] ആയിരുന്നു ജന്മാവകാശമുള്ള സ്ഥ[illegible]ശ കൈവശം വെച്ചിരുന്നത്. തളിപ്പറമ്പുണ്ടായിരുന്ന പാലക്കോടൻ അബ്ദുള്ള ഹാജിയും, ചപ്പാരപ്പടവുണ്ടായിരുന്ന മലിക്കൻറകത്ത് അസ്സയിനാർ ഹാജിയും, വെള്ളാട് ദേവസ്വം കുടിയാനായിരുന്ന ഡോക്ടർ. പി.ജെ. തോമസുമായിരുന്നു കുടിയാൻ അവകാശമുള്ള വൻഭൂവുടമകൾ.

1937-ൽ മേപ്പള്ളി ഇല്ലത്തുനിന്നും, ഈറ്റിശ്ശേരി എടത്തിൽ നിന്നും ആയിരുന്നു ശ്രീ. പി.ആർ. രാമവർമ്മ രാജാ ഭൂമി ജന്മം വാങ്ങിച്ചത്. മദ്രാസ് കാരനായിരുന്ന രംഗാചാരി എന്ന തമിഴ് ബ്രാഹ്മണനിൽ നിന്നും അദ്ദേഹത്തിനു കിട്ടിയ കുഴിക്കാണാവകാശം പല കൈവഴി മാറിയാണ് മലിക്കൻറകത്ത് അസ്സയിനാർ ഹാജിക്ക്

ലഭിച്ചത്. രംഗാചാരി താമസിച്ചിരുന്ന സ്ഥലം എന്ന നിലയിലാണ് ഇന്നുള്ള ഉദയഗിരി ടൗൺ ഭാഗത്തിന് ഥംപടി എന്ന പേര് വന്നതെന്നു പറയപ്പെടുന്നു. തടിക്കടവ് അംശം അരങ്ങം ദേശത്ത് റീ. സർവ്വേ 53/ 1A , 1/, 23/1 എന്നീ നമ്പരുകളിലും നടുവിൽ അംശം ദേശത്ത് റീ. സർവ്വേ 292/1A എന്ന നമ്പരിലും ഉള്ള സ്ഥലമാണ് പഞ്ചായത്ത് പ്രദേശങ്ങൾ.

1952വരെ ഘോരവനപ്രദേശങ്ങളായിരുന്നു ഈ പഞ്ചായത്ത് പ്രദേശങ്ങൾ. കരിമ്പാലർ, മാവിലർ, വേട്ടുവർ തുടങ്ങിയ കുറച്ചാളുകൾ ചില കേന്ദ്രങ്ങളിൽ താമസിച്ച് പുനം കൃഷി, വന വിഭവങ്ങൾ ശേഖരിക്കൽ എന്നിവ നടത്തിയിരുന്നു. തിമിരി, ചപ്പാരപ്പടവ് പ്രദേശങ്ങളിൽ നിന്നും കൃഷിക്കാർ വന്ന് കാട് തെളിച്ച് ചുരുങ്ങിയ തോതിൽ കൃഷിചെയ്തിരുന്നു. റോഡുകളില്ലാതിരുന്നതിനാൽ അന്ന് വിഭവങ്ങൾ കുപ്പം, തളിപ്പറമ്പ്, ചപ്പാരപ്പടവ് ഭാഗങ്ങളിൽ കൊണ്ടുപോയത് തലചുമടായും, പുഴയിൽകൂടി മുളംപാണ്ടി (ചെങ്ങാടം) ഉപയോഗിച്ചുമായിരുന്നു. 1951-52 കാലത്താണ് നാടുകാണിയിൽ നിന്നും മണക്കടവ് ഭാഗത്തേക്ക് ശ്രി. പി.ആർ. രാമവർമ്മരാജാ കൂപ്പ് റോഡ് പണി കഴിപ്പിച്ചത്.

1952-ൽ ഈ പ്രദേശത്തിൻെറ സാമൂഹ്യസാമ്പത്തികമാറ്റങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് തിരുവിതാംകൂറിൽനിന്നും കുടിയേറ്റക്കാർ വന്നുതുടങ്ങി. 1952ൽ കാക്കത്തൊലി എന്ന ഇന്നത്തെ കാർത്തികപുരത്ത് വലിയപറമ്പിൽ ശ്രി.ഗോപാലൻ എന്നയാളും അതിനുശേഷം കല്ലുകുന്നേൽ ശ്രി. ശങ്കരൻ തുടങ്ങിയ ആളുകളും വന്നു. കാർത്തികപുരത്തുനിന്നും ഇന്നത്തെ പാറോത്തുംമല റോഡ് പോകുന്ന ഭാഗത്താണ് ആദ്യ കുടിയേറ്റം തുടങ്ങുന്നത്.

1956ൽ പാട്ടപ്പാറ (ഉദയഗിരി) ഭാഗത്ത് കുടിയേറ്റം തുടങ്ങി. ആദ്യമായി വന്നത് ശ്രീ ജോസഫ് പേടിക്കാട്ടുകുന്നേൽ, ശ്രീ ദേവസ്യ വലിയമറ്റം ശ്രി ചാക്കോ നരിമറ്റം, ശ്രീ അബ്രഹാം നാഗമറ്റം തുടങ്ങിയവരായിരുന്നു. ശ്രീ ജോസഫ് പേടിക്കാട്ടുകുന്നേലാണ് പാട്ടപ്പാറക്ക് ഉദയഗിരി എന്നപേർ നൽകിയത്.

1956 നവംമ്പർ ഒന്നിനാണ് കേരളസംസ്ഥാനം രൂപം കൊണ്ടത്. അതുവരെ നമ്മുടെ പ്രദേശം മദ്രാസ് പ്രസിഡൻസിയിലായിരുന്നു. 1955-60 കാലത്താണ് ഈ പ്രദേശത്ത് വൻതോതിൽ കുടിയേറ്റം ഉണ്ടായത്. ഇക്കാലത്താണ് പാട്ടപ്പാറ ഉദയഗിരിയായതും, കാക്കത്തൊലി കാർത്തികപുരം ആയതും. 1959 ഡിസംബർ 3-നാണ് കാർത്തിപുരത്ത് പോസ്റ്റ് ഓഫീസ് തുറന്നത്. ഭൂപരിഷ്കരണനിയമം വന്നതാണ് വൻതോതിൽ കുടിയേറ്റം ഉണ്ടാകുവാനും ജന്മികൾ



ഭൂമി വില്കുവാനും കാരണമായത്. ഇക്കാലത്ത് മുളംപാണ്ടി വഴിയാണ് മഴക്കാലത്ത് ഉദയഗിരി ഭാഗത്തേക്ക് ജനങ്ങൾ പുഴ കടന്നത്. പിന്നീട് മുള കൊണ്ടുള്ള പാലവും വേനൽകാലത്ത് തടികൊണ്ടുള്ള ചപ്പാത്തും ഉണ്ടാക്കിയിരുന്നു.

കുടിയേറ്റക്കാർ വരുന്നതിനു മുമ്പ് ഈ പ്രദേശത്തെ പ്രസിദ്ധമായ സ്ഥലം കോഴിത്താവളം ദേവസ്ഥാനമായിരുന്നു. വർഷംതോറും മകരമാസം നടക്കുന്ന തെയ്യം ഉത്സവത്തിൻെറ കർമ്മങ്ങളിൽ തളിപ്പറമ്പ് താലൂക്കിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും

കുടക് ജില്ലയിൽ നിന്നും ആളുകൾ എത്തിയിരുന്നു.

1956ൽ കേരളസംസ്ഥാനം രൂപീകരിച്ചശേഷ മാണ് ഭൂനികുതി ഏകീകരിച്ചത്. 1950-ൽ ഉണ്ടായിരുന്ന വില്ലേജുകളുടെ (അംശം) പേരും അതിർത്തികളും മാറി എങ്കിലും സർവ്വേ നമ്പരുകളോ ദേശത്തിൻെറ പേരുക ളോ മാറിയിട്ടില്ല.

1956-നുശേഷമാണ് മുക്കട, മണക്കടവ് ഭാഗത്ത് കുടിയേറ്റം തുടങ്ങിയത്. കഞ്ഞേഴത്ത് നീലകണ്ഠപിള്ള, മുളയ്ക്കൽ ശ്രീധരൻ നായർ തുടങ്ങിയവരാണ് ആദ്യ കാലത്ത് വന്നത്.

1957ൽ പാലക്കോടൻ അബ്ദുള്ളഹാജിയുടെ എരുത്താമട ഭാഗത്തുള്ള സ്ഥലം കൈവശം വച്ചിരി ക്കുന്ന കൃഷിക്കാർക്കെതിരായി തലശ്ശേരി കോടതിയിൽ കൊടുത്ത കേസുകൾ ഇരുപത് വീട്ടുകാർക്ക് 10 ഏക്ര സ്ഥലം വിട്ടുകൊടുത്തുകൊണ്ട് തീർക്കുയാണു ണ്ടായത്.

1959-60 കാലഘട്ടത്തിൽ കൈവശാവകാശം വിട്ടുകൊടുത്ത ഉദയഗിരിയിലെ സ്ഥലത്തുനിന്ന് മരങ്ങൾ മുറിക്കാന് ജന്മി ശ്രമിച്ചത് നാട്ടുകാരുടെ സംഘ ടിതശ്രമത്തിലൂടെ തടയുകയും ആ ഉദ്യമത്തിൽ നിന്നും ജന്മി പിൻമാറുകയും ചെയ്തു. 1962-63 ൽ ഉദയഗിരി ഭാഗത്ത് കാര്യസ്ഥന്മാർ മുഖേന രൂപവാങ്ങി കൈവശം കൊടുത്ത സ്ഥലത്തുനിന്ന് അവരെ ഒഴിപ്പിക്കാൻ ജന്മി ശ്രമിച്ചു. അതിനെതിരായി കൃഷിക്കാർ സംഘടിക്കുകയും പ്രശ്നം രൂക്ഷമായപ്പോൾ അന്നത്തെ എം.എൽ.എ. ആയ ശ്രീ. സി. കുഞ്ഞികൃഷ്ണൻ നായരുടെ മദ്ധ്യസ്ഥതയിൽ കൃഷിക്കാർക്കനുകൂലമായി തീർക്കുകയും ചെയ്തു. 1964 ൽ ശ്രീ. പി.ആർ. രാജായിൽ നിന്നും സ്ഥലം വാങ്ങിച്ചവ രിൽ ബാക്കി പണം കൊടുക്കാത്തവരിൽ നിന്നും ഭൂമി അളന്ന് തിരികെ വാങ്ങിക്കാനുള്ള നീക്കവും കൃഷിക്കാരുടെ സംഘടിത നീക്കത്തോടെ അവർക്ക് അനുകൂലമായി പരിഹരിച്ചു. 1967 ൽ മാമ്പൊയിൽ ഭാഗത്ത് ജന്മി വിറ്റ സ്ഥലം കുറെ ഭാഗം കർണ്ണാടക സ്റ്റേറ്റിൽപെട്ടതാണെന്ന് പിന്നീട് മനസ്സിലായപ്പോൾ അതിൻെറ പേരിൽ കൃഷിക്കാർ സംഘടിച്ച് അന്നത്തെ എം.എൽ.എ മാരായ ശ്രീ എ.വി. കുഞ്ഞമ്പു, ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ എന്നിവരുടെ മദ്ധ്യസ്ഥത യിൽ കൃഷിക്കാരോട് വാങ്ങിച്ച തുകയും നഷ്ടവും ജന്മിയിൽ നിന്നും കൃഷിക്കാർക്ക് കൊടുപ്പിച്ച് പ്രശ്നം തീർത്തു.

1970-ൽ കാർത്തികപുരത്തുള്ള ശ്രീ. പി.ആർ. രാമവർമ്മരാജാ വക നൂറേക്ര ഭാഗം കൃഷിക്കാരും മറ്റും കൈവശപ്പെടുത്തിയതും അതിനെതിരെയുണ്ടായ കേസ്സും കൃഷിക്കാർ സംഘടിതമായി നീക്കിയതിനാൽ അവർക്കനുകൂലമായി തീർന്നു എന്നുള്ളത് സമീപകാല സംഭവമാണ്. ശ്രീ. പി.ആർ. രാമവർമ്മരാജായുടെ വക കോഴ്യിയാട് എസ്റ്റേറ്റിലുണ്ടായ ബോണസ്സിനു വേണ്ടി യുള്ള തൊഴിലാളികളുടെ സമരം കേരളചരിത്രത്തിൽ തന്നെ നീണ്ട സമരമായിരുന്നു. അവസാനം ഉണ്ടായ തീരുമാനപ്രകാരം അവകാശങ്ങൾ പറ്റി തൊഴിലാളികൾ പിരിഞ്ഞുപോയി. ഈ എസ്റ്റേറ്റ് ചെറുകിട കൃഷിക്കാർ വാങ്ങിക്കുകയും വൻഎസ്റ്റേറ്റ് ഇല്ലാതാവുകയും ചെയ്തു. എസ്റ്റേറ്റിൻെറ ഭാഗമായി ഇപ്പോഴുള്ളത് പ്ലാന്റേഷൻ കോർപ്പറേഷൻ വക തോട്ടമാണ്.

1962 ൽ കാർത്തികപുരത്തും മണക്കടവിലും ഗവ. എൽ.പി. സ്കൂളുകൾ തുടങ്ങി. സ്കൂളിനാവശ്യ മായ സ്ഥലം ശ്രീ. പി.ആർ. രാമവർമ്മരാജാ സൗജന്യ മായി നല്കിയിരുന്നു. അതിനുമുമ്പ് കാർത്തിക പുരത്തും മണക്കടവിലും ഏകാദ്ധ്യാപക സ്കൂളുകൾ നാട്ടുകാരുടെ കമ്മിറ്റികൾ നടത്തിയിരുന്നു. കാർത്തി കപുരത്ത് ശ്രീ തോമസ് കാപ്പിൽ ശ്രീ ശങ്കരൻ കല്ലു കുന്നേൽ, ശ്രീ ഗോപാലൻ വലിയപറമ്പിൽ, ശ്രീ കൃഷ്ണൻ [illegible] വട്ടോലിൽ തുടങ്ങി നിരവധിയാളു കളും മണ[illegible]ൽ തടത്തിൽ ശ്രീ നാണുപ്പണിക്കർ, ദേവട ശ്രീ [illegible]ണൻ നായർ, ശ്രീ ശ്രീധരൻ നായർ നെല്ലികുന്നേൽ, ശ്രീ ശ്രീധരൻ നായർ മുളയ്ക്കൽ ശ്രീ മാണിക്കുട്ടി പൈകട തുടങ്ങിയവരുടെയും ആത്മാർ ത്ഥമായ പരിശ്രമം സ്മരിക്കേണ്ടതാണ്.

1950 ജനുവരി 26ന് ഇൻഡ്യ റിപ്പബ്ലിക്കായ ശേഷം ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ 1953-ൽ ആദ്യത്തെ പഞ്ചായത്തു തിരഞ്ഞെടുപ്പ് നടന്നു. അന്ന് നമ്മുടെ പ്രദേശം തടിക്കടവ്, നടുവിൽ പഞ്ചായത്തു കളിലായിരുന്നു. ഓരോ വാർഡിൻെറയും പ്രധാന കേന്ദ്രങ്ങളിൽ നിശ്ചിതദിവസം വോട്ടർമാർ കേന്ദ്രീകരിച്ച് കൈപൊക്കിയായിരുന്നു അന്ന് വോട്ട് ചെയ്തിരുന്നത്.

തളിപ്പറമ്പിനടുത്തുള്ള പൂവ്വം മുതൽ കുടക് അതിർത്തിവരെയുള്ള തടിക്കടവ്, കൂവേരി എന്നീ

വില്ലേജുകൾ ചേർന്നതായിരുന്നു തടിക്കടവ് പഞ്ചായത്ത്. കുടിയാൻമല മുതൽ മണക്കടവുൾപ്പെടെ കൂടക് മലകളോട് ചേർന്നുള്ള ഭാഗമായിരുന്നു നടുവിൽ പഞ്ചായത്ത്. അന്ന് തടിക്കടവ് പഞ്ചായത്തിൽ മൂവായിരത്തിൽ താഴെ വോട്ടർമാരാണ് ഉണ്ടായിരുന്നത്.

കേരള സംസ്ഥാന രൂപീകരണത്തിനുശേഷം 1963 ഡിസംബറിലാണ് പിന്നീട് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. പ്രസ്തുതതിരഞ്ഞെടുപ്പിൽ നമ്മുടെ പഞ്ചായത്തുപ്രദേശങ്ങൾ അന്ന് നടുവിൽ പഞ്ചായത്തിൽപെട്ട മണക്കടവ് വാർഡും തടിക്കടവ് പഞ്ചായത്തിൽപെട്ട കാർത്തികപുരം, ഉദയഗിരി വാർഡും. കാർത്തികപുരം, ഉദയഗിരി ഭാഗങ്ങളിൽ നിന്ന് യഥാക്രമം ശ്രീ തോമസ് കാപ്പിൽ, ശ്രീ വർഗ്ഗീസ് പൊന്നാരകുന്നേൽ എന്നിവരും മണക്കടവ് ഭാഗത്ത് നിന്നും ശ്രീ കെ.എം. ശ്രീധരൻ നായർ മൂലയ്ക്കൽ എതിരില്ലാതെയും തെരഞ്ഞെടുക്കപ്പെട്ടു. തടിക്കടവ് പഞ്ചായത്തിൽ ശ്രീ പി. ആർ. രാമവർമ്മരാജയും നടുവിൽ പഞ്ചായത്തിൽ ശ്രീ കെ. എം. ശ്രീധരൻ നായരും പ്രസിഡണ്ടായി. പ്രസ്തുത മഹൽവ്യക്തികളുടെ കൂട്ടായശ്രമവും ശ്രീ പി.ആർ. രാമവർമ്മരാജായുടെ ഉന്നത സ്വാധീന ശക്തിയും കൂടി ചേർന്നതിൻെറ ഫലമായി 1964-ൽ തടിക്കടവ്, നടുവിൽ പഞ്ചായത്തുകളെ വിഭജിച്ച് നടുവിൽ, ചപ്പാരപ്പടവ്, ആലക്കോട് എന്നീ പഞ്ചായത്തുകൾ രൂപീകരിച്ചു.

1964-ൽ ആലക്കോട് പഞ്ചായത്ത് രൂപീകരണത്തിനുശേഷവും ശ്രീ പി.ആർ. രാമവർമ്മരാജാ ആലക്കോട് പഞ്ചായത്തിൻെറ പ്രസിഡണ്ടായി. തടിക്കടവ് വില്ലേജിൽപ്പെട്ട അരങ്ങം, തിമിരി എന്നീ ദേശങ്ങളും നടുവിൽ വില്ലേജിൻെറ പകുതിയോളം ഭാഗവും ഉൾപ്പെട്ട ആലക്കോട് പഞ്ചായത്ത് കണ്ണൂർ ജില്ലയിലെ ഏറ്റവും വിസ്തീർണ്ണം കൂടിയ പഞ്ചായത്തുകളിലൊരെണ്ണമായിരുന്നു.

ആലക്കോട് പഞ്ചായത്തിൻെറ വിസ്തീർണ്ണത്തിൻെറയും ജനസംഖ്യാവർദ്ധനവിൻെറയും കാരണം ഗവൺമെൻറിൽ നിന്നും മറ്റും അനുവദിക്കുന്ന തുകകൾ കൊണ്ട് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിരുന്നില്ല.

1978-ൽ ഉദയഗിരി കേന്ദ്രമായി രൂപം കൊണ്ട ഉദയഗിരി വികസനസമിതിയുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൻെറ വികസനരംഗത്ത് ഒരു പുതിയ കാൽവെപ്പായിരുന്നു. നിര്യാതനായ റവ: ഫാദർ അഗസ്റ്റിൻ കിഴുക്കരക്കാട്ട് പ്രസിഡണ്ടും, ഇന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. തോമസ് വെക്കത്താനം ജനറൽ സെക്രട്ടറിയും, അക്കാലത്തെ തളിപ്പറമ്പ് ബി.ഡി.സി. ചെയർമാനായിരുന്ന ശ്രീ ജോസഫ് പാലയ്ക്കൽ വൈസ് പ്രസിഡണ്ടും, കർഷകപ്രമുഖനായ ശ്രീ ജോസഫ് ഈറ്റത്തോട്ട് ട്രഷററും ഉൾപ്പെടുന്നവരായിരുന്നു ഉദയഗിരി വികസനസമിതിയുടെ സാരഥികൾ. സമിതിയുടെ പ്രവർത്തനഫലമായി ഉദയഗിരി മേഖലയിൽ റോഡുകൾ വീതികൂട്ടി പണിതീർത്തു. കാർത്തികപുരം ഉദയഗിരി റോഡും, ഉദയഗിരി അരിവിളഞ്ഞ പൊയിൽ റോഡും ഉദയഗിരി താളിപ്പാറ റോഡും, മൂന്നാംതോട് അരിവിളഞ്ഞപൊയിൽ റോഡും ആയിരക്കണക്കിന് നാട്ടുകാരുടെ ശ്രമദാനപ്രവർത്തനത്തിലൂടെ പടുത്തുയർത്തിയതാണ്. മലയോര ജനതക്ക് അഭിമാനകരമായരീതിയിൽ കാർത്തികപുരത്തെ കോൺക്രീറ്റ് കോസ്‌വെയുടെ പണി പൂർത്തിയാക്കിയതും ഉദയഗിരി ടൗൺപാലം, പുല്ലരി കലുങ്ക് തുടങ്ങിയവ നിർമ്മിച്ചതും സമിതിയിലൂടെ ജനങ്ങൾ കൈവരിച്ച നേട്ടങ്ങളാണ്. താളിപ്പാറ, അരിവിളഞ്ഞ പൊയിൽ പ്രദേശത്തേക്ക് ബസ് ഗതാഗതം എത്തിക്കുവാനും ഇക്കാലത്ത് സാധിച്ചു. (1978 ൽ)

ആലക്കോട് പഞ്ചായത്ത് വിഭജിച്ച് ഉദയഗിരി പഞ്ചായത്ത് രൂപീകരിക്കാമെന്ന നിർദ്ദേശം മുന്നോട്ടു വെച്ചതും വികസനസമിതി ആയിരുന്നു. വികസന സമിതി പ്രസിഡണ്ട് റവ: ഫാദർ അഗസ്റ്റിൻ കിഴുക്കരക്കാട്ടും ജനറൽ സെക്രട്ടറി ശ്രീ തോമസ് വെക്കത്താനവും ചേർന്ന് 1978 ൽ അന്നത്തെ തൊഴിൽ വകുപ്പു മന്ത്രി ശ്രീ ഉമ്മൻചാണ്ടിയുടെ സഹായത്തോടെ അന്നത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹ സാഹേബിന് നല്കിയ നിവേദനത്തെ തുടർന്നാണ് പഞ്ചായത്ത് രൂപീകരണ നടപടികൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് അന്നത്തെ ജില്ലാ പഞ്ചായത്ത് ഓഫീസർ ശ്രീ എ.റ്റി.ചാക്കോ സ്ഥലത്തുവന്ന് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. പഞ്ചായത്തിൻെറ പേർ സംബന്ധിച്ച് ചില തർക്കങ്ങൾ പൊന്തിവന്നു എങ്കിലും കാർത്തികപുരം കേന്ദ്രമാക്കി ഉദയഗിരി പഞ്ചായത്ത് രൂപീകരിക്കണം എന്ന് അന്തിമ തീരുമാനമായി. തുടർന്ന് പഞ്ചായത്ത് രൂപീകരണ പ്രവർത്തന

ങ്ങൾ നടത്തിയത് വികസന സമിതി ജനറൽ സെക്രട്ടറി ശ്രീ.തോമസ് വെക്കത്താനവും വൈസ് പ്രസിഡണ്ട് ശ്രീ ജോസഫ് പാലയ്ക്കലും ചേർന്നാണ്. ഏതാണ്ട് 2 വർഷത്തോളം നിരന്തരമായി നടത്തിയ പരിശ്രമങ്ങളുടെ പരിസമാപ്തിയാണ് ഉദയഗിരി പഞ്ചായത്ത് രൂപീകരണം.

1980 ജനവരി 1-ാം തീയ്യതി ഉദയഗിരി സ്കൂൾ ഗ്രൗണ്ടിൽ വെച്ചു ചേർന്ന വമ്പിച്ച പൊതു സമ്മേളനത്തിൽ വെച്ച് ഉദയഗിരി പഞ്ചായത്തിൻെറയും കാർത്തികപുരം കോസ്‌വെയുടെയും ഔപചാരികമായ ഉൽഘാടനം നടത്തപ്പെട്ടു. ഉദയഗിരി പഞ്ചായത്തിൻെറ ഔപചാരികമായ ഉൽഘാടനം അന്നത്തെ ജില്ലാ കലക്ടർ ആയിരുന്ന ശ്രീ കോശി. ഐ.എ.എസ് അവർകളാണ് നിർവ്വഹിച്ചത്. ആയിരക്കണക്കിന് മലയോര ജനത ഈ ധന്യമുഹൂർത്തത്തിന് പങ്കാളികളായി. വികസനസമിതി പ്രസിഡണ്ട്. റവ: ഫാദർ അഗസ്റ്റിൻ കിഴുക്കരക്കാട്, ജനറൽ സെക്രട്ടറി ശ്രീ തോമസ് വെക്കത്താനം തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യനായ തലശ്ശേരി ബിഷപ്പ് ഡോക്ടർ സെബാസ്റ്റ്യൻ വെള്ളോപ്പള്ളിയാണ് കാർത്തികപുരം കോസ്‌വെയുടെ ഉൽഘാടനം നിർവ്വഹിച്ചത്. കാർത്തികപുരം ടൗണിൽ ശ്രീ തൈപ്പറമ്പിൽ ചെല്ലപ്പൻ ചെട്ട്യാരുടെ ഉടമയിലുള്ള കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ പഞ്ചായത്ത് സ്പെഷ്യലാഫീസർ ശ്രീ എ. നാരായണൻ നമ്പ്യാർ ആയിരുന്നു. ശ്രീ. വി.എം. ബാലൻ നടുവിൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറായിരുന്നു ഉദയഗിരി പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറുടെയും അഡീഷണൽ ചാർജ്.

1980 സെപ്റ്റംബർ മാസം ഉദയഗിരി പഞ്ചായത്തിൻെറ ആദ്യത്തെ തിരഞ്ഞെടുപ്പു നടന്നു. ശ്രീ ജോസഫ് പന്തപ്ലാക്കൽ പ്രസിഡണ്ടായി ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നു. ജനകീയ സമിതി നിലവിൽ വന്നപ്പോൾ പഞ്ചായത്തിൻെറ വികസനരംഗത്ത് കൂടുതൽ നേട്ടങ്ങൾ ജനങ്ങൾ പ്രതീക്ഷിച്ചു. പരിമിതമായ അധികാരങ്ങളും ഫണ്ടിൻെറ പരിമിതിയും മൂലം പ്രതീക്ഷിച്ച വേഗത വികസനരംഗത്ത് ലഭ്യമായില്ല. 1982-ൽ പ്രത്യേകമായ ചില രാഷ്ട്രീയ സാഹചര്യങ്ങളെ തുടർന്ന് ശ്രീ ജോസഫ് പന്തപ്ലാക്കൽ പ്രസിഡണ്ട് സ്ഥാനത്ത് നിന്ന് മാറുകയും ശ്രീ തോമസ് ഇരുപ്പക്കാട്ട് രണ്ടാമത്തെ പ്രസിഡണ്ടാവുകയും ചെയ്തു. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൻെറ നിർമ്മാണം ഈ കാലയളവിൽ ആരംഭിച്ചു. കാർത്തികപുരത്ത് മിനിസ്റ്റേഡിയം ഇക്കാലത്താണ് ഉണ്ടായത്. 1985 വരെ ജനകീയ ഭരണം തുടർന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കാത്തതിനാൽ സ്പെഷ്യൽ ഓഫീസർഭരണം വരികയും ചെയ്തു. 1988 ജനവരി 29ന് വീണ്ടും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നു.

1988 ഫെബ്രുവരി 9-ാം തീയ്യതി ശ്രീ തോമസ് വെക്കത്താനം പ്രസിഡണ്ടായി പുതിയ ജനകീയ ഭരണസമിതി അധികാരത്തിൽ വന്നു. 1993 ഫെബ്രുവരി 9ന് ജനകീയ ഭരണസമിതിയുടെ കാലാവധി അവസാനിച്ചുവെങ്കിലും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കാതെ വന്നതിനാൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായി നിയമിച്ചുകൊണ്ട് കേരളസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൻെറ അടിസ്ഥാനത്തിൽ ശ്രീ തോമസ് വെക്കത്താനം പ്രസിഡണ്ടായ ഭരണസമിതി 1995 സെപ്റ്റംബർ 25-ാംതീയ്യതി വരെ തുടർന്നു.

1995 സെപ്റ്റംബർ 27ന് നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന് ശേഷം 4 -11 - 95ന് ശ്രീ തോമസ് വെക്കത്താനം പ്രസിഡണ്ടായി പുതിയ ഭരണസമിതി വീണ്ടും അധികാരത്തിൽ വന്നു. പ്രസ്തുത ഭരണസമിതിയാണ് ഈ പഞ്ചായത്ത് മുന്നോട്ട് നയിക്കുന്നത്.

1988 മുതൽ പഞ്ചായത്തിൻെറ വികസന രംഗം ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. വിവിധ തുറകളിൽ വികസനരംഗത്ത് വമ്പിച്ച നേട്ടങ്ങൾ നേടിയെടുക്കുവാൻ ഈ കാലയളവിൽ നമുക്ക് സാധിച്ചു. പണി പൂർത്തിയാകാതെ കിടന്നിരുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തിയാക്കി. 26 11 88 ന് തുറന്ന് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് ഡയരക്ടർ ശ്രീ. എ.കെ. അപ്പുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വമ്പിച്ച സമ്മേളനത്തിൽ വെച്ച് ശ്രീ കെ.സി. ജോസഫ് എം.എൽ.എ. ഓഫീസ് കെട്ടിടത്തിൻെറ ഉൽഘാടനം നിർവ്വഹിച്ചു.

1988-ൽ പുതിയ ഭരണസമിതി അധികാരത്തിൽ വരുമ്പോൾ 90,000 രൂപയുടെ സാമ്പത്തിക ബാദ്ധ്യത

കൾ പഞ്ചായത്തിന് ഉണ്ടായിരുന്നുവെങ്കിൽ കൂടി ഗണ്യമായ നേട്ടങ്ങൾ പിൽകാലത്ത് നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. 1988 ന് മുമ്പ് കാർത്തികപുരം പുഴയ്ക്ക് അക്കരെ ഒരു മീറ്റർ റോഡുപോലും ടാർ ചെയ്യപ്പെട്ടിരുന്നില്ല. കാർത്തികപുരം ഉദയഗിരി റോഡും ഉദയഗിരി അരിവിളഞ്ഞപൊയ്യിൽ റോഡും ടാർ ചെയ്തു കഴിഞ്ഞു. ഉദയഗിരി താളിപ്പാറ റോഡ്, ഉദയഗിരി ലഡാക്ക് റോഡ്, മുക്കട മാമ്പൊയിൽ, മണക്കടവ് ചീക്കാട്, മണക്കടവ് മൂരിക്കടവ്, മൂരിക്കടവ് കാപ്പിമല, ഉരുവൻകരി ആനക്കുഴി, കാർത്തികപുരം പാറോത്തുംമല, എരുത്താമട പരപ്പ, താളിപ്പാറ മുതുശ്ശേരി, മണിയൻകൊല്ലി പരപ്പ, ശാന്തിപുരം ജയഗിരി, അരിവിളഞ്ഞ പൊയിൽ മണ്ണാത്തിക്കുണ്ട്, മണക്കടവ് ജോസ്ഗിരി റോഡുകൾ തുടങ്ങി നിരവധി റോഡുകൾ ഈ കാലയളവിൽ ഭാഗികമായി ടാർ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ഉദയഗിരിയിൽ പഞ്ചായത്തുവക സാംസ്കാരിക നിലയം പടത്തുയർത്തി. മെച്ചപ്പെട്ട സൗകര്യങ്ങൾ ഉൾകൊള്ളുന്ന ഒരു ലൈബ്രറി അവിടെ പ്രവർത്തിച്ചുവരുന്നു. പുതുതലമുറയ്ക്ക് ഈ കേന്ദ്രം ഒരു പൊതുവിജ്ഞാന സ്ഥാപനമായി മാറിയിരിക്കുന്നു.

അരിവിളഞ്ഞപൊയ്യിൽ ഒരു മിനി സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കി കായികലോകത്തിന് നല്കാൻ സാധിച്ചു. മൂലവള്ളിത്തോട്, മുക്കട, കാട്ടിയെ മൂറിച്ചകൊല്ലി, മൂരിക്കടവ് തുടങ്ങി നിരവധി സ്ഥലങ്ങളിൽ പുതുതായി കലുങ്കുകൾ പണിതീർത്തിട്ടുണ്ട്. മണിയൻകൊല്ലിയിൽ ഒരു കോൺക്രീറ്റ് നടപ്പാലവും മുക്കടയിൽ 6 ലക്ഷം രൂപ ചെലവിൽ ഒരു സ്റ്റീൽ നടപ്പാലവും പണിതീർക്കാൻ സാധിച്ചത് വമ്പിച്ച നേട്ടങ്ങളാണ്. എം.പി. ഫണ്ടിൽ നിന്നും ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ അനുവദിച്ച 2 ലക്ഷം രൂപയും പശ്ചിമഘട്ട പദ്ധതിയിൽ നിന്നും ശ്രീ കെ.സി. ജോസഫ് എം.എൽ.എ. യുടെ ശ്രമഫലമായി സർക്കാർ അനുവദിച്ച 2 ലക്ഷം രൂപയും പഞ്ചായത്തിൽ നിന്നും എസ്.ആർ.വി പദ്ധതിയിൽ അനുവദിച്ച 2 ലക്ഷം രൂപയും ചേർത്ത് 60 ദിവസം കൊണ്ട് പ്രസ്തുതപാലം പൂർത്തിയാക്കാൻ സാധിച്ചു.

മൂരിക്കടവിൽ ഒരു ശിശുമന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു എങ്കിലും ഇനിയും പൂർത്തിയാക്കാൻ സാധിച്ചില്ല. പഞ്ചായത്തിലെ 12 പട്ടികജാതി കോളനികളിൽ അർഹരായ 90% കുടുംബങ്ങൾക്കും വീട് നിർമ്മിക്കാൻ ധനസഹായം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. കോളനികളിൽ കുടിവെള്ള സൗകര്യം, കക്കൂസ് നിർമ്മാണം എന്നിങ്ങനെ നിരവധി സഹായ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കാർത്തികപുരം ശുദ്ധജലവിതരണ പദ്ധതിയിൽ പോരായ്മകൾ ഏറെയുണ്ടെങ്കിലും ഗുണകരമായി പ്രവർത്തിച്ചുവരുന്നു. പെരുമുണ്ട ശുദ്ധജലവിതരണ പദ്ധതിയും നന്നായി പ്രവർത്തിച്ചുവരുന്നു. കാർത്തിപുരം - താബോർ - തിരുമേനി 13കി.മി.റോഡ് പി.ഡബ്ല്യു.ഡി യെകൊണ്ട് ഏറ്റെടുപ്പിക്കുവാൻ കഴിഞ്ഞു എന്നു മാത്രമല്ല ആദ്യഭാഗം 3 കി.മി. ടാറിംഗ് പൂർത്തിയാവുകയും അവസാന റീച്ച് 5കി.മി.ദൂരം ടാബോർ വരെയുള്ള ഭാഗം ടാറിങ്ങ് നടന്നുവരികയുംഅടുത്ത റീച്ച് പ്രവർത്തിയുടെ ടെണ്ടറും അംഗീകരിച്ചു കഴിഞ്ഞു. തിരുമേനി, ചെറുപുഴ മേഖല വരെ നല്ലൊരു ബന്ധം സ്ഥാപിക്കാൻ ഈ റോഡ് ഉപകരിക്കും.

രയരോം - പരപ്പ - കാർത്തികപുരം റോഡ് പ്രവർത്തി പി.ഡബ്ല്യു.ഡി ഏറ്റെടുത്തു ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞു. മണക്കടവ് കാപ്പിമല 6.9 കി.മി. റോഡ്, ഉദയഗിരി അരിവിളഞ്ഞപൊയ്യിൽ ജോസ്ഗിരി റോഡിൽ 5.9 കി.മി.ഉം പി.ഡബ്ല്യു.ഡി യെകൊണ്ട് ഏറ്റെടുപ്പിക്കുവാൻ കഴിഞ്ഞു. ഈ റോഡിനുള്ള 50 ലക്ഷം രൂപാ വീതമുള്ള എസ്റ്റിമേറ്റുകൾ ഭരണാനുമതി കാത്ത് കഴിയുകയാണ്. കാർത്തികപുരത്ത് പാലത്തിനുള്ള 70 ലക്ഷം രൂപായുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചു കഴിഞ്ഞു. കാരിക്കയത്ത് വെള്ളാട്ടുകൊല്ലി റഗുലേറ്റർ കം ബ്രിഡ്ജിന് 40 ലക്ഷം രൂപയുടെ പ്രവർത്തി ടെണ്ടർ ചെയ്യപ്പെട്ടു എങ്കിലും ഇനിയും ആരംഭിച്ചിട്ടില്ല. മണക്കടവ് ടി.സി.ബി റോഡിന്റെ അവസാനഭാഗം മണക്കടവ് മുതൽ വായിക്കമ്പ വരെയുള്ള 3 കി.മീ ദൂരം നിരവധി വർഷങ്ങളിലെ അവഗണന മാറ്റി ടാറിംഗ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

മണക്കടവ് ടി.സി.ബി റോഡ് കർണ്ണാടകയിലെ കൂർഗുമായി ബന്ധിപ്പിച്ച് തളിപ്പറമ്പ് കൂർഗ് അന്തർ-സംസ്ഥാന റോഡ് യാഥാർത്ഥ്യമാക്കേണ്ടതാണ്. ഫോറസ്റ്റിൽ കൂടി 20 കി.മീ റോഡ് നിർമ്മിച്ചാൽ മതിയാകും. ഈ റോഡ് തീർന്നാൽ നാടിന്റെ വികസനത്തിൽ ഒരു നാഴിക കല്ലായി മാറും.

കഴിഞ്ഞ 3 വർഷത്തിനുള്ളിൽ സ്വാശ്രയ പദ്ധതിയിൽ 10 ലക്ഷം രൂപയുടെ വിവിധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ ആരംഭം കുറിച്ചിട്ടുണ്ട്. ഉദയഗിരി പി.എച്ച്.സിക്ക് 12 കിടക്കകളുള്ള ആശുപത്രി കെട്ടിടം, മണക്കടവിൽ 10 ലക്ഷം രൂപാ ചെലവിൽ ഷോപ്പിംഗ് കോംപ്ലക്സ്, കാർത്തികപുരത്ത് കമ്മ്യൂണിറ്റിഹാൾ നിർമ്മാണം എന്നിവ സംബന്ധിച്ച കാര്യങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

കാർത്തികപുരത്തും, ശ്രീപുരത്തും ഗവ: ഹൈസ്കൂളുകൾക്ക് മനോഹരമായ കെട്ടിടങ്ങൾ നിർമ്മിക്കുവാനും ശ്രീപുരം ഹൈസ്കൂളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുവാനും സാധിച്ചത് വലിയ നേട്ടങ്ങളാണ്. പൂവൻചാൽ ഗവ: യു.പി. സ്കൂളിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് അധികൃതരുമായി ബന്ധപ്പെട്ടുവരുന്നു.

ഉദയഗിരി പ്രത്യാശ എ.യു.പി സ്കൂൾ, താബോർ എൽ.പി. സ്കൂൾ, മാമ്പൊയിൽ എൽ.പി. സ്കൂൾ, ശ്രീപുരം എൽ.പി. സ്കൂൾ എന്നിവ പ്രശംസനീയമായ രീതിയിൽ സ്വകാര്യമേഖലയിൽ പ്രവർത്തിച്ചു വരുന്നു.

1984-ൽ വാർത്താവിനിമയ രംഗത്ത് നമ്മുടെ മേഖലയിൽ മണക്കടവിൽ ടെലഫോൺ എക്സ്ചേഞ്ച് വന്നത് വലിയൊരു മാറ്റമാണ് ഉണ്ടാക്കിയത്. ശ്രീ സെബാസ്റ്റ്യൻ മേപ്രകാവിൽ മുന്നിട്ടിറങ്ങി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ടെലഫോൺ എക്സ്ചേഞ്ച് വന്നത്.

1989ൽ കാരിക്കയം ആർ.പി.എസ് (റബ്ബർ ഉത്പാദകസഹകരണസംഘം) തുറന്നു പ്രവർത്തനം ആരംഭിച്ചു. കേരളത്തിലുള്ള ഏറ്റവും മികച്ച ആർ.പി. എസ്. ന് തുടക്കം മുതൽ ഇപ്പോഴും ശ്രീ സെബാസ്റ്റ്യൻ മേപ്രകാവിലാണ് പ്രസിഡണ്ട്. ഉദയഗിരിയിലും, കാർത്തികപുരത്തുംആർ.പി.എസ് പ്രവർത്തിക്കുന്നുണ്ട്.

1992-ൽ താളിപ്പാറ, ശാന്തിപുരം, ഉദയഗിരി, കാർത്തികപുരം, മണക്കടവ്, കാപ്പിമല എന്നിവിടങ്ങളിൽ മിൽമ സൊസൈറ്റി സ്ഥാപിച്ച് പശുവിൻപാൽ സംഭരണവും വിതരണവും കാര്യക്ഷമമായി നടത്തി വരുന്നു. നമ്മുടെ മേഖലയിൽ മൃഗസംരക്ഷണ രംഗത്ത് നല്ല പുരോഗതി ഈ സംരംഭം മൂലം ഉണ്ടായിട്ടുണ്ട്.

ആലക്കോട് പഞ്ചായത്ത് വകയായി മണക്കടവിൽ ഗ്രാമീണ റൂറൽ ഡിസ്പൻസറി 1977-ൽ മണക്കടവിൽ ആരംഭിച്ചു. ശ്രീ ജോസഫ് മുഞ്ഞനാട്ട്, ശ്രീ ജോസഫ് കരിനാട്ട്, ശ്രീ മാത്യു മണ്ഡപത്തിൽ എന്നീ മൂന്നാളുകൾ ചേർന്ന് 1 ഏക്കർ സ്ഥലം സംഭാവന നല്കി. ശ്രീ മുളയ്ക്കൽ ശ്രീധരൻ നായർ പ്രസിഡണ്ടും ശ്രീ മാണികുട്ടി പൈകട സെക്രട്ടറിയും ശ്രീ നെല്ലികുന്നേൽ ശ്രീധരൻ നായർ ട്രഷററുമായ ആശുപത്രി നിർമ്മാണ കമ്മിറ്റിയാണ് ജനങ്ങളിൽ നിന്നും സംഭാവനകൾ ശേഖരിച്ച് ഗ്രാമീണ റൂറൽ ഡിസ്പെൻസറി കെട്ടിടം പണിതീർത്തത്.

1964-ൽ മണക്കടവിലാണ് നമ്മുടെ മേഖലയിൽ ആദ്യമായി കോൺക്രീറ്റ് പാലം പണിതത്

ശ്രീ എം.എസ് മാത്യു മുഴിയിൽ ആലക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡണ്ടായിരുന്ന കാലത്താണ് കാർത്തികപുരത്ത് 1975-ൽ ബാങ്കിന്റെ ശാഖ തുറന്നത്. പിന്നീട് മണക്കടവ് നോർത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ശാഖ 1979-ൽ തുറന്നു. അതിനുശേഷം നടുവിൽ സഹകരണബാങ്കിന്റെ ശാഖ മണക്കടവിൽ നിലവിൽ വന്നു. തുടർന്ന് ഉദയഗിരിയിലും നോർത്ത് മലബാർ ഗ്രാമീണബാങ്കിന്റെ മറ്റൊരു ശാഖ വന്നു. ഈ നാല് ബാങ്കുകൾ നമ്മുടെ മേഖലയിൽ പ്രവർത്തിക്കുന്നതിനു പുറമേ ആലക്കോട്, തളിപ്പറമ്പ് എന്നിവിടങ്ങളിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളുടെയും കാർഷികവികസന ബാങ്കിന്റെയും സേവനങ്ങൾ നമുക്കിന്ന് ലഭ്യമാണ്.

1966-ൽ നാട്ടുകാർ ശ്രമദാനമായി റോഡ് വീതികൂട്ടി നന്നാക്കിയതിനാൽ ആലക്കോട് വരെയുള്ള ബസ്സ് സർവ്വീസ് കാർത്തികപുരം വരെ നീട്ടി. പിന്നീട് മണക്കടവ്, ഉദയഗിരി ഭാഗത്തേക്കുള്ള റോഡ് വീതി കൂട്ടിയതും ബസ് സർവ്വീസ് ഉണ്ടായതും നാട്ടുകാരുടെ ശ്രമദാനത്തിന്റെയും കൂട്ടായ്മയുടെയും ഫലമായിട്ടായിരുന്നു. 1968-ൽ കാർത്തികപുരം പുഴക്ക് ഇന്നത്തെ ചപ്പാത്തിന്റെ 7 തൂണുകൾ ജനങ്ങളുടെ സംഭാവന കൊണ്ട് പണിതീർത്തു. റവ: ഫാദർ ജോസഫ് വെട്ടിക്കുഴിച്ചാൽ നേതൃത്വം നല്കി.

ഉദയഗിരി പി.എച്ച്.സിയും മണക്കടവ് പി.എച്ച്. സി യും ഈ പഞ്ചായത്തിലെ ആരോഗ്യപരിപാലന രംഗത്ത് നല്ല പ്രവർത്തനം കാഴ്ച വെക്കുന്നു. മണക്കടവിൽ സ്ഥിരം ഡോക്ടർ ഇല്ലാത്തത് വളരെ

യേറെ പ്രയാസം സൃഷ്ടിക്കുന്നു. ഉദയഗിരി പി.എച്ച്.സി ക്ക് 1981 ൽ 2 ലക്ഷത്തോളം രൂപക്ക് മനോഹരമായ കെട്ടിടം പണിതീർത്തു. ശ്രീ.എൻ.ജെ. ചാക്കോ നരിമറ്റം സംഭാവന നൽകിയ 1 ഏക്കർ സ്ഥലത്താണ് കെട്ടിടം തീർത്തത്. റവ: ഫാദർ മാണി വാഴചാരിയ്ക്കൽ പ്രസിഡണ്ടായുള്ള ജനകീയ കമ്മിറ്റിയാണ് കെട്ടിട നിർമ്മാണതുടക്കത്തിൽ ഉണ്ടായിരുന്നത്. പിന്നീട് ശ്രീ തോമസ് വെക്കത്താനം പ്രസിഡണ്ടും ശ്രീ വി.റ്റി. ചെറിയാൻ സെക്രട്ടറിയുമായ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ കെട്ടിടം പണി പൂർത്തിയാക്കി. 1990-ൽ ശ്രീ കെ.സി. ജോസഫ് എം.എൽ.എ. യുടെ ആദ്ധ്യക്ഷത യിൽ കേരള ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ എ.സി. ഷൺമുഖദാസ് പി.എച്ച്.സി കെട്ടിടത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു.

23 -4 - 94 ൽ കാർത്തികപുരത്ത് ഒരു ഹോമി യോ ഡിസ്പൻസറി അനുവദിച്ചുകിട്ടി. ഉദയഗിരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. തോമസ് വെക്കത്താനം ഹോമിയോ ആശുപത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. നല്ല നിലയിൽ ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഒരു ആയുർവേദ ആശുപത്രിക്കുവേണ്ടി പഞ്ചായത്ത് അധികൃതർ ഇപ്പോൾ ഗവൺമെൻറിൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരികയാണ്. ഉദയഗിരി യിൽ പ്രവർത്തിച്ചുവരുന്ന മൃഗാശുപത്രി ഈ പഞ്ചായ ത്തിലെ കർഷകരുടെ മൃഗസമ്പത്ത് സംരക്ഷിക്കുന്നതിന് ഏറെ ഗുണകരമാണ്. ഇപ്പോൾ. സ്ഥിരം വെറ്റിനറി സർജ്ജൻ ഉണ്ട്. മണക്കടവിൽ ഐ.സി.ഡി.പി. സബ്സെൻറർ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. വളർത്തുനായ്ക്കളിൽ പേവിഷബാധ ഉണ്ടാകാതി രിക്കുന്നതിനുള്ള പ്രതിരോധ കുത്തിവെയ്പ് നടത്തി കഴിഞ്ഞു.

1992-ൽ കേരളത്തിലുടനീളം നടന്ന സാക്ഷ രതാ പ്രവർത്തനങ്ങളോടനുബന്ധിച്ച് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നല്ല നിലയിൽ പ്രവർത്തനങ്ങൾ നടന്നു. നൂറുകണക്കിന് നവസാക്ഷരരെ സൃഷ്ടിക്കു വാൻ ഈ സംരംഭം സഹായിച്ചു. ജില്ലയിൽ സാക്ഷരതാ പ്രവർത്തനത്തിന് തെരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തു കളിൽ ഒന്ന് നമ്മുടെ പഞ്ചായത്തായിരുന്നു. അന്ന് ലഭിച്ച അവാർഡ് ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നു. എല്ലാ രാഷ്ട്രീയ കക്ഷി പ്രതിനിധികളും സാംസ്കാരികസംഘടനാ പ്രതിനിധികളും സാക്ഷരതാ പ്രവർത്തനത്തിൽ ആത്മാർത്ഥമായി സഹകരിച്ചു എന്നുള്ളത് വളരെ പ്രശംസനീയമാണ്.

മൂരിക്കടവ്, ശാന്തിപുരം, താബോർ വൈദ്യുതീ കരണ ലൈനുകൾ ഈ കാലയളവിലാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്.മേൽ പറഞ്ഞ മൂന്ന് പദ്ധതികളും ഏതാണ്ട് 800 -ൽ അധികം കുടുംബങ്ങൾക്ക് പുതുതായി വൈദ്യു തി കണക്ഷൻ ലഭിക്കാൻ കാരണമായി. ഈ പ്രദേശ ത്ത് വോൾട്ടേജ് ക്ഷാമം രൂക്ഷമായി അവശേഷിക്കു ന്നുണ്ട്. മൂരിക്കടവ്, വായിക്കമ്പ എന്നീ സ്ഥലങ്ങളിൽ മിനി ജലവൈദ്യുതപദ്ധതികൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്.

ഉദയഗിരി സെൻറ് മേരീസ് ചർച്ച്, താബോർ, സെൻറ്ജോസഫ് ചർച്ച്, കാർത്തികപുരം സെൻറ് സെബാസ്റ്റ്യൻ ചർച്ച് മാമ്പൊയിൽ സേക്രട്ട് ഹാർട്ട് ചർച്ച് മണക്കടവ് സെൻറ് തോമസ് ചർച്ച്, അരിവിള ഞ്ഞപൊയ്യിൽ സെൻറ് തോമസ് ചർച്ച്, ഉദയഗിരി മുസ്ലീം പള്ളി, ലഡാക്ക് മുസ്ലീം പള്ളി, കാർത്തികപുരം അയ്യപ്പസേവാസംഘം ക്ഷേത്രം, കോഴിത്താവളം ദേവിക്ഷേത്രം, മണക്കടവ്, ശ്രീമഹാവിഷ്ണുക്ഷേത്രം, മണിയൻകൊല്ലി ക്ഷേത്രം, മാവുംതട്ട്ക്ഷേത്രം, പൂവൻ ചാൽ പുതിയ ഭഗവതിക്ഷേത്രം, താളിപ്പാറ ക്ഷേത്രം, മുതുശ്ശേരി തുടങ്ങിയവ ഈ പഞ്ചായത്തിലെ വിവിധ ആരാധനാലയങ്ങളാണ്.

ജവഹർതൊഴിൽദാന പദ്ധതി, എസ്.ആർ.വി. പദ്ധതി, അൺടൈഡ് പദ്ധതി, വെള്ളപൊക്ക ദുരിതാ ശ്വാസ പദ്ധതി തുടങ്ങിയ വിവിധ പദ്ധതികളിലൂടെ സമാഹരിച്ച ഫണ്ടുകൾ വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ സഹായകരമായി.

ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി, ശ്രീ.കെ.സി. ജോസഫ് എം.എൽ.എ., മുൻധനകാര്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരുടെ പ്രത്യേകമായ സഹായങ്ങളും സഹകരണവും ഈ പഞ്ചായത്തിന്റെ വികസനത്തിൽ വളരെയധികം സഹായകരമായിരുന്നു എന്നുള്ളത് എടുത്തുപറയട്ടെ.

പഞ്ചായത്തു നിയമത്തിന്റെ അടിസ്ഥാന ത്തിൽ കഴിഞ്ഞ ഒരു വർഷമായി ത്രിതല പഞ്ചായത്തു കൾ നമ്മുടെ നാട്ടിൽ നിലവിൽ വന്നു കഴിഞ്ഞു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ വി.സി. ബേബി,

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി റോസമ്മ ജോസഫ് എന്നിവരുടെ സഹകരണവും പഞ്ചായത്തിൻെറ വികസനത്തിന് ഇപ്പോൾ മുതൽകൂട്ടായി മാറിയിരിക്കുകയാണ്.

സർക്കാരിൻെറയും ജനപ്രതിനിധികളുടെയും വിവിധ ഏജൻസികളുടെയും സഹായസഹകരണവും നാട്ടിലെ നല്ലവരായ ജനങ്ങളുടെ പരിശ്രമവും രാഷ്ട്രീയ അതിപ്രസരം ഇല്ലാതെയുള്ള വികസന കാഴ്ചപ്പാടുമാണ് ഉദയഗിരി പഞ്ചായത്തിന് മേൽവിവരിച്ച വൻ നേട്ടങ്ങൾ ചരിത്രത്തിൻെറ ഭാഗമാക്കിമാറ്റാൻ സാധിച്ചതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഇനിയും ഒരുപാട് നേട്ടങ്ങളുടെ ചരിത്രം നമുക്ക് നിർമ്മിക്കുവാൻ ബാക്കിയുണ്ട്. അവ പൂർത്തിയാക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് ഉറച്ച വിശ്വാസത്തോടെ ജനപങ്കാളിത്തത്തോടെ പുതിയ ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കുവാൻ മുഴുവൻ നാട്ടുകാരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് ഇരുപത്തി ഒന്നാം നൂറ്റാണ്ടിനെ ലക്ഷ്യമാക്കി നമുക്ക് മുന്നോട്ട് ചുവടുകൾ വയ്ക്കാമെന്ന പ്രത്യാശയോടെ വളരുന്ന ഉദയഗിരിയുടെ ചരിത്രം തല്ക്കാലം ഇവിടെ നിർത്തട്ടെ.

# കൃഷിയും ജലസേചനവും

ഇന്നുള്ള ഉദയഗിരി പഞ്ചായത്തിൽ എന്നുമുതൽ കൃഷി ആരംഭിച്ചു എന്നതിന് വ്യക്തമായ വിവിരങ്ങൾ ലഭ്യമല്ല. ഹരിജൻ - ആദിവാസി (പട്ടികജാതിയിൽ - കരിമ്പാലൻ, മാവിലൻ, വേട്ടുവ എന്നീ സമുദായങ്ങൾ) വിഭാഗത്തിൽപെട്ട കുറച്ചാളുകൾ താമസിച്ചിരുന്നു. ഭക്ഷ്യാവശ്യത്തിന് നെല്ല്, ചാമ, മുത്താറി, തുവര, ആവണക്ക്, ചോളം, തെന, കക്കിരി, മത്തൻ(മത്തങ്ങ)കുമ്പളം, വെള്ളരി എന്നിവ കൃഷി ചെയ്തു വന്നിരുന്നു. കുരുമുളക് കൃഷിയും കുറേശ്ശ ഉണ്ടായിരുന്നു. ഓരോ വർഷവും ധനുമാസത്തിൽ പുതിയ കൃഷിക്ക് മൂത്ത കാടുവെട്ടി (ഉഴവ്വെട്ടി, കൃഷിക്കുള്ള തുടക്കം കുറിക്കും. കാടുവെട്ടിയുള്ള കൃഷിക്ക് 'പുനംകൃഷി എന്നാണു പറയുന്നത്. ഒരു വർഷം 'പുനംകൃഷി ചെയ്ത സ്ഥലത്ത് വീണ്ടും കൃഷി ഇറക്കില്ല. അടുത്ത കുന്നിൻ മുകളിൽ 'ഉഴവ് വെട്ടി' മാത്രമേ കൃഷി ചെയ്യുകയുള്ളു. ഓരോ വർഷവും ഓരോ കുന്നിൻ മുകളിൽ എന്ന നിലയിൽ കൃഷി ചെയ്യുമ്പോൾ താമസവും പുതിയ കൃഷി സ്ഥലത്തേക്ക് മാറ്റും.

മേടം രണ്ടിന് വിത്തിട്ട്തുടങ്ങി 'വെള്ളാട് തിരുമുടി ഉത്സവത്തിന്' മുമ്പ് (എടവം18) 'വിത്ത് വാളൽ'(വിത്തിടൽ)പൂർത്തിയാക്കുകയും ചെയ്യും. ഒരു പ്രദേശത്തെ പണിയെടുക്കുവാൻ കഴിയുന്ന സ്ത്രീകളും കുട്ടികളും, പുരുഷന്മാരും എല്ലാം ചേർന്ന് വിത്തുവിള 'പാട്ടോടു കൂടി വിത്ത് കിള നടത്തും. ഒരാളിൻെറ 'വിത്ത്' വാളൽ പൂർത്തീകരിച്ചശേഷം അടുത്ത ആളിൻെറ 'വിത്ത്വാളൽ' എന്ന നിലയിൽ നിശ്ചിത സമയപരിധിയ്ക്കകം പണി പൂർത്തീകരിക്കും. ചിങ്ങമാസത്തിൽ 'നെല്ല് മൂരും' (വിളവെടുക്കും) തുടർന്ന് പുതിയ അരി ഉപയോഗിച്ച് 'പുതിയത്' എന്ന പേരിൽ ഒരുത്സവം ആഘോഷിച്ചിരുന്നു. വിത്ത്, ക്ഷാമ കാലത്തേക്കുള്ള നെല്ല്, ചാമ, മുത്താറി തുടങ്ങിയവ നെല്ലിൻെറ കച്ചി ഉപയോഗിച്ച് 'പൊതി കെട്ടിയാണ് സൂക്ഷിച്ചിരുന്നത്. ഒരു പൊതിയിൽ 10 സേർ നെല്ല്, ചാമ, മുത്താറി തുടങ്ങിയവ ഉണ്ടാക്കും.

ആർക്കും തന്നെ സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല. പത്തിൽ രണ്ട് വാരം (പാട്ടം) കൊടുത്താണ് ചെയ്തിരുന്നത്. പാട്ടമായി നെല്ലു മാത്രമേ കൊടുക്കാറുണ്ടായിരുന്നുള്ളു, വാരം-പാട്ടം എന്നിവ നിശ്ചയിക്കുന്നത് ജന്മിയുടെ കാര്യ സ്ഥാനം, കോൽക്കാരനും' കൂടി കൃഷിയിടത്തിൽ വന്ന് 'കോൽക്കാരൻ കൃഷിയിടത്തിൽ നടന്നു നോക്കി കല്പിക്കുന്ന (നിശ്ചയിക്കുന്ന) നെല്ല് ജന്മിയുടെ വീട്ടിൽ കൃഷിക്കാരൻ തന്നെ എത്തിച്ചു കൊടുക്കണം. കോൽക്കാരൻ നിശ്ചയിച്ച നെല്ല് വിളവെടുക്കുമ്പോൾ കിട്ടാത്തതുകൊണ്ടോ മറ്റു കാരണങ്ങളാലോ പാട്ടമായി നിശ്ചയിച്ച നെല്ല് നൽകാൻ കഴിഞ്ഞില്ലെങ്കിൽ തൊട്ടടുത്ത വർഷം ഇരട്ടി നെല്ല് കൊടുക്കണം. (നെല്ല് അല്ലാതെ മറ്റ് ധാന്യങ്ങളോ, പച്ചക്കറികളോ പാട്ടമായി നൽകേണ്ടതില്ല) ഓരോ വർഷവും തുലാം 10ന് മത്തങ്ങ, വെള്ളരിക്ക, കക്കിരി, പുതിയ നെല്ലിടിച്ച് അവിൽ എന്നിവ ജന്മിക്കുള്ള കാഴ്ചയായി എത്തിച്ചു കൊടുക്കണം. അപ്പോൾ ജന്മി'പുത്തൻ കോടി' കൃഷിക്കാരനു നൽകും.

കാട്ടുമരങ്ങളും, ഓടപ്പാ(ഓടയില) ഞെട്ടിപ്പന ഓല എന്നിവയും ഓട, മുള എന്നിവ കൊണ്ടുള്ള'ചെറ്റ'മറ കൊണ്ടുമാണ് വീടുണ്ടാക്കിയിരുന്നത്. ഓരോ കുടുംബത്തിനും പ്രത്യേകം പ്രത്യേകം വീടുണ്ടായിരുന്നുവെങ്കിലും അടുത്തടുത്ത വീടുകളിൽ കോളനിയായാണ് താമസിച്ചിരുന്നത്. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ നെല്ലുള്ളയാളെ 'കോപ്പുകാരൻ' (മുതലാളി) എന്നാണ് വിളിച്ചിരുന്നത്.

കാട്ടുകിഴങ്ങ്, നൂറാൻ, നൂളിക, മോരി, കുറുങ്ങൻ എന്നീ കിഴങ്ങുകൾ കാട്ടിൽ നിന്നും ശേഖരിച്ച് തീയിലിട്ട് ചുട്ടും വേവിച്ചും ഭക്ഷിച്ചിരുന്നു.

കൂലിയും ജോലി സമയവും:

പുരുഷന്മാർക്ക് രണ്ട് കൊങ്ങായി നെല്ലും സ്ത്രീകൾക്ക് ഒരു കൊങ്ങായി നെല്ലുമായിരുന്നു പണി കൂലി. നിഴൽ നോക്കിയാണ് സമയം നിശ്ചയിച്ചിരുന്നത്. രാവിലെ ഉദ്ദേശം 9 മണി മുതൽ 3 മണി വരെയുള്ള പണിക്ക് 'പയിറ്റടി' (കൂലിപ്പണി) എന്നും ഒഴവില പണിക്ക് 'ചേരിക്കൽ' പണി എന്നുമാണ് പറഞ്ഞിരുന്നത്. കൂലിപണിക്ക് ശേഷമുള്ള സ്വന്തം പണിക്ക് 'അർ മാനി എന്നു പറയും -നടപ്പുവഴി 'ചെരവഴി എന്നാണറിയപ്പെട്ടിരുന്നത്.

കൃഷിക്കും, മനുഷ്യനും സാധാരണ രോഗങ്ങൾ ഉണ്ടാകുമായിരുന്നില്ല. മനുഷ്യന് അപൂർവ്വ മായുണ്ടാകുന്ന രോഗങ്ങൾക്ക് കാട്ടിൽ നിന്നും ശേഖരിച്ച പച്ച മരുന്ന് എടുത്ത് 'നാട്ടു ചികിത്സ' നടത്തിയിരുന്നു. ചികിത്സക്ക് പ്രതിഫലം വാങ്ങി യിരുന്നില്ല. പച്ചമരുന്നുകളുടെ ഒരു കലവറയാ യിരുന്നു നമ്മുടെ കാടുകൾ.



അളവുപാത്രം

സേർ, കൊങ്ങായി കാസേർ, തൂടം എന്നിവയായിരുന്നു അളവുപാത്രങ്ങൾ.

ചെരപ്പ(ചെരകൂടുക്ക) മുളങ്കുറ്റി, മൺ പാത്രങ്ങൾ എന്നിവയാണ് പാത്രങ്ങളായി ഉപയോഗിച്ചിരുന്നത്.

ആന, കുരങ്ങ്, കരടി, കാട്ടുപന്നി, മുള്ളൻ പന്നി, മരപ്പട്ടി, കുറുക്കൻ തുടങ്ങിയ വന്യജീവികൾ കൃഷിക്ക് നാശം വരുത്തിയിരുന്നു. മ്ലാവ് (മലാൻ) കേഴ, മുച്ചൻ അള്ളാൻ (അണുങ്ങ്- ഈനാം പേച്ചി) അണ്ണാൻ, കാട്ടുമുയൽ, വെളര് (കൂരൻ എന്നീ കാട്ടു മൃഗങ്ങളും ധാരാളമായുണ്ടായിരുന്നു. ഇവയെ നാടൻ തോക്കുപയോഗിച്ച് 'നായാട്ട്' നടത്തിയും 'അടിച്ചിൽ' (കെണി) കെട്ടി പിടിച്ചും ചുട്ട് ഭക്ഷിച്ചിരുന്നു. കൂടാതെ ബാക്കിവരുന്ന ഇറച്ചി ഉപ്പിട്ട് ഉണക്കിസൂക്ഷിച്ച് ആവശ്യാനുസരണം ഉപയോഗിച്ചു. മുച്ചനെ കൊന്ന് ഉടൻ ചൂടുള്ള രക്തം വലിച്ച് കുടിച്ച് രക്തം കട്ടയാകാതെ ഓടുകയും ചെയ്തിരുന്നു. രാവിലെയും വൈകിട്ടും രണ്ടു നേരമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ.

പക്ഷികൾ :തത്ത, മൈന,ചെമ്പോത്ത്(ഉപ്പൻ) ഓലെഞ്ഞാലി, ഓളി, ചെവിടൻകിളി, ചാള പക്ഷി, കാട്ടുകോഴി, വേഴാമ്പൽ എന്നീ പക്ഷികളുടെ വിഹാര കേന്ദ്രമായിരുന്നു നമ്മുടെ കാട്. പക്ഷികളെ 'തെറ്റാലി' (വില്ല്) കൊണ്ട് തെറ്റി (എയ്ത്) പിടിച്ച് ചുട്ട് ഭക്ഷിച്ചിരുന്നു.

വൃക്ഷങ്ങൾ

മരുത്, വേങ്ങ, പേഴ്, ഇരൂൾ, പുന്ന, താന്നി, പ്ലാവ്, വെള്ളയകിൽ, കാരയകിൽ, നാട്ടു മാവ് തുടങ്ങി വില പിടിപ്പുള്ള വൻ മരങ്ങൾ ധാരാളമുണ്ടായിരുന്നു. 'ഒഴവ്' വെട്ടി 'പുനംകൃഷി' ചെയ്യുമ്പോൾ വൻമരങ്ങൾ വെട്ടി തീയിട്ട് കളയും.

പണിയായുധങ്ങൾ

'പെരിയ പരുവ' (വിത്തുകിളയ്ക്കൽ ഉപയോഗിച്ചിരുന്നത്) കുകോട്ട്, തൂമ്പ, വാക്കത്തി, ചായക്കത്തി എന്നിവയായിരുന്നു പണിയായുധങ്ങൾ. ഇവ കൊല്ലന്മാർ ഉണ്ടാക്കി കൊണ്ടുപോയി കൊടുക്കും. പ്രതിഫലമായി നെല്ലുകൊടുക്കണം.

കാർഷികോല്പന്നങ്ങളായ നെല്ല്, ചോളം, തെന, മുത്താറി, ചാമ, തുവര, ആവണക്കെണ്ണ, കുരു എന്നിവ കൊടുത്ത് പുകയില, ശർക്കര, ചായപ്പൊടി, ഉപ്പ്, മുളക്, വെളിച്ചെണ്ണ, മീൻ എന്നിവ വാങ്ങിയിരുന്നു. ചപ്പാരപ്പടവിലേക്ക് കാർഷികോല്പന്നങ്ങൾ ചുമന്ന് നടന്നുപോയാണ് ആവശ്യമായ സാധനങ്ങൾ വാങ്ങിയിരുന്നത്. തീപ്പെട്ടി ഉപയോഗിച്ചിരുന്നില്ല. തുവരക്കമ്പ്, വെണ്ണനാര് (മരം) എന്നിവ പരസ്പരം കൂട്ടി ഉരസിയാണ് തീ ഉണ്ടാക്കിയിരുന്നത്. വിളക്ക് കത്തിച്ചിരുന്നത് ആവണക്ക് കുരു വറുത്ത് ഇടിച്ച് വെള്ളത്തിൽ കലക്കി ചൂടാക്കി വറ്റിച്ച് എണ്ണയെടുത്ത് വിളക്കിൽ ഒഴിച്ച് വെളിച്ചത്തിന് ഉപയോഗിച്ചിരുന്നു. വിളക്ക് - നില വിളക്ക്മാത്രമായിരുന്നു.

ക്ഷാമകാലയളവിൽ കാർഷികോല്പന്നങ്ങൾ (നെല്ല്, ചോളം, മുത്താറി തുടങ്ങിയ) 'വില മുറിക്കൽ" നടത്തിയിരുന്നു.(100സേർ നെല്ലിനു് 8 - 10 രൂപ)വിലമുറിച്ച സാധനം കൃത്യ സമയത്ത് കൊടുത്തില്ലെങ്കിൽ ആദ്യം കൊടുക്കേണ്ടതിൻെറ ഇരട്ടി എന്ന നിലയിൽ കൊടുക്കണം. കൂടാതെ 'പൊലികൃം' വാങ്ങിയിരുന്നു.(10 സേർ നെല്ല് വാങ്ങിയാൽ തൊട്ടടുത്ത വിളവെടുക്കുമ്പോൾ 3 സേർ കൂട്ടിക്കൊടുക്കണം) നിശ്ചിത സമയത്ത് കൊടുത്തില്ലെങ്കിൽ ഓരോ വർഷവും അതുവരെയുള്ളതിൻെറ ഇരട്ടി നെല്ല്, അരി എന്നിവ കൊടുക്കണം.

അളവുപാത്രം

1952കളുടെ ആരംഭത്തോടെ ആരംഭിച്ച കുടിയേറ്റത്തോടുകൂടി പൂവംചാലിൽ ചപ്പിലി വലിയച്ചു, മാവുംതട്ടിൽ മാങ്ങാട്ട് വലിയ ചെമ്മരൻ, തെക്കൻ പുതുശ്ശേരി വലിയ ചെമ്മരൻ, കാർത്തിക പുരത്ത് വട്ടക്കുന്നേൽ പാറയിൽ മാത്യു ജോസഫ് എന്നിവർ തെങ്ങ് കൃഷി ചെയ്തു തുടങ്ങി.

വാരവും പാട്ടവും കൊടുത്ത് കൃഷി ചെയ്തു വന്നിരുന്ന കൃഷിക്കാരെ ഒഴിപ്പിക്കുന്നതിനു വേണ്ടി പാലക്കോടൻ ഹാജി ശ്രമിക്കുകയും അതിൻെറ ഭാഗമായി കുരുടിക്കൊല്ലിയിൽ ഒരു വീട് ആനയെ കൊണ്ട് ചവിട്ടിപ്പൊളിപ്പിക്കുകയും മലപ്പുറത്തുനിന്നും ഗുണ്ടകളെ ഇറക്കി മർദ്ദിച്ചൊതുക്കാൻ ശ്രമം ആരംഭിക്കുകയും ചെയ്തു. 1957 ൽ കുടികിടപ്പുകാർക്ക് 10സെൻറ് ഭൂമിക്ക് അവകാശം നൽകിയ ഉടനെ ആയിരുന്നു. കർഷക സംഘത്തിൻെറ നേതൃത്വത്തിൽ ശ്രീ വി.സി. അഗസ്റ്റ്യൻ, അടുത്ത കാലത്ത് മരണപ്പെട്ട ശ്രീ എം.ടി. ഗോപാലൻ എന്നിവർ ചേർന്ന് ചെറുത്ത് നില്പ് നടത്തുകയും, തളിപ്പറമ്പ, തലശ്ശേരി മജിസ്ട്രേറ്റ് കോടതികളിൽ കേസ് നടത്തി എരുത്വാമടയിൽ നിരവധി കർഷകർക്കായി 10 ഏക്കറ ഭൂമിയുടെ ഉടമസ്ഥാവകാശം നേടിയെടുത്തു.

വാരം - പാട്ടം എന്നിവ നൽകിയവരെയും വിലകൊടുത്തു വാങ്ങിയതിലധികമുള്ള ഭൂമിയും ഒഴിപ്പിക്കുന്നതിന് ആലക്കോട് ശ്രീ പി. ആർ. രാമവർമ്മ രാജ 1964 ൽ നോട്ടീസ് കൊടുക്കുകയും മറ്റു നടപടികൾ ആരംഭിക്കുകയും ചെയ്തപ്പോൾ കർഷക സംഘം നേതൃത്വത്തിൽ 104 കർഷകരെ പങ്കെടുപ്പിച്ച് ശ്രീ വി.സി അഗസ്റ്റ്യൻെറ നേതൃത്വത്തിൽ ആലക്കോട് കൊട്ടാരത്തിലേക്ക് കർഷകമാർച്ച് നടത്തി. തുടർന്നു നടത്തിയ കർഷക സമരങ്ങളുടെയടക്കം ഫലമായി കൃഷിക്കാർക്ക് അവർ കൃഷി ചെയതുവന്നിരുന്ന ഭൂമിയുടെ ഉടമാവകാശം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞു.

ദേശിയ പ്രസ്ഥാനത്തിൻെറ ഭാഗമായിട്ടുള്ള കൃഷി ഭൂമി കർഷകന് എന്ന മുദ്രാവാക്യം സാക്ഷാത്ക്കരിക്കുന്നതിൻെറ ഭാഗമായി കേരളത്തിലെ കാർഷികബന്ധബില്ല് കേരള ഭൂപരിഷ്കരണ നിയമം എന്നിവയുടെ ചുവടുപിടിച്ചു എണ്ണമറ്റ സമരങ്ങൾ നമ്മുടെ പഞ്ചായത്തതിർത്തിയിലും നടന്നിട്ടുണ്ട്.

1970ലെ മിച്ചഭൂമി സമരത്തെത്തുടർന്ന് 100 ഏക്കർ പെരിമുണ്ടമല, പാറോത്തുംമല, തലത്തണ്ണി,വെള്ളാട്ടുകൊല്ലി, കോളി തുടങ്ങി നിരവധി സ്ഥലങ്ങളിൽ കൃഷിക്കാർ ഭൂമിയിൽ പ്രവേശിച്ച് സമരം നടത്തുകയും കൃഷിയിറക്കുകയും ഭൂവുടമകളായി മാറുകയും ചെയ്തു.

കുടിയേറ്റത്തിൻെറ തുടക്കത്തിൽ അതുവരെയുണ്ടായിരുന്നകൃഷി തുടർന്നതോടൊപ്പം കപ്പ (മരച്ചീനി) ,ചേന, ചേമ്പ്, കാച്ചിൽ, വാഴ, ഇഞ്ചി, മഞ്ഞൾ മുതലായ ഹ്രസ്വകാല വിളകളും തെങ്ങ്, കമുക്, കുരുമുളക്, പുതിയ ഇനങ്ങൾ തെരുവപ്പുല്ല് എന്നിവയുടെ കൃഷി ആരംഭിക്കുകയും ചെയ്തു.

ക്രമേണ ഹ്രസ്വകാല വിളകളിൽ പലതും തെരുവപ്പുൽകൃഷിയും ഇല്ലാതായി. കൃഷിയോഗ്യമായ

മിക്കവാറും സ്ഥലങ്ങൾ നാണ്യവിളകൃഷി കൊണ്ട് നിറഞ്ഞിരിക്കുന്നു. സമ്പദ്സമൃദ്ധമായ കൃഷിയിടങ്ങൾ നിറഞ്ഞ നമ്മുടെ പഞ്ചായത്തിൻെറ ഇന്നത്തെ അവസ്ഥ എന്നിൽ കുടിയേറ്റ കർഷകരുടെ അദ്ധ്വാന മാണുണർത്തുന്നത്.

കൃഷി രീതിയിലുണ്ടായ മാറ്റവും, രാസ വളത്തോടൊപ്പം ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകാതെയും കീടനാശിനികളുടെ അമിത ഉപയോഗംമൂലവും ചെടികളുടെ രോഗപ്രതിരോധ ശക്തിയും കൃഷിക്ക് ഉപകാരികളായ പ്രാണികളുടെ നാശത്തിനും ജൈവവൈവിധ്യം നിലനിർത്തുന്നതിലും പ്രകൃതിയും സംന്തുലിതാവസ്ഥ നില നിറുത്തുന്നതിനും കഴിയുന്നില്ല.

90 ശതമാനത്തിലധികം ജനങ്ങൾ കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന നമ്മുടെ പഞ്ചായത്തിൽ പ്രഥമവും പ്രധാനവുമായ പരിഗണന കാർഷിക മേഖലക്ക് ഉറപ്പു വരുത്തുവാൻ കഴിയണം.

## ഭൂപ്രകൃതി

75° 28'ഉം, 75° 32' രേഖാംശത്തിനും 12° 12'നും12° 20' അക്ഷാംശത്തിനും ഇടയിലുള്ളതും സമുദ്രനിരപ്പിൽ നിന്നും96 മീറ്ററിനും 760 മീറ്ററിനും ഇടയിൽ ഉയരമുള്ളതുമായ കുന്നുകളും മലകളും അടങ്ങിയ പശ്ചിമഘട്ട മലമ്പ്രദേശമാണ് ഉദയഗിരി ഗ്രാമപഞ്ചായത്ത്. തോടുകളും നീർച്ചാലുകളും കൊണ്ട് അനുഗ്രഹീതമായതുമായ നമ്മുടെ പഞ്ചായത്തിൻെറ കിഴക്കുഭാഗം മുഴുവൻ കർണ്ണാടക വന പ്രദേശമാണ്. നമ്മുടെ പഞ്ചായത്താകെ ഒരു നീർമറി പ്രദേശമായിട്ടാണുള്ളത്.

## കാലാവസ്ഥ

ഉഷ്ണമേഖലാ പ്രദേശമായ പഞ്ചായത്ത് കേരളത്തിലെ 13 കാർഷിക കാലാവസ്ഥാ പ്രദേശങ്ങളായി തരം തിരിച്ചിട്ടുള്ളതിൽ വടക്കൻ കാർഷിക കാലാവസ്ഥ പ്രദേശത്താണ്.

### മഴ

സമൃദ്ധമായി മഴ ലഭിക്കുന്ന പഞ്ചായത്തിൽ 3400 മില്ലിമീറ്ററിലധികം മഴ കിട്ടാറുണ്ട്. സമൃദ്ധമായി മഴ ലഭിക്കുന്ന മഴയിൽ കാലവർഷമാണ് കൂടുതൽ. ജൂൺ മുതൽ ഒക്ടോബർ വരെ കാലവർഷവും തുടർന്ന് നവംബർ മാസത്തിവും ഡിസംബറിൻെറ ആദ്യ ഭാഗത്തും തുലാവർഷം കിട്ടാറുണ്ട്. മഴപെയ്തു കഴിയുമ്പോഴേക്കും വെള്ളം മുഴുവനും ഒഴുകി പുഴയിലെത്തി നഷ്ടപ്പെടുകയാണ്.

ജല സമ്പത്തുകൊണ്ട് അനുഗ്രഹീത മാണെങ്കിലും വേനൽക്കാലങ്ങളിൽ പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ കടുത്ത വരൾച്ച അനുഭവപ്പെടാറുണ്ട്. 90 കിലോമീറ്റർ നീളത്തിൽ തോടുകളും, പുഴകളുമുൾപ്പെടെയുള്ള നീർച്ചാലുകളാണ് പഞ്ചായത്തിലുള്ളത്. ഭൂഗർഭജലം ചൂഷണം ചെയ്യേണ്ട സാഹചര്യം ഇന്നില്ലെങ്കിലും അതിനുള്ള അല്ലറചില്ലറ ശ്രമങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. അടിയന്തിരമായും നമുക്ക് സമൃദ്ധമായി ലഭിക്കുന്ന മഴയിൽ നിന്നുള്ള ജലം അതാതിടങ്ങളിൽ സംരക്ഷിക്കുവാൻ കഴിയണം.

## മണ്ണ്

കരിന്തോണ മണ്ണ്, ചെമ്മണ്ണ്, ചരൽ നിറഞ്ഞ ചെങ്കൽ മണ്ണ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഫലഭൂയിഷ്ഠമായ മണ്ണിൽ ഫോസ്ഫറസ്, പൊട്ടാഷ് എന്നിവയുടെ കുറവുണ്ട്

ഊഷ്മാവ് അറിയാനുള്ള സംവിധാനം നിലവിലില്ല.

## ഭൂവിനിയോഗം

| | | |
|---|---|---|
| പുരയിടം | 6712 | ഹെക്ടർ |
| കൃഷിയോഗ്യമായ തരിശ് | 220 | |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 272 | |
| ആകെ | 7204 | |

അവലംബം: കൃഷിഭവൻ

പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളായ പെരുമുണ്ടമല, മുതുശ്ശേരിതട്ടിൻെറ മുകൾഭാഗം, കട്ടപ്പള്ളി,മുക്കുഴി പ്രദേശം, മണ്ണാത്തിക്കുണ്ടിനു മേൽഭാഗത്ത് തിരുനെല്ലി, നമ്പ്യാർ മലയുടെ മുകൾഭാഗം എന്നിവടങ്ങളിൽ തരിശ്ഭൂമിയുണ്ട്. ഓരോ വാർഡിലും ഉള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണം

| വാർഡ് | ഏക്കർ |
|---|---|
| 1 | 1850 |
| 2 | 1600 |
| 3 | 1800 |
| 4 | 1700 |
| 5 | 2200 |
| 6 | 1400 |
| 7 | 1500 |
| 8 | 1600 |
| 9 | 1400 |
| 10 | 1730 |
| ആകെ | 16780 |

അവലംബം: കൃഷിഭവൻ

ആകെ കൃഷി ഭൂമിയിൽ ആളോഹരി ലഭ്യത 84 സെൻറാണ്. എന്നാൽ ഉദയഗിരി പഞ്ചായത്തിലെ ആകെ ഭൂമിയിൽ ആളോഹരി ലഭ്യത 92 സെൻറാണ്.




**സസ്യ സമ്പത്ത്**

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, കുരുമുളക് എന്നീ ദീർഘകാല വിളകളും വാഴ, മരച്ചീനി (കപ്പ) , ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ തുടങ്ങിയ ഹ്രസ്വകാല കാർഷികവിളകളും ഇവ കൂടാതെ ജാതി, ഗ്രാമ്പൂ, കാപ്പി, കൊക്കോ, കൈതച്ചക്ക, മാവ്, പ്ലാവ്, പേര, ചാമ്പ, നാരകം, പുളി എന്നിവയും കൃഷിചെയ്തു വരുന്നു.

കമുക് കൃഷിക്കുണ്ടാകുന്ന മഞ്ഞളിപ്പ്, വേരുരോഗം, മഹാളി എന്നീ രോഗങ്ങൾ പടർന്നു പിടിക്കുന്നതോടുകൂടി കൃഷിയാകെ നശിക്കുന്ന സ്ഥിതിയാണുള്ളത്. കുരുമുളകിൻെറ ദ്രുതവാട്ടരോഗം കാരണം വൻതോതിലുണ്ടായിരുന്ന ഈ കൃഷി നാമമാത്രമായിത്തീർന്നിരിക്കയാണ്. കുരുമുളക് കൃഷി പുനരുദ്ധാരണ പരിപാടികൾ കൃഷിഭവൻ മുഖാന്തിരം കഴിഞ്ഞ അഞ്ചുവർഷം നടത്തിയിട്ടും അതിൻെറ പ്രയോജനം ഉദ്ദേശിച്ചവിധം ലഭിച്ചിട്ടില്ല. കുറെയധികം തുക സബ്ബ്സിഡി നൽകിയെന്നതാണ് വലിയൊരാശ്വാസമായുള്ളത്. കശുമാവ് കൃഷിയെ കടുത്ത പ്രതിസന്ധിയിലാക്കുന്നവിധമാണ് തണ്ടുതുരപ്പൻ പുഴു ആക്രമണവും കമ്പിളിപുഴുവിൻെറ ആക്രമണവും ഉണ്ടായിട്ടുള്ളത്. ഇതിൻെറ ഫലമായി ഈ കൃഷി പകുതിയോളമായി കുറഞ്ഞിരിക്കുകയാണ്. കൂടുതൽ ഉല്പാദനം ലഭിച്ചിരുന്ന കശുമാവ് മിക്കവാറും നശിച്ചുകൊണ്ടിരിക്കുകയാണ്.

രോഗകീട ബാധയെത്തുടർന്ന് ഇഞ്ചികൃഷി പൊതുവേ കുറഞ്ഞിരുന്നുവെങ്കിലും മുതുശ്ശേരി പ്രദേശത്ത് ഈ അടുത്ത കാലത്തായി ഒരു പുത്തനുണർവ്വ് ഉണ്ടായിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലും ഇഞ്ചികൃഷി വ്യാപിപ്പിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങളുണ്ടാവണം.

ഇതുപോലെതന്നെ ഒന്ന് ഒന്നര പതിറ്റാണ്ടു മുമ്പുവരെ നമ്മുടെ പഞ്ചായത്തിൽ വ്യാപകമായിരുന്നതും നമ്മുടെ കാർഷിക സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നതുമായ വാഴകൃഷി മിക്കവാറും ഉപേക്ഷിച്ചതായിരുന്നെങ്കിലും ഈ അടുത്ത കാലത്തായി ജയഗിരി, അരിവിളഞ്ഞപൊയിൽ പ്രദേശങ്ങളിൽ യുവജനങ്ങളടക്കം സംഘടിതമായി ഈ രംഗത്തേക്ക് കടന്നുവന്നിട്ടുള്ളതും ലാഭകരമായി വാഴകൃഷി നടത്തുന്നതും മാതൃകയാക്കി പഞ്ചായത്തിലാകെ വ്യാപിപ്പിക്കുവാനുള്ള സാധ്യതകളുണ്ട്.

### വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| തെങ്ങ് | 2225 ഹെ | 24500000 എണ്ണം | ഒന്നിനുശരാശരി 80 എണ്ണം |
| കമുക് | 1425 ഹെ | 11400 കി | " 1കിലോ |
| റബ്ബർ | 1792 ഹെ | 35840 കി | ഒരു ഹെക്ടറിനു 20 കി |
| കുരുമുളക് | 793 ഹെ | 675 കി | ഒന്നിനു 300 ഗ്രാം |
| കശുമാവ് | 129 ഹെ | 2290 കി | " 10 കിലോ |
| വാഴ | 105 ഹെ | 1250 കി | ഒന്നിന് 10 കിലോ |
| മരച്ചീനി | 73 ഹെ | 825 കി | ഒന്നിന് 5 കിലോ |
| പച്ചക്കറികൾ | 15 ഹെ | 150 ടൺ | ഒരു ഹെ. 10 ടൺ |
| ഇഞ്ചി, മഞ്ഞൾ | 50 ഹെ | 15325 കി | ഒരു ഹെ. 10 കി |
| കൊക്കോ | 25 ഹെ | 2125 കി | ഒന്നിൻ ശരാശരി 2 കിലോ |
| കാപ്പി | 10 ഹെ | 225 കി | ഒന്നിന് ശരാശരി 500ഗ്രാം |
| മാവ് | 30 ഹെ | | |
| പ്ലാവ് | 40 ഹെ | | |
| | 6712 ഹെ | | |

### ജൈവ സമ്പത്ത്

ജൈവ സമ്പത്തുകൊണ്ട് സമ്പന്നമായിരുന്നു നമ്മുടെ പഞ്ചായത്തെങ്കിലും അവ സംരക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിയാതിരുന്നതുകൊണ്ട് വാക, മരുത്, വേങ്ങ, വാഗ (പേഴ്) ഇന്ദ്രൾ, താന്നി, നെല്ലി, ഔഷധസസ്യങ്ങൾ ഇവയെല്ലാം നാശോന്മുഖമായികൊണ്ടിരിക്കുകയാണ്.

തേക്ക്, മാഞ്ചിയം, മഹാഗണി, പൊങ്ങല്യം, കാട്ടു കടുക്ക മുതലായ വാണിജ്യ പ്രാധാന്യമുള്ള വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുന്നതിനുള്ള പ്രവണത രൂപംകൊണ്ടിട്ടുണ്ട്.

ആന, കേഴ, കാട്ടുപന്നി, മലാൻ(കലമാൻ) കുരങ്ങ്,അണ്ണാൻഎന്നിവയുടെ വിഹാരകേന്ദ്രമായിരുന്നു ഒരു കാലത്തേക്കെങ്കിലും കുടിയേറ്റത്തോടുകൂടി ഇവയെല്ലാം നാമാവശേഷമായിരിക്കുകയാണ്.

തത്ത, കാട്ടുമൈന, കുയിൽ, മാടത്ത, കാട്ടുകോഴി, വേഴാമ്പൽ ഇവയും പശ്ചിമ ഘട്ട മലനിരകളിൽ കണ്ടുവരുന്ന പക്ഷികളെല്ലാം ഈ പ്രദേശത്ത് ഉണ്ടായിരുന്നതും ഇന്നു് അപൂർവ്വമായി.

### വിത്ത് വായ്പ

കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിത്തുകളും പ്രാദേശികമായി ലഭിക്കുന്ന വിത്തുകളും ഉപയോഗിച്ചാണ് കൃഷി നടത്തുന്നത്. മുഖ്യമായും പ്രാദേശികമായി ലഭിക്കുന്ന വിത്തുകളെയാണ് ആശ്രയിക്കുന്നത്. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന വിത്തുകളും തൈകളും യഥാസമയം ലഭ്യമാകാതെയും ഗുണക്കുറവ് എന്നുള്ള പരാതികളും വ്യാപകമായുണ്ട്. കൃഷിക്കാവശ്യമുള്ള കാലങ്ങളിലല്ല പലപ്പോഴും വിത്തുകളും തൈകളും കൃഷിഭവനിൽ എത്താറുള്ളത് എന്നതിനാൽ കൃഷിഭവനിൽ വച്ചു തന്നെ നഷ്ടപ്പെട്ടുപോകാറുമുണ്ട്. കൃഷി ഭവനിലൂടെ വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നത് നോക്കുക.

നടീൽ വസ്തുക്കളുടെ വിവരം

| ഇനം | | എണ്ണം | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ്-നാടൻ (WCT) | 1500 എണ്ണം | 1200 എണ്ണം | 1500 എണ്ണം |
| TxD | 400 എണ്ണം | 300 എണ്ണം | 200 എണ്ണം |
| കമുക് മംഗള | 400 എണ്ണം | 2500 എണ്ണം | 800 |
| സുമംഗള | | | 500 എണ്ണം |
| മോഹിത്നഗർ | | | 15 എണ്ണം |
| കാസർഗോഡൻ | | | 400 എണ്ണം |
| കശുമാവ് - മുളപ്പിച്ചത് | 1500 എണ്ണം | | |
| ഗ്രാഫ്റ്റ് | | 1200 എണ്ണം | 2000 എണ്ണം |
| കുരുമുളക് - പന്നിയൂർ | 5000 " | 2500 " | 2500 " |
| കരിമുണ്ട | 2500 " | 1500 " | 15000 " |
| കൊക്കോ - ലോക്കൽ | 500 " | | |
| ഗ്രാഫ്റ്റ് | | | 500 " |
| ജാതി | 25 " | 40 " | 50 " |
| ഗ്രാമ്പു | 30 " | 60 " | 100 " |
| മാവ് | 90 " | 25 " | |
| കറുവ | 100 " | 100 " | 100 " |
| ചാമ്പ | | | 10 " |
| പുളി | | | 25 " |

കാർഷിക വായ്പക്കായി ആലക്കോട് സർവീസ് സഹകരണ ബാങ്കിന്റെ കാർത്തികപുരം ശാഖ, നടുവിൽ സർവ്വീസ് ബാങ്കിന്റെ മണക്കടവ് ശാഖ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ഉദയഗിരി, മണക്കടവ് ശാഖകൾ തളിപ്പറമ്പ കാർഷികഗ്രാമ വികസന ബാങ്കിന്റെ തളിപ്പറമ്പ ശാഖ, ആലക്കോട് സബ്ബ് ഓഫീസ് എന്നീ ധനകാര്യ കാര്യസ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഉദാര വ്യവസ്ഥയിലും കുറഞ്ഞ പലിശ നിരക്കിലും കൃഷിക്കാർക്ക് യഥാസമയം വായ്പ ലഭ്യമാക്കേണ്ടതുണ്ട്. ഇതു കൂടാതെ പല ദേശസാൽകൃത, സ്വകാര്യ ബാങ്കുകളും കർഷകർക്കു് ധനസഹായം നൽകുന്നുണ്ട്.

**കൃഷിഭവൻ - ദുരിതാശ്വാസ വിതരണം**

കൃഷിഭവൻ, പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തായി കാർത്തികപുരത്തിനും ഉദയഗിരിക്കുമിടയിലാണ് സ്ഥിതിചെയ്യുന്നത്. കൃഷി ഓഫീസും രണ്ട് കൃഷി അസിസ്റ്റൻറുമാരും ഇവിടെ പ്രവർത്തിക്കുന്നു. ആധുനിക കാർഷിക അറിവുകൾ പരിശീലനം ലഭിച്ച കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനത്തിലൂടെ കൃഷിക്കാർക്കെല്ലാം ലഭിക്കാനുള്ള ക്രമീകരണം ആവശ്യമാണ്.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കൃഷിഭവൻ മുഖാന്തിരം നൽകിയ ദുരിതാശ്വാസത്തിന്റെ വിവരം പരിശോധിക്കുമ്പോൾ പടിപടിയായി കുറഞ്ഞു വരുന്നതു കാണാം.(പട്ടിക ശ്രദ്ധിക്കുക) ഇത് കൃഷിഭവൻ മുഖാന്തിരം നൽകുന്ന ദുരിതാശ്വാസംപോലും അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല എന്ന പരാതിക്കിട നൽകുന്നു.

ദുരിതാശ്വാസ വിതരണം (ഉദയഗിരി കൃഷിഭവൻ)

| വർഷം | കാരണം | ധനസഹായം ലഭിച്ചവരുടെ എണ്ണം | | |
|---|---|---|---|---|
| 1993-94 | കൊടുങ്കാറ്റ് | 912 | 33% | 1,88,438 രൂപ |
| 1994-95 | ” | 61 | 100% | 68,795 ” |
| 1995-96 | ” | 268 | 28% | 46,941 ” |

വിപണനം - സംസ്ക്കരണം

കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പ്രത്യേകസംവിധാനമൊന്നും ഇല്ല. പ്രാദേശികമായി വ്യാപാരസ്ഥാപനങ്ങളിൽ വിൽപ്പന നടത്തുകയാണ് ചെയ്യുന്നത്. ഇതുമൂലം പലപ്പോഴും കൃഷിക്കാർ ചൂഷണത്തിനു വിധേയമാകുന്നുണ്ട്. സഹകരണാടിസ്ഥാനത്തിൽ കാർഷികോല്പന്ന വിപണന സൗകര്യങ്ങൾ ഏർപ്പോടുത്തിയാൽ ഗുണകരമാകും.

കാർഷിക രോഗങ്ങൾ

കാർഷികരോഗങ്ങൾ കുറവായിരുന്ന കൃഷിയിടങ്ങളിൽ ഉല്പാദനശേഷികൂടിയ വിത്തുകളുടെ ഉപയോഗവും ശാസ്ത്രീയ കൃഷിരീതികളുടെ കുറവും കാരണം തെങ്ങിന് കൂമ്പു ചീയൽ, ചെന്നീരൊലിപ്പ്, കമുകിന് മഹാളി, മഞ്ഞളിപ്പ്, കൂമ്പുകുറുകൽ, വേരുചീയൽ, കുരുമുളകിനു ദ്രുതവാട്ടം, സാവധാന വാട്ടം, പൊള്ളുവണ്ടിന്റെ ആക്രമണം, കമ്പിളി പുഴുബാധ എന്നിവ കൊണ്ട് ഉണങ്ങി നശിക്കുകയും തേയില കൊതുകിന്റെ ഉപദ്രവം, വാഴക്ക് കുറുനാമ്പു രോഗം, റബറിന് പട്ടമരപ്പ്, ചീക്ക്, എന്നിവയാണ് വ്യാപകമായി ഉണ്ടാകുന്ന പ്രധാന കാർഷിക രോഗങ്ങളും കീടബാധയും. ഇവക്കെതിരെ കീടനാശിനികളും കുമിൾനാശിനികളും ഉപയോഗിക്കാറുണ്ടെങ്കിലും പലപ്പോഴും ശാസ്ത്രീയ രീതിയിലല്ലാത്തതിനാൽ വേണ്ടത്രഫലം ചെയ്യുന്നില്ല.

രാസവളം- കീടനാശിനി വിപണനം

| | 1993-94 രാസവളം | 1993-94 കീടനാശിനി | 1994-95 രാസവളം | 1994-95 കീടനാശിനി | 1995-96 രാസവളം | 1995-96 കീടനാശിനി |
|---|---|---|---|---|---|---|
| സഹകരണം | 205 ടൺ | 200 ലി 20 ടൺ | 225 ടൺ | 700 ലി 21ടൺ | 210 ടൺ | 255ലി 21 ടൺ |
| സ്വകാര്യം | 610 ടൺ | 650 ലി 65 ടൺ | 675 ടൺ | 725 ലി 73ടൺ | 245 ടൺ | 720ലി 66 ടൺ |
| ആകെ | 815 ടൺ | 850 ലി 85 ടൺ | 900 ടൺ | 1025ലി 94ടൺ | 455 ടൺ | 975ലി 87 ടൺ |

രാസവളത്തിൻെറയും കീടനാശിനികളുടെയും ഉപയോഗം 1993-94 മുതൽ 1995-96 വരെ പരിശോധിക്കുമ്പോൾ ആദ്യത്തെ രണ്ടുവർഷവും ഉപയോഗം കൂടിവരുന്നതായും എന്നാൽ 1995-96ൽ രാസവളത്തിൻെറ ഉപയോഗംപകുതിയായ കുറയുകയും കീടനാശിനി ഉപയോഗം വലിയ വ്യത്യാസമില്ലാതെ നില്ക്കുകയാണെന്നതാണ് വസ്തുത. മണ്ണിനും മനുഷ്യനും ഉപകാരികളായ കീടങ്ങൾക്കും സൂക്ഷ്മ ജീവികൾക്കും ഹാനികരമായ കീടനാശിനികളുടെ ഉപയോഗം വർദ്ധിക്കുമ്പോഴും പുകയില •കഷായം, മണ്ണെണ്ണക്കുഴമ്പ് തുടങ്ങിയ ജൈവ കീടനാശിനികളെക്കുറിച്ച് കൃഷിക്കാർക്ക് യാതൊരറിവും നൽകുവാൻ കഴിഞ്ഞിട്ടില്ല.

ചാണകം, പച്ചിലവളം, കോഴിവളം, മത്സ്യ വളം, പിണ്ണാക്ക് തുടങ്ങിയ ജൈവവളങ്ങളും ഉപയോഗിക്കുന്നു. ജൈവവള പ്രയോഗത്തിൽ കർഷകർ കാണിക്കുന്ന താല്പര്യം ആശാവഹമാണ്. അപൂർവമായി ചില കർഷകർ ജീവാണുവളവും ഉപയോഗിച്ചു വരുന്നുണ്ട്.

പ്രശ്നങ്ങൾ

1. രൂക്ഷമായ മണ്ണൊലിപ്പ്
2. ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാനുള്ള സംവിധാനം ഇല്ല.
3. മണ്ണുപരിശോധന കാര്യമായി നടക്കുന്നില്ല.
4. ജൈവവളത്തിൻെറ ദൗർലഭ്യം, ബോധവൽക്കരണത്തിൻെറ അഭാവം.
5. പെരുമുണ്ട(വാർഡ്1) 50 ഏക്കർ, മണ്ണാത്തിക്കുണ്ട്-തിരുനെറ്റി പ്രദേശത്ത് 300 ഏക്കർ,തൊണ്ടൻ കുന്നിൽ 150 ഏക്കർ, തലത്തണ്ണി- മുണ്ടേരിതട്ട്-എക്രോച്ച് 100 ഏക്കർ എന്നിങ്ങനെ 600 ഏക്കർ തരിശു ഭൂമി നിലനില്ക്കുന്നു.
6. യുവതലമുറക്ക് കാർഷികവൃത്തിയോടുള്ള താല്പര്യക്കുറവ്.
7. ശാസ്ത്രീയ വിള പരിപാലത്തിൻെറ അഭാവം.
8. തെങ്ങിന് കൂമ്പു ചീയൽ, ചെന്നീരൊലിപ്പ്, എന്നീ രോഗങ്ങൾ വ്യാപകമായി കാണപ്പെടുന്നു.
9. കമുകുന് മഞ്ഞളിപ്പ്, മഹാളി, കൂമ്പുചീയൽ, കൂമ്പുകുറുകൽ,വേരുചീയൽ എന്നീ രോഗങ്ങൾ വ്യാപകമായി കാണപ്പെടുന്നു.
10. റബ്ബറിന് പട്ടമരപ്പ്, ചീക്ക്, എന്നീ രോഗകാരണം പരമാവധി ഉല്പാദനം നടക്കുന്നില്ല.
11. കുരുമുളകിൻെറ ദ്രുതവാട്ട രോഗം കാരണം വ്യാപകമായി കൃഷി നശിക്കുന്നു.
12. കശുമാവിനു തണ്ടുതുരപ്പൻ പുഴു, കമ്പിളി പുഴു,തേയില കൊതുക് എന്നിവയുടെ ആക്രമണം കാരണം വ്യാപകമായി കൃഷി നശിക്കുന്നു.
13. ഇഞ്ചിയുടെ കടചീയൽ, തണ്ടുതുരപ്പൻ പുഴുവിൻെറ ശല്യം കാരണം കൃഷി നഷ്ടമാകുന്നതിനാൽ ഈ രംഗത്തുനിന്നും കൃഷിക്കാർ മാറിപ്പോകുന്നു.
14. പച്ചക്കറി വിത്തും, വളവും യഥാസമയം വേണ്ടത്ര ലഭ്യമല്ല.
15. രാസവളത്തിൻെറ വിലവർദ്ധനവ് കാരണം വാങ്ങി ഉപയോഗിക്കുവാൻ കഴിയുന്നില്ല.
16. തീറ്റ പുൽകൃഷിക്ക് മാത്രമായി സ്ഥലം ലഭ്യമല്ല.
17. കൃഷിക്കാരിൽ അർഹരായവർക്കുമുഴുവൻ സബ്ബ്സിഡി കൃത്യമായി ലഭിക്കുന്നില്ല.
18. വാഹന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
19. നടീൽ വസ്തുക്കൾ യഥാസമയം ആവശ്യത്തിനു കിട്ടാറില്ല.
20. സസ്യ സംരക്ഷണ മരുന്നുകളുടെ ഉപയോഗക്രമത്തെക്കുറിച്ചുള്ള ബോധവൽക്കരണമില്ലായ്മമൂലം ആവശ്യമില്ലാതെയും രഹസ്യ സംരക്ഷണത്തിനു ശ്രമിക്കുന്നു.
21. ആധുനിക കാർഷിക ഉപകരണങ്ങളുടെ ലഭ്യതക്കുറവും ബോധവൽക്കരണത്തിലുള്ള അഭാവവും.
22. കർഷക തൊഴലാളികളുടെ ലഭ്യതക്കുറവ്.
23. കാർഷികോൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള സൗകര്യക്കുറവ്.
24. കൊക്കോക്കുള്ള വിപണി ഇല്ലാത്ത സ്ഥിതി.
25. കാർഷികോൽപ്പന്നങ്ങൾക്ക് സംസ്ക്കരണ സംവിധാനമില്ലായ്മ.
26. കുരുമുളക്, കേര സംരക്ഷണ സമിതികൾ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉയർന്നു പ്രവർത്തിക്കുന്നില്ല.
27. കൃഷിഭവൻെറ പ്രവർത്തനം മുഴുവൻ കൃഷിക്കാരിലും എത്തുന്നില്ല.
28 കുന്നിൻമുകളിൽ മൈനർ ഇറിഗേഷൻ വകുപ്പ് കുഴിച്ച മുഴുവൻ കുളങ്ങളും വരണ്ട കുളങ്ങളായി

തുടരുന്നു.

29. കൂടെകൂടെയുള്ള പ്രകൃതിക്ഷോഭങ്ങൾ മൂല മുണ്ടാകുന്ന നാശനഷ്ടങ്ങൾ

30. വിള ഇൻഷ്വറൻസ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിനുമാത്രമായി പരിമിതപ്പെടുത്തി യിരിക്കുന്നു.

31. കർണ്ണാടക വനത്തിൽ നിന്നുമുള്ള കാട്ടു മൃഗങ്ങളുടെ ഉപദ്രവം കൃഷിക്കു നഷ്ടമുണ്ടാക്കുന്നു.

32. പൂകൃഷി, ഔഷധ സസ്യകൃഷി, കൂൺകൃഷി തുട ങ്ങിയ നൂതന കൃഷികളെക്കുറിച്ചുള്ള പരിജ്ഞാന ത്തിൻെറ കുറവ്.

33. പഞ്ചായത്തിൽ മൾബറി കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ ഉണ്ടെങ്കിലും പരിമിതമായ തോതിലേ പ്രവർത്തനങ്ങൾ നടക്കുന്നുള്ളു.

34. ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ് തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങളുടെകൃഷി കുറഞ്ഞുകൊണ്ടിരിക്കുന്നു.

## പരിഹാരങ്ങൾ

1. മണ്ണ് സംരക്ഷണ പ്രവർത്തനം നടത്തിയിടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തികളും ഉയരംകൂട്ടുകയും ചെയ്യുക.

2. മണ്ണ് സംരക്ഷണം പ്രവർത്തനം നടത്താത്തി ടങ്ങളിൽ മണ്ണുസംരക്ഷണത്തിനു കല്ല് കയ്യാലകളും നീർക്കുഴികളും നിർമ്മിക്കുക, കോണ്ടൂർട്രഞ്ചുകൾ നിർമ്മിക്കുക, പുല്ല്, മരം എന്നിവ വച്ചു പിടിപ്പിക്കുക.

3. കാർഷിക വികസം പ്രവർത്തനങ്ങൾ നീർമറി അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുക.

4. പഞ്ചായത്തിലെ മുഴുവൻ നീർച്ചാലുകളുടെയും സംരക്ഷണം ഉറപ്പുവരുത്തുക.

5. മുഴുവൻ നീർച്ചാലുകളുടെയും ഇരുകരകളിലുമുള്ള ചെടികളും, വൃക്ഷങ്ങളും(സസ്യവൈവിദ്ധ്യം) പൂർണ്ണ മായി സംരക്ഷിക്കണം.

6. ജലസേചനത്തിനായി പൂവംചാൽ,കോളി, കവുംങ്ങുംതണ്ണി, മാവുംതട്ട്, പാറോത്തും മല, കാർ ത്തികപുരം, ചിക്കാട്, ഉരുവങ്കരി, മൂരിക്ക ടവ്,വെള്ളാട്ടുകൊല്ലി,മാമ്പോയിൽ, മോടോത്തംപള്ളി, തുവരക്കാട്, പുല്ലരി, ജയഗിരി, ശാന്തിപുരം, അരി വിളഞ്ഞപൊയിൽ, മണ്ണാത്തിക്കുണ്ട്, താളിപ്പാറ, തൊണ്ടൻകുന്ന്, മുണ്ടേരിത്തട്ട്, അളുമ്പ്, മുതുശ്ശേരി, എമ്പ്രാപ്പടി എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

7. നിലവിലുള്ള മുഴുവൻ കുളങ്ങളും ഉപയോഗ ക്ഷമമാക്കുക.

8. ചുള്ളിപ്പള്ള, മാമ്പൊയിൽ എന്നിവിടങ്ങളിൽ അനുയോജ്യമായ ജലസേചന പദ്ധതി നടപ്പാക്കണം.

9. മൂരിക്കടവ്, ചുള്ളിപ്പള്ള, ഉദയഗിരി, കാർത്തികപുരം പുഴക്ക് കുറുകെ ക്രോസ് ബാർ നിർമ്മിച്ച് ജലസേചന സംവിധാനമേർപ്പെടുത്തുക.

10. കാഞ്ഞിരക്കയം, മണിയൻകൊല്ലി, മൂരിക്കടവിൽ നീലിക്കയം എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.

11. പഞ്ചായത്തിലെ മുഴുവൻ നീർച്ചാലുകളിലും തട യണ കെട്ടി സംർക്ഷിക്കണം.

12. പോളിത്തീൻ ഹോസ് ഉപയോഗിച്ചുള്ള ജല സേചനത്തിനു വേണ്ട സഹായം നൽകണം.

13. ജലം പാഴാക്കാതിരിക്കാനുള്ള ബോധവൽക്കരണ വും കണികജലസേചനം, സ്പ്രിഗ്ളർ മുതലായവ പ്രോത്സാഹിപ്പിക്കുക.

14. നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും യഥാ സമയം ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത നഴ്സറി ആരംഭിക്കണം. ഇവിടെ പരീക്ഷണങ്ങൾക്കും, ഗവേഷണങ്ങൾക്കു മുള്ള സംവിധാനമേർപ്പെടുത്തുകയും, പഞ്ചായത്ത് തലത്തിൽ കാർഷിക ലൈബ്രറി തുടങ്ങുകയും വേണം.

15. ജൈവവൈവിദ്ധ്യങ്ങളും നാട്ടറിവും സംബന്ധിച്ച റജിസ്റ്റർ നിർബന്ധമായും ഉണ്ടാവണം.

16. ആധുനിക കാർഷികോപകരണങ്ങൾ യഥേഷ്ടം ലഭ്യമാക്കാനുള്ള സംവിധാനം ആവശ്യമാണ്.

17. യുവാക്കളിൽ കാർഷികാഭിമുഖ്യമുണ്ടാക്കുന്നതിന് പാഠ്യപദ്ധതിയിൽ കൃഷി പഠനം നിർബന്ധമാക്കണം.

18. ശാസ്ത്രീയ കൃഷി സമ്പ്രദായം പ്രോത്സാഹിപ്പി ക്കുന്നതിൻെറ ഭാഗമായി സാങ്കേതിജ്ഞാനങ്ങൾ യഥാവസരത്തിൽ കൃഷിയിടത്തിൽ എത്തിക്കണം.

19. കൃഷിയുടെ ഉല്പാദന ചിലവിനനുസരിച്ച് കാർഷി കോല്പന്നങ്ങൾക്ക് തറവില ഏർപ്പെടുത്തുക.

20. പഞ്ചായത്ത് തലത്തിൽ കാർഷികോല്പന്ന സം സ്ക്കരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

21. കർഷക തൊഴിലാളികളെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൃഷിക്ക് ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുക.

22. കാർഷികോപകരണങ്ങൾ വിപണിയിലെത്തിക്കുവാൻ വിഷമമുള്ള പ്രശ്നബാധിത പ്രദേശങ്ങളിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുക.

23. കുരുമുളക്, കേര സംരക്ഷണ സമിതികളെ താല്പര്യവും അർപ്പണ മനോഭാവവുമുള്ള കൃഷിക്കാരെ ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുക.

24. ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങ്, കമുക്, കശുമാവ്, തുടങ്ങിയവ വെട്ടി മാറ്റി ഉല്പാദനശേഷി കൂടിയവ വച്ചു പിടിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

25. ഇടവിളകൃഷിയും ബഹുവിള കൃഷി സമ്പ്രദായവും വിള പരിക്രമണവും പ്രോത്സാഹിപ്പിക്കുക, ബോധവൽക്കരണ പരിപാടികൾ ഏർപ്പെടുത്തുക.

26. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പൂ കൃഷി, ഔഷധ സസ്യകൃഷി,മൾബറി കൃഷി, കൂൺ കൃഷി, എന്നിവ പ്രചരിപ്പിക്കുകയും കൃഷിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുക.

27. കമുകിനുണ്ടാകുന്ന വിവിധ രോഗങ്ങൾക്ക് പ്രതിരോധ നടപടികൾക്ക് സംഘടിത സംവിധാനമേർപ്പെടുത്തുകയും ധനസഹായം നൽകുകയും ചെയ്യുക.

28. കമുകിൻെറ മഞ്ഞളിപ്പ് രോഗ നിവാരണ, പ്രതിരോധ പദ്ധതി പഞ്ചായത്തിലാകെ വ്യാപിപ്പിക്കണം.

29. കമുകിന് മഞ്ഞളിപ്പ് രോഗം ബാധിച്ചിടത്ത് മറ്റു വിളകൾക്ക് പ്രോത്സാഹനം നൽകണം.

30. തെങ്ങിന് രോഗ പ്രതിരോധനടപടികളും ഇൻഷ്വറൻസ് സംരക്ഷണവും ഏർപ്പെടുത്തുക.

31. റബ്ബറിൻെറ മേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ വിലക്ക് ലഭ്യമാക്കണം.

32. പച്ചക്കറി കൃഷിക്ക് ഗുണമേന്മയുള്ള വിത്തും വളവും സാങ്കേതിക ഉപദേശങ്ങളും യഥാസമയം ലഭ്യമാക്കുകയും വിപണനസംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

33. ജൈവ വളത്തിൻെറ പ്രാധാന്യവും ഉപയോഗവും വർദ്ധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

34. വേലികൾ, പുറമ്പോക്കുകൾ, തെങ്ങിൻ തടങ്ങൾ തുടങ്ങിയ സൗകര്യപ്രദമായ സ്ഥലങ്ങളിൽ പച്ചില വളകൃഷി പ്രോത്സാഹിപ്പിക്കുക.

35. രാസ വളത്തിൻെറ വില കൃഷിക്കാർക്ക് താങ്ങാവുന്ന നിലയിലാക്കുക.

36. വളപ്രയോഗത്തിന് ആവശ്യമുള്ള സമയത്ത് അവ ലഭ്യമാക്കുക.

37. മണ്ണും, സസ്യഭാഗങ്ങളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുക.

38. വായ്പാസൗകര്യങ്ങൾ ഉദാരവൽക്കരിക്കുകയും യഥാസമയം ലഭ്യമാക്കുകയും വേണം.

39. സബ്സിഡികളും മറ്റു ആനുകൂല്യങ്ങളും എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കുക.

40. തരുശു ഭൂമിയിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കണം.

41. തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് തുടങ്ങി എല്ലാ വിളകൾക്കും രോഗ പ്രതിരോധ നടപടികളും ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

42. മൂല്യവർദ്ധിത ഉല്പന്ന രൂപത്തിലുള്ള സംസ്ക്കരണ യൂനിറ്റ് സ്ഥാപിക്കുക.

43. കർണ്ണാടക വനത്തോടു ചേർന്ന ഭാഗങ്ങളിൽ വേലിയോ, ഭിത്തിയോ കെട്ടുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്യുക.

44. കൊപ്ര സംസ്ക്കരണത്തിന് ആവശ്യമായ ഡ്രയർ ഉപകരണത്തിൻെറ ഉപയോഗം പ്രചരിപ്പിക്കുക.

45. ഒരു കാലഘട്ടത്തിൽ നല്ല നിലയിൽ നടത്തിയിരുന്ന തേനീച്ച വളർത്തൽ വീണ്ടും ആരംഭിക്കുന്നതിനു സാമ്പത്തിക സഹായം ചെയ്യുക.

46. ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

47. ചീര, മുരിങ്ങ, തുടങ്ങിയ ഇലക്കറികൾ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

48. കാരിക്കയത്ത് ടെണ്ടർ ചെയ്ത റഗുലേറ്റർ കം ബ്രിഡ്ജ് ഉടൻ തന്നെ നിർമ്മാണം പൂർത്തിയാക്കുക. ■

# മൃഗസംരക്ഷണവും മത്സ്യകൃഷിയും

**ആമുഖം**

നമ്മുടെ നാടിൻെറ വികസനത്തിൽ മൃഗസംരക്ഷണമേഖലയുടെ പങ്ക് വളരെ വലുതാണ്. പോഷക പ്രധാനമായ പാൽ, മാംസം, മുട്ട, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, കൊഴുപ്പ്, ഔഷധ വ്യവസായത്തിൽ പ്രധാനപ്പെട്ട വാക്സിൻ, എൻസൈംസ് തുടങ്ങിയവയുടെ ഉത്പാദനത്തിൽ ഈ മേഖലയുടെ സംഭാവന വളരെ പ്രാധാന്യമർഹിക്കുന്നു. കാർഷിക മേഖലക്കാവശ്യമായ ജൈവ വളമായും ഊർജ്ജ സ്രോതസായും (ബയോഗ്യാസ്) ചാണകത്തിൻെറ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. പേവിഷബാധ നിയന്ത്രണം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപ്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ പ്രവർത്തനങ്ങളും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. രണ്ടായിരാമാണ്ടോടെ സംസ്ഥാനത്തെ പാലുൽപ്പാദനം 30 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും കൃത്രിമ ബീജദാനത്തിനുള്ള സൗകര്യങ്ങൾ വ്യാപകമാക്കുകയും ചെയ്യേണ്ടതുണ്ട്. കന്നുകാലി സമ്പത്തിൻെറ 94 ശതമാനവും ഗ്രാമപ്രദേശത്തെ ചെറുകിട കർഷകൻെറ കൈയിൽ ആയതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാക്കുമെന്നുറപ്പാണ്. വർദ്ധിച്ച തൊഴിൽ സാധ്യതകൾ (പശു വളർത്തൽ, ആടു വളർത്തൽ, ഇറച്ചിക്കോഴി, മുട്ടക്കോഴി, പന്നി, താറാവ്, മുയൽ, കാട ഇവയെ വളർത്തൽ, തുകൽ, മാംസ സംസ്ക്കരണം) ഈ മേഖലയുടെ പ്രത്യേകതയാണ്.



കൂടാതെ മൃഗ സംരക്ഷണ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകളാണ് നിർവഹിക്കുന്നത്. അതിനാൽ സ്ത്രീകളുടെ തൊഴിലില്ലായ്മാ പ്രശ്നത്തിന് ഈ മേഖലയിലെ വികസനങ്ങൾ ഒരുത്തമ പരിഹാര മാകുമെന്ന് തീർച്ചയാണ്.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയുടെ ചരിത്രം

ഏകദേശം 1955 മുതലുള്ള ചരിത്രത്തിന്റെ ആരംഭ ഘട്ടത്തിൽ ആദിവാസികളുടെ പ്രാകൃത രീതിയിലുള്ള ജീവിതം പ്രകടമായിരുന്നു. കന്നു കാലികളെ നാലും അഞ്ചും വീതമുള്ള കൂട്ടങ്ങളായി അഴിച്ചു വളർത്തുന്ന രീതിയാണ് നിലവിലിരുന്നത്. ഇതേ രീതിയിൽ ആടുവളർത്തൽ , പന്നി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിവയും നിലനിന്നിരുന്നു. കുടിയേറ്റ കാലഘട്ടത്തിൽ (1957 മുതൽ) കാടു വെട്ടിത്തെളിക്കപ്പെടുകയും പശു, ആട്, കോഴി ഇവയെ വളർത്താൻ കൊടുക്കുന്നരീതി ആരംഭിക്കു കയും ചെയ്തു. ആദ്യ പ്രസവത്തിലെ പശുകുട്ടി യെ/ആട്ടിൻ കുട്ടിയെ അഥവാ ആദ്യം വിരിഞ്ഞു ണ്ടാകുന്ന കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നയാൾക്ക് ലഭിക്കുന്നു. പശുക്കളുടെ പാൽ ഉല്പാദന ശേഷി ദിനം പ്രതി 2 മുതൽ 3 ലിറ്റർ മാത്രമായിരുന്നു. പോത്തു കളുടെ എണ്ണം വളരെ കുറവായിരുന്നു. കാള വണ്ടി കൾ ഉണ്ടായിരുന്നില്ല. കന്നുകാലികളെ ഇണ ചേർക്കുന്ന രീതിയാണുണ്ടായിരുന്നത്. ചികിത്സ ക്കായി നാടൻ വൈദ്യന്മാരുടെ സേവനം മാത്രമെ ലഭ്യമായിരുന്നുള്ളു. കാട്ടുപോത്ത്, കാട്ടു പന്നി, കലമാൻ, ആന, കുരങ്ങ്, കാട്ടുമുയൽ, അണ്ണാൻ, കാട്ടുമൈന, തത്ത, കുയിൽ, കാട്ടുകോഴി ഇവ ധാരാളമായി ഉണ്ടായിരുന്നു. അന്നത്തെ ജനങ്ങൾ മാംസത്തിനും തൊലിക്കുമായി കൂട്ടംകൂട്ടമായി നായാട്ടു നടത്തുക പതിവായിരുന്നു. തുകൽ ഉപയോഗിച്ച് ഉടുക്ക് മുതലായ വാദ്യോപകരണങ്ങൾ നിർമ്മിച്ചു വന്നു. മാംസം ഉപ്പു ചേർത്തുണക്കി മാസങ്ങളോളം കേടുകൂടാതെ സൂക്ഷിക്കുക പതി വുണ്ടായിരുന്നു. ഇന്ന് ഉദയഗിരി പഞ്ചായത്തിൽ ഉയർന്ന ഉൽപാദനശേഷിയുള്ള സങ്കരയിനം ജനുസ്സുകളാണധികം. പശു വളർത്തൽ , ആടു വളർ ത്തൽ, പന്നി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ കൂടുതൽ ശാസ്ത്രീയമാകാൻ തുടങ്ങി. കാലികളുടെ എണ്ണം കുറവാണെങ്കിലും ഉൽപാദന ശേഷി വർദ്ധിച്ചിട്ടുണ്ട്. കൃത്രിമ ബീജാധാനം ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ തുടങ്ങിയവ കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തിവരുന്നു. മൃഗ ചികിത്സ പ്രതിരോധ കുത്തിവെപ്പ്,കൃത്രിമ ബീജാധാനം,വന്ധ്യതാ പരിശോധന, പേവിഷ നിർമ്മാ ർജ്ജന പരിപാടി, വിവിധ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ,ഗോരക്ഷാ ക്യാമ്പുകൾ സംഘടി പ്പിക്കൽ, ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴി കളുടെയും വിതരണം ചർച്ചാ ക്ലാസുകൾ ക്ഷീര സഹകരണ സംഘങ്ങളുമായി സഹകരിച്ച് നടത്തൽ തുടങ്ങിയവ മൃഗസംരക്ഷണ രംഗത്തെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

പഞ്ചായത്തിലിപ്പോൾ അമ്പത് ശതമാന ത്തിലധികം പശുക്കൾ സങ്കര വർഗ്ഗത്തിൽപ്പെട്ട വയാണ്. നാടൻ പശുക്കളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കാള, പോത്ത് തുടങ്ങിയവ വിരളമായേ കാണുന്നുള്ളൂ.

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഉദയഗിരി കേന്ദ്രമായി 1986 ജൂൺ 16 മുതൽ ഒരു വെറ്റനറി ഡിസ്പൻസറിയും മണക്കടവ് കേന്ദ്രമായി 1992 മുതൽ ഒരു ഊർജ്ജിത കന്നുകാലി വികസന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. വെറ്ററിനറി സേവ നം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും എത്തി ക്കാനുള്ള ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

ആവശ്യങ്ങൾ:-

മുക്കട, മണക്കടവ്, മൂരിക്കടവ്, വായക്കമ്പ, വിജയഗിരി, ആനക്കുഴി,ചീക്കാട്,മാമ്പൊയിൽ എന്നിവടങ്ങളിലെ കർഷകർക്ക് ഉദയഗിരിയിൽ സ്ഥിതി ചെയ്യുന്ന മൃഗാശു പത്രിയുമായി ബന്ധപ്പെടുവാൻ ബുദ്ധിമുട്ടനുഭവപ്പെ ടുന്നതിനാൽ മണക്കടവ് കേന്ദ്രമായി ഒരു മൃഗാശുപത്രി അനുവദിക്കുക. കൃത്രിമ ബീജധാനം പ്രോത്സാഹി പ്പിക്കുന്നതിനായി പഞ്ചായത്തിലെ എല്ലാ വിത്തുകാള കളെയും വരിയുടക്കാനുള്ള പദ്ധതികൾ തയ്യാറാ ക്കുക. പത്താം വാർഡിൽ മുതുശ്ശേരി കേന്ദ്രമായി ഒരു ബീജാധാന കേന്ദ്രം സ്ഥാപിക്കണമെന്ന്

ആവശ്യം ഉയർന്നിട്ടുണ്ട്.

ഉദയഗിരി വെറ്ററിനറി ഡിസ്പൻസറി ഇപ്പോൾ പ്രവർത്തിക്കുന്നത് തീരെ സൗകര്യം ഇല്ലാത്ത ഒരു വാടക കെട്ടിടത്തിലാണ്. ഉദയഗിരി സെൻറ് മേരീസ് പള്ളി വിട്ടുകൊടുത്ത പത്തുസെൻറ് സ്ഥലത്ത് പുതിയ ആശുപത്രി കെട്ടിടം എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോഴുള്ള മൃഗാശുപത്രിയിൽ അത്യാവശ്യമായി താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

1. ഒരു ലബോറട്ടറിക്കാവശ്യമായ മൈക്രോസ്ക്കോപ്പ്, മറ്റുപകരണങ്ങൾ, സ്റ്റെറിലൈസർ തുടങ്ങിയവ.
2. ഫർണ്ണിച്ചറുകൾ(മേശ, അലമാര, കസേരകൾ) ഫാൻ.
3. ആശുപത്രിക്ക് സ്വന്തമായി വാഹനസൗകര്യം.
4. മൃഗങ്ങളെ കൃത്രിമ ബീജാധാനം നടത്തുന്നതിനും ചികിത്സിക്കുന്നതിനും ഒരു 'ട്രെവിസ്'.
5. ശസ്ത്രക്രിയ നടത്തുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ.
6. കർഷക പരിശീലനത്തിന് ഒരു പരിശീലന ഹാൾ.
7. ടെലിഫോൺ, പേജർ, സെല്ലുലാർ ഫോൺ തുടങ്ങിയവ
8. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം കക്കൂസ്, കുളിമുറി, വെള്ളം.
9. ലൈബ്രറി സൗകര്യം.

**<u>കഴിഞ്ഞ പഞ്ചവത്സരക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ</u>**

1992 -93 കാലയളവിൽ എസ്.എൽ.ബി.പി. പദ്ധതിയിൽ 5 പന്നി സംവർദ്ധക യൂനിറ്റുകൾ പഞ്ചായത്തിൽ ആരംഭിച്ചു. ഒരു യൂനിറ്റിൽ നാലു പെൺ പന്നിക്കുഞ്ഞുങ്ങളെയും ഒരു ആൺ പന്നിക്കുഞ്ഞും എന്ന കണക്കിൽ മുണ്ടയാട് റീജണൽ പൗൽട്രി ഫാമിൽനിന്നും വിതരണം ചെയ്തു.

1993 -94 കാലയളവിൽ ഒരു കർഷകന് മൂന്ന് കോഴികളെ എന്ന നിരക്കിൽ 150 പേർക്ക് മൊത്തം 450 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ പകുതി വില ഈടാക്കി വിതരണം ചെയ്തു.

1994 -95ൽ ലഡാക്ക് കോളനിയിൽ നാല് കറവപ്പശുക്കളെ വിതരണം ചെയ്തു. 1995 -96ൽ തലത്തണ്ണി ആദിവാസി കോളനിയിൽ 13 പേർക്ക് രണ്ട് ആട്ടിൻ കുട്ടികളെ വീതം വിതരണം ചെയ്തു. ഇതേ കോളനിയിൽ അഞ്ച് കറവപ്പശുക്കളെയും നൽകുകയുണ്ടായി. എല്ലാ മൃഗങ്ങൾക്കും കാലിത്തീറ്റ, മരുന്ന്, സൗജന്യനിരക്കിലുള്ള ഇൻഷൂറൻസ് ഇവ ലഭ്യമാക്കി. 1991 -95 കാലയളവിൽ 170 വളർത്തു നായ്ക്കളെ പേയ്വിഷത്തിനെതിരെയുള്ള കുത്തിവയ്പിനു വിധേയമാക്കി. ഓപ്പറേഷൻ സീറോ റാബിസിൻെറ ഭാഗമായി 1996ൽ വളർത്തു നായ്ക്കളെ രണ്ടുഘട്ടങ്ങളിലായി പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കുകയും ലൈസൻസിംഗ് ഭാഗികമായി നടപ്പിലാക്കുകയും ചെയ്തു. പഞ്ചായത്തിലെ താളിപ്പാറ, ഉദയഗിരി, അരിവിളഞ്ഞപൊയിൽ എന്നിവിടങ്ങളിൽ കുളമ്പുരോഗം, കുരലടപ്പൻ, എന്നീ രോഗങ്ങൾക്കെതിരെയുള്ള കുത്തിവയ്പ്പ് വ്യാപകമായി നടത്തിക്കൊണ്ടിരിക്കുന്നു.

**<u>പാലുൽപ്പാദനത്തെസംബന്ധിച്ച വിവരങ്ങൾ</u>**

1992 മാർച്ച് 28മുതൽ 5 പാൽ വിതരണ സഹകരണ സംഘങ്ങൾ കാർത്തികപുരം, ശ്രീപുരം, ഉദയഗിരി, ശാന്തിപുരം, താളിപ്പാറ എന്നിവിടങ്ങളിൽ പ്രവർത്തനമാരംഭിച്ചു.

ഈ സംഘങ്ങളിൽ അളക്കപ്പെടുന്ന പാലിൻെറ അളവ് താഴെ കൊടുക്കുന്നു.(ലിറ്ററിൽ)

പഞ്ചായത്തതിർത്തിയിൽ നിന്നും നെടുവോട്, വിജയഗിരി, തുടങ്ങിയ സംഘങ്ങളിലേക്ക് പാൽ കൊടുക്കുന്നുണ്ടെങ്കിലും കൃത്യമായ കണക്ക് ലഭ്യമല്ല. വീടുകളിലും ഹോട്ടലുകളിലും കൊടുത്ത് ബാക്കി വരുന്ന പാൽമാത്രമാണ് ആപ്ക്കോസ് സംഘങ്ങളിൽകൊടുക്കുന്നത്. അത് ഏകദേശം ആകെ ഉൽപാദനത്തിൻെറ മൂന്നിലൊന്നിന് താഴെയാണ്. കണ്ണൂർ ഡയറിയിലേക്ക് കൊണ്ടുപോകുന്ന പാൽ തിരിച്ച് ഉപഭോഗത്തിന് പഞ്ചായത്തിലേക്ക് കൊണ്ടുവരുന്നില്ല. ഏകദേശക്കണക്കനുസരിച്ച് പഞ്ചായത്തിലെ വാർഷിക പാലുൽപാദനം 3,44,689.11 ലിറ്റർ ആണ്. ഇപ്രകാരം പാലിൻെറ വാർഷികമൂല്യം 29,29,857 രൂപയായി കണക്കാക്കിയിരിക്കുന്നു.

പ്രശ്നങ്ങൾ:- പാലിൻെറ വിലക്കുറവ്, കാലിത്തീറ്റ

യുടെയും പിണ്ണാക്കിൻെറയും വിലവർദ്ധന, അകിടു വീക്കം, വന്ധ്യത തുടങ്ങിയ രോഗങ്ങൾ, വൈക്കോലിൻെറ ദൗർലഭ്യം.

നിർദ്ദേശങ്ങൾ:-

1. ഉൽപാദനചെലവിൻെറ വർദ്ധന മൂലം പാൽവില കൂട്ടേണ്ടത് അത്യാവശ്യമാണ്.

2. കാലിത്തീറ്റ പ്രാദേശികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.

3. സൗജന്യനിരക്കിലുള്ള ഇൻഷ്വൂറൻസ് പദ്ധതി, ഡി.ആർ.ഡി.എ. നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി ഇവ നടപ്പിലാക്കുക.

4. അത്യുദ്പാദനശേഷിയുള്ള വളർത്തുമൃഗങ്ങളെ കർഷകർക്ക് നല്കുന്നതിന് കാർത്തികപുരം കേന്ദ്രമാക്കി ഒരു സഹകരണസംഘം തുടങ്ങുകയും സങ്കരയിനം പശുക്കൾ, ആട്, പന്നി, മുയൽ, കോഴികൾ ഇവയെ കുറഞ്ഞ വിലയ്ക്ക് കർശകർക്ക് ലഭ്യമാക്കാനുള്ള പദ്ധതി ആരംഭിക്കുകയും ചെയ്യുക.

മാംസോൽപാദനരംഗം :-

പഞ്ചായത്തിൽ നിലവിൽ അംഗീകൃത അറവുശാല ഇല്ല. ഏകദേശം പത്തോളം സ്ഥലങ്ങളിൽ വെച്ച് വർഷത്തിൽ നാലായിരം മുതൽ ആറായിരം വരെ മൃഗങ്ങളെ കശാപ്പുചെയ്യുന്നു. ഇതിൽ ആടുകൾ (നൂറുമുതൽ ഇരുനൂറുവരെ) പശു, എരുമ, പോത്ത് (3000 - 4000) പന്നി (2000) ഇവ ഉൾപ്പെടുന്നു. മൊത്തം ഉത്പാദിപ്പിക്കപ്പെടുന്ന മാംസത്തിൻെറ കണക്ക് ലഭ്യമല്ല. പഞ്ചായത്തിൻെറ മാംസോൽപാദനത്തിൻെറ 70 ശതമാനത്തോളം കർണ്ണാടകയിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളിലൂടെയാണ്. ഇതുമൂലം ഉണ്ടാകുന്ന സാമ്പത്തീക നഷ്ടത്തിൻെറ കണക്ക് ലഭ്യമല്ല.

ആടുവളർത്തൽ:-

ആടുവളർത്തുന്ന രീതി ഒട്ടും ശാസ്ത്രീയമല്ല. തുണ്ടം തുണ്ടം ഭൂമികളായതിനാൽ അഴിച്ചുവിട്ടു വളർത്തുന്നരീതി ഒട്ടും പ്രായോഗികമല്ല. വിരമരുന്നു കൊടുക്കുന്നരീതി പരിമിതമാണ്. ആടുവളർത്താൻ താല്പര്യമുള്ള കർഷകർക്ക് പഞ്ചായത്തുതലത്തിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും വേണ്ട പ്രോൽസാഹനം നല്കേണ്ടതുമാണ്. തീറ്റയുടെ ദൗർലഭ്യം ചില പദ്ധതികൾ താഴെ കൊടുക്കുന്നു.

1. സ്ഥലങ്ങൾക്ക് ചുറ്റും വേലി വച്ചുപിടിപ്പിക്കുക.

2. പുറംപോക്കുസ്ഥലങ്ങൾ, റോഡിൻെറയും, തോടിൻെറയും പാർശ്വഭാഗങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുക.

പന്നി വളർത്തൽ :-

പന്നിത്തീറ്റയായി ഹോട്ടൽ അവശിഷ്ടങ്ങൾ, അറവുശാലാ അവശിഷ്ടങ്ങൾ ഇവയുടെ ലഭ്യതയുള്ളതിനാൽ കർഷകർക്ക് പന്നി വളർത്താൻ താല്പര്യമുണ്ട്. സാമൂഹികവിലക്കുകൾ പന്നിവളർത്തലിന് തടസ്സം സൃഷ്ടിക്കുന്നില്ല. പഞ്ചായത്തുതലത്തിൽ കർഷകർക്ക് പ്രോത്സാഹന പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.

പോത്തിൻകുട്ടി/കാളക്കുട്ടി പരിപാലനം:-

പരിപാലനരീതിയിലെ അശാസ്ത്രീയത (വീനിംഗ് സമ്പ്രദായം ഇല്ലാത്തത് തുടങ്ങിയവ) പരിഹരിക്കേണ്ടതുണ്ട്. പല കർഷകരും ഈ മേഖലയിലേക്കുവരാൻ താല്പര്യമുള്ളവരാണ്.

മുയൽ, കാട, ടർക്കി, താറാവു വളർത്തൽ:-

താത്പര്യമുള്ള കർഷകരുള്ളതിനാൽ പഞ്ചായത്തു തലത്തിൽ പ്രോൽസാഹനം നല്കണം.

<u>കാലിത്തീറ്റ ഉത്പാദനരംഗം</u>

തെങ്ങിൻതോപ്പുകൾ, വഴിയോരങ്ങൾ, കയ്യാല വരമ്പുകൾ തുടങ്ങിയവയിലും ഇടവിളകൃഷിയായും തീറ്റപുൽകൃഷി വ്യാപിപ്പിക്കാം. ധാരാളം വൈക്കോൾ പരുഷാഹാരമായി പഞ്ചായത്തിൽ ക്രയവിക്രയം ചെയ്യപ്പെടുന്നുണ്ടെങ്കിലും കൃത്യമായ കണക്കു ലഭ്യമല്ല. കാലിത്തീറ്റ മിശ്രിതത്തിലേക്ക് ചക്കക്കുരു, കൊക്കോത്തോട്, കശുമാങ്ങ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. ഏകദേശം 125 ടൺ കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നുണ്ട്. സഹകരണത്തീറ്റപ്പുൽ ഉത്പാദനം, മേഖലാകാലി

ത്തീറ്റമിശ്രിതയൂണിറ്റുകൾ ഇവയ്ക്ക് നല്ല സാധ്യതയുണ്ട്. കാലിത്തീറ്റയുടെ ഗുണപരിശോധനയ്ക്ക് ഒരു ലബോറട്ടറിയും ബ്ലോക്ക് അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതുണ്ട്. പുൽക്കടകൾ ഉത്പാദിപ്പിച്ച് ക്ഷീരസംഘങ്ങളുമായി ബന്ധപ്പെട്ട് വാർഡ് അടിസ്ഥാനത്തിൽ വിതരണം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കണം. വൈക്കോലിന്റെ യൂറിയാ സമ്പുഷ്ടീകരണം, ഹേ, സൈലേജ് തുടങ്ങിയവയുടെ നിർമ്മാണം എന്നീ പദ്ധതികൾ പ്രോത്സാഹിപ്പിക്കണം. പരിശീലന - ബോധവൽക്കരണ ക്ലാസ്സുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടുതുണ്ട്.

ബ്രോയിലർ കോഴി വളർത്തൽ

സഹകരണാടിസ്ഥാനത്തിൽ ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രം നിലവിലില്ല. പ്രതിമാസം ഉത്പാദിപ്പിക്കപ്പെടുന്ന കോഴികളുടെ എണ്ണം, മാംസത്തിന്റെ കണക്ക് ഇവ ലഭ്യമല്ല. തീറ്റയുടെ വിലയും ദൗർലഭ്യവും താൽപര്യമുള്ള കർഷകർക്ക് പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

മുട്ടയുത്പാദനരംഗം

മുട്ടയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തെപ്പറ്റി വിവരങ്ങൾ ലഭ്യമല്ല. മുട്ടയുത്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കേണ്ടതിലേക്ക് കുഞ്ഞുങ്ങളുടെ ദൗർലഭ്യം, തീറ്റചെലവ് ഇവ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ ഉദയഗിരി, കാർത്തികപുരം, മണക്കടവ് എന്നിവിടങ്ങളിൽ മുട്ടകോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

ഗിനി, ടർക്കി, കാട, തുടങ്ങിയവയെ വളർത്താൻ താല്പര്യമുള്ളവർക്ക് പ്രോൽസാഹനം നല്കേണ്ടതാണ്.

തുകൽ സംസ്ക്കരണം/അറവുശാല ഉപോത്പന്ന സംസ്ക്കരണം

പഞ്ചായത്തിൽ കശാപ്പുചെയ്യപ്പെടുന്ന കാള, പശു, എരുമ ഇവയുടെ തൊലിക്ക് 24,00000 രൂപ. (4000 * 600 രൂപ) ആട്ടിൻതൊലിക്ക് 24,000 രൂപ (200 *120 രൂപ) നിരക്കിൽ ആകെ 24,24000 രൂപയാണ് വാർഷികമൂല്യം കണക്കാക്കിയിരിക്കുന്നത്. ബ്ലോക്കടിസ്ഥാനത്തിൽ ഒരു തുകൾസംസ്ക്കരണകേന്ദ്രവും അറവുശാല ഉപോത്പന്നസംസ്കരണകേന്ദ്രവും സ്ഥാപിക്കേണ്ടതാണ്.

ജൈവവളം/ഊർജ്ജം

രണ്ടുപശുക്കൾ ഉള്ള വീട്ടിൽ ഒരു ബയോഗ്യാസ് പ്ലാൻറ് എന്ന കണക്കിൽ അനുവദിക്കാവുന്നതാണ്. ഇതുവഴി സ്റ്റൗ, ബൾബ് ഇവ പ്രവർത്തിപ്പിക്കുവാനും ചാണകത്തിന്റെ ജൈവഗുണം വർദ്ധിപ്പിക്കുവാനും സാധിക്കും. ഊർജ്ജ പ്രതിസന്ധി ഒരളവുവരെ തരണം ചെയ്യുവാനും പരിസരങ്ങളിൽ കൊതുകുശല്യം കുറക്കുവാനും സഹായിക്കുന്നു.

മൃഗശക്തി

കാളവണ്ടിയുടെ ഉപയോഗവും കൃഷിനിലം ഒരുക്കുവാൻ കാളകളെ/പോത്തുകളെ ഉപയോഗിക്കുന്ന രീതിയും നിലവിലില്ല.

കർഷകപരിശീലനം

പഞ്ചായത്തിലിപ്പോൾ ഒരു കർഷക പരിശീലനസംവിധാനം നിലവിലില്ല. അറുപതു കിലോമീറ്ററോളം അകലെയുള്ള മുണ്ടയാട് ലൈവ്സ്റ്റോക്കു മാനേജ്മെൻറ് ട്രെയിനിംഗ് സെൻററിന്റെ സേവനം പ്രയോജനപ്പെടുത്തുക ഇവിടുത്തെ കർഷകർക്ക് ദുഷ്ക്കരമാണ്. അതിനാൽ പഞ്ചായത്തുതലത്തിൽ ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്.

വന്ധ്യതാ നിവാരണം

കറവപ്പശുക്കളിലെ വന്ധ്യത, കിടാരികൾ മദിലക്ഷണം കാണിക്കാൻ താമസം വരിക തുടങ്ങിയവ കർഷകർക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങളാണ്. ബ്ലോക്കടിസ്ഥാനത്തിൽ ഒരു വിദഗ്ധസംഘം രൂപീകരിച്ച് മാസത്തിൽ രണ്ടുതവണയെങ്കിലും പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ സെമിനാറുകൾ നടത്തുകയും ചെയ്യണം.

## പേവിഷനിർമ്മാർജ്ജനം

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പേവിഷ ബാധയേറ്റ് ആരും മരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഏകദേശം പത്തോളം മൃഗങ്ങൾ നായ കടിയേറ്റ് ചികി ത്സയ്ക്ക് വിധേയമായിട്ടുണ്ട്. ഓപ്പറേഷൻ സീറോ റാബീസിന്റെ ഭാഗമായി ഒന്നും രണ്ടും ഘട്ടകുത്തി വെപ്പുകൾ നടത്തുകയും ലൈസൻസിംഗ് ഭാഗികമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

### ആവശ്യങ്ങൾ

1. പ്രതിരോധ കുത്തിവെപ്പ് വരും വർഷങ്ങളിലും തുടരുക
2. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടികൂടി നശി പ്പിക്കുകയും ലൈസൻസിംഗ് കർശനമായി നടപ്പാക്കു കയും ചെയ്യുക.
3. ചർച്ചാക്ലാസുകൾ, ബോധവൽക്കരണ സെമിനാറു കൾ ഇവ നടത്തുക.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗ ങ്ങളിൽ പേവിഷബാധയ്ക്കെതിരേയുള്ള കുത്തിവെപ്പ് നടത്തുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഫണ്ട് രൂപീകരിക്കുക.

## അറവുശാല മാംസപരിശോധന

പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ ലൈസൻസുള്ള അറവുശാല സ്ഥാപി ക്കുകയും മൃഗങ്ങളെ അറവിനു മുൻപ് വെറ്റിനറി സർജ്ജൻ പരിശോധിച്ച് രോഗമില്ലാത്തതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. അറവിനുശേഷം മാംസ പരിശോധന നടത്തി സർട്ടിഫിക്കറ്റ് നല്കുക. ഇതു വഴി മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരാൻ സാധ്യതയുള്ള രോഗങ്ങൾ ഫലപ്രദമായി തടയാൻ കഴിയും. മാംസം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം ലഭിക്കുന്നതിനും ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുകയും മാംസം പാക്കുചെയ്ത് സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുകയും വേണം.

## കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ

സമഗ്ര കന്നുകാലി ഇൻഷൂറൻസ് എല്ലാ കർഷകർക്കും ലഭ്യമാക്കുകയും പ്രകൃതിക്ഷോഭം മൂലം കന്നുകാലികൾ മരണപ്പെട്ടാൽ കർഷകരെ സഹായി ക്കാൻ പഞ്ചായത്തുതലത്തിൽ പദ്ധതികൾ ആവിഷ്ക രിക്കുകയും ചെയ്യുക.

## കർഷകർക്ക് അംഗീകാരം, അവാർഡ്

പഞ്ചായത്തുതലത്തിൽ മൃഗസംരക്ഷണ മേഖലയിൽ പ്രശംസാർഹമായ നേട്ടം കാഴ്ച വെക്കു ന്ന കർഷകർക്ക് അവാർഡുകൾ ഏർപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുക.

## പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. മണക്കടവ് കേന്ദ്രമാക്കി ഒരു മൃഗാശുപത്രിയും മുതു ശ്ശേരി കേന്ദ്രമാക്കി ഒരു കൃത്രിമ ബീജധാന കേന്ദ്രവും സ്ഥാപിക്കുക.
2. ഉദയഗിരി വെറ്റനറി ഡിസ്പൻസറിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുക. പുതിയ മൃഗാശുപത്രിയുടെ കെട്ടിടം ഉടനെ പണിതീർക്കുക.
3. പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുക

1. ഒരു വീട്ടിൽ ഒരു പശു എന്ന കണക്കിലും ഒരു വീട്ടിൽ രണ്ടു പശുക്കൾ എന്ന കണക്കിലും മൃഗ ങ്ങളെ വിതരണം ചെയ്യുക.
2. നാലു പശുക്കളടങ്ങുന്ന മിനിഡയറി യൂണിറ്റുകൾ
3. ബ്ലോക്കടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാ ണശാല.
4. തീറ്റപുൽകൃഷി, പുൽകടകൾ സഹകരണാ ടിസ്ഥാ നത്തിൽ വിതരണം ചെയ്യൽ, വൈക്കോലിന്റെ യൂറിയാ സമ്പുഷ്ടീകരണം, ഹേ, സൈലേജ് ഇവ യുടെ ഉൽപാദനം തുടങ്ങിയവ പ്രോൽസാഹിപ്പിക്കുക.
5. സമഗ്ര കന്നുകാലി ഇൻഷൂറൻസ് എല്ലാ കർഷക ർക്കും ലഭ്യമാക്കുക.
6. മുതുശ്ശേരി, പൂവഞ്ചാൽ, മൂരിക്കടവ്, മാമ്പൊയിൽ എന്നീ സ്ഥലങ്ങളിൽ പാൽസംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.

7. ഡി.ആർ.ഡി.എ.യുടെ കന്നുകുട്ടി പരിപാലന/ കാലിത്തീറ്റ സബ്സിഡി പദ്ധതി നടപ്പിലാക്കുക

8. അത്യുൽപാദനശേഷിയുള്ള വളർത്തുമൃഗങ്ങളെ വിതരണം ചെയ്യുന്നതിന് കാർത്തികപുരം കേന്ദ്രമാക്കി ഒരു സഹകരണസംഘം സ്ഥാപിക്കുക.

4. പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ

1. ഒരു യൂണിറ്റിൽ നാല് പെൺപന്നികളും ഒരാൺപന്നിയും എന്ന കണക്കിൽ അനുവദിക്കുക.

2. ഒരു യൂണിറ്റിൽ രണ്ട് പെൺ പന്നികളും ഒരാൺ പന്നിയും എന്ന കണക്കിൽ ലഭ്യമാക്കുക.

5. ഇറച്ചിക്കോഴി/മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

1. പഞ്ചായത്തിൽ ഇറച്ചിക്കോഴി / മുട്ടക്കോഴി വളർത്തു കേന്ദ്രങ്ങൾ (ഉദയഗിരി, കർത്തികപുരം, മണക്കടവ് എന്നീസ്ഥലങ്ങളിൽ) ആരംഭിക്കുക.

2. പഞ്ചായത്താടിസ്ഥാനത്തിൽ ഒരു കോഴിത്തീറ്റഫാക്ടറി സ്ഥാപിക്കുക.

3. അടുക്കളമുറ്റത്ത് കോഴിവളർത്തൽ പദ്ധതി പഞ്ചായത്തുടനീളം പ്രോത്സാഹിപ്പിക്കുക.

6. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കാൻ മലബാറി. സങ്കരയിനം(സാനൻ, ആൽപീൻ)ആടുകളെ വിതരണം ചെയ്യുക.

7. മുയൽ വളർത്തലിന് താൽപര്യമുള്ളവർക്ക് വിദേശയിനം മുയലുകളെ (സോവ്യറ്റ് ചിഞ്ചില, ഗ്രേ ജയൻറ്, ന്യൂസിലാണ്ട് വൈറ്റ് ) വിതരണം ചെയ്യുക.

8. കാട, ടർക്കികോഴി,ഗിനി കോഴി ഇവയെ കർഷകർക്ക് വിതരണം ചെയ്യുക.

9. ബയോഗ്യാസ് പ്ലാൻറുകൾ അനുവദിക്കുക.

10. കർഷകപരിശീലനത്തിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുക.

11. വന്ധ്യതാനിവാരണ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ ഇവ നടത്തുക.

12. പേവിഷ നിർമ്മാർജ്ജന പരിപാടി ഊർജ്ജിതമാക്കുകയും ലൈസൻസിംഗ് സമ്പ്രദായം കർശനമാക്കുകയും ചെയ്യുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടികൂടി നശിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും പേവിഷബാധയ്ക്കെതിരേ കുത്തിവെയ്പ് നടത്തുന്നതിന് സാമ്പത്തികമായി പിന്നോക്കം നില്കുന്നവരെ സഹായിക്കാൻ ഒരു ചികിത്സാ നിധി രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ നിന്ന് രണ്ടുപേർക്കെങ്കിലും നായ പിടുത്തത്തിന് പരിശീലനം നല്കുകയും വരും കാലങ്ങളിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുക.

13. സഹകരണ മേഖലയിൽ ഒരു ലൈസൻസുള്ള അറവുശാല സ്ഥാപിച്ച് മാംസപരിശോധന കർശനമാക്കുക. കോൾഡ് സ്റ്റോറേജ് സ്ഥാപിച്ച് പാക്കു ചെയ്ത മാംസം സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുക.

14. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സഹായനിധി രൂപീകരിക്കുക.

15. മൃഗസംരക്ഷണ മേഖലയിൽ പ്രശംസാർഹമായ നേട്ടം കാഴ്ചവെക്കുന്ന കർഷകർക്ക് അംഗീകാരം നൽകുകയും അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

പട്ടിക-3

കൃത്രിമ ബീജാധാനം, പ്രതിരോധ കുത്തിവെയ്പ്
തുടങ്ങിയ വിവരങ്ങൾ

| വിവരം | | '91-'92 | '92-'93 | '93-'94 | '94-'95 | '95-'96 |
|---|---|---|---|---|---|---|
| കൃത്രിമബീജധാനം | | 505 | 325 | 331 | 186 | 253 |
| പ്രതിരോധ കുത്തിവയ്പ് | കോഴിവസന്ത | 2873 | 2032 | 992 | - | 284 |
| | കുളമ്പുരോഗം | - | - | 56 | 14 | - |
| | 388 | - | - | - | - | - |

പട്ടിക-4

ഓപറേഷൻ സീറോ റാബീസ് - കണ്ണൂർ, 1996-ൻെറ
ഭാഗമായി നടത്തിയ കുത്തിവയ്പിൻെറ വിവരങ്ങൾ

| വാർഡ് | ഒന്നാം ഘട്ടത്തിൽ കുത്തിവെയ്പിനു വിധേയമാക്കിയത് | രണ്ടാം ഘട്ടത്തിൽ കുത്തിവയ്പിനു വിധേയമാക്കിയത് | ആകെ |
|---|---|---|---|
| 1 | 88 | 28 | 116 |
| 2 | 134 | 5 | 139 |
| 3 | 140 | 8 | 148 |
| 4 | 162 | 7 | 169 |
| 5 | 170 | 12 | 182 |
| 6 | 67 | 5 | 72 |
| 7 | 152 | 49 | 201 |
| 8 | 91 | 33 | 124 |
| 9 | 113 | 54 | 167 |
| 10 | 157 | 8 | 165 |
| ആകെ | 1274 | 209 | 1483 |

പട്ടിക-1

## ലൈവ് സ്റ്റോക്ക് സെൻസസ് (ഉദയഗിരി പഞ്ചായത്ത്)-1991

| പശു, കാള | | | | | | എരുമ | | | ആട് | | | പന്നി | നായ്ക്കൾ | താറാവ് | കോഴികൾ | | ക്ഷീരസഹകരണ സംഘങ്ങൾ | മൃഗസംരക്ഷണ സ്ഥാപനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സങ്കരയിനം | | | നാടൻ ഇനം | | | | | | | | | | | | | | | |
| ആൺ | പെൺ | പ്രജനനം നടത്താവുന്നവ | ആൺ | പെൺ | പ്രജനനം നടത്താവുന്നവ | ആൺ | പെൺ | പ്രജനനം നടത്താവുന്നവ | ആൺ | പെൺ | ആകെ | | | | ദേശീയയിനം | വിദേശിയയിനം | | |
| 432 | 1987 | 208 | 283 | 1618 | 1013 | 30 | 179 | 142 | 652 | 1726 | 2378 | 1706 | 2291 | 25 | 19681 | 1363 | 6 | 2 |

പട്ടിക 2

1991-92 മുതൽ1995-96വരെയുള്ള കന്നുകാലി രോഗവിവരം

| രോഗവിവരം | പശു,കാള | എരുമ | ആട് | പന്നി | കോഴി | ആകെ |
|---|---|---|---|---|---|---|
| ദഹനരോഗങ്ങൾ | 4560 | 95 | 450 | 115 | 392 | 5612 |
| ശ്വാസകോശരോഗങ്ങൾ | 525 | 15 | 85 | 15 | 112 | 752 |
| കാൽസ്യത്തിന്റെ കുറവ് | 225 | 6 | 80 | 12 | 80 | 403 |
| പോഷകാഹാര കുറവ് | 825 | 6 | 215 | 30 | 86 | 1162 |
| ത്വക്ക് രോഗങ്ങൾ | 96 | 2 | 65 | 30 | 36 | 229 |
| പരാദ രോഗങ്ങൾ | 650 | 10 | 50 | 25 | 36 | 771 |
| വന്ധ്യത | 260 | 12 | 35 | 18 | - | 325 |
| മറ്റു രോഗങ്ങൾ | 365 | 5 | 125 | 70 | 56 | 621 |
| ശസ്ത്രക്രിയ ചെയ്തത് | 45 | 2 | 30 | 16 | 25 | 118 |
| ആകെ | 7551 | 153 | 1135 | 331 | 823 | 9993 |

# വ്യവസായം

കുടിയേറ്റ മേഖലയായ ഉദയഗിരി പഞ്ചായത്തിൽ പറയത്തക്ക വ്യവസായങ്ങൾ ഒന്നും തന്നെയില്ല. കേരളപ്പിറവിക്കുമുമ്പുതന്നെ ഇവിടെ കുടിയേറ്റം ആരംഭിച്ചു. കാടുവെട്ടിത്തെളിച്ച് കൃഷിയാരംഭിച്ചതോടെ കാർഷികരംഗത്ത് നല്ല ഉല്പാദനവും ജോലിയും കിട്ടിയിരുന്നതിനാൽ ജനങ്ങൾ വ്യവസായ രംഗത്തേക്ക് ശ്രദ്ധിച്ചില്ല. കുടുംബങ്ങൾ വർദ്ധിച്ചുവന്നപ്പോൾ കൃഷി ഭൂമിയുടെ വിസ്തീർണ്ണവും കുറഞ്ഞുവന്നു. അപ്പോഴും വ്യാവസായിക മുന്നേറ്റത്തിനുള്ള സാഹചര്യങ്ങൾ ഇവിടെ ഉണ്ടായില്ല. 1978 വരെ ഇവിടെയുണ്ടായിരുന്ന വൈദ്യുതിയുടെ അഭാവവും ഗതാഗതസൗകര്യത്തിന്റെ കുറവും വ്യാവസായിക വളർച്ചക്ക് വിഘാതമായി നിന്നു.



ഭക്ഷ്യവിളകളുടെ ഉല്പാദനം കുറയുകയും നാണ്യവിളകളുടെ ഉല്പാദനം കൂടിവരികയും ചെയ്തു. കൂടുതൽ ജീവിതസൗകര്യങ്ങളുടെ ആവശ്യാർത്ഥം പുതിയ സ്ഥാപനങ്ങൾ ആവശ്യമായി വന്നു. 1978നു ശേഷം നാളികേരകർഷകരുടെ ആവശ്യാർത്ഥം മണക്കടവിൽ സ്വകാര്യയുടമയിൽ ഒരു ഓയിൽമിൽ ആരംഭിച്ചു. ഇതേ കലയളവിൽ തന്നെ കാർത്തികപുരത്ത്എസ്.എസ്.ഐ യൂണിറ്റിന്റെ രജിസ്ട്രേഷനോടുകൂടി സ്വകാര്യയുടമയിൽ തന്നെ ഒരു ഈർച്ചമില്ലുകൂടി ആരംഭിച്ചു. ഇവ രണ്ടുമായിരുന്നു ഈ പ്രദേശത്തെ ആദ്യസംരംഭങ്ങൾ. വൈദ്യുതിയുടെ അപര്യാപ്തത മൂലം ഓയിൽമില്ല് അധികം താമസിയാതെ തന്നെ പൂട്ടപ്പെട്ടു. 1985 നു ശേഷവും ഒച്ചിഴയുന്ന രീതിയിലുള്ളതായിരുന്നു ഇവിടുത്തെ വ്യാവസായിക വളർച്ച. ഇന്നിവിടെ സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് ഈർച്ചമില്ലുകളും നാല് ഓയിൽ ഫ്ലവർ മില്ലുകളും രണ്ട് ആർ.പി.എസും, മൂന്ന് ബേക്കറികളും അഞ്ച് ഫർണ്ണിച്ചർ വർക്സുകളും ഒരു എൻജിനീയറിംങ് വർക്സും ഒരു ഹെർബൽ പ്രൊജക്ടും ഒരു പാൽ ഉല്പന്നയൂണിറ്റും നിലവിലുണ്ട്. 1988ൽ ആർ.പി.എസ്-ന്റെ നേതൃത്വത്തിൽ ഒരു ചെരിപ്പുനിർമ്മാണ യൂണിറ്റ് കാരിക്കയത്ത് ആരംഭിച്ചെങ്കിലും നിലനില്പുണ്ടായില്ല. ആർ.പി.എസിന്റെ നേതൃത്വത്തിൽ തന്നെ 50-ൽ അധികം പേർക്കു തൊഴിൽ നൽകാൻ കഴിയുന്ന ഒരു വ്യവസായ സ്ഥാപനത്തിന് തുടക്കം കുറിക്കാൻ

| സ്ഥാപനങ്ങൾ | എണ്ണം | തൊഴിലാളികൾ |
|---|---|---|
| ഈർച്ചമില്ല് | 2 | 8 |
| ഓയിൽ ആൻറ് ഫ്ലവർമില്ല് | 4 | 8 |
| എഞ്ചിനീയറിംഗ് വർക്സ് | 1 | 3 |
| ഹെർബൽ പ്രൊഡക്ട് | 1 | 10 |
| ആർ.പി.എസ് | 2 | 4 |
| ബേക്കറി | 3 | 6 |
| ഫർണിച്ചർ വർക്സ് | 5 | 10 |
| മിൽക് പ്രോസസിംഗ് യൂണിറ്റ് | 1 | 4 |
| ആകെ | 19 | 53 |

ശ്രമിച്ചെങ്കിലും വൈദ്യുതിയുടെ കുറവുമൂലം കണ്ണൂർ ജില്ലയിലെ തന്നെ മറ്റൊരു സ്ഥലത്തേക്ക് മാറ്റപ്പെട്ടു. എങ്കിലും ഈ ആർ.പി.എസ് ജില്ലയിൽ ഒന്നാം സ്ഥാനത്തു തന്നെ എത്തിനില്ക്കുന്നു. മേൽ പറഞ്ഞ സ്ഥാപനങ്ങളിലെല്ലാം കൂടി കേവലം 53 തൊഴിലാളികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൻെറ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ എണ്ണം പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടികയിൽ പറഞ്ഞ തൊഴിലാളികളിൽ തന്നെ ഭാഗികമായി പണിയെടുക്കുന്നവരും ഉണ്ട്. കാർത്തികപുരത്ത് സീസൺ സമയത്തുമാത്രം രണ്ടു വർഷമായി പ്രവർത്തിച്ചുവരുന്ന നാടൻചുടുകട്ട നിർമ്മാണ കേന്ദ്രമുണ്ട്. അസൗകര്യങ്ങൾ ഇതിനേയും ബാധിച്ചിട്ടുണ്ട്. ഇവിടെ 25 ലധികം തൊഴിലാളികൾ ഭാഗികമായി പണിയെടുക്കുന്നുണ്ട്.

ഈ ചെറുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളല്ലാതെ വ്യാവസായികരംഗത്ത് ഒരു മുന്നേറ്റം ഉണ്ടാവുന്ന രീതിയിലുള്ള ഒരു മാറ്റവും ഇവിടെ നടക്കുന്നില്ല. നാണ്യവിളകളുടെ ഉല്പാദനം കൂടിയതോടെയും തൊഴിലില്ലായ്മ ഏറിയതോടെയും വ്യവസായ സ്ഥാപനങ്ങളുടെ ആവശ്യം ഉറപ്പാക്കേണ്ടിയിരിക്കുന്നു. എന്നാൽ ചെറുതും വലുതുമായ പല പ്രശ്ന ങ്ങളും ഇതിനു വിഘാതമായി നില്ക്കുന്നു.

### പ്രശ്നങ്ങൾ

**1. വൈദ്യുതിയുടെ കുറവ്**

പഞ്ചായത്തിൻെറ പല മേഖലകളിലും ഇന്ന് വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയിടങ്ങളിലും കഠിനമായ വോൾട്ടേജ് ക്ഷാമം നേരിടുകയാണ്. ഒരു വ്യവസായസ്ഥാപനത്തിൻെറ സ്ഥാപിത ശേഷിയുടെ 80% എങ്കിലും ഉപയോഗിച്ചാൽ മാത്രമേ ലാഭം പ്രതീക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ദിവസത്തിൽ പലപ്പോഴുമുള്ള അപ്രഖ്യാപിത പവർകട്ടും ലൈനിൽ അഞ്ചുവോൾട്ടുപോലും വൈദ്യുതിയില്ലാത്ത അവസ്ഥയും തുടരുന്നു. മാത്രമല്ല ഒരു സംരംഭത്തിനാവശ്യമായ വൈദ്യുതി കണക്ഷൻ കിട്ടാൻ ഉണ്ടാവുന്ന കാലതാമസവും പ്രധാന പ്രശ്നമാണ്.

**2. സ്ഥലസൗകര്യത്തിൻെറ കുറവ്**

ഇവിടെ തരിശുഭൂമികളില്ലാത്തത് ഒരു പ്രശ്നമാണ്. കൃഷിയിടങ്ങൾ വെട്ടിത്തെളിച്ച് സ്ഥലസൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

**3. ലൈസൻസും ക്ലിയറൻസും നേടൽ**

ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കാൻ തയ്യാറായാൽപോലും ആവശ്യമായ ലൈസൻസും ക്ലിയറൻസും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. കൂടാതെ പല ഓഫീസുകളിൽ നിന്നും അനുമതി നേടുക എന്നതും വിഷമകരമായി തുടരുന്നു.

**4. വിദഗ്ദതൊഴിലാളികളുടെ അഭാവം**

വ്യാവസായികരംഗത്ത് പരിശീലനം നേടിയവർ ഇല്ലെന്നു തന്നെ പറയാം. സാങ്കേതിക -

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയവർ വളരെ കുറവാണ്. തൊഴിൽ പരിശീലനത്തിന് സമീപ പ്രദേശങ്ങളിൽ സ്ഥാപനങ്ങളൊന്നും തന്നെയില്ലാത്തതും ഒരു കാരണമായി തുടരുന്നു.

5. സാമ്പത്തികപ്രശ്നം

വ്യവസായികമേഖലയിൽ സ്വന്തമായി മുതൽ മുടക്കാൻ കഴിയുന്നവർ ഇവിടെ കുറവാണ്. ധനകാര്യ സ്ഥാപനങ്ങൾ സംരംഭകർക്കു നേരെ കാട്ടുന്ന ചിറ്റമ്മ നയം ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. സംരംഭങ്ങൾക്ക് ന്യായമായ സബ്സിഡി നൽകുന്നതിനും ബന്ധപ്പെട്ടവർ തയ്യാറാവുന്നില്ല.

6. ഗതാഗതസൗകര്യത്തിന്റെ കുറവ്

കുന്നും മലയും നിറഞ്ഞ ഈ പ്രദേശം ഗതാഗതരംഗത്ത് പുറകിലാണ്. റോഡുവഴിയുള്ള ഗതാഗതം മാത്രമാണ് തുണ. ദൂരെ നിന്നും ആവശ്യമായ വസ്തുക്കൾ എത്തിക്കുന്നതിന് ഗതാഗതസൗകര്യക്കുറവ് ചെലവും ബുദ്ധിമുട്ടും വർദ്ധിപ്പിക്കുന്നു.

7. പരിസര മലിനീകരണം

വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നും വമിക്കുന്ന വിഷവസ്തുക്കൾ ജനനിബിഡമായ ഈ പ്രദേശത്തിന് ദോഷകരമായേക്കും. ഈ വിഷവസ്തുക്കൾ കാർഷികമേഖലയേയും ബാധിക്കും എന്നതും ഒരു പ്രശ്നമാണ്.

8. സംരംഭകത്വം ഇല്ലായ്മ

ഒരു സംരംഭം തുടങ്ങുന്നതിനുള്ള പരിചയം, ആത്മവിശ്വാസം എന്നിവ ഇന്നാട്ടുകാർക്കു കുറവാണ്. വേണ്ടവിധത്തിൽ മാനേജുചെയ്യാനുള്ള പരിചയക്കുറവ് പ്രശ്നമാണ്. വിദ്യാഭ്യാസമുള്ള അന്നത്തെ തലമുറ ഒരു റിസ്ക് ഏറ്റെടുക്കുവാൻ തയ്യാറാവുന്നില്ല. ഒന്നും ശരിയാവുന്നില്ല എന്ന ചിന്തയും സാങ്കേതിക അജ്ഞാനവും വ്യാവസായികമേഖലയിൽ തടസ്സമായി നില്കുന്നു.

9. വിപണനസൗകര്യങ്ങളുടെ അപര്യാപ്തത

ഇവിടെ ആവശ്യമായ വിപണനസൗകര്യമില്ല. പുതിയ ഉടമകൾക്ക് മാർക്കറ്റിംഗ് സാദ്ധ്യത കണ്ടെത്താനുള്ള പരിചയവും കുറവാണ്. മാർക്കറ്റു പിടിക്കാനുള്ള തന്ത്രങ്ങളെ കുറിച്ചുള്ള പരിജ്ഞാനം ഗ്രാമീണമേഖലയിൽ കുറവാണ്. പരസ്യരംഗത്തെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള കഴിവില്ലായ്മയും പ്രശ്നമാണ്.

10. അസംസ്കൃത പദാർത്ഥങ്ങൾ

ഇവിടെ പ്രായേണ ലഭ്യമുള്ള അസംസ്കൃത പദാർത്ഥം നാണ്യവിളകൾ മാത്രമാണ്. ഇവയുടെ സംസ്കരണരീതി വശമില്ലായ്മയും ബുദ്ധിമുട്ടുണ്ടാക്കുന്നു. മറ്റ് അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമല്ലെന്നുതന്നെ പറയാം.

11. വേതനനിരക്ക്

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂലി കൂടുതലുള്ളത് സംരംഭകരെ കിട്ടാനുള്ള വിഷമം ഉണ്ടാക്കുന്നു. വേതനവ്യവസ്ഥയിൽ ട്രേഡുയൂണിയനുകളുടെ അമിതമായ കൈകടത്തലും പ്രശ്നമായി തുടരുന്നു.



## സാദ്ധ്യതകൾ

വൻകിട വ്യവസായസ്ഥാപനങ്ങളേക്കാൾ ഈ പ്രദേശത്ത് ചെറുകിട - കുടിൽ വ്യവസായങ്ങൾക്കാണ് സാദ്ധ്യത കൂടുതൽ. ഇവിടുത്തെ നാണ്യവിളകൾ തന്നെ വ്യവസായികരംഗത്ത് ഒരു വൻ സാദ്ധ്യതയ്ക്കുള്ള കളമൊരുക്കുന്നു. ഇവിടത്തെ അസംസ്കൃത പദാർത്ഥങ്ങളും സ്ഥലസൗകര്യങ്ങളും വേണ്ട അടിസ്ഥാന സൗകര്യങ്ങളോടെ കൈകാര്യം ചെയ്താൽ അഭിമാനാർഹമായ നേട്ടങ്ങളുണ്ടാക്കാം. വ്യാവസായിക വികസനത്തിനുള്ള അടിസ്ഥാന ഘടകങ്ങൾ ഒരു ചാർട്ടിലൂടെ ചിത്രീകരിക്കാം.

വ്യവസായികരംഗത്ത് ഉള്ള ഈ പഞ്ചായത്തിലെ ചില പ്രധാന സാദ്ധ്യതകളിലേക്ക് ഒരെത്തിനോട്ടം.

1. ആവശ്യമായ സ്ഥലസൗകര്യം കണ്ടെത്തൽ

കാർത്തികപുരം കേന്ദ്രമാക്കി ഒരു വ്യവസായിക എസ്റ്റേററ് സ്ഥാപിക്കണം. പഞ്ചായത്തിൻെറ നേതൃത്വത്തിലായിരിക്കണം ഇതിൻെറ സ്ഥാപനം. ആവശ്യമായ സംരഭകരെ കണ്ടെത്തി പഞ്ചായത്തു തന്നെ അവരെ ഏല്പിക്കണം. സ്വന്തമായ ഭൂമിയുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വ്യാവസായിക സംരംഭങ്ങൾക്കാവശ്യമായ സ്ഥലം കണ്ടെത്താൻ സഹായിക്കണം..

2. വൈദ്യുതിയുടെ ലഭ്യത

അഞ്ചാം വാർഡിൽ വായിക്കമ്പയിലും 4-ാം വാർഡിൽ മുരിക്കടവിലും രണ്ട് മിനി ജലവൈദ്യുത പദ്ധതികൾക്ക് സാദ്ധ്യതയുണ്ട്. ഇവ നിർമ്മിച്ചാൽ ഈ പഞ്ചായത്തിനും സമീപ പഞ്ചായത്തിനും ആവശ്യമായ വൈദ്യുതി ലഭ്യമാകും. സമീപ പഞ്ചായത്തിന് വൈദ്യുതിവില്ക്കുന്നതു വഴി ക്രമേണ പദ്ധതി ചെലവ് നേടിയെടുക്കുവാൻ കഴിയും. ശേഷികൂടുതലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുക, ലൈനിലെ അററകുററപ്പണികൾ കൃത്യതയോടെ നടത്തുക എന്നീ പ്രവർത്തനങ്ങളിലൂടെയും കുറെ വൈദ്യുതി കണ്ടെത്താം. ഗാർഹിക ആവശ്യങ്ങൾക്ക് ബയോഗ്യാസ് പ്ലാൻറുകളും സൗരോർജ്ജ പ്ലാൻറുകളും സ്ഥാപിച്ച് വ്യാവസായിക ആവശ്യത്തിലേക്ക് നിലവിലുള്ള വൈദ്യുതി തിരിച്ചു വിടുക തുടങ്ങിയ പ്രവർത്തനങ്ങൾ ബോധവൽക്കരണത്തോടെ നടത്താവുന്നതാണ്.

3. സംരംഭകരെ കണ്ടെത്തൽ

സംരംഭകരെ കണ്ടെത്താൻ പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്താവുന്നതാണ്. സംരംഭകർക്കും തൊഴിൽ അന്വേഷകർക്കുമായി സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്. പേരു രജിസ്റ്റർ ചെയ്യുന്നവർക്ക് വിദഗ്ദ്ധ പരിശീലനം നല്കണം. ആദിവാസിമേഖലയിൽ ഈററ,മുള, ചൂരൽ ഇവയുപയോഗിച്ച് വീട്ടുപകരണങ്ങളും കൗതുകവസ്തുക്കളും നിർമ്മിക്കുന്നവർ ഉണ്ട്. ഇവരുടെ ഒരു സഹകരണസംഘം ഉണ്ടാക്കി ഈ മേഖലയിൽ അവരുടെ കഴിവിന് അവസരം നൽകാവുന്നതാണ്.

4. വിദഗ്ദ്ധതൊഴിലാളികൾ

തൊഴിലാഴികളുടെ ലഭ്യതയ്ക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണം. പഞ്ചായത്ത്-വാർഡ് അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സ്ഥാപിക്കണം. സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധമേഖലകളിൽ തൊഴിൽ പരിശീലനം നല്കണം. നാട്ടിലെ തൊഴിലവസരങ്ങൾ കണ്ടെത്തി നിയമനം നടത്തണം. സൊസൈറ്റിവഴി തൊഴിൽ നേടിയവരിൽ നിന്നും ഒരു വിഹിതം ഫണ്ട് ശേഖരിച്ച് പിന്നീട് പെൻഷനായി നല്കാവുന്നതാണ്.

5. അസംസ്കൃത പദാർത്ഥങ്ങൾ

നാണ്യവിളകളും ഫലങ്ങളും ഉപയോഗിച്ച് വൻവ്യവസായ സാദ്ധ്യത ഇവിടെയുണ്ട്. ഇവ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം ജനങ്ങൾക്ക് നൽകേണ്ടിയിരിക്കുന്നു. പുഴകളുടെയും തോടുകളുടെയും ഓരങ്ങളിൽ ഈററ, മുള എന്നിവ വച്ചു പിടിപ്പിച്ചാൽ കരകൗശലരംഗത്തും പ്രയോജനപ്പെടുത്താം. കാർത്തികപുരം ഭാഗത്തെ മണ്ണ് ചുടുകട്ട നിർമ്മാണത്തിന് യോജിച്ചതാണ്. കരിങ്കല്ലുകളും വ്യവസായ സംരഭകർക്ക് ഉപയോഗിക്കാവുന്നതാണ്.

**6. ധനകാര്യസ്ഥാപനങ്ങളുടെ ഇടപെടൽ**

ധനകാര്യസ്ഥാപനങ്ങൾ സംരഭത്തിന്റെ സെക്യൂരിറ്റിയിൽ മാത്രം ലോണുകൾ നൽകാൻ തയ്യാറാവണം. ധനസഹായത്തിനുള്ള കാലതാമസവും തവണകളും കഴിയുന്നത്ര ഒഴിവാക്കണം. സഹകരണ മേഖലയിലുള്ള ധനകാര്യസ്ഥാപനങ്ങൾ വ്യാവസായിക സംരംഭങ്ങളിൽ പങ്കാളികളാകണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളും അതാതു മേഖലയിലെ സംരംഭകർക്ക് ധനസഹായം നല്കാൻ തയ്യാറാവണം. ഇവിടുത്തെ ബാങ്കുനിക്ഷേപങ്ങളിൽ 40% എങ്കിലും ഈ രംഗത്തിനായി മാറ്റിവെയ്ക്കുക.

7. വേതനനിരക്ക്

പഞ്ചായത്തിലെ വ്യാവസായിക തൊഴിലാളികൾക്ക് സെൽഫ് കോൺട്രാക്ട് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ഏകീകൃതവേതനവ്യവസ്ഥ നടപ്പാക്കുക. ഈ വേതന നിരക്ക് മറ്റ് മേഖലകളിൽ ലഭിക്കുന്നതിനേക്കാൾ കുറവാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

8. മാർക്കറ്റ് കണ്ടെത്തൽ

വാർഡുതലങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിച്ച് പഞ്ചായത്തിലെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തണം. ഇവിടെ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ തന്നെ ജനങ്ങൾ വാങ്ങുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഇവിടെ ഉല്പാദിപ്പിക്കുന്നതരം വസ്തുക്കൾ പുറത്തുനിന്നു കൊണ്ടുവരുന്ന കച്ചവടക്കാരിൽ നിന്നും പ്രത്യേക ഫീസ് ഈടാക്കുക. വ്യവസായ ഓഫീസുകളും ഏജൻസികളുമായി ബന്ധപ്പെട്ട് പുറം വിപണികൾ കണ്ടെത്താൻ ശ്രമിക്കുക.

9. വ്യവസായികരംഗം

വിഭവങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളും ആവശ്യാധിഷ്ഠിത വ്യവസായങ്ങളുമാണ് ഈ പഞ്ചായത്തിൽ വിജയിക്കുവാൻ സാദ്ധ്യതയുള്ളത്. ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ മേഖലയിൽ നിന്നുള്ള അസംസ്കൃത പദാർത്ഥങ്ങൾ വ്യവസായത്തിനുപയോഗിക്കാവുന്നതാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുൻപ് ഖാദി ബോർഡ്, റബ്ബർ ബോർഡ് CFSC, SISI(അത്താണി)CFTRI (മൈസൂർ) ജില്ലാവ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ നടപ്പാക്കാൻ കഴിയുന്ന ചില വ്യവസായങ്ങൾ പട്ടികാരൂപത്തിൽ താഴെ കൊടുക്കുന്നു.

| സ്രോതസ്സ് | വ്യവസായ ഉല്പന്നങ്ങൾ | അസംസ്കൃത പദാർത്ഥം |
|---|---|---|
| തെങ്ങ് | റീ.റിഫൈൻഡ് വെളിച്ചെണ്ണ | തേങ്ങ |
| | പെർഫ്യൂംഡ് കോക്കനട്ട് ഓയിൽ | ” |
| | സോൾവൻറ് എക്സ്ട്രാക്ഷൻ | ” |
| | (കാലിത്തീറ്റ കോഴിത്തീററ ...) | |
| | തേങ്ങ ക്രീം | ” |
| | തേങ്ങ ചോക്ലേറ്റ് | ” |
| | ഡെഡിക്കേറ്റഡ് കോക്കനട്ട് | ” |
| | റബ്ബറൈസ്ഡ് ഫൈബർ ഫോം | ചകിരി, റബ്ബർപാൽ |
| | കൗതുകവസ്തുക്കൾ | ചിരട്ട, ഈർക്കിലി |
| | മൊസേക്ക് ചിപ്പ് | ചിരട്ട |

| | | |
|---|---|---|
| റബ്ബർ | റബ്ബർ ഫോംസ് | റബ്ബർ പാൽ |
| | റബ്ബർ ബാൻഡ് | " |
| | റബ്ബർ ഗ്ലൗസസ് | " |
| | ബലൂൺ | " |
| | ചെരുപ്പ് | " |
| | കളിപ്പാട്ടങ്ങൾ | " |
| | ഇലാസ്റ്റിക് ത്രെഡ് | " |
| | ഓട്ടോമൊബയിൽ കോംപണൻറ് | " |
| | റബ്ബർ ഓസ് | " |
| | ത്രെഡ് റബ്ബർ | " |
| | ഇറൈസർ | " |
| ഫലങ്ങൾ | അച്ചാർ | വിവിധ ഫലങ്ങൾ |
| | ജാം, സ്കാഷ് | " |
| കമുക് | സുഗന്ധ പാക്കുകൾ | അടയ്ക്ക |
| | ചമ്പൻ സംസ്കരണം | " |
| സുഗന്ധദ്രവ്യങ്ങൾ | ഒലീവറസ്സുകൾ (സത്ത്) | കുരുമുളക്, ഇഞ്ചി, മഞ്ഞൾ |
| | ഗ്രീൻ പെപ്പർ | കുരുമുളക് |
| | വൈറ്റ് പെപ്പർ | " |
| കശുമാവ് | കശുവണ്ടിസംസ്ക്കരണം | കശുവണ്ടി |
| മണ്ണ് | നാടൻ ചുടുകട്ടകൾ | മണ്ണ്, മണൽ |
| വൃക്ഷങ്ങൾ | ജനൽ, കട്ടിള, വാതിൽ | തേക്ക്, പ്ലാവ്, മരുത് |
| | തീപ്പെട്ടി | പാഴ്മരങ്ങൾ |
| | കൗതുകവസ്തുക്കൾ | ഈറ, മുള |
| | അടുക്കള, തൊഴിൽ ഉപകരണങ്ങൾ | " |
| ജലം | മിനറൽ വാട്ടർ | കാട്ടുചോലജലം |
| | ഡിസ്റ്റിൽഡ് വാട്ടർ | ജലം |
| കല്ല് | കോറ | കരിങ്കല്ല് |
| | ക്രഷറർ | " |
| | സിമൻറ് ബ്രിക്സ് | |

## ആവശ്യാധിഷ്ഠിത വ്യവസായം

| നമ്പർ | സംരംഭം | ഉല്പന്നം |
|---|---|---|
| 1. | സ്റ്റീൽ വർക്സ് | ഫർണ്ണിച്ചർ |
| 2. | ഇലക്ട്രോണിക്സ് | ബൾബ്, ചോക്ക്, റെഗുലേറ്റർ |
| 3. | കൺസ്ട്രക്ഷൻ പ്രൊജക്ട് | ഹോളോബ്രിക്സ്, സിമൻറ് കാൽ |
| 4. | ആയുർവേദമരുന്നുകൾ | എണ്ണകൾ, കുഴമ്പുകൾ, ലേഹ്യങ്ങൾ |
| 5. | ഹോസിയറി പ്രൊഡക്ട് | ബനിയൻ, ജെട്ടി |
| 6. | സർജറിക്കൽ കോട്ടൺ | പഞ്ഞി, തുണി |
| 7. | ഹാപ്പി പ്രൊഡക്ട് | ഇലക്ട്രോണിക്സ് കളിപ്പാട്ടങ്ങൾ |
| 8. | ഹെർബൽ കോസ്മെറ്റിക്സ് | സ്നാനചൂർണ്ണം,കാന്തിചൂർണ്ണം, കേശതാളികൾ |
| 9. | കോസ്മെറ്റിക്സ് | സോപ്പ്, വാഷിംഗ് പൗഡർ |
| 10. | റെഡിമേഡ് ഗാർമെൻസ് | ചുരിദാർ, നൈറ്റി, പാവാട |
| 11. | ഖാദി വ്യവസായം | നൂൽ, തുണി |
| 12. | കറിപൗഡറുകൾ | മുളക്, മല്ലി, മഞ്ഞൾ, മസാല അച്ചാർപൊടികൾ. |

മേൽ പറഞ്ഞിരിക്കുന്നവയിൽ കഴിയുന്നത്ര സംരംഭങ്ങൾ മുൻഗണനാക്രമത്തിൽ നടത്തപ്പെടുന്നതോടെ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മാ പ്രശ്നവും ഒരു പരിധിവരെ പരിഹരിക്കപ്പെടും. ഒരു കുടുംബത്തിൽ ഒരാൾക്കു വീതമെങ്കിലും തൊഴിൽ നൽകാൻ ഇതിലൂടെ കഴിയും. കാർഷികരംഗത്തെ അഭിവൃദ്ധിയോടൊപ്പം വ്യാവസായികമേഖലയും വളരുന്നതോടെ സാമ്പത്തികരംഗത്ത് നമ്മുടെ പഞ്ചായത്ത് സ്വയം പര്യാപ്തതയിലെത്തിച്ചേരും എന്ന് നമുക്ക് പ്രത്യാശിക്കാം. 21-ാം നൂറ്റാണ്ടിലേക്ക് കാലെടുത്ത് വയ്ക്കുമ്പോൾ ഉദയഗിരി പഞ്ചായത്തിൻെറ വിഹായസ്സുകളിൽ നിന്നും ഉയർന്നു കേൾക്കുന്ന ഐശ്വര്യത്തിൻേറയും സ്വയം പര്യാപ്തയുടേയും ഗാനവീചികളിൽ നിന്നും നമുക്കഭിമാനം കൊള്ളാം. ജനകീയാസൂത്രണപരിപാടികളിലൂടെ നമുക്കൊന്നിച്ചു മുന്നേറാം. ■

# വിദ്യാഭ്യാസം

തിരുവിതാംകൂറിൽ നിന്ന് കുടിയേറ്റക്കാരായ ജനവിഭാഗം 1952ലാണ് ഉദയഗിരി പഞ്ചായത്തിൽ ആദ്യമായി എത്തുന്നത്. അക്കാലത്ത് കരിമ്പാലർ, മാവിലർ, വേട്ടുവർ എന്നറിയപ്പെടുന്ന ആദിവാസികൾ മാത്രമെ ഇവിടെ താമസമുണ്ടായിരുന്നുള്ളൂ. കാർത്തികപുരം പ്രദേശത്ത് താമസമാക്കിയ കുടിയേറ്റക്കാർ 1958ൽ രൂപം കൊടുത്ത കുടിപള്ളിക്കൂടമാണ് ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാകേന്ദ്രം. 1957ൽ ആലക്കോട് കേന്ദ്രമാക്കി ഒരു ഏകാദ്ധ്യാപക വിദ്യാലയം ആരംഭിച്ചു.1962ൽ കാർത്തികപുരത്തും മണക്കടവിലും സർക്കാർ വിദ്യാലയം ആരംഭിച്ചു. പിന്നീട് ഉദയഗിരിയിലും എൽ.പി. സ്ക്കൂൾ ആരംഭിച്ചു.

ആദ്യകാലഘട്ടങ്ങളിലെ സാമ്പത്തിക പിന്നോക്കാവസ്ഥയും വീട്ടുജോലികളിലെ പങ്കാളിത്തവും കുട്ടികളുടെ വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥക്ക് കാരണമായിട്ടുണ്ട്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി കുട്ടികൾ ആലക്കോട് പോവേണ്ടിയിരുന്നു. 10 മുതൽ 20 കിലോ മീറ്റർ വരെ യാത്ര ചെയ്താണ് ഈ പ്രദേശത്തു നിന്നും ആലക്കോട് എത്തിയിരുന്നത്. 1974 വരെ ഈ അവസ്ഥ തുടർന്നു. 1974ൽ മണക്കടവിലും തൊട്ടടുത്ത വർഷംതന്നെ കാർത്തികപുരത്തും സർക്കാർ മേഖലയിൽ ഹൈസ്ക്കൂളുകൾ അനുവദിക്കപ്പെട്ടു.

ഇപ്പോൾ ഉദയഗിരി പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും രണ്ട് യു.പി. സ്ക്കൂളുകളും മൂന്ന് എൽ.പി.സ്ക്കൂളുകളും പ്രവർത്തിക്കുന്നു.

10 അംഗൻവാടികളും 2 നഴ്സറി സ്ക്കൂളുകളും 6 കുടിപള്ളിക്കൂടങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഉദയഗിരിയിൽ മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടിയുള്ള ഒരു വിദ്യാലയം പ്രവർത്തിക്കുന്നു.

## പ്രീപ്രൈമറി വിദ്യാഭ്യാസം

10 അംഗൻവാടികളും 2 നഴ്സറി സ്ക്കൂളുകളും 6 കുടിപള്ളിക്കൂടങ്ങളും പ്രവർത്തിക്കുന്നു. നഴ്സറി ഘട്ടത്തിൽ കുട്ടികൾക്ക് കളികളിൽകൂടിയും പാട്ടുകളിൽകൂടിയുമുള്ള വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കേണ്ട ഘട്ടമാണ്. എന്നാൽ ആവശ്യത്തിനുള്ള കളികോപ്പുകൾ ഇത്തരം സ്ഥാപനങ്ങളിലില്ല. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്തിൽ കുറെക്കൂടി ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്.

## പ്രൈമറി വിദ്യാഭ്യാസം

ഏഴു വിദ്യാലയങ്ങളിലായി പ്രൈമറി മേഖലയിൽ 2489 കുട്ടികൾ പഠിക്കുന്നു. വാർഡടിസ്ഥാനത്തിൽ നോക്കിയാൽ 4,6,7,8,10 എന്നീ വാർഡുകളിൽ എൽ.പി. സ്ക്കൂളുകൾ ഇല്ല. എൽ. പി. വിഭാഗത്തിൽ ഇനിയും സ്ക്കൂളുകൾ അനുവദിക്കേണ്ടതായിട്ടുണ്ട്. താബോർ എൽ.പി.സ്ക്കൂൾ യു.പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെടണം.

## ഹൈസ്ക്കൂൾ വിദ്യാഭ്യാസം

രണ്ടു ഹൈസ്ക്കൂളുകളിലായി ഹൈസ്ക്കൂൾ വിഭാഗത്തിൽ 980 കുട്ടികൾ പഠിക്കുന്നു. അരിവിളഞ്ഞപൊയിൽ, ജയഗിരി, താളിപ്പാറ പ്രദേശങ്ങളിൽ നിന്ന് സ്ക്കൂളിലെത്താൻ കുട്ടികൾക്ക് വളരെ ദൂരം

സഞ്ചരിക്കേണ്ടി വരുന്നുണ്ട്. ഇതിൽ ശ്രീപുരം ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ പഠന കേന്ദ്രമുണ്ട്. മെച്ച പ്പെട്ട വിജയശതമാനം പുലർത്തിയിരുന്ന ശ്രീപുരത്ത് ഇക്കഴിഞ്ഞ വർഷം പിന്നോട്ടു പോകൽ ഉണ്ടായി ട്ടുണ്ട്. കാർത്തികപുരം ഹൈസ്ക്കൂളിലെ വിജയ ശത മാനം ഇനിയും കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരി ക്കുന്നു.

## ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൻെറ സ്ഥിതി ശോചനീയമാണ്. പ്രീഡിഗ്രി ആർട്സ് വിഷയങ്ങൾ പഠിപ്പിക്കുന്ന മൂന്ന് പാരലൽ കോളജുകൾ മാത്രമാണ് ഇവിടുള്ളത്. ഇവിടെ നിന്ന് കോളജ് വിദ്യാഭ്യാസത്തിനു് 30 മുതൽ 45 കിലോമീറ്റർ വരെ സഞ്ചരിച്ച് തളിപ്പറമ്പിൽ എത്തേണ്ട സ്ഥിതിയാണുള്ളത് ശ്രീകണ്ഠപുരം, പയ്യന്നൂർ, കണ്ണൂർ എന്നീ കോളജുകളിലേക്കും ഇതിൽ കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു. കരുവഞ്ചാൽ കേന്ദ്രമായി എങ്കിലും ഒരു റഗുലർ കോളജ് അനുവദിക്കപ്പെടേണ്ടത് ഈ പ്രദേശത്തിൻെറ വിദ്യാഭ്യാസ വളർച്ചക്ക് അത്യാവശ്യമാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തും സ്ഥിതി പരിതാപകരമാണ്. ശ്രീപുരം ഹൈസ്ക്കൂളിനോടു ചേർന്നുള്ള കമ്പ്യൂട്ടർ പഠന കേന്ദ്രവും കാർത്തിക പുരത്തുള്ള ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടും മാത്രമാണ് ഉള്ളത്. ഐ.ടി.ഐ., പോളി ടെക്നിക് വിദ്യാഭ്യാസ ത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

## ഭൗതിക സാഹചര്യങ്ങൾ

പൂവൻചാൽ ഗവ:യു.പി. സ്ക്കൂളിനു് ആവശ്യമായി സ്ഥിരം കെട്ടിടം ഇല്ല. കാർത്തികപുരം, ശ്രീപുരം ഹൈസ്ക്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുകയും ഷിഫ്റ്റ് സമ്പ്രദായം അവസാനി പ്പിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടു ഹൈസ്ക്കൂളുകൾക്കും നിലവിലുള്ള ലബോറട്ടറി, ലൈബ്രറി സൗകര്യം ശരിയായ രീതി യിൽ വിനിയോഗിക്കേണ്ടതാണ്. മൂത്രപ്പുരകൾ വൃത്തി യായി സൂക്ഷിക്കേണ്ടതും കുട്ടികളുടെ എണ്ണത്തിനു ആനുപാതികമായി നിർമ്മിക്കേണ്ടതുമാണ്.

പൂവൻചാൽ ഗവ: യു.പി.എസിൽ കുടിവെള്ള സൗകര്യം തൃപ്തികരമല്ല. മറ്റു വിദ്യാലയങ്ങളിൽ കുടി വെള്ള സൗകര്യമുണ്ട്. കാർത്തികപുരം ഹൈസ്ക്കൂളിലെ ടാങ്കിൽ നിന്നും ജലവിതരണ സംവിധാനം ആരംഭിച്ചിട്ടില്ല.



## പ്രശ്നങ്ങൾ

1. ഉന്നത വിദ്യാഭ്യാസത്തിനു വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
2. അരിവിളഞ്ഞ പൊയിൽ, ജയഗിരി, മൂരിക്കടവ്, ശാന്തിപുരം പ്രദേശത്തെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
3. ഉദയഗിരി പ്രദേശത്തെ കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
4. സാങ്കേതിക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പഞ്ചായത്തിൻെറ നില പരിതാപകരമാണ്.
5. പൂവഞ്ചാൽ ഗവ: യു.പി. സ്ക്കൂളിനു് ആവശ്യമായ കെട്ടിട സൗകര്യവും കുടിവെള്ള സൗകര്യവും ഇല്ല.
6. സ്ക്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി പ്രവർത്തനം തൃപ്തികരമല്ല.
7. എക്സിബിഷനുകൾ, മത്സര പരീക്ഷകൾ എന്നി

വയിൽ പഞ്ചായത്തിലെ കുട്ടികളുടെ പങ്കാളിത്തം തൃപ്തികരമല്ല.

8. അംഗൻവാടികളിൽ പഠനോപകരണങ്ങൾ കുറവാണ്.

## സാദ്ധ്യതകൾ

1. ആലക്കോട് മേഖലയിൽ ഒരു റഗുലർ കോളജ് സ്ഥാപിക്കൽ.

2. അരിവിളഞ്ഞപൊയിൽ, ജയഗിരി, മുതുശ്ശേരി, മുരിക്കടവ്, എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്കൂളുകൾ ആരംഭിക്കുക. താബോർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.

3. ഉദയഗിരിയിൽ ഒരു ഹൈസ്ക്കൂൾ ആരംഭിക്കുക.

4. കാർത്തികപുരം, ശ്രീപുരം ഹൈസ്കൂളുകൾ കേന്ദ്രമാക്കി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.

5. പൂവഞ്ചാൽ ഗവ: യു.പി. സ്ക്കൂളിന് ആവശ്യമായ കെട്ടിടം നിർമ്മിക്കൽ.

6. എക്സിബിഷനുകൾ, മത്സര പരീക്ഷകൾ എന്നിവയ്ക്ക് വിദ്യാർത്ഥികളെ തയ്യാറാക്കി പങ്കെടുപ്പിക്കൽ.

7. വാർഡ് സമിതി, അയൽകൂട്ടം എന്നിവ രൂപീകരിച്ച് വിദ്യാഭ്യാസത്തിന്റെ ജനകീയതലം ശക്തമാക്കൽ.

8. നീന്തൽ പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. സ്ക്കൂൾലൈബ്രറി, ലബോറട്ടറി സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.

# കുടിവെള്ളം, പൊതുജനാരോഗ്യം

**ആരോഗ്യം:-**

ആരോഗ്യരംഗത്ത് നാം ഇന്ന് കൈവരിച്ച നേട്ടങ്ങളെകുറിച്ച് ചിന്തിക്കുമ്പോൾ ചികിത്സാ സൗകര്യങ്ങൾ ഒന്നും നിലവിലില്ലാതിരുന്ന 1950-56 കാലഘട്ടത്തിലെ ഈ പഞ്ചായത്തിലെ അവസ്ഥ പരിതാപകരമായിരുന്നു.



തിരുവിതാംകൂറിൽ നിന്ന് പ്രതീക്ഷാപൂർവ്വം മലബാറിലേക്കുള്ള കുടിയേറ്റം ആരംഭിച്ച 1950 -56 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും കുടിയേറ്റത്തിന്റെ രംഗപ്രവേശം ഉണ്ടായി രുന്നു. എന്നാൽ കുടിയേറ്റക്കാരെ എതിരേറ്റത് പട്ടിണിയും രോഗവും ആയിരുന്നു. രോഗങ്ങളിൽ ഛർദി അതിസാര വയറിളക്കരോഗവും മലമ്പനിയുടെ കടന്നാക്രമണവും മരണസംഖ്യ ഭീതിജനകമായരീതിയിൽ ഉയർന്നുകൊണ്ടിരുന്നു. ശിശുമരണനിരക്ക് ആ കാലത്ത് വളരെ ഉയർന്ന തായിരുന്നു. ഇത് സ്വാഭാവികമായി ജനനനിരക്ക് ഉയരാൻ കാരണമായിതീർന്നിരുന്നു.

കുടിയേറ്റത്തിന്റെ ആരംഭകാലത്ത് പ്രാഥമിക ചികിത്സ ലഭ്യമാകണമെങ്കിൽ തന്നെ 36 കിലോമീറ്ററുകളോളം കാൽനടയായി സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന ദു:ഖസ്ഥിതിയിലായിരുന്നു ജനങ്ങൾ. കൂടപ്പിറപ്പായി തുടർന്നുകൊണ്ടിരുന്ന മരണവും പട്ടിണിയും സാമ്പത്തിക പരാധീനതയും കാരണം ചികിത്സാർത്ഥം ജനങ്ങൾ പാരമ്പര്യ ഒറ്റമൂലി ചികിത്സകരെ ആയിരുന്നു ആശ്രയിച്ചിരുന്നത്. നിരക്ഷരരായ ജനങ്ങൾ ചിലവു കുറഞ്ഞമാർഗ്ഗ മെന്ന നിലയിൽ രോഗ പരിഹാരാർത്ഥം മന്ത്രവാദ ചികിത്സകരെയും ആശ്രയിച്ചിരുന്നു.

അക്കാലത്ത് സാമ്പത്തിക പ്രശ്നങ്ങളാലും ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും ജനങ്ങൾ കൂടുതലായി പരമ്പരാഗത ചികിത്സയായ ഒറ്റ മൂലി ചികിത്സയെയും, ചരക, സിദ്ധ, യുനാനി ചികിത്സയെയും ആശ്രയിച്ചിരുന്നു. ഉദയഗിരി ഭാഗത്ത് പാമ്പ് വിഷ ചികിത്സകനും മഞ്ഞപിത്തത്തിനുള്ള ഒറ്റമൂലി ചികിത്സ ശാന്തിപുരം, ഉദയഗിരി ഭാഗങ്ങളിൽ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നു. കാലത്തിന്റെ പ്രയാണത്തിൽ പരമ്പരാഗത ചികിത്സാരീതികൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നിരുന്നാ

ലും പാമ്പ് വിഷം, ആസ്മ, വാതരോഗം, മഞ്ഞപിത്തം, വിട്ട്മാറാത്ത തലവേദന ഇവയ്ക്കുള്ള ഒററമൂലിചികിത്സകൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്

പഞ്ചായത്തിൽ ഔദ്യോഗിക പൊതുജനാരോഗ്യ ചികിത്സാ സൗകര്യങ്ങൾ കടന്ന് വരുന്നതിന് മുൻപ് തന്നെ 1960 കാലഘട്ടത്തിൽ ക്രിസ്ത്യൻ മിഷനറി പ്രവർത്തനം മുഖേന ഇവിടെ അലോപ്പതി ചികിത്സയുടെ അലയൊലികൾ സൃഷ്ടിക്കാൻ സാധിച്ചിരുന്നു. എന്നിരുന്നാലും 1960 കാലഘട്ടത്തിൽ ഇവിടെ അലോപതി ചികിത്സകൾ ഔദ്യോഗികമായി എത്തി ചേർന്നിരുന്നില്ല. ഇതിൽ നിന്ന് മാറ്റം കുറിച്ചു കൊണ്ട് 1960 - 1965 കാലത്തിനിടയിൽ പ്രവർത്തി പരിചയം കൈമുതലാക്കിയ കമ്പൗണ്ടർമാർ മണക്കടവും കാർത്തികപുരത്തും ചികിത്സാ സ്ഥാപനങ്ങൾ ആരംഭിച്ചു.

സ്വകാര്യ അലോപതി ചികിത്സയുടെ വ്യാപനത്തോടുകൂടിത്തന്നെ ആയുർവേദ, ഹോമിയോ ചികിത്സാരീതികളും പ്രചരിക്കാൻ തുടങ്ങിയിരുന്നു. ഈ ചികിത്സാമേഖലയും സ്വകാര്യ സ്ഥാപനങ്ങളായി മണക്കടവും കാർത്തികപുരവും കേന്ദ്രീകരിച്ചായിരുന്നു ആരംഭം. ഔദ്യോഗിക ചികിത്സാ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നതുവരെ ആരോഗ്യ മേഖലയിലെ അവസ്ഥ ഇപ്രകാരമായിരുന്നു.

കാലത്തിൻെറ പ്രയാണം അനസ്യൂതം തുടർന്നുകൊണ്ടിരുന്നു. എന്നാൽ ഔദ്യോഗിക ചികിത്സാ സൗകര്യം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് വർഷങ്ങൾ പിന്നേയും കാത്തിരിക്കേണ്ടിവന്നു. ഗവൺമെൻറ് ചികിത്സാ സൗകര്യങ്ങളുടെ ഭാഗമായി 1977-ൽ മണക്കടവ് ഗ്രാമീണ റൂറൽ ഡിസ്പൻസറി ആരംഭിക്കുകയും 1982-ൽ അത് പ്രാഥമീകാരോഗ്യകേന്ദ്രമായി ഉയർത്തപ്പെടുകയും ചെയ്തു. 1981-ൽ ഉദയഗിരിയിൽ ഗ്രാമീണ റൂറൽ ഡിസ്പൻസറിയായി തുടങ്ങി 1990-ൽ പി.എച്ച്.സി.യായി ഉയർത്തപ്പെട്ടു. 1994-ൽ കാർത്തികപുരത്ത് ഹോമിയോ ഡിസ്പൻസറിയും ആരംഭിച്ചു. നിലവിലുള്ള സർക്കാർ ആരോഗ്യ ചികിത്സാ സ്ഥാപനങ്ങൾ ഇവയാണ്. സർക്കാർ ചികിത്സാ സ്ഥാപനങ്ങൾ നവീകരിക്കപ്പെടാതെ ഇന്നും ശൈശവ അവസ്ഥയിൽ തന്നെയാണ്.

## അവലോകനം

ആരംഭകാലഘട്ടത്ത് നിത്യസംഭവമായിരുന്ന ശിശുമാതൃമരണനിരക്കുകൾ തുലോം താഴത്തുകൊണ്ടുവന്ന് അത്ഭുതകരമായ നേട്ടമാണ് നാം കൈവരിച്ചത്. ആരോഗ്യനിലവാരത്തിൻെറ അളവുകോലായ ശിശു-മാതൃമരണ-ജനന, മരണ നിരക്കുകളിൽ നമ്മുടെ പഞ്ചായത്തും പ്രശംസനീയമായ നേട്ടം തന്നെയാണ് ഈ രംഗത്ത് കരഗതമാക്കിയത്.

നമ്മുടെ പഞ്ചായത്തിൽ 95-96 സാമ്പത്തിക വർഷത്തിൽ 2 ശിശുമരണവും ഒരു മാതൃമരണവും ആണ് സംഭവിച്ചത്. ജനനനിരക്ക് 15.93% വും മരണനിരക്ക് 3.12%വും ആണെന്ന് കാണാൻ കഴിയും. സംസ്ഥാനശരാശരിയേക്കാൾ താഴ്ന്ന നിരക്ക് കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിരിക്കുന്നു. ഈ അത്ഭുത പൂർവ്വമായ വളർച്ച കൈവരിക്കാൻ സാധിച്ചതിൽ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനങ്ങൾക്ക് ഗണനീയമായ സ്ഥാനം ഉണ്ടെന്ന് സുവ്യക്തമാണ്.

ജനനനിരക്കിൽ സംസ്ഥാന ശരാശരിയായ 17ൽ നിന്നും 15.93% എന്ന നിരക്ക് കൈവരിക്കാൻ സാധിച്ചത് കുടുംബാസൂത്രണ മാർഗ്ഗങ്ങൾ ഫലപ്രദമായി ലഭ്യമായതിനാലും ആണെന്ന് കാണാൻ കഴിയും. ദമ്പതിമാരുടെ എണ്ണവും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച അമ്മമാരുടെ പൂർണ്ണരൂപം ചാർട്ട് 1-ൽ കൊടുത്തിരിക്കുന്നു.

ചാർട്ട് 1 (അവലംബം പ്രൈമറി ഹെൽത്ത് സെൻറർ)
പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| ക്രമനമ്പർ | സ്ത്രീയുടെ പ്രായക്രമം | എണ്ണം |
|---|---|---|
| 1 | 15-19 | 104 |
| 2 | 20-24 | 499 |
| 3 | 25-29 | 626 |
| 4 | 30-34 | 591 |
| 5 | 35-39 | 546 |
| 6 | 40-44 | 325 |
| | ആകെ | 2691 |

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
|---|---|
| 1 കുട്ടിയുള്ള അമ്മമാർ | 495 |
| 2 കുട്ടിയുള്ള അമ്മമാർ | 836 |
| 2ൽ കൂടുതലുള്ള അമ്മമാർ | 1114 |
| ആകെ | 2445 |

വൈകല്യ നിരക്കുകളിൽ പ്രധാനം ചലന വൈകല്യം ഉള്ളവരാണ്- 17 ആളുകൾ, മന്ദബുദ്ധിയുള്ളവർ 16 വയസ്സിനു മുകളിൽ 8 ആളുകളും 11നും 15 വയസ്സിനും ഇടയിൽ 2 കുട്ടികളും 5 വയസ്സിനു താഴെ ഒരു കുട്ടിയും അന്ധർ 3 ആളും ബധിരർ 4ഉം മൂകർ 1ഉം, ബധിരമൂകർ 5 ആളുകളും വൈകല്യത്തിൽ ഉൾപ്പെടുന്നു. ഇവർക്കായി വികലാംഗർക്കുള്ള പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കേണ്ടതാണ്.

രോഗാതുരത:- മരണനിരക്കിൽ അഭിമാനാർഹമായ നേട്ടമാണ് കൈവരിച്ചത്. എങ്കിൽത്തന്നെയും രോഗാതുരതയുടെ കാര്യത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഒന്നും തന്നെയില്ല. പ്രധാന രോഗങ്ങളിൽ വാതരോഗവും ത്വക്ക് സംബന്ധമായ രോഗങ്ങളും വേനലാരംഭത്തോടും കാല വർഷാരംഭത്തോടും വർദ്ധിക്കുന്ന വയറിളക്കരോഗവും ആണ്. 95-96 വർഷത്തിൽ 5 മലമ്പനി രോഗവും 4 കുഷ്ഠ രോഗികളെയും കണ്ടെത്തിയിരുന്നു. കുഷ്ഠരോഗത്തിനുള്ള ചികിത്സ ഉദയഗിരി പ്രാഥമികരോഗ്യ കേന്ദ്രത്തിൽ നിന്നും നടത്തികൊണ്ടിരിക്കുകയും ചെയ്യുന്നു. ജലജന്യ രോഗങ്ങളിൽ ടൈഫോയിഡും മഞ്ഞപിത്തവും ഏതാനും കേസുകൾ കണ്ടെത്തിയിരുന്നു.

## പോഷണനിലവാരം

കുട്ടികളാണല്ലോ രാഷ്ട്രത്തിൻെറ സമ്പത്ത്. ഈ ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിത്തന്നെയാണ് ഐ.സി.ഡി.എസ് പരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ 10 അംഗൻവാടികൾ പ്രവർത്തിക്കുകയും 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷണ നിലവാരം ഉയർത്തുക എന്ന ലക്ഷ്യം വെച്ചു കൊണ്ടുള്ള പ്രശംസനീയമായ പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. അംഗൻവാടികൾ മുഖേന ഉച്ചക്കഞ്ഞിയും ഉപ്പുമാവു വിതരണവും നടക്കുന്നു.

അതുപോലെ തന്നെ പഞ്ചായത്തിലെ 7 സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം നടക്കുന്നുണ്ട്. ഈ പരിപാടികളെല്ലാം തന്നെ കുട്ടികളിലെ പോഷണ നിലവാരം ഉയർത്തുന്നതിന് സഹായകരമാണ്. 6 വയസ്സു വരെയുള്ള കുട്ടി കളിലെ പോഷണ നിലവാരം താഴെ കൊടുത്തിരിക്കുന്നു.

കകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം (അവലംബം അംഗൻവാടി സ്ഥിതി വിവര കണക്ക്)

| | നോർമൽ | | 1ാംഗ്രേഡ് | | 2ാംഗ്രേഡ് | | 3ാംഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| പ്രായം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിനുതാഴെ | 123 | 115 | 60 | 58 | 3 | 8 | - | - |
| 1-3വയസ്സ് | 201 | 188 | 116 | 121 | 41 | 49 | 1 | 3 |
| 3-6 വയസ്സ് | 245 | 229 | 174 | 176 | 59 | 53 | 1 | - |

1-ാംഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാംഗ്രേഡ്-ഗുരുതരമായ പോഷണക്കുറവുള്ളവർ

അംഗൻവാടികളുടെ സുഗമമായ പ്രവർത്തനത്തിനും പോഷകാഹാര വിതരണം നല്ല രീതിയിൽ തുടരാനും അംഗൻവാടി ക്ഷേമ കമ്മിറ്റിക്ക് കഴിയും. ആയതിനാൽ ക്ഷേമ കമ്മിറ്റിയുടെ പ്രവർത്തനം നല്ല നിലയിൽ ആവേണ്ടിയിരിക്കുന്നു. സ്ക്കൂൾ പി.ടി.എ., മദർ പി.ടി.എ, എന്നിവയുടെ കൂട്ടായുള്ള പ്രവർത്തനം മുഖേന സ്ക്കൂളിലെ ഉച്ചക്കഞ്ഞി വിതരണം നല്ല നിലയിൽ തുടരാൻ സഹായകമാണ്.

ആരോഗ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തണമെങ്കിൽ നമ്മുടെ പഞ്ചായത്തിലെ ഔദ്യോഗിക ചികിത്സാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങളും പോരായ്മകളും പരിഹരിക്കേണ്ടിയിരിക്കുന്നു. മലമ്പ്രദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഈ മേഖലയിൽ സർക്കാർ സംവിധാനത്തിൻെറ ഭാഗമായി കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല എന്ന ഖേദകരമായ അവസ്ഥ നിലകൊള്ളുന്നു.

1995-96 വർഷത്തിൽ ഔദ്യോഗിക ചികിത്സാ സ്ഥാപനങ്ങളിൽ എത്തിച്ചേർന്ന രോഗികളുടെ കണക്കിൽ നിന്നു തന്നെചികിത്സാ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്ന ജനവിഭാഗത്തിൻെറ എണ്ണം വളരെയധികമാണെന്ന് കാണാൻ കഴിയും.

95-96 വർഷത്തിൽ സർക്കാർ ചികിത്സാ സ്ഥാപനങ്ങളിൽ ചേർന്ന രോഗികളുടെ എണ്ണം താഴെ കൊടുക്കുന്നു.

രണ്ട് മിനി പി.എച്ച്.സി എന്ന അപൂർവ്വ ഭാഗ്യം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. എങ്കിൽ തന്നെയും അവയുടെ സബ്ബ്സെൻററുകളായി പ്രവർത്തിക്കുന്ന ആറു കേന്ദ്രങ്ങളിൽ 5 കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല എന്ന ദുരവസ്ഥയും അതിൽ രണ്ടു കേന്ദ്രങ്ങൾക്ക് സ്വന്തമായി സ്ഥലമില്ല എന്നതും പ്രശ്നമായി അവശേഷിക്കുന്നു. നിലവിലുള്ള രണ്ട് സബ്സെൻററിനു സ്വന്തമായി കെട്ടിടം ഉണ്ടെങ്കിൽത്തന്നെ കിണറോ വൈദ്യുതിയോ ഇല്ലാത്ത അവസ്ഥയാണ്. എന്നിരുന്നാലും പോരായ്മകളിൽ നിന്നുകൊണ്ട് രോഗപ്രതിരോധ മാതൃശിശു സംരക്ഷണ രംഗത്ത് ആശാവഹമായ പ്രവർത്തനമാണുള്ളത്. 2 മിനി പി.എച്ച്.സിക്കും സ്വന്തമായി സ്ഥല സൗകര്യം(1ഏക്ര) ഉണ്ട് എന്നിരുന്നാലും കിടത്തി ചികിത്സിക്കാനുള്ള ആശുപത്രിയായി ഉയർത്തണമെന്ന ജനങ്ങളുടെ മുറവിളികളും നിവേദനങ്ങളും വനരോദനമായി തീരുന്നു. എങ്കിലും ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രം 10 കിടക്കയുള്ള ആശുപത്രിയായി തത്വത്തിൽ അംഗീകരിച്ചുവെങ്കിലും തുടർ നടപടികൾ ഒന്നും തന്നെ ആയില്ലെന്ന് കാണാൻ കഴിയും. മലമ്പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ പ്രവർത്തകരുടെ അഭാവവും ജനസാഖ്യാനുപാതികമായി സബ്സെൻററിൻെറ കുറവും ഉദ്യോഗസ്ഥർക്ക് താമസ സൗകര്യവും ഇല്ല എന്നതും ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു.

വിദഗ്ദ ചികിത്സ ലഭ്യമാവണമെങ്കിൽ ഇപ്പോൾ കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടി വരുന്നു. 36 കിലോ മീറ്റർ സഞ്ചരിച്ചാൽ മാത്രമെ

| ആരോഗ്യ സ്ഥാപനങ്ങൾ | വർഷം | ഔട്ട് പേഷ്യൻറ് | | ആകെ |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | |
| പി.എച്ച്.സി. ഉദയഗിരി | 95 - 96 | 5127 | 6553 | 11680 |
| പി.എച്ച്.സി. മണക്കടവ് | 95 - 96 | 2974 | 3683 | 6657 |
| ഹോമിയോ ഡിസ്പൻസറി കാർത്തികപുരം | 95 - 96 | 12389 | 162112 | 28601 |

തളിപ്പറമ്പ താലൂക്ക് ആശുപത്രിയിൽ എത്തി ച്ചേരാൻ സാധിക്കുകയുള്ളൂ.

1994-ൽ ആരംഭിച്ച കാർത്തികപുരത്തെ ഹോമിയോ ഡിസ്പൻസറിയാണ് ഹോമിയോപ്പതി മേഖലയിലുള്ള സർക്കാർ സ്ഥാപനം. പരിമി തമായ സൗകര്യമുള്ള വാടക കെട്ടിടത്തിലാണ് രണ്ടു വർഷം കഴിഞ്ഞിട്ടും സ്ഥാപനം പ്രവർത്തി ക്കുന്നത്. എന്നിരുന്നാലും വളരെയധികം ജനങ്ങൾക്ക് ആശ്രയ കേന്ദ്രമാണ് ഈ സ്ഥാപനം.

ഔദ്യോഗിക സംവിധാനത്തിനു പുറമെ യുള്ള സ്വകാര്യ അലോപ്പതി സ്ഥാപനങ്ങൾ കാർത്തികപുരത്തും ഉദയഗിരിയിലും നിലവി ലുണ്ട്. എന്നിരുന്നാലും പരിമിതമായ ചികിത്സാ സൗകര്യങ്ങൾ മാത്രമെ ഇവിടങ്ങളിൽ നിലവിലുള്ളൂ. ഉദയഗിരിയിലും മണക്കടവും കേന്ദ്രമാക്കി സ്വകാര്യ ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ നിലവിലുണ്ട്. ആയുർവേദ, മർമ്മ, യുനാനി, സിദ്ധ, നാട്ടു, ഹെർബോ മിനറൽ ചികിത്സയും വിവിധ കേന്ദ്രങ്ങളിൽ നിലവിലുണ്ട്.

ആരോഗ്യ മേഖലകളിൽ നമ്മുടെ പഞ്ചാ യത്ത് ആശാവഹമായ അവസ്ഥയിൽ ആണെങ്കി ൽത്തന്നെയും അവ തുടർന്നും നിലനിർത്തേണ്ടി യിരിക്കുന്നു.

### പ്രശ്നങ്ങൾ

1. ഔദ്യോഗിക ചികിത്സയുടെ ഭാഗമായുള്ള കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.
2. മിനി പി.എച്ച്.സിയുടെ ഭാഗമായുള്ള 5 സബ് സെൻററുകൾക്ക് സ്വന്തമായി കെട്ടിടവും അതിൽ തന്നെ 2 കേന്ദ്രങ്ങൾക്ക് സ്വന്തം സ്ഥലവും ഇല്ല.
3. ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം നിലവിലില്ല.
4. ജനസംഖ്യാനുപാതികമായി ആരോഗ്യ പ്രവർത്തകരുടെ കുറവും സബ്സെൻററിൻെറ കുറവും.
5. പൊതുസംവിധാനത്തിൻെറ ഭാഗമായുള്ള ആയുർവേദ ആശുപത്രിയില്ല. മലമ്പ്രദേശങ്ങളും തണുപ്പ് കൂടുതലുമുള്ള സ്ഥലമായതിനാൽ വാത സംബന്ധമായ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി കാണുന്നു.
6. സർക്കാർ ചികിത്സാ സ്ഥാപനങ്ങളോടനുബ ന്ധിച്ച് താമസ സൗകര്യമില്ല.
7. ആരോഗ്യബോധവൽക്കരണ ക്ലാസ്സിൽ പൊതു ജനങ്ങളുടെ പങ്കാളിത്തക്കുറവ്.

### സാദ്ധ്യതകൾ

1. ഉദയഗിരി മിനി പി.എച്ച്.സിക്ക് അനുവദിക്ക പ്പെട്ടിട്ടുള്ള 10 കിടക്കയുള്ള ആശുപത്രിയുടെ തുടർ നടപടികൾ എത്രയും പെട്ടെന്ന് നടത്തുക. മണക്കടവ് മിനി പി.എച്ച്.സി യിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സേവനം ഉപയോഗപ്പെടുത്താം.
2. 5 സബ്സെൻററുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
3. ഹോമിയോപ്പതി ഡിസ്പൻസറിക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടുകൾ കണ്ടെത്തി നിർമ്മാണത്തിനുള്ള നൂലാമാലകൾ പരിഹരി ക്കുക.
4. ജനസംഖ്യാനുപാതികമായി ആരോഗ്യ പ്രവർത്തകരെയും സബ്സെൻററുകളും അനു വദിക്കുക.
5. ആയൂർവേദ ആശുപത്രി അനുവദിക്കുക.
6. സർക്കാർ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള താമസ സൗകര്യം ഏർപ്പെടുത്തുക.
7. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്ത്, ജൂനിയർ ചേമ്പർ, മഹിളാ സ്വസ്ഥ് സംഘം, മഹിളാ സമാജങ്ങൾ അംഗൻ വാടികൾ, ക്ലബുകൾ മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകര ണത്തോടെ ബോധവൽക്കരണ ക്ലാസ്സ് നടത്തുക യും ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുകയും

**ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.**

8. സമൂഹത്തിൽ നേത്രദാനം, രക്തദാനം എന്നിവ പ്രോത്സാഹിപ്പിക്കുക.

9. ആലക്കോട് പഞ്ചായത്തിൻെറ നിയന്ത്രണ ത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉദയഗിരി പഞ്ചായത്തിലെ മണക്കടവ് പി. എച്ച്. സി., ഉദയ ഗിരി പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരികയും പി.എച്ച്.സി യുടെ വികസന ത്തിനുള്ള ഫണ്ടുകൾ പഞ്ചായത്തിന് അനുവദി ക്കുകയും ചെയ്യുക.

## കുടിവെള്ളം

അവലോകനം: മലമ്പ്രദേശ മേഖലയാണെ ങ്കിൽത്തന്നെയും നീരുറവകളാലും അരുവി കളാലും സമ്പന്നമാണ് എന്നിരുന്നാലും വേന ലാരംഭത്തോടുകൂടി കുടിവെള്ളക്ഷാമം അനുഭവ പ്പെടുന്നത് ഒരു വിരോധാഭാസമായി തോന്നുന്നു. പ്രാഥമിക ജീവിത സൗകര്യങ്ങളിൽ ശുദ്ധജലം ലഭ്യമാക്കേണ്ടത് വളരെയധികം പ്രാധാന്യം അർഹിക്കുന്നു. എന്നാൽ ഭൂരിഭാഗം ജനങ്ങളും പരമ്പരാഗത ജലസ്രോതസ്സുകളായ നീരുറവകളെ യാണ് ആശ്രയിക്കുന്നത്. സ്വന്തമായി കിണർ ഉള്ളവർ വളരെ കുറവാണ്.

നീരുറവകളെയാണ് ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് എങ്കിൽതന്നെയും പൊതു കിണറുകളുടെ ഒരു ശ്രുംഖല നിലവിൽ ഉണ്ട്. എന്നാൽ ഇതിൽ ഭൂരിഭാഗവും ഉപയോഗ പ്രദമല്ലാത്ത അവസ്ഥയിൽ ആണ്. പഞ്ചായ ത്തിൽ 20 പൊതു കിണറുകൾ ഉണ്ട്. എന്നാൽ ഇവയുടെ ഇന്നത്തെ അവസ്ഥ പരിശോധി ക്കേണ്ടിയിരിക്കുന്നു. മിക്ക പൊതു കിണറുകളി ലും ജലം തന്നെ ലഭ്യമല്ലാത്തവസ്ഥയാണ്.

ആറ് പൊതു കിണറുകളിൽ വെള്ളം ഇല്ലാ ത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്നു. വളരെയധികം ജനങ്ങൾക്ക് ഉപകാരപ്രദ മായിരു ന്നവയാണ് ഇവയെല്ലാംതന്നെ. മറ്റ് 2 പൊതു കിണറുകൾ വേനലാരംഭത്തോടുകൂടി വറ്റുന്ന വയാണ്. ഇതിൽ ഒന്ന് കോളനി പ്രദേശത്താണ്. 50 കുടുംബങ്ങൾ ആശ്രയിക്കുന്നത് ഈ പൊതു കിണറിനെയാണ്. പത്താം വാർഡിലെ കോളനി യിൽ ശുദ്ധജലം ലഭ്യമാക്കാൻ നിർമ്മിച്ച കുളം പദ്ധതികളുടെ സ്വാഭാവിക പരിസമാപ്തി പോലെ പ്രയോജനകരമല്ലാത്ത സ്ഥിതിയിലാണ്. തുവര ക്കാട്ട് കോളനി പ്രദേശത്തുള്ള കുളത്തിൻെറ സ്ഥിതിയും ഈ അവസ്ഥയിലാണ്.

1990ൽ പ്രവർത്തനമാരംഭിച്ച അരങ്ങം-കാർത്തികപുരം ശുദ്ധജല വിതരണ പദ്ധതിയും 1993-94ൽ തുടങ്ങിയ മാവുതട്ട് പാറോത്തും മല പദ്ധതിയുമാണ് പഞ്ചായത്തിൽ നിലവിലുള്ള ഔദ്യോഗിക പദ്ധതികൾ. കാർത്തികപുരം പുഴ ഈ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നു. രണ്ട് പദ്ധതികളിലും കൂടി 76 പൊതുടാപ്പുകളും 56 ഹൗസ് കണക്ഷനുകളും നിലവിൽ ഉണ്ട്. വളരെ ചെറിയൊരു ശതമാനം ജനങ്ങൾക്കു മാത്രമെ ഈ പദ്ധതികൾ പ്രയോജനമാകുന്നുള്ളൂ.

പഞ്ചായത്തിൽ അഞ്ച് പൊതു കുഴൽ കിണ റുകൾ ഉണ്ട്. ഇതിൽ വളരെയധികം ജന ങ്ങൾക്ക് ഉപയോഗപ്രദമായിരുന്ന 3ാം വാർഡിലെയും 8ാം വാർഡിലെയും കിണറുകൾ ഉപയോഗ പ്രദമല്ലാത്ത അവസ്ഥയാണ്.

രാജീവ്ഗാന്ധി കുടിനീർ പദ്ധതി പ്രകാരം ചെക്കുരിഞ്ഞി, പൂവൻചാൽ, പെരുമുണ്ട, മാവുംതട്ട്, ആനക്കുഴി എന്നീ സ്ഥലങ്ങളിൽ 5 പൊതു കിണറുകളും മുണ്ടേരിത്തട്ട്, കവുങ്ങൻ തണ്ണി എന്നിവിടങ്ങളിൽ 2 കുളവും നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. കൂടാതെ കാട്ടിയെമുറിച്ച കൊല്ലി, നൂറ് ഏക്കർ, രത്നഗിരി പ്രദേശങ്ങളിൽ 3 പൊതു കിണറിനുള്ള ഭരണാനുമതിയായി.

മുഖ്യ കുടിനീർ സ്രോതസ്സായി ഉപയോഗ പ്പെടുത്തുന്നത് നീരുറവയാണ്. അതിനാൽ തന്നെ

അവയുടെ സംരക്ഷണത്തിലൂടെ ജല ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. പഞ്ചായത്തിലെ നീരുറവയുള്ള പ്രധാന സ്ഥലവും അവയുടെ ഉടമസ്ഥതയെയും കുറിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

വേനലാരംഭത്തോടെ പഞ്ചായത്തിൽ ജല ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ അനവധിയാണ്. പ്രധാനമായും 30 പ്രദേശങ്ങളിൽ പൂർണ്ണമായി ത്തന്നെ കുടിവെള്ളക്ഷാമം നേരിടുന്നു. പൂർണ്ണ

## നീരുറവ/ ജലലഭ്യത പ്രദേശങ്ങൾ

| ക്രമനമ്പർ | വാർഡ്നമ്പർ | നീരുറവ/ജലലഭ്യതസ്ഥലങ്ങൾ | സ്വകാര്യവ്യക്തികൾ/പൊതുസ്ഥലം |
|---|---|---|---|
| 1 | 2 | നൂറ് ഏക്ര സ്വകാര്യവ്യക്തി | |
| 2 | 3 | ആനക്കുഴിയുടെ മുകൾഭാഗം | " |
| 3 | 4 | കാപ്പിമല രാജഗിരിറോഡ് സൈഡ് | " |
| 4 | 4 | മഞ്ഞപ്പുല്ല് പ്രദേശം | " |
| 5 | 5 | നമ്പ്യാർ മല | " |
| 6 | 6 | താവളം | " |
| 7 | .1 | കോളി | " |
| 8 | 7 | വലിയ തുവരക്കാട് പേഴുങ്കൽ, മണക്കാട്ട് തട്ട് | " |
| 9 | 9 | കുട്ടപ്പള്ളി. തൊണ്ടൻകുന്ന് | " |
| 10 | 10 | ഞറക്കകര ഭാഗം | " |
| 11 | 5 | ചേലക്കൽ മധുവനം | പൊതുസ്ഥലം |

ജല ക്ഷാമം നേരിടുന്ന വാർഡ് തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.
(അടുത്തപേജ്കാണുക)

### പ്രശ്നങ്ങൾ

1. പൊതുകിണറുകളും കുഴൽ കിണറുകളും ഉപയോഗയോഗ്യമല്ല.

2. പൊതു ടാപ്പുകളിൽനിന്ന് സ്ഥിരമായുള്ള ശുദ്ധ ജലവിതരണം ഇല്ല. ഏറ്റവും അത്യാവശ്യമുള്ള വേനൽകാലങ്ങളിൽ വിതരണ തടസ്സം നിത്യ സംഭവമാണ്.

3. മണ്ണിനടിയിലെ പാറ മുതുശ്ശേരിതട്ട് പോലുള്ള സ്ഥലങ്ങളിൽ കിണർ കുഴിക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നു.

4. നീരുറവകളെയും അരുവികളെയുമാണ് ഭൂരിഭാഗവും ശുദ്ധജലത്തിന് ആശ്രയിക്കുന്നത്. എന്നാൽ ഓലചീയലിന് ഉപയോഗപ്പെടുത്തുന്നതിലൂടെയും തോട്ട, തുരിശ് ഇവ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതിലൂടെയും ജലം മലിനീകരണത്തിനു കാരണമാകുന്നു.

### സാദ്ധ്യതകൾ

1. പരമ്പരാഗത ജലസ്രോതസായ നീരുറവകളിൽ നിന്നും ഇന്ധന ചിലവ് ഇല്ലാതെ പൈപ്പ് വഴി താഴ്ന്ന സ്ഥലങ്ങളിൽ ശുദ്ധജലം ശേഖരിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

## ജലക്ഷാമപ്രദേശങ്ങളുടെ പേർവിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് | ജലക്ഷാമപ്രദേശങ്ങളുടെ പേർവിവരങ്ങൾ | എത്രവീടുകളെ ബാധിക്കുന്നു |
|---|---|---|---|
| 1 | 1 | കോളി പ്രദേശം | 100-നും 150നും ഇടയിൽ |
| 2 | ” | പൂവ്വൻഞ്ചാൽ പ്രദേശം | 150-നും 175 നും ഇടയിൽ |
| 3 | 2 | നൂറ് ഏക്ര | 60-തിൽ പരം |
| 4 | ” | കാഞ്ഞിരകയം | 30-തിൽ പരം |
| 5 | ” | തോണ്ടിക്കുഴി | 25-ൽ പരം |
| 6 | ” | ലക്ഷം വീട് കോളനി | 20 - 25 നും ഇടയിൽ |
| 7 | 3 | ആനക്കുഴി | 80-ൽ പരം |
| 8 | ” | ഉരുവിൻ കരി കവല | 125നും 150 നും ഇടയിൽ |
| 9 | ” | മണക്കടവ് പള്ളിക്കുന്ന് | 30-തിൽ പരം |
| 10 | ” | മണക്കടവ്-മൂരിക്കടവ് റോഡിന്റെ മദ്ധ്യഭാഗപ്രദേശം | 30-തിൽ പരം |
| 11 | 4 | ചീക്കാട് പുളിമൂട്ട് | 20 നും 25 നും ഇടയിൽ |
| 12 | ” | മുട്ടത്താം വയൽ | ” ” |
| 13 | ” | കാപ്പിമല | ” ” |
| 14 | ” | മൂരിക്കടവ് മുകൾ ഭാഗം | 25 ന് അടുത്ത് |
| 15 | ” | ചീക്കാട് പ്ലാന്റേഷൻ ഭാഗം | 15 ന് അടുത്ത് വീടുകൾ |
| 16 | 5 | മാമ്പൊയിൽ | 50 - തിൽ പരം |
| 17 | ” | ചെമ്മണ്ണംകുന്ന് കവല | 25 - ” |
| 18 | ” | നമ്പ്യാർ മല | 30 - ” |
| 19 | ” | വെള്ളാട്ടുകൊല്ലി | 25 - ” |
| 20 | 6 | ലഡാക്ക് | 75 - ” |
| 21 | ” | താവളം | 50 - ” |
| 22 | 7 | ചുള്ളിപ്പള്ള | 50 - ” |
| 23 | ” | തുവരക്കാട് | 50 - ” |
| 24 | 8 | വലിയ തുവരക്കാട് | 50 - ” |
| 25 | ” | മണക്കാട്ട് തട്ട് | 50 - ” |
| 26 | 9 | ഹിൽടോപ്പ് | 50 - ” |
| 27 | ” | തൊണ്ടൻ കുന്ന് | 75 ന് അടുത്ത് |
| 28 | 10 | തെക്കേക്കരഭാഗം | 20 - ന് അടുത്ത് |
| 29 | ” | മുതുശ്ശേരിത്തട്ട് കോളനി പ്രദേശം | 30 - ” |
| 30 | ” | തലതണ്ണി കോളനി | 50 - തിന് അടുത്ത് |

2. **നിലവിലുള്ള പൊതു കിണറുകളും കുഴൽ കിണറുകളും ഉപയോഗപ്രഥമാക്കുക.** സന്നദ്ധ സേവനത്തിലൂടെ ഇവയുടെ നവീകരണം നടത്താവുന്നതും ആ മേഖലയിലുള്ളവരുടെ നിയന്ത്രണത്തിൽ കിണറുകളുടെ സംരക്ഷണം ഉറപ്പുവരുത്താവുന്നതുമാണ്.

3. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലുള്ള നീരുറവകളും അരുവികളും സംരക്ഷിച്ചും ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങളും കിണറുകളും നിർമ്മിച്ചും ശുദ്ധജലം ലഭ്യമാക്കാം.

4. മണ്ണിനടിയിലെ പാറകൾ തടസ്സമായി നില്ക്കുന്ന പ്രദേശങ്ങളിൽ ഉള്ളവർക്ക് വിദഗ്ദരുടെ സേവനം ഉപയുക്തമാക്കുക.

5. പൊതു ടാപ്പുകളിൽ ജലവിതരണത്തിന് തടസ്സമായ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള സ്റ്റെപ്പ്അപ് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുക.

6. ജലമലിനീകരണത്തിനു കാരണമാകുന്ന ഓലയിടലും തോട്ട, തുരിശ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യം പിടിക്കുന്നതും കർശനമായി തടയുകയും മലിനീകരണത്തിനുള്ള കാരണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുക.

7. ജലശുദ്ധീകരണത്തിനുള്ള ക്ലോറിൻ(ബ്ലിച്ചിംഗ് പൗഡർ) സൗജന്യമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. ജലവിതരണ പൈപ്പ് പൊട്ടിയുള്ള ജലനഷ്ടം പരിഹരിക്കുകയും കൂടുതൽ പൈപ്പ് കണക്ഷനുകൾ അനുവദിക്കുകയും ചെയ്യുക.

9. സ്വകാര്യ കിണറുകളുടെ നിർമ്മാണത്തിനു പ്രാധാന്യം നൽകുക.

## ശുചിത്വം

സാക്ഷരതയിൽ നമ്മുടെ പഞ്ചായത്ത് 96% ആണ്. എന്നിരുന്നാലും ശുചീകരണ കാര്യത്തിൽ പിന്നോക്കമാണ്. ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ജലമലിനീകരണത്തിനും രോഗാണുവ്യാപനത്തിനും കാരണമാകുന്ന മലം മറവുചെയ്യുന്നതിനുള്ള ശുചീകരണ കക്കൂസുകൾ വളരെ പരിമിതമാണ്. 3990-ഓളം കുടുംബങ്ങൾ താമസിക്കുന്നതിൽ കേവലം 1797 വീടുകളിൽ(45%) മാത്രമാണ് കക്കൂസുകൾ ഉള്ളത്.

പട്ടണമെന്നോ ഗ്രാമമെന്നോ വേർതിരിവില്ലാതെ വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ നിന്നും ഏറെയൊന്നും വ്യത്യാസമില്ല ഈ പഞ്ചായത്തിനും. വീടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിനജലവും ഖരാവശിഷ്ടങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ മലിനജല നിർഗമന കുഴികളോ(സോക്കേജ് പിറ്റ്) വളക്കുഴിയോ(കംപോസ്റ്റ് പിറ്റ്) ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ ഇല്ലെന്ന് തന്നെ പറയാം.

നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ തിരിച്ചുവന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മലിനജലവും പരിസര ശുചിത്വം ഇല്ലാത്ത ചുറ്റുപാടും ഈച്ച, കൊതുക് ഇവയുടെ വംശവർദ്ധനവിനും രോഗതുരതക്കും കാരണമാകും. ആയതിനാൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ശുചീകരണ കക്കൂസുകൾ ഇല്ലാത്ത ഏകദേശം 2300 വീടുകൾ പഞ്ചായത്തിൽ ഉണ്ട്.

2. ഹോട്ടലുകളിൽനിന്നും മത്സ്യമാംസ വില്പന കേന്ദ്രങ്ങളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിനജലവും ഖരാവശിഷ്ടങ്ങളും മലിനീകരണത്തോത് ഉയർത്തുന്നതിനും ഈച്ച, കൊതുക് ഇവയുടെ വർദ്ധനവിനും കാരണമാകുന്നു.

3. ടൗണുകൾ കേന്ദ്രീകരിച്ച് പൊതു കക്കൂസു

കളോ മൂത്രപ്പുരയോ നിലവിൽ ഇല്ല.

4. ശുചീകരണ തൊഴിലാളികൾ ഇല്ല.

## സാദ്ധ്യതകൾ

1. ശുചീകരണ കക്കൂസ് നിർമ്മാർജനത്തിന് ആവശ്യമായ കർമ്മ പദ്ധതി പഞ്ചായത്ത് മുഖേന നടപ്പിലാക്കുക. ഈ പ്രവർത്തനത്തിൽ സന്നദ്ധ സേവനം ഉപയുക്തമാക്കാൻ കഴിയും.

2. ശുചീകരണ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശുചീകരണ തൊഴിലാളികളെ പഞ്ചായത്ത് നിയമിക്കുക.

3. കൊതുക് നിയന്ത്രണത്തിന് ഡി.ഡി.ടി. സ്പ്രേയിംങ്ങ് നടത്തുകയും സ്പ്രേയിംങ്ങ് തൊഴിലാളിയെ നിയമിക്കുകയും ചെയ്യുക.

4. ജല പരിസര മലിനീകരണത്തിനുള്ള കാരണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക.

ആരോഗ്യ ശുചിത്വ കുടിവെള്ള മേഖലകളിലെ പ്രശ്നങ്ങൾ എല്ലാംതന്നെ പരിഹരിച്ചാൽ ഈ മേഖലയിൽ നല്ലൊരുനാളെ നമുക്ക് പ്രതീക്ഷിക്കാം.

# ഗതാഗതം

കർണ്ണാടക സംസ്ഥാന വനപ്രദേശത്തോടു ചേർന്നു കിടക്കുന്ന ഒരു കുടിയേറ്റ ഗ്രാമ പ്രദേശമാണ് ഇന്നത്തെ ഉദയഗിരി ഗ്രാമ പഞ്ചായത്ത്. ആദ്യ കാല ഘട്ടങ്ങളിൽ വനമായി കിടന്നിരുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശം ഏതാനും ജന്മിമാരുടെ കൈവശം ആയിരുന്നുവെങ്കിലും ആദിവാസികൾ മാത്രമായിരുന്നു ഇവിടെ താമസിച്ചിരുന്നത്. ഈ കാരണത്താൽ തന്നെ ഗതാഗതത്തിൻെറ പ്രാധാന്യം ഇവിടെ വളരെ കുറവായിരുന്നു. വനഭൂമിയിൽ നിന്നും ശേഖരിക്കുന്ന വിഭവങ്ങൾ പ്രധാനമായും മരത്തടികൾ,പുഴയിൽ എത്തിച്ച് ചങ്ങാടം കെട്ടി കുപ്പം ഭാഗത്തുള്ള മില്ലുകളിലും മറ്റും എത്തിക്കുകയായിരുന്നു ആദ്യകാല ഘട്ടങ്ങളിൽ ചെയ്തിരുന്നത്. എന്നാൽ ജന്മിമാരിലൊരാളായിരുന്ന ശ്രീ. പി.ആർ.രാമവർമ്മ രാജ അദ്ദേഹത്തിൻെറ ജന്മാവകാശത്തിൽപെട്ട വനവിഭവങ്ങൾ കമ്പോളത്തിൽ എത്തിക്കുവാനുള്ള ലക്ഷ്യത്തോടു കൂടി മാത്രം കുരുടികൊല്ലിയിൽനിന്നും ഇന്ന് കാർത്തികപുരം എന്നറിയപ്പെടുന്ന'കാക്കത്തൊലി' വരെയുള്ള റോഡ് വെട്ടിത്തുറന്നു. ഈ റോഡാണ് ഈ മേഖലയിലുണ്ടായ ആദ്യത്തെ ഗതാഗത മാർഗ്ഗം. കാലഘട്ടങ്ങൾ പിന്നിട്ടപ്പോൾ 1952 ാംമാണ്ടോടുകൂടി തിരുവിതാംകൂറിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും കൃഷിഭൂമി തേടി ഈ പ്രദേശത്തുള്ള മലയോര മേഖലകളിലേക്ക് പ്രത്യേകിച്ച് കാർത്തികപുരം പുഴയുടെ തെക്കുഭാഗങ്ങളിൽ കുടിയേറിയ ധാരാളം ജനങ്ങൾ അവരുടെ ആവശ്യാർത്ഥം കാക്കത്തോലിയിൽ നിന്നും മറ്റു പ്രദേശങ്ങളിലേക്ക് പല റോഡുകൾ ശ്രമദാനമായി നിർമ്മിച്ചിരുന്നു. ഈ കാലഘട്ടങ്ങളിൽ നിറഞ്ഞൊഴുകുന്ന കാർത്തികപുരം പുഴ മുറിച്ച് വടക്കോട്ടു കടക്കുവാൻ യാതൊരു മാർഗ്ഗവുമില്ലാതിരുന്നതിനാൽ പാട്ടപ്പാറ എന്ന ഇന്നത്തെ ഉദയഗിരി ഭാഗത്ത് കുടിയേറാൻ ജനങ്ങൾക്ക് പൊതുവേ ഭയമായിരുന്നു. എന്നിരുന്നാലും കുടിയേറിപ്പാർത്ത ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങളെ ലക്ഷ്യമാക്കി കാർത്തികപുരം ഭാഗത്തുനിന്നും റോഡ് വെട്ടിത്തുറക്കു ന്നതിന് ഒരു അമാന്തവും കാണിച്ചിരുന്നില്ല. ഇങ്ങനെ നിർമ്മിച്ചിരുന്നവയിൽ പ്രധാനപ്പെട്ടവ കാർത്തിക പുരം-ഉദയഗിരി-തൊണ്ടൻ കുന്ന്, ഉദയഗിരി- ശാന്തിപുരം എന്നീ റോഡുകളാണ്. ഈ റോഡുക ളെല്ലാം തന്നെ ശക്തിയേറിയ ഒഴുക്കുള്ള പുഴയും അരുവികളും കടന്നാണ് മലയുടെ മുകളിൽ സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 700 മീറ്റർ ഉയരത്തിൽ വരെ സ്ഥിതിചെയ്യുന്ന പല ലക്ഷ്യസ്ഥാനങ്ങളിലും എത്തിച്ചേർന്നിരുന്നത്. വേനൽക്കാലങ്ങളിൽ താൽക്കാലികമായി പുഴയിൽ കെട്ടിപ്പൊക്കുന്ന ചപ്പാത്തുകളും വർഷകാലത്ത് മരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് മുള കെട്ടിയുണ്ടാക്കുന്ന പാലങ്ങളും ആയിരുന്നു കാർത്തികപുരം പുഴയുംമറ്റ് എല്ലാ തോടുകളും കടക്കുവാൻ ഉണ്ടായിരുന്ന മാർഗ്ഗങ്ങൾ. അതിനാൽ തന്നെ ഈ റോഡുകളെല്ലാം

ഗതാഗത സാദ്ധ്യമായിരുന്നില്ല. ഈ കാലഘട്ടങ്ങളിൽ ജനങ്ങൾ കാൽ നടയായിട്ട് ചാണോകുണ്ട് വരെ എത്തി അവിടെ നിന്നും വാൻ മാർഗ്ഗം തളിപ്പറമ്പിൽ എത്തിച്ചേർന്നിരുന്നു.തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റം വർദ്ധിക്കുകയും കുടിയേറ്റ ജനതയുടെ ആവശ്യങ്ങൾക്ക് തടസം അനുഭവപ്പെടുകയും ചെയ്തപ്പോൾ ജനങ്ങൾ സർക്കാരിൽ ചെലുത്തിയ സമ്മർദ്ദത്തിൻെറ ഫലമായി തളിപ്പറമ്പിൽ നിന്നും മണക്കടവുവരെയുള്ള അന്തർസംസ്ഥാന ഗതാഗതം ലക്ഷ്യമാക്കി സർക്കാർ ഏറ്റെടുക്കുകയും എടുത്തു പറയത്തക്ക വ്യതിയാനങ്ങൾ ഗതിയിലും രൂപത്തിലും 'വരുത്താതെ "ജോലിക്കു് കൂലി ഭക്ഷണം" പദ്ധതി യിൽ ഉൾപ്പെടുത്തിക്കൊണ്ട് വിപുലീകരണ പ്രവർത്തി കൾ നടത്തുകയും ചെയ്തു. 1966 കാലഘട്ടത്തോടു കൂടി മണക്കടവ് പുഴക്ക് ഒരു കോൺക്രീറ്റ് പാലം സർക്കാർ പണിതീർത്തിരുന്നുവെന്ന് അഭിമാനത്തോടു കൂടി പറയാമെങ്കിലും മണക്കടവിൻെറ കിഴക്ക് പ്രദേശം കർണ്ണാടക സംസ്ഥാനത്തിൻെറ വന പ്രദേശമായതിനാൽ റോഡിൻെറ വികസനം സാദ്ധ്യമല്ലാതാവുകയും ഈ റോഡിലെയുള്ള ഗതാ ഗതം ഒരു മരീചികയായിത്തീരുകയും ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽതന്നെ കാർത്തികപുരം-ഉദയഗിരി-തൊണ്ടൻകുന്ന് റോഡും ഉദയഗിരി- ശാന്തി പുരം റോഡും ഗ്രാമീണ മനുഷ്യ പ്രയത്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലീകരിച്ചിരുന്നു. മേല്പറഞ്ഞ മണക്കടവ് തളിപ്പറമ്പ് റോഡാണ് ഇന്നത്തെ ഉദയഗിരി ഗ്രാമപഞ്ചായത്തിൻെറ രാജകീയ പാതയായി മാറിയ തളിപ്പറമ്പ് - കൂർഗ്ഗ് ബോർഡർ റോഡിൻെറ 24 കി.മീ.മുതൽ 36 കി.മീ. വരെയുള്ള പ്രദേശങ്ങൾ 1966 കാലഘട്ടത്തിൽ ടി.സി.ബി. റോഡിലൂടെ എടുത്തു പറയത്തക്ക യാത്രാ വണ്ടികൾ ലഭ്യമായിരുന്നില്ല. എങ്കിലും ഒരു സ്വകാര്യവ്യക്തിയുടെ വാൻ സർവ്വീസ് 1996 കാലഘട്ടം വരെ ഈ നാട്ടിലുള്ള ജനങ്ങൾക്ക് ഏക ആശ്രയമായിരുന്നു. കർഷകർ തങ്ങളുടെ ഉല്പന്നങ്ങൾ കമ്പോളങ്ങളിൽ എത്തിക്കുന്നതിനായി വേനൽകാലങ്ങളിൽ വളരെ അപൂർവ്വമായി മാത്രം എത്തിപ്പെടാറുള്ള ലോറികളെ ആശ്രയിച്ചിരുന്നു. ഈ ഇനത്തിൽ തന്നെ കർഷകർക്ക് ഭീമമായ തുക വാടക ഇനത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്നു. വാൻ ഗതാഗത മുണ്ടായിരുന്ന റോഡിൽ നിന്നും മറ്റ് പ്രദേശങ്ങളി ലേക്ക് പോയിരുന്ന ജനങ്ങൾ വന്യമൃഗങ്ങളിൽ നിന്നും പ്രത്യേകിച്ച് കാട്ടാനക്കൂട്ടങ്ങളിൽ നിന്നും ആക്രമണം ഭയന്ന് മദ്ധ്യഹ്നങ്ങളിൽ പോലും കൂട്ടമായിട്ടായിരുന്നു സഞ്ചരിച്ചിരുന്നത്. ഗതാഗതസൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം നല്കുന്നതിന് വിദൂരസ്ഥലങ്ങളിലെ സ്കൂളുകളിൽ അയക്കുവാൻ രക്ഷിതാക്കൾക്ക് സാധിച്ചിരുന്നില്ല. ഈ കാലഘട്ട ത്തിൽ കാർത്തികപുരത്തും മുക്കടയിലും ഓരോ തൂക്കുപാലങ്ങളും നിർമ്മിച്ചിരുന്നു. കാർത്തികപുരം, ഉദയഗിരി എന്നീ മേഖലകൾ ഉൾപ്പെടുത്തി ഉദയഗിരി പഞ്ചായത്ത് രൂപീകൃതമാക്കുന്നതുവരെയുള്ള കാല ഘട്ടത്തിൽ ഈ മേഖലകളിലെ ഗ്രാമീണ റോഡുക ളുടെയെല്ലാം സംരക്ഷണചുമതല ആലക്കോട് പഞ്ചായത്തിന് ആയിരുന്നുവെങ്കിലും ഫലത്തിൽ ഇവയുടെയെല്ലാം സംരക്ഷണവും അററകുററ പണി കളും നടത്തിയിരുന്നത് സാമൂഹ്യപ്രവർത്തകരുടെ നേതൃത്വത്തിൽ ജനങ്ങൾ തന്നെയായിരുന്നു. 1966 കാലഘട്ടം മുതൽ ഇന്നത്തെ ടി.സി.ബി റോഡിലൂടെ മണക്കടവ് വരെ ബസ്സ് ഗതാഗതം ആരംഭിച്ചു. പഞ്ചായത്ത് രൂപീകൃതമാകുന്ന കാലഘട്ടത്തിൽ ടി.സി.ബി.റോഡുമാത്രമായിരുന്നു ഗതാഗതമുള്ള ഏക റോഡ്. ഈ കാലഘട്ടത്തിൽ ഉദയഗിരി മേഖലയിൽ കുടിയേറിയ ജനങ്ങൾ മുഴുവനും കാർത്തികപുരത്തും ടി.സി.ബി. റോഡിൻെറ മറ്റു ഭാഗങ്ങളിലും കാൽനടയായി എത്തി മണക്കടവിൽ നിന്നും വരുന്ന ബസ്സുകളിൽ 'വാഗൺട്രാജഡി' ഓർമ്മിച്ച് യാത്ര ചെയ്താണ് പുറംലോകവുമായി ബന്ധപ്പെട്ടിരുന്നത്. ഈ കാലഘട്ടത്തിൽ കാർത്തികപുരത്തുള്ള മരച്ചപ്പാത്തിലൂടെ ഉദയഗിരി ഭാഗത്തേക്ക് തുടങ്ങിയ ബസ്സ് സർവ്വീസ് അധികം വൈകാതെ നിന്നു പോയിരുന്നു.. ഉദയഗിരി പള്ളിവികാരിയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് വെട്ടികുഴിച്ചാലിൽ അച്ചൻെറ നേതൃത്വത്തിൽ പൂർണ്ണമായും ജനപങ്കാളി ത്തത്തോടുകൂടി കാർത്തികപുരത്ത് ഒരു ക്രോസ്‌വേ യ്ക്ക് തുടക്കമിട്ടെങ്കിലും പണി പൂർത്തിയാക്കാനാ വാതെ ഇടയ്ക്ക് നിർത്തിവെക്കേണ്ടി വന്നു. എങ്കിലും ദിവംഗതനായ അഗസ്റ്റ്യൻ കിഴുക്കരക്കാട്ട് അച്ചൻെറ നേതൃത്വത്തിൽ ജനങ്ങൾ സഹകരിച്ച് ക്രോസ്‌വേയുടെ

പണി 1979-ൽ പൂർത്തീകരിച്ചതോടുകൂടി കാർത്തിക പുരത്തിന് വടക്ക് ഭാഗത്തേക്കുള്ള സുഗമമായ ഗതാഗതത്തിന് നാന്ദി കുറിച്ചു. ഉദയഗിരി റോഡിന്റെ നവീകരണവും ഉദയഗിരി പാലത്തിന്റെ നിർമ്മാണ വും ഈ കാലഘട്ടത്ത് ഉണ്ടായ ഗതാഗത മാർഗ്ഗ ങ്ങളിൽ എടുത്തു പറയേണ്ടവയാണ്. ഉദയഗിരി - താളിപ്പാററോഡിന്റെയും, ഉദയഗിരി - അരിവിളഞ്ഞ പൊയിൽ റോഡിന്റെയും നവീകരണപ്രവർത്തികൾ ജനപങ്കാളിത്തത്തോടുകൂടി നടത്തിയതിന്റെ ഫലമായി 1978 ആയപ്പോഴേയ്ക്കും ഉദയഗിരി വഴി അരിവിളഞ്ഞപൊയിലും താളിപ്പാറക്കും ബസ്സ് ഗതാ ഗതം ആരംഭിച്ചു. തുടർന്നുള്ള കാലഘട്ടത്തിൽ നിരവധി ഗ്രാമീണ റോഡുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളെ ബന്ധപ്പെടുത്തി കൊണ്ടു രൂപം കൊണ്ടെങ്കിലും ഭൂപ്രകൃതിയുടെ പ്രത്യേകതകൾ നിമിത്തം മിക്ക റോഡുകളും ബസ്സ് ഗതാഗതത്തിന് യോജിച്ചവയായിരുന്നില്ല. ഇവയിൽ മിക്കറോഡുകളും താരതമ്യേന ഉയരം കൂടിയ മലയുടെ മുകളിൽ അവ സാനിക്കുന്ന രീതിയിലോ അല്ലെങ്കിൽ വനാതിർത്തി യിൽ അവസാനിക്കുന്നവയോ ആയിരുന്നു. മാത്രമല്ല മലയോര ഗ്രാമീണ റോഡുകളുടെയെല്ലാം നീരൊഴിക്കിനുള്ള കലുങ്കുകളുടെ അഭാവം നിമിത്തം കാലവർഷാരംഭത്തോടുകൂടി മഴവെള്ളം റോഡിലൂടെ കുത്തിയൊഴുകി റോഡുകൾ തോടുകൾ ആവുന്ന അവസ്ഥ എല്ലാ റോഡുകളുടെയും ശാപവുമായി രുന്നു.

കഴിഞ്ഞ ഒരു വ്യാഴവട്ടകാലത്തോളമായി ഗതാഗതമേഖലയിൽ എടുത്തുപറയത്തക്ക പല പുരോഗതികളും ഈ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ഇവയിൽ മുക്കട പുഴയ്ക്ക് കുറുകെയുള്ള സ്റ്റീൽ പാലം, മണിയൻപിള്ള റോഡിന് നിർമ്മിച്ച കോൺ ക്രീറ്റ് നടപ്പാലം, കാരിക്കയത്തും മൂരിക്കടവിലും നിർമ്മിച്ച കമ്പി പാലങ്ങൾ എന്നിവ എടുത്തു പറ യേണ്ടവയാണ്. കൂടാതെ മണക്കടവ് അമ്പലം പുഴ യ്ക്ക് നടപ്പാലം നിർമ്മാണം ആരംഭിക്കുവാനും പണി നടന്നുകൊണ്ടിരിക്കുന്ന കാർത്തികപുരം - താബോർ റോഡിൽ കാർത്തികപുരം പുഴയ്ക്ക് പാലം നിർമ്മി ക്കാനുള്ള ഭരണാനുമതിയും കിട്ടിയിട്ടുണ്ടെന്നുള്ളത് ഈ മേഖലയിൽ ഈയടുത്ത രണ്ട് വർഷങ്ങൾക്കു ള്ളിൽ കിട്ടിയ നേട്ടങ്ങളാണ്. സർക്കാർ ഏറ്റെടുത്തി ട്ടുള്ള 6.90 കി.മി. ദൈർഘ്യമുള്ള മണക്കടവ്-കാപ്പിമല റോഡിനും 5.90 കി.മി ദൈർഘ്യത്തിൽ അരിവിളഞ്ഞ പൊയിൽ - ജോസ്ഗിരി റോഡിനും ഭരണാനുമതി കിട്ടേണ്ടതായിട്ടുണ്ടെങ്കിലും രയരോം - പരപ്പ റോഡിന്റെ പണി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഈ പ്രദേശം വനഭൂമിയായിരുന്ന കാലം മുതൽ ഇന്നുവരെ പുറംലോകവുമായി ബന്ധപ്പെടുവാനുള്ള ഏകമാർഗ്ഗം പഞ്ചായത്തിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് പേകുന്ന തളിപ്പറമ്പ് - കൂർഗ്ഗ് ബോർഡർ റോഡും മാത്രമാണ്. കിഴക്കുഭാഗത്തുള്ള കർണ്ണാടക വനത്തിൽ കൂടി ഏകദേശം 20 കി.മി. ദൂരത്തിൽ റോഡ് പുതിയതായി നിർമ്മിച്ചാൽ ഈ ദിശയിലേക്ക് ഗതാഗതം സാദ്ധ്യമാകുകയും ടി.സി.ബി. റോഡ് ഒരു അന്തർസംസ്ഥാന ബോർഡിന്റെ നിലവാരത്തി ലേക്ക് ഉയരുകയും ചെയ്യും അതുപോലെ പഞ്ചായ ത്തിന്റെ തെക്കുവടക്കുമുള്ള ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ മാത്രമാണ് ഇപ്പോഴും ഈ ദിശയിലേ ക്കുള്ള അവലംബം തൽഫലമായി ഈ പ്രദേശത്തു ള്ള കാർഷിക വിഭവങ്ങൾ കമ്പോളങ്ങളിൽ എത്തി ക്കുന്നതിനും കുട്ടികളുടെ പഠനമുൾപ്പെടെയുള്ള അടി സ്ഥാന സൗകര്യങ്ങൾ സാധിക്കുന്നതിന് വളരെ യേറെ ക്ലേശങ്ങൾ ഇന്നും ജനങ്ങൾ അനുഭവിക്കു ന്നുണ്ട്.

ഏകദേശം 51.80 ച.കി.വിസ്തൃതിയുള്ള ഉദയ ഗിരി പഞ്ചായത്തിൽ ഇന്ന് സാമാന്യം വിപുലമായ ഗ്രാമീണറോഡ് ശൃംഗല ഉണ്ടെങ്കിലും ഒരു റോഡും നിലവാരം പുലർത്തുന്നവയല്ല. ആകെയുള്ള 215.325 കി.മി റോഡിൽ 35.928 കി.മി. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലും 179.397 കി.മി. പഞ്ചായത്തിന്റെ കൈവശത്തിലുള്ളവയുമാണെ ങ്കിലും ഇനിയും പല മേഖലകളെയും ബന്ധിപ്പിച്ചു കൊണ്ട് പുതിയ റോഡുകൾ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

### പ്രശ്നങ്ങൾ

- നിലവിലുള്ള മിക്ക ഗ്രാമീണ റോഡുകൾക്കും നിലവാരത്തിലുള്ള വീതിയോ ഓടകളോ കലുങ്കു

കളോ സംരക്ഷണ കെട്ടുകളോ ഇല്ല.

* ബസ്സ് ഗതാഗതമുള്ള റോഡുകൾക്ക് പോലും ആവശ്യമായ നിലവാരമില്ല.

* മലയോരമേഖലയുടെ മിക്ക മേഖലകളിലും അടിസ്ഥാന ഗതാഗത സൗകര്യമില്ല.

* സാമാന്യം മോശമല്ലാത്ത ഗ്രാമീണ റോഡുകളുള്ള ജനവാസകേന്ദ്രങ്ങളിൽ ബസ് ഗതാഗതം എത്തിയിട്ടില്ല.

* റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടക്കുന്നില്ല. പ്രധാനറോഡികളുടെ വശങ്ങളിലെ അനധികൃത കൈയ്യേറ്റം ഗതാഗത തടസ്സങ്ങൾക്കും കൂടാതെ അപകടങ്ങൾക്കും കാരണമാകുന്നു.

* പ്രധാനപ്പെട്ട ബസ്സ്റ്റോപ്പുകളിൽ പോലും ആവശ്യമായ വെയിറ്റിങ്ങ് ഷെൽട്ടർ ഇല്ല.

* കാർത്തികപുരം കോസ്‌വേ വർഷകാലങ്ങളിൽ ആഴ്ചകളോളം മുങ്ങികിടക്കുന്നതിനാൽ ഗതാഗത തടസ്സം ഉണ്ടാകുകയും ഉദയഗിരി മേഖല ഒറ്റപ്പെടുകയും ചെയ്യുന്നു.

* നിലവിലുള്ള ഗ്രാമീണറോഡുകളിൽ നിന്നും വിദൂരതയിലേക്കുള്ള മലയോര നടപ്പാതകളിലുള്ള തോടുകൾക്ക് നടപ്പാലം ഇല്ലാത്തതുകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

* കാലഹരണപ്പെട്ട തൂക്കുപാലങ്ങളിൽ അപകടം നിത്യസംഭവങ്ങളാകുന്നു.

* മലയോരമേഖലയിലെ കൂടിയ തോതിലുള്ള വർഷപാതം നിലവിലുള്ള റോഡുകളുടെ ബിറ്റുമിനസ് പ്രതലത്തിന്റെ ആയുർദൈർഘ്യം കുറയ്ക്കുന്നു.

* ധാരാളം യാത്രക്കാരുണ്ടായിട്ടും ഈ മേഖലയിൽ സർവ്വീസ് നടത്തിയിരുന്ന പല ബസ്സുകളും റൂട്ട് ഉപേക്ഷിച്ച് ദേശീയ പാതയിലേക്ക് കുടിയേറ്റി സർവ്വീസ് നടത്തുന്നത് ഈ നാട്ടിലെ ബസ് ഗതാഗതത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

## സാധ്യതകൾ

* എല്ലാ റോഡുകളും നിലവാരത്തിന് വേണ്ടി വീതിയിലാക്കുക

* റോഡിന്റെ ഓടകൾ പൊതുജനപങ്കാളിത്തത്തോടുകൂടി 'നിലനിർത്തുക.

* എല്ലാറോഡുകൾക്കും നിലവാരത്തിനുവേണ്ട കലുങ്കുകളും പാലങ്ങളും സംരക്ഷണകെട്ടുകളും നിർമ്മിക്കുക.

* നിലവിൽ ബസ് ഗതാഗതമുള്ള റോഡുകൾ ടാരിംഗ് നടത്തി ഗതാഗതം സുഗമമാക്കുക.

* നാളിത് വരെയായിട്ടും ഗ്രാമീണറോഡുകൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടി പുതിയറോഡുകൾ നിർമ്മിക്കുക.

* കഴിയുന്നതും കൂടുതൽ മേഖലകളിലേക്ക് ബസ് ഗതാഗതം ആരംഭിക്കുകയും മലയോരമേഖലയിലെ റൂട്ടിലോടുന്ന ബസ്സുകൾ ദേശീയ പാതയിലേക്ക് മാറി സർവ്വീസ് നടത്തുന്നത് ഒഴിവാക്കണം.

* മഴക്കാലത്തിന് അവസാനത്തോടുകൂടി റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുക.

* അനധികൃത കൈയ്യേറ്റം ഒഴിവാക്കുവാനായി റോഡുകളുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും കെട്ടിട നിയമം കർശനമായി നയപ്പിൽ വരുത്തുകയും ചെയ്യുക.

* കൊടുംവളവുകൾ നേരെയാക്കുക.

* ആവശ്യമായ സ്ഥലങ്ങളിൽ ബസ്സ്റ്റാൻഡും ബസ് വെയിറ്റിംഗ് ഷെൽട്ടറുകളും പണിയുക.

* കാർത്തിപുരം പുഴയ്ക്ക് പാലം പണിയണം. മലയോര നടപ്പാതകളിൽ ആവശ്യമുള്ള നടപ്പാലങ്ങൾ പണിയണം

* കാലഹരണപ്പെട്ട തൂക്കുപാലങ്ങൾക്ക് പകരം കോൺക്രീറ്റ് പാലം പണിയണം.

* റോഡുകളുടെ നിലവിലുള്ള ഓടകൾ മൂടുന്നവർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കു.

* വർഷപാതം കൂടുതലുള്ള മലയോരറോഡുകൾ കഴിവതും വേഗത്തിൽ റബറൈസ്ഡ് ആക്കുക.

* നിലവിലുള്ള കലുങ്കുകളുടെ അറ്റകുറ്റപണികൾ അടിയന്തിരമായും നടത്തുക.

* പഞ്ചായത്തിന്റെ കൈവശമുള്ള മൂന്ന് പ്രധാനപ്പെട്ട റോഡുകളായ പരപ്പ-മുതുശ്ശേരി, താളിപ്പാറ, അരങ്ങം-പൂവ്വഞ്ചാൽ-കാപ്പിമല, ശാന്തിപുരം-ജയഗിരി, മാമ്പൊയിൽ-കാരിക്കയം എന്നിവ സർക്കാർ ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

ഉദയഗിരി പഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ പട്ടിക

അനുബന്ധം. എ

## ഉദയഗിരി പഞ്ചായത്തിലെ ഗ്രാമീണറോഡുകളുടെ പട്ടിക

| | റോഡിൻെറ പേര് | നീളം | വാർഡ് | വീതി | ടാറിട്ടത് | ടാറിടാത്തത് | വാഹന സൗകര്യം |
|---|---|---|---|---|---|---|---|
| 1 | ശാന്തിപുരം-ജയഗിരി | 4.000 | 8 | 8 മീ | 450 | 3.550 | |
| 2 | ഉദയഗിരി-ചുള്ളിപ്പള്ള | 3.108 | 6 | 8 | 1.150 | 1.958 | |
| 3 | മുതുശ്ശേരി-കാർത്തികപുരം | 2.800 | 10 | 4 | | 2.800 | |
| 4 | ചെമ്മണ്ണുംതുരുത്ത്-വെള്ളാട്ടുകൊല്ലി | 3.350 | 5 | 8 | 1.500 | 1.850 | |
| 5 | ശ്രീഗിരി-ജോസ്ഗിരി | 2.000 | 8 | 3 | | 2.000 | |
| 6 | ഉദയഗിരി-മുതുശ്ശേരി | 1.000 | 10 | 4 | | 1.000 | |
| 7 | മണിയൻകൊല്ലി-മുതുശ്ശേരി | 2.750 | 10 | 8 | | 2.750 | |
| 8 | താളിപ്പാറ-ചട്ടിവയൽ. | 2.500 | 9 | 5 | | 2.500 | |
| 9 | പുല്ലരി-തൊമരക്കാട് | 3.218 | 7 | 5 | | 3.218 | |
| 10 | അരിവിളഞ്ഞപൊയിൽ-മണ്ണാത്തിക്കുണ്ട് | 2.413 | 8 | 8 | .450 | 1.963 | |
| 11 | ശാന്തിപുരം-ആലുംമൂട്ടിൽപടി | 3.000 | 8 | 4 | | 3.000 | |
| 12 | ഉദയഗിരി-തൊമരക്കാട് | 3.600 | 7,8 | 4 | | 3.600 | |
| 13 | ചുള്ളിപൊള്ള-മാമ്പൊയിൽ | 3.218 | 5 | 8 | 2.000 | 1.218 | |
| 14 | മുതുശ്ശേരി-കാട്ടിയാമുറിച്ചകൊല്ലി | 2.500 | 10 | 6 | | 2.500 | |
| 15 | കാർത്തികപുരം-പാറോത്തുംമല | 3.000 | 2 | 6 | .700 | 2.300 | |
| 16 | മുതുശ്ശേരി-താളിപ്പാറ | 3.000 | 10 | 8 | .700 | 2.300 | |
| 17 | ആലുംമൂട്-പാറോത്തുംമല | 3.000 | 2 | 6 | | 3.000 | |
| 18 | പാറോത്തുംമല-ആനക്കുഴി | 2.100 | 3 | 4 | | 3.000 | |
| 19 | മുക്കട-ആനക്കുഴി | 3.000 | 3 | 4 | | 3.000 | |
| 20 | മൂരിക്കടവ്-ആനക്കുഴി | 2,100 | 3 | 8 | 1.250 | .850 | |
| 21 | മണക്കടവ്-ചീക്കാട് | 5.000 | 4,5 | 5 | .600 | 4.400 | |
| 22 | മൂരിക്കടവ്-ചീക്കാട് കമ്പിപ്പാലം | .890 | 4 | 4 | | .890 | |
| 23 | ശ്രീപുരം-മധുവനം | 4.000 | 5 | 3 | | 4.000 | |
| 24 | ചീക്കാട്-നമ്പ്യാർമല | 3.000 | 5 | 3 | | 3.000 | |
| 25 | കാരിക്കയം-അരുണഗിരി | .500 | 5 | 4 | | .500 | |
| 26 | നരിയംകുണ്ട്-പെരുമുണ്ടമല | 1.600 | 3 | 4 | | 1.600 | |
| 27 | കാണിയക്കാട്ടുപടി-ചെറുവല്ലരി | 2.000 | 4 | 3 | | 2.000 | |
| 28 | കാപ്പിമല-ആനക്കുഴി | 2.300 | 3,4 | 4 | | 2.300 | |
| 29 | പൂവൻഞ്ചാൽ-കോളി | 2.028 | 1 | 8 | 2.028 | | |
| 30 | പൂവൻഞ്ചാൽ-പാറോത്തുംമല | 3.500 | 1,2 | 8 | 2.000 | 1.500 | |
| 31 | പോറോത്തുംമല-പെരുമുണ്ടമല | 1.000 | 2 | 3 | | 1.000 | |

| | | | | | | |
|---|---|---|---|---|---|---|
| 32 | എരുത്താമട-പരപ്പ | 1.400 | 2 | 4 | .100 മീ | 1.300 |
| 33 | അരിവിളഞ്ഞപൊയിൽ-ജോസ്ഗിരി | 3.000 | 8 | 8 | .750 | 2.250 |
| 34 | അരിവിളഞ്ഞപൊയിൽ-മാംപടി | 2.000 | 9 | 4 | | 2.000 |
| 35 | പാണ്ടിമൊട്ടചാമുണ്ടികല്ല്ഹരിജൻകോളനി | 2.500 | 6 | 6 | | 2.500 |
| 36 | ചേളാംകൊച്ചി-തൊമരക്കാട് | 1.000 | 8 | 4 | | 1.000 |
| 37 | മണിയൻകൊല്ലി-ഉദയഗിരി | 1.350 | 10 | 4 | | 1.350 |
| 38 | മുക്കട-കർമൽഗിരി | 1.000 | 6 | 3 | | 1.000 |
| 39 | കാർത്തികപുരംനൂറേക്കർ,നരിയംകുണ്ട് | 2.500 | 2,3 | 3 | | 2.500 |
| 40 | ആനത്തോട്-ചീക്കാട് | 1.300 | 5 | 3 | | 1.300 |
| 41 | തൊമരക്കാട്-കർമ്മൽഗിരി | 2.000 | 6,7 | 3 | | 2.000 |
| 42 | മണക്കടവ്-മറ്റത്തിൻപടിപുഴ | .050 | 5 | 3 | | .050 |
| 43 | മധുവനം-വായ്ക്കമ്പ | 1.400 | 5 | 3 | | 1.400 |
| 44 | കാർത്തികപുരം-ലഡാക്ക് | 1.000 | 6 | 3 | | 1.000 |
| 45 | തുണ്ടിപടി-ജയഗിരി | 2.000 | 7 | 4 | | 2.000 |
| 46 | പാറേകുളംപടി-കരുവേടൻകല്ല് | 1.000 | 2 | 3 | | 1.000 |
| 47 | കാട്ടിയാമുറിച്ചകൊല്ലി-അളമ്പ് | 2.000 | 10 | 3 | | 2.000 |
| 48 | കാർത്തികപുരം-കാഞ്ഞിരക്കയം | 1.500 | 2 | 3 | | 1.500 |
| 49 | കുറ്റിവേലിപ്പടി-മുക്കഴിക്കുട്ടപ്പള്ളി | 1.500 | 9 | 3 | | 1.500 |
| 50 | മാമ്പൊയിൽ-ചിറാപുഞ്ചി | 1.000 | 6 | 3 | | 1.000 |
| 51 | തൊമരക്കാട്-ആദിവാസി കോളനി | .800 | 7 | 4 | | .800 |
| 52 | ചാപ്പത്തോട്-തൈമല | 2.000 | 8 | 3 | | 2.000 |
| 53 | മുക്കട-മാമ്പൊയിൽ | 3.000 | 6 | 3 | | 3.000 |
| 54 | കാർത്തികപുരം-തോണിക്കുഴി | 1.300 | 2 | 3 | | 1.300 |
| 55 | പാറോത്ത്മല-തോണിക്കുഴി | 1.500 | 2 | 3 | | 1.500 |
| 56 | ഉദയഗിരിശാന്തിപുരംഅരിവിളഞ്ഞപൊയിൽ | 3.500 | 7,8,9 | 8 | 2.500 | 1.000 |
| 57 | കുട്ടാപ്പറമ്പ്-പരപ്പ | 1.500 | 1 | 4 | | 1.500 |
| 58 | ഉദയഗിരി-മൂന്നാംതോട് | 1.500 | 9,10 | 8 | 1.500 | |
| 59 | ജയഗിരി-തൊമരക്കാട് | 2.500 | 7 | 4 | | 2.500 |
| 60 | കർമ്മൽഗിരി-ചിറാപപുഞ്ചി | 2.500 | 6,7 | 3 | | 2.500 |
| 61 | തൊമരക്കാട്-ചുള്ളിപള്ളി | 2.500 | 6 | 3 | | 2.500 |
| 62 | താബോർ-മഹിളാസമാജം | 1.000 | 10 | 3 | | 1.000 |
| 63 | താബോർ-മുണ്ടേരിതട്ട് | 2.000 | 10 | 3 | | 2.000 |
| 64 | മുട്ടത്താൻവയൽ-രത്നഗിരി | 2.000 | 4 | 3 | | 2.000 |
| 65 | ആദിവാസി കോളനി-കുറ്റിമാക്കൽ | .800 | 7 | 3 | | .800 |
| 66 | ഉദയഗിരി-ചുള്ളിപ്പള്ളി | 3.500 | 5,6 | 8 | | 3.500 |
| 67 | മുണ്ടേരിതട്ട്-തലതണ്ണി | 3.000 | 10 | 3 | | 3.000 |
| 68 | വിജയപുരം-തിരുനെറ്റി | 1.500 | 8 | 3 | | 1.500 |

| | | | | | |
|---|---|---|---|---|---|
| 69 അരിവിളഞ്ഞപൊയിൽ-ശ്രീഗിരി | 2.000 | 8 | 4 | | 2.000 |
| 70 തോണിക്കുഴി-പൂവൻചാൽ | 2.000 | 1 | 3 | | 2.000 |
| 71 മൂന്നാതോട്-ഹിൽടോപ്പ് | 1.500 | 9 | 3 | | 1.500 |
| 72 രത്നഗിരി-കാപ്പിമല | 2.000 | 6 | 3 | | 2.000 |
| 73 ഉദയപുരം-താളിപ്പാറ | 2.000 | 9 | 3 | | 2.000 |
| 74 തോണ്ടൻകുന്ന്-താബോർചർച്ച് | 1.000 | 9 | 3 | | 1.000 |
| 75 മൂന്നാംതോട്-അരിവിളഞ്ഞപൊയിൽ | 2.000 | 10 | 8 | 1.500 | .500 |
| 76 മാവുംതട്ട്-കവുങ്ങുംതണ്ണി | 1.500 | 2 | 3 | | 1.500 |
| 77 മുട്ടത്താംവയൽ-അപ്പർച്ചിക്കാട് | 4.100 | 4 | 3 | | 4.100 |
| 78 പോറോത്തുമല-മലയ്ക്കൽപടി | 2.000 | 2 | 3 | | 2.000 |
| 79 മാനൊായിൽ-കരയാറ്റുപടി | . 2.000 | 5,6 | 8 | | 2.000 |
| 80 കരയാറ്റുപടി-ചിറാപൂഞ്ചി | 1.500 | 6,7 | 3 | | 1.500 |
| 81 മണ്ണാത്തിക്കുണ്ട്-ചേനാട്ടകൊല്ലി | 2.000 | 8 | 3 | | 2.000 |
| 82 മണ്ണാത്തിക്കുണ്ട്-കൊടകനാൽപടി | 2.000 | 8 | 3 | | 2.000 |
| 83 മണ്ണാത്തിക്കുണ്ട്-ജയഗിരി | 2.000 | 8 | 3 | | 2.000 |
| 84 താളിപ്പാറ-ഈയൽമല | 1.500 | 9 | 4 | | 1.500 |

## അനുബന്ധം ബി

### ഉദയഗിരി പഞ്ചായത്തിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ സ്ഥിതി വിവര പട്ടിക

| | റോഡിൻെറ പേര് | നീളം കി.മീ. | വാർഡ് | ടാറിട്ടത് | ടാറിടാത്തത് |
|---|---|---|---|---|---|
| 1 | തളിപ്പറമ്പ്-കൂർഗ് ബോർഡർ | 9.950 | 1,2,3,4,5 | 9.950 | |
| 2 | കാർത്തികപുരം-താളിപ്പാറ താബോർ | 12.500 | 6,7,9,10 | 3.000 | 9.000 |
| 3 | കാർത്തികപുരം- പരപ്പ | 2.500 | 10 | .200 | 2.300 |
| 4 | മണക്കടവ്-മുരിക്കടവ് | 7.500 | 3,4 | 3.600 | 3.900 |
| 5 | അരിവിളഞ്ഞ പൊയിൽ- ജോസ് ഗിരി | 5900 | 7,8,9 | 3.00 | 2.900 |

## റോഡുകളുടെ സ്ഥിതി വിവരപ്പട്ടിക

| ഉടമസ്ഥത | റോഡുകളുടെ എണ്ണം | ടാർചെയ്തത് | ടാർചെയ്യാത്തത് | ആകെനീളം |
|---|---|---|---|---|
| 1 പഞ്ചായത്ത് | 84 | 19.178 | 160.219 | 179.397 |
| 2 പി.ഡബ്ല്യുഡി | 5 | 19.750 | 18.100 | 41.828 |
| ആകെ | 88 | | | |

# UDAYAGIRI PANCHAYAT



# ഊർജ്ജം



കേരളപ്പിറവിക്കു മുൻപ് മദിരാശി സംസ്ഥാനത്തിൻെ ഭാഗമായിരുന്ന ഇന്നത്തെ ഉദയഗിരി പഞ്ചായത്തിൽ കുടിയേറ്റത്തിൻെറ ആദ്യനാളുകളിൽ വിറകും മണ്ണെണ്ണയും ആയിരുന്നു ഇന്ധനമായി ഉപയോഗിച്ചിരുന്നത്. അക്കാലത്ത് വിറകിൻെറ ലഭ്യത ധാരാളമുണ്ടായിരുന്നു. മണ്ണെണ്ണയുടെ കാര്യത്തിൽ വളരെയേറെ പ്രയാസം അനുഉഭവപ്പെട്ടിരുന്നു എങ്കിലും ജനജീവിതത്തെ ഇത് പ്രതികൂലമായി ബാധിച്ചിരുന്നില്ല. ഉദയഗിരി പഞ്ചായത്ത് രൂപം കൊള്ളുന്നതിനു മുൻപ് 1977-ൽ ആണ് ഇവിടെ വൈദ്യുതി ആദ്യമായി എത്തുന്നത്. മണക്കടവിലും ഉദയഗിരിയിലും ക്രൈസ്തവദേവാലയങ്ങൾക്കും കാർത്തികപുരത്ത് ക്ഷേത്രത്തിനുമാണ് ആദ്യമായി വൈദ്യുതി ലഭിച്ചത്. എന്നാൽ നാളിതുവരെയായി പഞ്ചായത്തിൻെറ പരിധിയിൽപ്പെട്ട 3992 വീടുകളിൽ 1641 വീടുകളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ എന്നത് വളരെയേറെ ഖേദകരമാണ് കൂടാതെ വ്യാപാരത്തിന് 162-ഉം വ്യാവസായിക ആവശ്യത്തിന് 8-ഉം കാർഷിക ആവശ്യത്തിന് 44-ഉം കണക്ഷനുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. നിത്യോപയോഗ വസ്തുവായ വൈദ്യുതി ലഭിക്കുന്നതിനായി ധാരാളം അപേക്ഷകൾ ഇന്നും വിവിധ ഓഫീസുകളിൽ പൊടിപിടിച്ചു കിടക്കുന്നു.

ഉദയഗിരി പഞ്ചായത്തിലുള്ള 12 ഹരിജൻ കോളനികളിൽ മുതുശ്ശേരി, പൂവൻഞ്ചാൽ, മാവിൻതട്ട്, ചെക്കുറിഞ്ഞി, തുവരക്കാട്, തോണ്ടിക്കുഴി, എന്നീ ആറ് കോളനികളിൽ വൈദ്യുതീകരണം നടന്നു കഴിഞ്ഞു. പഞ്ചായത്തിലെ ഒന്നിലധികം പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ആകെ 12 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള വൈദ്യുതലൈനുകൾ കാലഹരണപ്പെട്ടതുമൂലം വർഷത്തിലെ കൂടുതൽ ദിവസങ്ങളിലും വൈദ്യുതി വിതരണം താറുമാറായ അവസ്ഥയിൽ ആകുകയും നാട് അന്ധകാരത്തിൽ ആണ്ടുകിടക്കുകയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്ത് പ്രദേശത്തേയ്ക്ക് ഇപ്പോൾ വൈദ്യുതി ലഭിക്കുന്നത് 45 കിലോമീറ്റർ അകലെയുള്ള സബ്സ്റ്റേഷനിൽ നിന്നാണ്. ഇക്കാരണത്തിൽ പ്രസരണ നഷ്ടം ധാരാളം ഉണ്ടാകുന്നുണ്ട്. ഇവിടെയുള്ള വൈദ്യുത ശൃംഗലയിൽ ആകെ 13 ട്രാൻസ്ഫോർമറുകൾ ഉള്ളത് അമിതഭാരം എടുക്കുന്ന അവസ്ഥയിലായിരുന്നതിനാൽ മിക്കപ്പോഴും വിതരണ തടസ്സവും ഏറിയസമയവും വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്നു. പല പ്രദേശങ്ങളിലും 230 വോൾട്ടേജ് വേണ്ടിടത്ത് 10 പോലും ലഭിക്കുന്നില്ല. വോൾട്ടേജ് കുറവുമൂലം ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്താൻ ഈ മലയോര പഞ്ചായത്തിലെ ജനങ്ങൾക്ക് കഴിയുന്നില്ല. ഇതിൽ നിന്നും മോചനം നേടുന്നതിന് വേണ്ടിയും വൈദ്യുതബോർഡിൻെറ ഇരുട്ടടിയിൽ നിന്നും രക്ഷപ്പെടുന്നതിനും വേണ്ടി പല വീട്ടുകാരും മലമുകളിലുള്ള ചെറിയ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വെളിച്ചത്തിനായി വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നുണ്ട്. വോൾട്ടേജ് കുറവ് കാരണം നമ്മുടെ പഞ്ചായത്ത് പ്രദേശ

ത്ത് പുതിയതായി ചെറുകിട വ്യവസായ യൂണിററുകൾ ഒന്നും ആരംഭിക്കുവാൻ സാധിക്കുന്നില്ല. അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാവുന്നുണ്ട്. ഗാർഹിക മേഖലയിൽ വിറക്, കേരോല്പന്നങ്ങൾ ഇവ വ്യാപകമായും വൈദ്യുതി, മണ്ണെണ്ണ, ബയോഗ്യാസ് ഇവ വളരെ പരിമിതമായ തോതിലും ഉപയോഗിക്കുന്നു. ഭൂരിപക്ഷം കുടുംബങ്ങളും സ്വന്തം കൃഷിഭൂമിയിൽനിന്ന് വിറക് ശേഖരിക്കുകയും ബാക്കിയുള്ളവർ വിലയ്ക്ക് വാങ്ങുകയും ചെയ്യുന്നു. പൊതുവിപണിയിൽ വിറക് സുലഭമല്ലത്തതിന്റെ ബുദ്ധിമുട്ട് പരിമിതമായ തോതിൽ അനുഭവപ്പെടുന്നുണ്ട്. പാചകവാതകത്തിന്റെ ഉപയോഗം വളരെ കുറഞ്ഞതരത്തിൽ ഉണ്ടെങ്കിലും ലഭ്യതക്കുറവിന്റെ പ്രശ്നം ജനങ്ങളെ ദുരിതത്തിലാഴത്തുന്നു. വെളിച്ചത്തിനായി ഭൂരിഭാഗം വീടുകളിലും മണ്ണെണ്ണയും, കുറഞ്ഞതോതിൽ വൈദ്യുതിയും ഉപയോഗിക്കുന്നു. ചുരുക്കം ചില വീടുകളിൽ ബയോഗ്യാസ് പ്ലാൻറും.

അപൂർവ്വം ചില വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നു.

നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം കൃഷിക്ക് യന്ത്രവൽക്കരണം സാധ്യമല്ലെങ്കിലും വിളകൾക്കുള്ള ജലസേചനത്തിന്നായി പൊതുവേ വൈദ്യുതിയും, ഡീസലും, മണ്ണെണ്ണയും ഉപയോഗിച്ചുള്ള പമ്പുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. നാമമാത്രമായ തോതിൽ നമ്മുടെ നാട്ടിൽ വ്യവസായസ്ഥാപനങ്ങൾ ഉണ്ടെങ്കിലും വൈദ്യുതിയുടെ ലഭ്യതകുറവും വോൾട്ടേജ് കമ്മിയും കാരണം അവ പൂർണ്ണമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല. എന്നിരുന്നാലും കഴിഞ്ഞ ഒരു പഞ്ചവത്സരപദ്ധതികാലത്തിനുള്ളിലായി ശാന്തിപുരം, മൂരിക്കടവ്, താബോർ എന്നീ പ്രദേശങ്ങളിൽ പുതിയ ലൈൻ എത്തിച്ച് വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

വൈദ്യുതിയുടെ വോൾട്ടേജ് കുറവും അപ്രഖ്യാപിത കട്ടുകളും അനുദിന ജീവിതത്തെ സാരമായി ബാധിക്കുന്നു.

നിലവിലുള്ള വൈദ്യുതിവിതരണ ശൃംഗല കാലഹരണപ്പെട്ടതും വേണ്ടത്ര ഭാരം താങ്ങാൻ കഴിയാത്തതുമാണ്.

വ്യാവസായികമേഖലയിൽ വോൾട്ടേജ് കുറവ് ഉല്പാദനത്തെ ബാധിക്കുന്നു.

നാണ്യവിളകൾക്ക് വേനൽകാല ജല സേചനത്തിന് വേണ്ട വൈദ്യുതിയും എണ്ണയും ലഭിക്കുന്നില്ല.

പാചകവാതകത്തിന്റെ ലഭ്യത വളരെ കുറവാണ്. ആവശ്യമായ തെരുവ് വിളക്കുകളില്ല. ഉള്ളവ കാര്യക്ഷമമല്ല.

വൈദ്യുതി ഓഫീസുകൾ വളരെ വിദൂരതയിൽ ആയതിനാൽ ജനങ്ങൾക്ക് യാത്രാദിരിതം അനുഭവപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിലെ ഹരിജൻ കോളനികൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്.

നാടൻ അടുപ്പുകളുടെ ഉപയോഗം വീട്ടമ്മമാരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ശ്വാസകോശരോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

### സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സൗകര്യാർത്ഥം ഉദയഗിരിയിൽ ഒരു സബ് എഞ്ചിനിയർ ഓഫീസ് അനുവദിക്കുക.

ആലക്കോട്, ഉദയഗിരി പഞ്ചായത്തുകൾക്ക് ഉപകരിക്കുന്ന വിധത്തിൽ ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ് അനുവദിക്കണം.

മൂരിക്കടവിലെ പെരുമ്പാല, വായിക്കമ്പ, (മുക്കട്ടതോട്) എന്നീ ചെറുകിട വൈദ്യുത പദ്ധതികൾ ഉടൻ പണിയുക.

മലയോര മേഖലയിലെ സുലഭമായ ചെറുകിട വെള്ളചാട്ടങ്ങൾ ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കാൻ അയൽകൂട്ടങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നല്കുക.

വൈദ്യുതി എത്തിക്കുവാൻ ചിലവ് കൂടിയ പ്രദേശങ്ങളിൽ അനെർട്ട് പോലെയുള്ള ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തണം.

സാധ്യമായ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.

ഊർജ്ജലാഭമുള്ള സി.എഫ്.എൽ പോലുള്ള വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുക.

കാലഹരണപ്പെട്ട ലൈനുകളും ട്രാൻസ്ഫോർമറുകളും പുതുക്കി സ്ഥാപിക്കുക.

കാലാകാലങ്ങളിൽ വൈദ്യുതലൈനുകളിൽ മുട്ടിനിൽകുന്ന വൃക്ഷശിഖരങ്ങൾ പൊതുജന പങ്കാളിത്തത്തോടുകൂടി മുറിച്ചുമാറ്റുക.

ജലസേചനത്തിനായി വിൻഡ് പമ്പുകളും സോളാർ പമ്പുകളും കർഷകർക്ക് നല്കുക.

ഗ്രാമീണമേഖലയിൽ പാചകവാതക വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.

വൈദ്യുതീകരിച്ച വീടുകളുടെ റേഷൻ മണ്ണെണ്ണയുടെ അളവ് വൈദ്യുതീകരിക്കാത്തതിന് സമമാക്കുക.

ഉദയഗിരി പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ള സിങ്കിൾ ഫെയ്സ് ലൈനുകൾ ത്രീഫെയ്സ് ലൈൻ ആക്കുന്നതിനും അവശ്യമായ നടപടികൾ സ്വീകരിക്കുക.

പട്ടിക 1

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലം | 11കെ.വി ലൈനിൻെറ നീളം | നിലവിലുള്ള സിങ്കിൾ ഫെയ്സ് ത്രീ ഫെയ്സ് ആക്കേണ്ട ദൂരം | ഉദ്ദേശം ചിലവ് |
|---|---|---|---|---|
| 1 | മൂന്നാംതോട് | 1.4 കി.മി | 1കി.മി.താളിപ്പാറ റോഡ്,0.75കി.മി. അരിവിളഞ്ഞപൊയിൽ റോഡ് | 4,64000 |
| 2 | അരിവിളഞ്ഞ പൊയിൽ | 1.6 കി.മി | 1.5 കി.മി. മണ്ണാത്തിക്കുണ്ട് റോഡ്<br>2 കി.മി കട്ടപ്പള്ളി-ജോസ്ഗിരി റോഡ്<br>1 കി.മി. മൂന്നാംതോട് റോഡ് | 6,67000 |
| 3 | പുല്ലരി കവല | ഇല്ല | 0.75 കി.മി. പുല്ലരി കവല റോഡ് | 1,38000 |
| 4 | ചേളാം കൊച്ചി | 1.6 കി.മി | 1 കി.മി. ചേളാം കൊച്ചി | 4,57000 |
| 5 | കാട്ടിയെമുറിച്ച കൊല്ലി | ഇല്ല | 1 കി.മി. മുതുശ്ശേരി റോഡ്, 0.75 കി.മി അളുമ്പ് റോഡ്, 0.5കി.മി. പരപ്പ റോഡ് | 2,26000 |
| 6 | എരുത്താമട | ഇല്ല | 0.5 കി.മി. പരപ്പ റോഡ് | 1,23000 |
| 7 | മൂലവള്ളിത്തോട് കലുങ്ക് | 0.65 കി.മി | 1കി.മി. പാറോത്തുംവല റോഡ് | 2,76500 |
| 8 | ചിക്കാട് കവല | 0,8 കി.മി | 1 കി.മി ചിക്കാട് നമ്പ്യാർമല റോഡ്<br>1 കി.മി. ചിക്കാട് മണക്കടവ് റോഡ് | 3,65000 |
| 9 | മുട്ടത്താം വയൽ | 1.8 കി.മി. | .5 കി.മി. മുട്ടത്താം വയൽറോഡ്<br>1 കി.മി. കാപ്പിമല റോഡ് | 5,25000 |
| 10 | ആനക്കുഴി കവല | ഇല്ല | 1.5 കി.മി. ഉരുവങ്കരി റോഡ് | 1,83000 |

# ഭവന നിർമ്മാണം



നമ്മുടെ പഞ്ചായത്തിൽ കുടിയേറ്റം നടക്കുന്ന ഘട്ടത്തിൽ മുളമുറിച്ച് ഭിത്തിക്ക് പകരം തൈതൽ ഉപയോഗിച്ചും മേൽക്കൂരയായി മുളയും മേച്ചിലിന് പുല്ലും ഈറയില (ഓടപായ) ഉപയോഗിച്ചാണ് പുര നിർമ്മിച്ചിരുന്നത്. അതിനു ശേഷം മൺകട്ടയും ഓടും ഉപയോഗിച്ചുള്ള പുരകൾ 1960കളിൽ നിർമ്മിക്കുവാൻ തുടങ്ങി. 1970കളിൽ വെട്ടുകല്ലും, കരിങ്കല്ലും ഉപയോഗിച്ച് പുല്ലിനും ഓടിനും പകരമായി കോൺഗ്രീറ്റു കെട്ടിടങ്ങൾ പണിതുയർത്താൻ തുടങ്ങി. ഇപ്പോൾ കോൺക്രീറ്റ് ബിൽഡിങ്ങുകൾ 2 ശതമാനവും ഭാഗീകമായ കോൺക്രീറ്റു വീടുകൾ 5 ശതമാനവും ആണ്.

ഉദയഗിരി പഞ്ചായത്തിൽ 3990 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഏകദേശം 1500 വീടുകൾ പുതുക്കി നിർമ്മിക്കേണ്ടതുണ്ട്. ഇവിടെ പട്ടിക ജാതി കുടുംബങ്ങൾ താമസിക്കുന്ന 448 കുടുംബങ്ങൾ ഉണ്ട്. ഒരു ലക്ഷം വീട് കോളനിയും രണ്ടു ഭൂരഹിത കർഷക തൊഴിലാളി കോളനിയും ഈ പഞ്ചായത്തിൽ ഉണ്ട്. മൊത്തമുള്ള ഹരിജൻ കോളനികളിൽ, സ്വശ്രയ പദ്ധതി പരിപാടി നടപ്പിലാക്കിയ ഒരു പഞ്ചായത്ത് എന്ന നിലയിൽ IAY, JRY,MWSഎന്നീ ഭവന നിർമ്മാണ സ്കീമുകളിൽ 90 ശതമാനം കുടുംബാംഗങ്ങൾക്കും വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

ലക്ഷം വീട് കോളനിയിലും വീടുകൾ തീർത്തും വാസയോഗ്യമല്ല എന്നു തന്നെ പറയാം. ആദ്യകാലത്ത് പ്രാദേശികമായി ലഭിച്ചിരുന്ന വിഭവങ്ങൾ കൊണ്ടാണ് വീടുകൾ നിർമ്മിച്ചിരുന്നതെങ്കിലും ഇപ്പോൾ കോൺക്രീറ്റു വീടുകൾ നിർമ്മിക്കുന്ന പ്രവണത വ്യാപകമായി കണ്ടു വരുന്നു. കെട്ടിട നിർമ്മാണ രംഗത്തെ ധൂർത്ത് ഈ പ്രദേശത്തേക്കും ചെറിയ തോതിലെങ്കിലും വ്യാപിക്കുന്നുണ്ട്. ചിലവ് കുറഞ്ഞ നിർമ്മാണ രീതി ഈ പ്രദേശത്തേക്ക് തീരെ എത്തിയിട്ടില്ല. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഈ പ്രദേശത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് വിഷമം സൃഷ്ടിക്കുന്നു. കെട്ടിട നിർമ്മാണ രംഗത്ത് കോൺട്രാക്റ്റ് വ്യവസ്ഥ ചെറിയ തോതിൽ ഈ പ്രദേശത്ത് എത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണരംഗത്ത് വിദഗ്ദ തൊഴിലാളികളുടെ ലഭ്യത ഒരു പ്രശ്നമാണ്. വിദഗ്ദ തൊഴിലാളികൾ ഈ രംഗത്ത് ഉണ്ടെങ്കിലും അവരിൽ ഭൂരിപക്ഷത്തിന്റെയും സേവനം ഈ രംഗത്ത് ഈ പ്രദേശത്തിന് ലഭിക്കുന്നില്ല. കെട്ടിടനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കൂലിനിരക്കിലുള്ള സ്ത്രീ പുരുഷ അന്തരം വളരെ കൂടുതലാണ്. ചെലവു കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതി പരിശീലിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുവാത്തുവാനുള്ള സൗകര്യം ശ്രമങ്ങൾ നടത്തേണ്ടതാണ്. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണരീതി പ്രചരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം, ദൗർലഭ്യം
2. വായ്പകൾ ലഭ്യമാക്കുവാനുള്ള ബുദ്ധിമുട്ട്, കാലതാമസം
3. കെട്ടിടനിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിന് ഗതാഗതസൗകര്യത്തിന്റെ അപര്യാപ്തത
4. നിർമ്മാണരംഗത്തെ പരിചയക്കുറവ്.

## സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സൊസൈറ്റി രൂപീകരിക്കുക.

2. നിർദ്ധനരായവർക്ക് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിച്ച് കൊടുക്കുക.

3. ചെലവുകുറഞ്ഞ സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുക.

4. SC വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വെക്കുന്നതിന് സൗജന്യമായി 22500 രൂപാ ഗ്രാൻറ് അനുവദിക്കുന്നതുപോലെ ദാരിദ്രരേഖയ്ക്ക് താഴെ കിടക്കുന്ന മുഴുവൻ ജനങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകേണ്ടതാണ്.

5. ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ വായ്പക്ക് 50% സബ്സിഡി അനുവദിക്കുക

6. നിർമ്മിതികേന്ദ്രത്തിൻെറ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കുക.

ഇന്ദിര ആവാസ് യോജന( IAY ) യിൽ
ഭവന നിർമ്മാണ ഗ്രാൻറ് ലഭിച്ച കുടുംബങ്ങൾ

| ക്രമനമ്പർ | വർഷം | ലഭിച്ചകുടുംബങ്ങൾ | ഒരുവീടിന്ഗ്രാൻറ് | മൊത്തംതുക |
|---|---|---|---|---|
| 1 | 1988-89 | 16 | 15800.00 | 2,52800.00 |
| 2 | 1991-92 | 3 | 15800.00 | 47400.00 |
| 3 | 1993-94 | 15 | " | 2,37000.00 |
| 4 | 1994-95 | 3 | " | 47400.00 |
| 5 | 1995-96 | 16 | " | 2,52800.00 |
| | ആകെ | 53 | | 8,37400.00 |

ദശലക്ഷം കിണർ ഭവന നിർമ്മാണ പദ്ധതി ( MWS ) യിൽ
ഭവന നിർമ്മാണ ഗ്രാൻറ് ലഭിച്ച കുടുംബങ്ങൾ

| ക്രമനമ്പർ | വർഷം | ലഭിച്ചകുടുംബങ്ങൾ | ഒരുവീടിന്ഗ്രാൻറ് | മൊത്തംതുക |
|---|---|---|---|---|
| 1 | 1990-91 | 11 | 15800.00 | 173800.00 |
| 2 | 1991-92 | 3 | " | 47400.00 |
| 3 | 1992-93 | 75 | " | 1185000.00 |
| 4 | 1994-95 | 10 | " | 158000.00 |
| 5 | 1995-96 | 23 | " | 363400.00 |
| | ആകെ | 122 | | 19,27600.00 |

# സാമൂഹ്യ ക്ഷേമം

നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ജാതി-ജന്മി-നാടുവാഴിത്ത വ്യവസ്ഥകൾ ഒരു വിഭാഗം ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കാരണമായിരുന്നു. കൂടാതെ തൊഴിലില്ലായ്മ ദാരിദ്ര്യത്തിനുള്ള മറ്റൊരു കാരണമാണ്. ആശ്രിതരായി കഴിഞ്ഞിരുന്ന വിധവകൾ, വികലാംഗർ, അഗതികൾ എന്നീ വിഭാഗങ്ങളിലായിരുന്നു ദാരിദ്ര്യത്തിന്റെ ഏറ്റവും കൂടുതൽ കഠിനത അനുഭവപ്പെട്ടിരുന്നത്. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി ഒന്നാം പഞ്ചവൽസര പദ്ധതിയോടുകൂടി 1952ൽ NES ബ്ലോക്കുകൾ നിലവിൽ വന്നു. രണ്ടാം പഞ്ചവത്സര പദ്ധതിയോടുകൂടി 1960കളിൽ സാമൂഹ്യക്ഷേമ പദ്ധതികൾ ആരംഭിച്ചു.

ഒരു പ്രദേശത്തെ ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണ്ണമായ വികസനം ഭദ്രമാക്കുകയും തദ്വാര ഗ്രാമ സമൂഹത്തെ ഉന്നത ജീവിത നിലവാരത്തിലേക്ക് ഉയർത്തുകയായിരുന്നു സാമൂഹ്യവികസനത്തിന്റെ ലക്ഷ്യം. കാർഷികോൽപ്പാദനത്തിന്റെ ദ്രുതഗതിയിലുള്ള വിപുലീകരണം പരിപാടിയുടെ പ്രാഥമികോദ്ദേശ്യമായി നിശ്ചയിക്കപ്പെട്ടു. കുടിൽ ചെറുകിട വ്യവസായങ്ങളുടെ വികസനവും ഇതിനോട് ബന്ധിക്കപ്പെട്ടു. ആരോഗ്യം, ശുചിത്വം, ഭവന നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കും പ്രാധാന്യം കൊടുത്തു. കൂടാതെ ശരിയായ ഗതാഗത സൗകര്യങ്ങൾ ഒരുക്കലും പരിപാടിയുടെ ഭാഗമായിരുന്നു. വികസന പ്രവൃർത്തിയുടെ പരിശീലനത്തിനു പ്രഥമ സ്ഥാനം നൽകി. ജനങ്ങളുടെ മനോഗതിയിൽ സമൂലമായ മാറ്റം വരുത്താൻ ഉന്നത മാനദണ്ഡങ്ങൾക്കുവേണ്ടിയുള്ള ഒരു ആഗ്രഹം അവരിൽ ജനിപ്പിക്കൽ എന്നിവയായിരുന്നു ഏറ്റവും പ്രധാനം.

1963 ഒക്ടോബറോടെ രാജ്യം മുഴുവൻ സാമൂഹിക വികസന പരിപാടിക ബ്ലോക്കുകൾക്ക് കീഴിൽ ഉണ്ടായി. ആദ്യകാലങ്ങളിൽ വികസന ബ്ലോക്കുകൾക്ക് കീഴിൽ സാമൂഹിക ക്ഷേമത്തിന്നായി പട്ടികജാതി-പട്ടികവർഗ്ഗവികസനം,വനിതാ ക്ഷേമം, ആരോഗ്യം, കുടുംബക്ഷേമം,കൃഷി, സഹകരണം വിദ്യാഭ്യാസം, ഗതാഗതം എന്നീ വകുപ്പുകൾ ഇപ്പോൾ നടപ്പിലാക്കിവരുന്ന പരിപാടികൾ ഒന്നിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ ഇപ്പോൾ സാമൂഹ്യക്ഷേമ പരിപാടികൾ പല വകുപ്പുകൾ വ്യത്യസ്ത രീതിയിലാണ് നടപ്പിലാക്കി വരുന്നത്. അതായത് സാമൂഹ്യ ക്ഷേമ വകുപ്പ്, ഗ്രാമവികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, കൃഷിവകുപ്പ്,ഗ്രാമ പഞ്ചായത്ത് എന്നിവയിൽ കൂടി പല ക്ഷേമ പദ്ധതികളും നടപ്പിലാക്കി വരുന്നു.

ഉദയഗിരി പഞ്ചായത്തിലും മേൽപറഞ്ഞ വകുപ്പുകളിൽക്കൂടി പല സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 1991-92 സാമ്പത്തിക വർഷത്തിലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 2654 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. ഇതിൽ ഇതുവരെയായി 146 കുടുംബങ്ങൾക്കുമാത്രമെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളു. അതിൽ 87 പട്ടികജാതി

കുടുംബങ്ങളും 59 മറ്റു വിഭാഗങ്ങളും ആണ്. കൂടാതെ 63 കുടുംബങ്ങൾക്ക് സി.ആർ.എസ്.പി. സ്കീമിൽ ഇരട്ടക്കുഴി കക്കൂസ് നിർമ്മാണത്തിന് 1,20,000 രൂപ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ഐ.ആർ.ഡി.പി. കുടംബ സർവ്വേയിൽപെട്ട 31 കുടുംബങ്ങൾക്ക് കൈത്തൊഴിലു പകരണ പദ്ധതി പ്രകാരം പരിഷ്കൃത തൊഴിലുപ കരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ദശലക്ഷം കിണർ പദ്ധതിയിൽ 50 പട്ടികജാതി കുടുംബങ്ങൾക്ക് അവരുടെ കൃഷി ഭൂമിയിൽ ജല സേചനം ഏർപ്പെടുത്തുന്നതിന് വേണ്ടി കിണർ നിർമ്മാണത്തിന് 7,48,000 രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ഇതേ സ്കീമിൽ തന്നെ തുമരക്കാട്, തലത്തണ്ണി, ലഡാക്ക് എന്നീ പട്ടികജാതി കോളനി കളിൽ സാമൂഹ്യജലസേചനത്തിനായി 12,00,000 രൂപയിൽ അധികം ചിലവ് വരുന്ന കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്.

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി പ്രകാരം 2 വനിതാ യൂനിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിൽ റെഡിമെയ്ഡ് ഗാർമെൻസ് യൂനിറ്റിനുവേണ്ടി 10 സ്ത്രീക ൾക്ക് ട്രൈസം പദ്ധതിപ്രകാരം ഒരു വർഷത്തെ ട്രെയി നിങ് കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ യൂനിറ്റായ ചെരുപ്പു നിർമ്മാണ യൂനിറ്റിലേക്ക് ആവശ്യമായ 10 വനിതാ മെമ്പർമാർക്ക് പരിശീലനം നൽകുവാൻ വേണ്ടുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 10 അംഗൻവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ അംഗൻ വാടികൾക്കും സ്വന്തമായി കെട്ടിടമുണ്ട്. ഐ.സി.ഡി.എസ്. വഴി ധനസഹായം ലഭിച്ചാണ് ഈ കെട്ടിട ങ്ങൾ പണിതത്. അംഗൻവാടിയുടെ പ്രവർത്തി സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാണ്. 6 വയസ്സിനു താഴെയുള്ള കുട്ടികൾ ക്കും ഗർഭിണികൾക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പ്രവർത്തനമാണ് ഈ അംഗൻവാടികൾ വഴി നടത്തിവരുന്നത്. ഓരോ അംഗൻവാടി കേന്ദ്രീകരിച്ചുംമുലയൂട്ടുന്ന അമ്മമാരും, ഗർഭിണികളും അടങ്ങുന്ന മഹിളാസമാജം ഉണ്ട്. എന്നാൽ ഈ മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഫലപ്രദമല്ല. അംഗൻവാടി കേന്ദ്രമാക്കി പബ്ലിക് ഹെൽത്ത് സെൻററിന്റെ ആഭിമുഖ്യത്തിൽ അമ്മ മാർക്ക് ബോധവൽക്കരണ ക്യാമ്പ് നടത്താറുണ്ട.

നമ്മുടെ പഞ്ചായത്തിന്റെ ഭൂമി ശാസ്ത്ര പരമായ കിടപ്പുമൂലം അംഗൻവാടികളുടെ പ്രയോജനം ലക്ഷ്യവിഭാഗങ്ങൾക്ക് കാര്യമായി ലഭിക്കുന്നില്ല. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന തോതിലാണെ ങ്കിൽ 2245 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 10 അംഗൻവാടികൾകുടി വേണം. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സർക്കാരിൽ നിന്നു കിട്ടുന്ന ധനസഹായംകൊണ്ടുമാത്രം പോരാ. പൊതുജനങ്ങളുടെ സമ്പൂർണ്ണമായ സഹകരണം കൂടിവേണം.

സാമൂഹിക ക്ഷേമ വകുപ്പ് മുഖേന താഴെ പറയുന്ന വിവിധ പെൻഷൻ പദ്ധതികളിലായി ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകുന്നുള്ളു.

1. വിധവാ പെൻഷൻ 8 എണ്ണം
2. വികലാംഗ പെൻഷൻ 17
3. കുഷ്ഠരോഗ പെൻഷൻ -1
4. വാർദ്ധക്യ കാല പെൻഷൻ -6
5. ക്ഷയരോഗ പെൻഷൻ -1

## പ്രശ്നങ്ങൾ

1.ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം ധനസഹായത്തിന് അർഹതയുള്ള ലക്ഷ്യ വിഭാഗങ്ങൾ അത് സ്വീകരി ക്കുന്നതിന് മുന്നോട്ടു വരുന്നില്ല.

2. വിവിധ സ്കീമുകളിൽ സ്വീകരിക്കുന്ന ധനസഹാ യം നിർണ്ണയിക്കപ്പെട്ട പ്രവർത്തനത്തിനുപയോഗി ക്കുന്നില്ല.

3. CRSP പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവർ ധാരാളമാണ്. എന്നാൽ അതനുസരിച്ച് ഫണ്ട് ലഭിക്കുന്നില്ല. മാത്രമല്ല ലഭിക്കുന്ന രണ്ടായിരം രൂപ ഗ്രാൻറ് തീരെ അപര്യാ പ്തമാണ്.

4. DWCRA പ്രകാരം രൂപീകരിക്കുന്ന ഗ്രൂപ്പ് അംഗങ്ങ ൾക്ക് ഒന്നിച്ചു പോകുന്നതിനുള്ള സന്നദ്ധത ഉണ്ടാകു ന്നില്ല. അവർക്ക് സമഗ്രമായ ബോധവൽക്കരണം

നടത്തണം. ഗ്രൂപ്പ് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റ് ലഭിക്കുന്നില്ല.

5. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ കണ്ടെത്തുന്നതിനു സാധിക്കുന്നില്ല.

6. ആർ. എ. പി. സ്കീമിൽ പാരമ്പര്യ തൊഴിലാളികൾക്ക് നൽകുന്ന തൊഴിൽ ഉപകരണങ്ങൾ അവർക്ക് പ്രയോജനപ്പെടുന്നതല്ല.

7. അംഗൻവാടികളിൽ കുട്ടികൾക്ക് കളിപ്പാട്ടങ്ങളോ,കുട്ടികൾക്ക് ഉറങ്ങാനോ ഇരക്കാനോ സൗകര്യങ്ങളില്ല.

8. മിക്ക അംഗൻവാടികളിലും കക്കൂസ് സൗകര്യങ്ങളോ കിണറോ ഇല്ല.

9. അംഗൻവാടി ഹെൽപ്പർ, വർക്കർ എന്നിവരുടെ സേവന വേതന ഘടന തൃപ്തികരമല്ല.

10. വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.

11. അനർഹർ പെൻഷൻ വാങ്ങുന്നു.

## സാധ്യതകൾ

1. ദാരദ്ര്യ നിർമ്മാർജന പരിപാടികളെ കുറിച്ച് പഞ്ചായത്ത് മെമ്പർമാർക്കും മറ്റു രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർക്കും ബോധവൽക്കരണം നടത്തുക.

2. ഈ പരിപാടികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് മെമ്പർമാരും മറ്റ് സത്യസന്ധമായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുക.

3.സി.ആർ.എസ്.പി. സ്കീം വ്യാപകമായും കാര്യക്ഷമമായും നടപ്പിലാക്കുക. ഇപ്പോൾ നൽകുന്ന ഗ്രാൻറ് തുകയായ 2000 രൂപ, 5000 രൂപയായി ഉയർത്തുക.

4. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് ഒരോ വാർഡിലും അഞ്ചോ ആറോ ത്രിഫ്റ്റ് ആൻറ് ക്രഡിറ്റ് രൂപീകരിക്കുക. ഇതിന് കുടുംബനാഥന്മാർ മുൻകൈ എടുക്കേണ്ടതാണ്. ഇങ്ങിനെ രൂപീകരിക്കുന്ന ഗ്രൂപ്പുകൾ ഭാവിയിൽ ഏതെങ്കിലും തലത്തിലുള്ള സ്വയം തൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുവാൻ കെല്പുള്ളDWCRS ഗ്രൂപ്പുകൾ ആക്കി മാറ്റാവുന്നതാണ്.

5. ട്രൈസം പദ്ധതി പ്രകാരം തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ ജാതി തിരിച്ച് എടുക്കുന്നതിന് പകരം അവരുടെ അഭിരുചി നോക്കി നല്ല ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.

6. വികസന ബ്ലോക്കിൻെറ ആരംഭകാലത്ത് ചെയ്തതുപോലെ മഹിളാ സമാജത്തിൻെറ രൂപീകരണത്തിലും അവയ്ക്ക് പ്രോത്സാഹനം നൽകുന്നതിനു് ഗ്രാമ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം.

7. വിവിധ തരത്തിലുള്ള പെൻഷനുകൾക്ക് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനും അവ നൽകുന്നതിനുമുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് (ഗ്രാമ സഭയ്ക്ക്) നൽകുക.

8. അത്യാഹിതം സംഭവിച്ചവർക്കുള്ള സഹായധനം വിതരണം ചെയ്യുവാനുള്ള അധികാരവും ഗ്രാമ പഞ്ചായത്തുകൾക്ക് നൽക്കുക.

9. ഇത്തരത്തിൽ പെട്ടെന്നുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഫണ്ട് സ്വരൂപിച്ച് പഞ്ചായത്ത് പ്രസിഡണ്ടിൻെറ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കണം.

10. ജനസംഖ്യാനുപാതികമായി ആനക്കുഴി, മൂരിക്കുടവ്, നമ്പ്യാർ മല, വായക്കമ്പ, മാമ്പൊയിൽ, തുമരക്കാട്,മണിയൻകൊല്ലി, കട്ടപ്പള്ളി, എന്നീ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

**കൈത്തൊഴിലുപകരണ വിതരണ പദ്ധതി**

| ക്രമ നമ്പർ | വർഷം | സഹായം ലഭിച്ച കുടുംബങ്ങൾ |
|---|---|---|
| 1 | 1992-93 | 22 |
| 2 | 1993-94 | 2 |
| 3 | 1994-95 | 7 |
| | ആകെ | 31 |

## സംയോജിത ഗ്രാമ വികസന പരിപാടി പ്രകാരം ധനസഹായം ലഭിച്ച കുടുംബങ്ങൾ

| ക്രമനമ്പർ | വർഷം | കുടുംബങ്ങൾ | | ആകെ | വായ്പ | ധനസഹായം | ആകെ |
|---|---|---|---|---|---|---|---|
| | | പട്ടികജാതി | മറ്റുവിഭാഗം | | | | |
| 1 | 1991-92 | 8 | 9 | 17 | 63126 | 39349 | 102475 |
| 2 | 1992-93 | 22 | 16 | 38 | 206749 | 119767 | 326516 |
| 3 | 1993-94 | 28 | 15 | 43 | 187246 | 132401 | 319647 |
| 4 | 1994-95 | 17 | 13 | 30 | 285690 | 147990 | 433680 |
| 5 | 1995-96 | 12 | 6 | 18 | 427515 | 137750 | 565265 |
| | ആകെ | 87 | 59 | 146 | 1170326 | 577257 | 1747583 |

## ഉദയഗിരി പഞ്ചായത്തിൽ CRSP/CD സ്കീമിൽ അനുവദിച്ച ശുചീകരണ പദ്ധതികൾ

| ക്രമനമ്പർ | സ്കീം | വർഷം | എണ്ണം | പട്ടികജാതി | മറ്റുള്ളവർ | അനുവദിച്ചഗ്രാൻറ് |
|---|---|---|---|---|---|---|
| 1 | CD | 1992-93 | 8 | 5 | | 12,000 |
| 2 | CRSP | 1992-93 | 21 | 14 | 17 | 42000 |
| 3 | CRSP | 1993-94 | 6 | 2 | 4 | 12000 |
| 4 | CRSP | 1994-95 | 11 | 3 | 8 | 22000 |
| 5 | CRSP | 1995-96 | 17 | 10 | 7 | 32000 |
| | ആകെ | | 63 | 34 | 36 | 120000 |

## ദശലക്ഷം പദ്ധതിയിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

| ക്രമ നമ്പർ | വർഷം | എണ്ണം | ഗ്രാൻറ്തുക |
|---|---|---|---|
| 1 | 1990-91 | 5 | 70,500 |
| 2 | 1991-92 | 10 | 10,2500 |
| 3 | 1992-93 | 25 | 3,75,000 |
| 4 | 1993-94 | 10 | 2,00,000 |
| | ആകെ | 50 | 7,48,000 |

# സംസ്ക്കാരം

കുടക് മല നിരകളോട് ചേർന്നുകിടക്കുന്ന പ്രകൃതിസുന്ദരമായ ഒരു മലയോര പ്രദേശമായ ഉദയഗിരി പഞ്ചായത്തിനും തനതായ ഒരു സംസ്ക്കാരമുണ്ട്. കേരള പിറവിക്ക് മുൻപു തന്നെ ദക്ഷിണകേരളത്തിൽ നിന്നും കുടിയേറ്റം നടന്ന ഗ്രാമമാണെന്നു മാത്രമല്ല കണ്ണൂർ ജില്ലയിലെ തന്നെ തളിപ്പറമ്പ് താലൂക്കിൽ നിന്നും അഞ്ചരക്കണ്ടിയിൽ നിന്നും കുടിയേറ്റം നടന്നിട്ടുണ്ട്. കുടിയേറ്റം നടക്കുന്ന കാലഘട്ടത്തിലും ഈ പഞ്ചായത്തിൽ ഏതാനും ഗോത്ര വർഗ്ഗങ്ങൾ താമസിച്ചുപോന്നു. ഈ ഗ്രാമത്തിന്റെ നിഷ്കളങ്കതയ്ക്ക് മകുടോദാഹരണ മാണിത്.

ഇന്നത്തെ ഉദയഗിരി പഞ്ചായത്തിലെ കോഴി ത്താവളം എന്ന് അറിപ്പെടുന്ന സ്ഥലത്ത് ശ്രീപായം കരിഞ്ചാമുണ്ടി മൂലസ്ഥാനം കണ്ണൂർജില്ലയിൽ എന്നല്ല കുടകിൽ നിന്നുപോലും ജനങ്ങൾ ഉത്സവനാളുകളി ൽ ഉത്സാഹപൂർവ്വം ഇവിടെ എത്താറുണ്ടായിരുന്നു.. ഇത് ഇന്നും ഉൾപുളകത്തോടുകൂടി ജനം ഓർക്കുന്നു. ഇന്ന് ഈ അമ്പല പരിസരം വെട്ടിത്തെളിച്ചു കൃഷി യിടങ്ങളായി മാറികഴിഞ്ഞിരിക്കുന്നു. പൂവ്വഞ്ചാൽ, മൂതുശ്ശേരി, തുവരക്കാട് എന്നിവിടങ്ങളിൽ തെയ്യ അറകളും ഉണ്ട്. കാവിന്റെയും അമ്പലപ്പറമ്പി ന്റെയും ചാരുത ഇന്നല്ലെങ്കിലും ഇവിടെ നടക്കുന്ന വച്ചു പൂജകളും വിവിധങ്ങളായ തെയ്യങ്ങളും എടുത്തു പറയാവുന്ന കൂട്ടായ്മയും അന്നത്തെ സമൂഹ ത്തിന്റെ പ്രതീക്ഷയും വിളിച്ചോതുന്നു. ഇവർക്ക് തനതായ വേഷവും ഭാഷയും ആചാനുഷ്ഠാനങ്ങളും ജീവിതരീതിയും ഉണ്ടായിരുന്നു. തൊടലും തീണ്ടലും ജാതിവ്യത്യാസവും ആരാധനാവ്യത്യാസവും ഉണ്ട്. പുലയുംബാലായ്മയും നിലനില്കുന്നു.

കുട്ടാപറമ്പ് ലഡാക്ക് കൊടിവളപ്പ് എന്നീ പ്രദേശങ്ങളിൽ കണ്ണൂർ ജില്ലയിൽ നിന്നും തിരുവിതാം കൂറിൽനിന്നും കുടിയേറിപാർത്ത മുസ്ലിം ജനവിഭാഗ ങ്ങളും ഉണ്ട്. അവർക്ക് ആരാധനാല യങ്ങളും ഉണ്ട്. മതപരമായി വിശേഷദിവസങ്ങളിൽ നടത്തുന്ന ആഘോഷങ്ങളും പാട്ടപ്പാറ (ഉദയഗിരി മുളവള്ളിക്കാട്ട് വലിയുപ്പാന്റെ മഖാംഉറൂസും ആഘോഷിക്കുന്നു. അടുത്തകാലത്തായി നബിദിനാഘോഷങ്ങളുടെ ഭാഗമായി മുസ്ലിം യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. ഇവയും വിശേഷ ദിനാഘോഷങ്ങളും സാംസ്ക്കാരിക പ്രവർത്തനമാണ്.

പൂവ്വഞ്ചാൽ കുട്ടാപ്പറമ്പ-കാർത്തികപുരം-മണക്കടവ് മാമ്പോയിൽ ഉദയഗിരി താളിപ്പാറ മുതു ശ്ശേരി എന്നീ പ്രദേശം ഉൾപ്പെടെ ഉദയഗിരി പഞ്ചായ ത്തിന്റെ വിപുലമായ പ്രദേശത്ത്; ദക്ഷിണ കേരള ത്തിന്റെ;വിവിധ ഭാഗങ്ങളിൽ നിന്നും ഐക്യകേരളം രൂപം കൊള്ളുന്നതിന് എത്രയോ മുൻപ് തന്നെ കുടിയേറിപ്പാർത്ത ക്രൈസ്തവ സമൂഹം ഉണ്ട്. വന്യ മൃഗങ്ങളോടും രോഗങ്ങളോടും മല്ലടിച്ച് സുന്ദരമായ കൃഷിയിടങ്ങളായി മാറ്റിയിട്ടുണ്ട്. ഇവർക്ക് ധാരാളം ദേവലയങ്ങളും ഉണ്ട്. അവർ ക്രിസ്തുമസ്സ്,തിരുനാൾ ഉത്സവം, പെരുന്നാൾ എന്നിവ ആഘോഷിക്കാറുണ്ട്. ഇതിൽ മതാചാരമുള്ള ആഘോഷങ്ങൾക്ക് പുറമേ കലാപരിപാടികളും കാണാറുണ്ട്.

ആരാധനാലയങ്ങളുടെ പേരുവിവരം

| | |
|---|---|
| മഹാവിഷ്ണു ക്ഷേത്രം | മണക്കടവ് |

പായം ശ്രീകരിഞ്ചാമുണ്ഡി മൂലസ്ഥാനം
കോളിത്താവളം

| | |
|---|---|
| ശ്രീഭഗവതിക്ഷേത്രം | പൂവ്വഞ്ചാൽ |
| ശിവക്ഷേത്രം | അരിവിളഞ്ഞപൊയിൽ |
| അയ്യപ്പക്ഷേത്രം | കാർത്തികപുരം, താളിപ്പാറ |
| ഭജനമഠം | മാവുംതട്ട്-ചുള്ളിപ്പള്ള-ശ്രീഗിരി |
| " | മുക്കട-മുതുശ്ശേരി - പൂവഞ്ചാൽ |
| S.N.D.P ശാഖാമന്ദിരം | ശാന്തിപുരം |
| | മണക്കടവ്-മടിയൻകൊല്ലി |

N.S.S കരയോഗമന്ദിരം മണക്കടവ് - കാർത്തികപുരം
ST സെബാസ്റ്റ്യൻ ചർച്ചു : കാർത്തികപുരം
ST തോമസ് ചർച്ചു : മണക്കടവ്
ST സേക്രട്ടുഹാർട്ട് ചർച്ചു : മാമ്പൊയിൽ
ST ആൻറണീസ് ചർച്ചു : ജയഗിരി
ST തോമസ് ചർച്ചു അരിവിളഞ്ഞപൊയിൽ
ST മേരീസ് ചർച്ച് : ഉദയഗിരി
ST ജോസഫ് ചർച്ച് : താബോർ
ST മാർട്ടിൻ ഡി പോർസ് (കുരിശുപള്ളി) മുക്കട
ST യൂതാനതേയോസ് ( " ) താളിപ്പാറ
നൂറുൽഹുദാ ജം അത്ത് പള്ളി പാട്ടപ്പാറ (ഉദയഗിരി)
മുഹിയദ്ദീൻ ജം അത്ത് പള്ളി ലഡാക്ക്
മുതുവള്ളിക്കാട്ട് മഖാം (ഉദയഗിരി)
യഹോവരാജ്യഹാൾ (കാർത്തികപുരം)
പെന്തക്കോസ് രാജ്യഹാൾ പൂവഞ്ചാൽ

അതാത് ജനവിഭാഗത്തിൻെറ ത്യാഗപൂർണ്ണ മായ പ്രവർത്തനം നമുക്കിവിടെ കാണാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ ജാതിഘടനനോക്കിയാൽ ഭൂരിപക്ഷം ക്രൈസ്തവരാണ്. തിരുനാളുത്സവങ്ങൾ വമ്പിച്ച ജനപങ്കാളത്തത്തോടെ നടത്തുക പതിവാണ്. ഇതിൽ ഗാനമേള, നാടകം, നൃത്തം മുതലായവ യുവജനങ്ങൾ അതാത് സ്ഥലങ്ങളിൽ കുറെ നാളത്തെ പരിശീലനം നടത്തി അവതരിപ്പിക്കാറുണ്ട്. സാമൂഹ്യപരിപാടി എന്ന നിലയ്ക്ക് മാറ്റുവാൻ ഈ ചടങ്ങ് ശ്രദ്ധിക്കാറുണ്ട്. വിവിധ ദേവാലയങ്ങൾ കേന്ദ്രീകരിച്ചാണ് ഇവ നടത്തുന്നത്.

ജനസംഖ്യയിൽ രണ്ടാമത് മുന്നിട്ടു നില്ക്കുന്നത് ഹിന്ദുജനവിഭാഗമാണ്. ഇതിൽ ആദിവാസികളും പിന്നോക്കവിഭാഗങ്ങളുമാണ് അധികവും. ശിവരാത്രി, മണ്ഡലം പൂജ നവമി എന്നീ ആഘോഷങ്ങളാണ് അധികവും അമ്പലാങ്കണ ത്തിൽവെച്ചു നടക്കുന്ന ഈ ഉത്സവങ്ങൾക്ക് നാടകം, വില്പാട്ട്, കഥാപ്രസംഗം, ഗാനമേള, നൃത്തം തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കുന്നു. അതാത് പ്രദേശത്തുള്ള കലാകാരൻമാർ കലാപരിപാടികൾ അവതരിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ ഇതൊക്കെ ഇപ്പോൾ പുറത്തുള്ള കലാവേദികൾക്ക് കൈമാറുന്നു.

നബിദിനത്തിനോടും ഉറൂസിനോടും അനുബ ന്ധിച്ച് മുസ്ലിം യുവാക്കൾ ദഫ്മുട്ട് കോൽക്കളി എന്നി വ അവതരിപ്പിക്കുന്നു. അടുത്തകാലത്തായി കായിക മേളകളും സാമൂഹ്യകലാപരിപാടികളും മത്സരമായി നടത്താറുണ്ട്. നാടൻ കളികളായ തലപന്ത് കളി - കുട്ടികളുടെ കിളിത്തട്ട്- തുടങ്ങിയ കളികളും. തിരു വാതിര, തുമ്പിതുള്ളൽ കൈകൊട്ടിക്കളി ഇതൊക്കെ ഓണനാളുകളിലുണ്ടായിരുന്നത് ഭാഗികമായി നിന്നുവെന്ന് പറയാം.

ആദിവാസി വിഭാഗങ്ങൾ തെയ്യങ്ങൾ ആഘോഷിക്കുന്നു. അടിസ്ഥാന കലകളായിരുന്ന കളരിപ്പാട്ട്, കളംപാട്ട്, തോറ്റം പാട്ട് പുനംപ്പാട്ട് മുതലായവ കുറഞ്ഞു. ആദിവാസികളുടെ വിവാഹ രീതികൾ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായിരുന്നു. പുടവ കൊടുക്കലും വെറ്റില കൈമാറ്റവും ചടങ്ങാ യിരുന്നു. ഇവരുടെ ഇടയിൽ അമ്മാവനാണ് പ്രധാനി. കാരണവർ സ്ഥാനികൾ - മൂപ്പൻ തുടങ്ങിയ സ്ഥാനങ്ങളും നിലനില്കുന്നു. മരുമക്കത്തായം നിലനില്ക്കുന്നുണ്ട്. മരുമക്കൾക്ക് അവകാശം കൊടു ത്തില്ലെങ്കിൽ കുലം മുടിയുമെന്ന വിശ്വാസമുണ്ട്. വിവാഹമോചനം ഒരു പരിധിവരെ അവസാനിച്ചു. ബഹുഭാര്യാത്വവും കുറഞ്ഞു. അസുഖം മാറുന്നതിന് ജപിച്ച്കെട്ടൽ മന്ത്രം ചെയ്യൽ എന്നിവ ഇപ്പോഴും നിലനില്കുന്നു. അടുത്തകാലത്തായി സ്ത്രീധന സമ്പ്രദായം ഉടലെടുത്തുവരുന്നുണ്ട്.

കോൽക്കളി എല്ലാമതവിഭാഗങ്ങൾക്കും പ്രിയം കരമാണ്. പൊതുവേ ഉത്സവങ്ങളും പെരുന്നാളും ബഹുജനപങ്കാളിത്തം ഉള്ളവയായി മാറുന്നു. ഇവ മൈത്രി വളർത്തുവാൻ ഉപകരിക്കുന്നു. മാനവമൈത്രി നമ്മുടെ പഞ്ചായത്തിൽ നിലനില്കുന്നു. ഇന്ന്

സമ്മിശ്രസംസ്ക്കാരമാണ് നിലനില്ക്കുന്നത്. രാഷ്ട്രീയ സാമൂഹ്യ പുരോഗമന പ്രവർത്തനത്തിൻെറ പരിണിത ഫലമാണ് ഇന്നത്തെ നമ്മുടെ പഞ്ചായത്തിൻെറ സാംസ്കാരികപുരോഗതിക്ക് നിദാനം.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി രൂപം കൊണ്ട വായനശാല കാർത്തികപുരം പബ്ലിക് ലൈബ്രറിയാണ്. 1962ൽ സ്കൂൾ അദ്ധ്യാപകരും നാട്ടുകാരും ചേർന്നാണ് രൂപം കൊടുത്തത്. ഇതിൻെറ പ്രസിഡണ്ടായി വളരെക്കാലം കാർത്തികപുരം ഗവ ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്ന ഹെൻറി ജോൺ പ്രവർത്തിച്ചിരുന്നു. ഒരു കലാഗ്രൂപ്പും അന്ന് പ്രവർത്തിച്ചിരുന്നു. പിന്നീട് മണക്കടവിലും ഉദയഗിരി, മൂരിക്കടവ്, മുതുശ്ശേരി എന്നീസ്ഥലങ്ങളിലും രൂപീകരിക്കപ്പെട്ടു. അന്ന് വായിക്കുന്നതിനും ചില കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു ഇവ രൂപീകരിക്കപ്പെട്ടത്. ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇന്ന് ക്ലബ്ബുകളും വായനശാലയും പ്രവർത്തിക്കുന്നു. കാർത്തികപുരം ലൈബ്രറി ഇന്ന് പൂർണ്ണമായും നശിച്ചിരിക്കുന്നുവെന്ന് കാണുമ്പോൾ സാംസ്കാരികരംഗത്തോട് നമുക്കുള്ള പ്രതിപത്തി ഇനിയും എങ്ങോട്ട് എന്ന് നോക്കികാണാൻ കഴിയണം. അക്ഷരജ്ഞാനം ഹൃദയത്തിൻെറ തിരിനാളമായി കാണാൻ നമുക്ക് കഴിയണം. 375 സീറ്റ് കപ്പാസിറ്റിയുള്ള ഒരു സിനിമാശാല കാർത്തികപുരത്ത് പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാരുടെ വിനോദകേന്ദ്രം കൂടിയായി ഇത് നിലകൊള്ളുന്നു. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ലൈബ്രറിയോടു കൂടി ഒരു സാംസ്കാരികനിലയം ഉദയഗിരിയിലുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ 6 ലൈബ്രറികളും 9 വായനശാലകളും 19 കലാകായികസ്ഥാപനങ്ങളും ഉണ്ട്. 9 സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടം ഉണ്ട്. കൂടാതെ 2 കരാട്ടെ സെൻററും 2 ആയോധന

## കലാ കായിക സ്ഥാപനങ്ങൾ

| പേര് | സ്ഥലം | ഉടമസ്ഥാവകാശം |
|---|---|---|
| 1 സാംസ്ക്കാരിക നിലയം | ഉദയഗിരി | പഞ്ചായത്ത് കെട്ടിടം |
| 2 എസ്.എൻ. ലൈബ്രറി | ശാന്തിപുരം | സ്വന്തം കെട്ടിടം |
| 3 പൗർണ്ണമി ആർട്ട്സ് സ്പോർട്സ് ക്ലബ് | മുക്കട | സ്വന്തം കെട്ടിടം |
| 4 സാമൂഹ്യ വിനോദ കേന്ദ്രം | മണക്കടവ് | സ്വന്തം കെട്ടിടം |
| 5 നവചേതന ആർട്ട്സ് സ്പോർട്ട്സ് സ്ലബ് | കാർത്തികപുരം | ഇല്ല |
| 6 സിത്താര ആർട്സ് ക്ലബ് | മണക്കടവ് | " |
| 7 ഭാവന ആർട്സ് ക്ലബ് | മണക്കടവ് | " |
| 8 റെഡ് സ്റ്റാർ ആർട്സ് ക്ലബ് | ഉദയഗിരി | |
| 9 ജയസൂര്യ ആർട്സ് ക്ലബ് | മണക്കടവ് | |
| 10 നേതാജി ആർട്ട്സ് ക്ലബ് | താളിപ്പാറ | സ്വന്തം കെട്ടിടം |
| 11 പ്രതിഭ ആർട്സ് ക്ലബ് | അരിവിളഞ്ഞപോയിൽ | |
| 12 യു. ആർ. സി | ഉദയഗിരി | |
| 13 സംഘ ശക്തി ആർട്സ് ക്ലബ് | കാർത്തികപുരം | |
| 14 പബ്ലിക് ലൈബ്രറി ആർട്സ് ക്ലബ് | മാമ്പോയിൽ | സ്വന്തം കെട്ടിടം |
| 15 അൽ അമിൻ കൾച്ചറൽ സെൻറർ | ലഡാക്ക് | |
| 16 ഫിനിക്സ് ആർട്ട്സ് ക്ലബ് | താളിപ്പാറ | സ്വന്തം കെട്ടിടം |
| 17 എ.കെ.ജി ഗ്രന്ഥാലയം | മണക്കടവ് | സ്വന്തം കെട്ടിടം |
| 18 പബ്ലിക് ലൈബ്രറി | മൂരിക്കടവ് | |
| 19 പബ്ലിക് റീഡിംഗ് റൂം | മൂരിക്കടവ് | സ്വന്തം കെട്ടിടം |
| 20 നവദർശനം ആർട്സ് ക്ലബ് | മുതുശ്ശേരി | സ്വന്തം കെട്ടിടം |

കളരികൾ എന്നിവയും പ്രവർത്തിക്കുന്നു. പല ആർട്ട്സ് ക്ലബ്ബുകളും പ്രവർത്തനക്ഷമമല്ല. വായനശാലകൾ വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല. പല ക്ലബ്ബുകളും മത്സരബുദ്ധിയോടു കൂടിയാണ് ആണ്ടിൽ ഒരിക്കൽ കലാപരിപാടികൾ അവതരിപ്പിക്കുന്നത്. ഈ പരിപാടി അവതരിപ്പിച്ചാൽ നിശ്ചലം ആകുകയും ചെയ്യുന്നു. ചില ക്ലബ്ബുകൾ ഉദയം കൊള്ളുമ്പോൾ നൃത്തം, വാദ്യോപകരണം, ശാസ്ത്രീയസംഗീതം കഥാപ്രസംഗം എന്നിവ പഠിപ്പിച്ചു തുടങ്ങുന്നു. ഒരിക്കൽ പരിപാടി അവതരിപ്പിക്കുന്നു പിന്നീട് മരിക്കുന്നു. പ്രപഞ്ചത്തോളം ലയിച്ചു ചേരുകയും കൂട്ടായ്മ വിളിച്ചോതുകയും മനസ്സിനും സമൂഹത്തിനും ഉല്ലാസം ലഭിക്കുകയും ചെയ്യേണ്ട ഇത്തരം സ്ഥാപനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്നു. നാടൻകലാസങ്കേതങ്ങൾ കാലികസാമൂഹ്യപ്രശ്നങ്ങൾ അവതരിപ്പിച്ച് സാംസ്കാരിക ജീർണ്ണതക്കെതിരെ ജനമനസ്സുണർത്തിയിരുന്നു.

കാർത്തികപുരം കേന്ദ്രീകരിച്ചു ദ്വൈമാസ പരിപാടിക്ക് നവചേതന രൂപം കൊടുത്തിരുന്നു. സിത്താര കലാട്രൂപ്പ് രൂപീകരിച്ചിരുന്നു. ഉദയഗിരിയിൽ ഒരു കൈയ്യെഴുത്തു മാസിക തുടങ്ങി എന്നാൽ അത് അസ്തമിച്ചു ഉദയഗിരിയിൽ തന്നെ ഒരു മാസികയ്ക്ക് രൂപം കൊടുത്തു അതും പെട്ടെന്നു തന്നെ നിലച്ചു. സ്വന്തമായി മുൻകൈപ്രവർത്തനം ഏറ്റെടുത്ത് നാട്ടുകാരുടെയും യുവജനങ്ങളുടെയും കൂട്ടായ്മ വളർത്തി സമൂഹത്തിന്റെ അലസതയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്ന ഒരു സാംസ്കാരിക സ്ഥാപനവും നമ്മുടെ പഞ്ചായത്തിൽ ഇന്നില്ലെന്ന് കാണാം.

റിക്രിയേഷൻ സെൻറർ കാർത്തികപുരത്ത് ഒരു കാലഘട്ടത്തിൽ നന്നായി പ്രവർത്തിച്ചിരുന്നു. പിന്നീട് കാലഹരണപ്പെടുകയും ഇതിന്റെ സ്വത്തിൽ കുറെയൊക്കെ ഇന്നത്തെ പോസ്റ്റോഫീസിന് ഉപകരിക്കുകയും ചെയ്തിട്ടുണ്ട്.

കായികപരിശീലനം പരിപോഷിപ്പിക്കുക എന്നത് ഒരു ജനതയുടെ ആരോഗ്യത്തിന്റെ ലക്ഷണമാണ്. സ്കൂളിൽ നിന്നും കായികതാരങ്ങൾ ജില്ലാതലം വരെ എത്തുന്നു. പിന്നീട് ഇവരെ പ്രോത്സാഹിപ്പിക്കുവാൻ സംവിധാനം ഇല്ല. തുടക്കത്തിൽ തന്നെ പൊലിയുന്നു. കലാകായികരംഗത്ത് പുതിയ വാഗ്ദാനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ അവരെ കണ്ടറിഞ്ഞു പരിശീലിപ്പിക്കുവാൻ കഴിയുന്നില്ല.

രണ്ടുമിനി സ്റ്റേഡിയം അരിവിളഞ്ഞ പൊയിലിലും കാർത്തിപുരത്തുമായിട്ടുണ്ട്. അതിൽ കുട്ടികൾക്കും യുവജനങ്ങൾക്കും ആവശ്യമായ കായിക പരിശീലനം നടത്തുവാൻ പര്യാപ്തമല്ല. നാട്ടുകാരുടെ തന്നെ ശ്രദ്ധ ഇല്ലാത്തതിനാൽ കാർത്തികപുരം മിനിസ്റ്റേഡിയം പ്രതീക്ഷയ്ക്കു വിപരീതമായി മാറുന്നു.

നാടൻകലകൾ സാമൂഹ്യബോധവൽക്കരണത്തിനും കൂട്ടായ്മക്കും നല്ല ഐക്യത്തിനും ഉതകിയിരുന്നു. എന്നാൽ ഇന്ന് അവ പൂർണ്ണമായും കൈവിട്ടുപോയിക്കഴിഞ്ഞു.

ഗ്രന്ഥശാലകൾ പോലെ തന്നെ വളരെയധികം പ്രാധാന്യമുള്ള ഒന്നാണ് ഇലക്ട്രോണിക് മാധ്യമങ്ങൾ. നമ്മുടെ പഞ്ചായത്തിൽ 250 ടിവി ഉണ്ട്. ഇതിൽ 75 പേർക്ക് വി.സി.പിയും വി.സി.ആറും ഉണ്ട്. ആകെ നമ്മുടെ ജനസംഖ്യ അംഗൻവാടി സർവ്വേ പ്രകാരം 96-ൽ 22405 ആണ്. ഏകദേശം 90-ൽ ഒരാൾക്ക് ഒരു ടി.വി. ഉണ്ടെന്ന് ശരാശരി കണക്കുകാണിക്കുന്നു. (1/90 ടിവി) 2500 റേഡിയോ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 1500 ടേപ്പ് റെക്കോർഡർ ഉണ്ട്. ഒരു വീട്ടിൽ തന്നെ ഒന്നിൽ കൂടുതൽ റേഡിയോയും ടേപ്പും ഉള്ള വീടുകളുണ്ട്. ശരാശരി 9 പേർക്ക് ഒരു റേഡിയോ ഉണ്ട്. സാമൂഹ്യ പരിഷ്കരണം നടത്തേണ്ടുന്ന ഇലകട്രോണിക് മാധ്യമങ്ങൾ വൻകിട ബിസിനസ്സുകാരുടെ പരസ്യസ്ഥാപനമായി അധഃപതിക്കുന്നുണ്ട്. പാവപ്പെട്ടവന്റെയും കർഷകന്റെയും താല്പര്യത്തെ ഹനിക്കുന്ന തലത്തിലാണ് പ്രസിദ്ധീകരണം.

നമ്മുടെ മേഖലയിൽ ആദ്യം ഉണ്ടായിരുന്ന പത്രം മനോരമയാണ്. പോസ്റ്റ് വഴിയാണ് ആദ്യം വന്നത്. 10 കോപ്പികൾ 1960-ൽ തുടങ്ങി. സ്ഥിരമായി കിട്ടുമായിരുന്നില്ല. പിന്നീട് ദീപിക - മാതൃഭൂമി എത്തി. പരിമിതമാണെങ്കിലും.

ടൈംസ് ഓഫ് ഇന്ത്യ - ഡെക്കാൾഹെറാൾഡ് ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്സ് തുടങ്ങിയ ദേശീയ പത്രവും മനോരമ, മാതൃഭൂമി, കേരളകൗമുദി, ചന്ദ്രിക, മംഗളം, ദീപിക, ജന്മഭൂമി, ദേശാഭിമാനി എന്നീ ദിനപത്രങ്ങളും ഉണ്ട്. 750 കോപ്പികൾ ഒരു ദിവസം എത്തുന്നു. പത്രലഭ്യത 30 ആൾക്ക് ഒന്ന് എന്ന അനുപാതത്തിലാണ് (1/30) കൂടാതെ 15 ക്രൈസ്തവ പ്രസിദ്ധീകരണം 10 രാഷ്ട്രീയ പ്രസിദ്ധീകരണങ്ങളും ഹൈന്ദവ ഇസ്ലാമിക മാസിക അടക്കം 42 വ്യത്യസ്ത മാസികകളും കേരളത്തിൽ ഇന്ന് പ്രസിദ്ധീകരിക്കുന്ന മിക്ക മാസികകളും വാരികകളും ചിത്രകഥകളും വരുന്നുണ്ട്. 1250 കോപ്പികൾ ഇതെല്ലാം കൂടി വരും. പ്രസിദ്ധീകരണങ്ങൾ 1000 വരുമ്പോൾ സാമൂഹ്യ സാമ്പത്തികവിദ്യാഭ്യാസ വിഞ്ജാന നിലവാരം ഉയർത്തുന്ന പ്രസിദ്ധീകരണങ്ങൾ 100-ൽ താഴെ മാത്രമാണ് എത്തുന്നത്.

നമ്മുടെ പഞ്ചായത്തിൽ തൊഴിലുള്ള സ്ത്രീകളുടെ സംഖ്യ 9.01 ശതമാനം ആണ്. തൊഴിലുള്ള പുരുഷൻമാരുടേത് 52 ശതമാനം വരും. എന്നാൽ അംഗൻവാടി സർവ്വേ പ്രകാരം 82.41% സ്ത്രീ സാക്ഷരതയും പുരുഷന്മാരുടെ സാക്ഷരതാ ശതമാനം 84.42 ഉം ഇതിൽ നിന്നും സ്ത്രീകളുടെ സമൂഹത്തിലെ പദവി മനസ്സിലാക്കാം. തൊഴിലിൽ പോലും തുല്യത ഇല്ല. സംസ്ക്കാരമുള്ള ജനത സ്ത്രീയും പുരുഷനും കൈകോർത്തു സാമൂഹ്യ ബാദ്ധ്യത നിർവ്വഹിക്കുമ്പോഴാണെന്ന സത്യം പാടെ പുറം തള്ളപ്പെടുന്നു. സ്ത്രീധനഹത്യയും സ്ത്രീപീഡനവും കുറവാണ്. ഒരു പുതിയ യുഗത്തിലേക്ക് പദമൂന്നാൻ വെമ്പൽ കൊള്ളുന്ന സമൂഹത്തിന്റെ സംസ്ക്കാരം ഉയർത്തുവാൻ നാം പ്രതിജ്ഞാബദ്ധരാണെന്ന് മനസിലാക്കുവാൻ വൈകരുത്. കലാകായികരംഗത്ത് പ്രതിഭകളെ വളർത്തിയെടുക്കുവാൻ കഴിവുള്ള നിരവധി സ്ഥാപനങ്ങൾ നമ്മൾക്ക് ഉണ്ട്. സ്രോതസ്സ് ഉണ്ട്. അതിനുള്ള പരിശീലനം നടക്കുന്നില്ല. നാടൻ കളികളും കലയും അപ്രത്യക്ഷമാകുന്നു. കായികരംഗത്ത് പുതിയപ്രവണതയും സംസ്ക്കാരവും ഉയർന്നുവരുന്നു. വിദ്യാലയങ്ങളിൽ പോലും കായിക പരിശീലനം വേണ്ട രീതിയിൽ നടക്കുന്നില്ല. കായിക മേഖലയും കലാമേഖലയും പ്രാണവായുപോലെ കാണാനും, കായികക്ഷമതയുള്ള സമൂഹത്തെ സൃഷ്ടിക്കാനും നമ്മൾക്ക് കഴിയണം. യുവജനങ്ങൾ അർഹിക്കുന്ന രീതിയിൽ സർക്കാർ സംവിധാനം വിനിയോഗിക്കാൻ കഴിയണം. അങ്ങനെ ഒരു വികസന സംസ്കാരത്തിന് നാം മുന്നോട്ട് വരണം.

## പ്രശ്നങ്ങൾ

1. വായനശാലകൾ ഒന്നും തന്നെ സജീവമല്ല. വായനശാലകളിൽ പുസ്തകം സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല. നല്ല ലൈബ്രേറിയൻ ഇല്ല.
2. വേണ്ടത്ര പുസ്തകം ഇല്ല. ഉള്ളവ വിജ്ഞാനപ്രദമല്ല.
3. വായനശീലം വേണ്ടത്രയില്ല. പൈങ്കിളി സാഹിത്യം ഭൂരിപക്ഷവും ഇഷ്ടപ്പെടുന്നു. - ബോധവത്ക്കരണമില്ല.
4. കലാ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല
5. പുതിയ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നില്ല.
6. അത്യാർഭാടമുള്ള വിവാഹസദ്യയും ധൂർത്തും സ്ത്രീധനം വ്യാപാരാടിസ്ഥാനത്തിൽ പെരുകുന്നു.
7. സ്കൂൾ ലൈബ്രറികൾ ഫലപ്രദമല്ല. കാര്യക്ഷമമല്ല.
8. ഇലക്ട്രോണിക് മാധ്യമത്തിന്റെ അതിപ്രസരം വായനയും പഠനവും വിമുഖതയാകുന്നു.
9. കായികവിനോദം പ്രോത്സാഹിപ്പിക്കുന്നില്ല
10. മദ്യപാനവും പണം വച്ചുള്ള ചൂതുകളിയും പെരുകുന്നു.
11. സ്ത്രീ പീഡനം - ഉപഭോഗസംസ്ക്കാരം വളരുന്നു.

സാധ്യതകൾ

1. ഗ്രാമീണ ജനതയെ ജനകീയ പങ്കാളിത്തം ഉള്ള വരാക്കി മാറ്റുക. സാഹിത്യസായാഹ്നങ്ങൾ നടത്തുക. താല്പര്യമുള്ള ലൈബ്രേറിയനെ ഗ്രാമീണർ തെരഞ്ഞെടുക്കുക.
2. ജനങ്ങളിൽ നിന്നും പുസ്തകം സംഭരിക്കുക. ജനങ്ങളുടെ അഭിരുചി മനസിലാക്കി പുസ്തകം തെരഞ്ഞെടുക്കുക.
3. ഗ്രാമോത്സവം സംഘടിപ്പിക്കുക. പുസ്തകം നല്കുന്ന വിജ്ഞാനം ബോധവത്ക്കരണത്തിലൂടെ

നടത്തുക. ഓരോ മാസങ്ങളിലും ആവർത്തിക്കുക.

4. കലാകായികരംഗത്ത് ബോധവത്ക്കരണവും - ഗ്രാമീണ ജിംനേഷ്യവും സംഘടിപ്പിക്കുക. കാർത്തിക പുരം ഭാഗത്ത് ജനകീയപങ്കാളിത്തത്തോടെ ഒരു ടെക്കോ പാർക്ക് ഉണ്ടാക്കുക പ്രവേശനഫീസ് ഈടാക്കുക. ശിശുക്കൾക്ക് വിജ്ഞാനമുണ്ടാകുവാനുതകുന്ന തരത്തിൽ ഉപയോഗിക്കുക.

5. സ്ത്രീകൾക്കും കുട്ടികൾക്കും കായികവിനോദ കേന്ദ്രങ്ങൾ കാർത്തികപുരം, ഉദയഗിരി, മണക്കടവ് എന്നീ കേന്ദ്രങ്ങളിലെങ്കിലും സ്ഥാപിക്കുക.

6. സ്ത്രീ പീഡനവും മദ്യപാനവും ജനകീയ പങ്കാളിത്തത്തോടെ നിരന്തരമുള്ള ബോധവത്ക്കരണത്തിലൂടെ തടയുക. വാർഡുകൾ തോറും സമിതി രൂപീകരിക്കുകയും മാസംതോറും ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

7. വിവാഹസദ്യയും ധൂർത്തും ജനങ്ങൾ കണ്ടറിഞ്ഞ് ഫലപ്രദമായി കുറയ്ക്കുന്നതിനുള്ള ജനകീയ ഇടപെടൽ സ്വയം ഏറ്റെടുക്കുക.



# വനിതാ ക്ഷേമം



'പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർദ്ധക്യേ
ന. സ്ത്രീ സ്വാതന്ത്രമർഹതി.'

എന്ന മനുസ്മൃതി ശ്ലോകത്തിൽ നിന്നും ഉദയഗിരി പഞ്ചായത്തിലെ സ്ത്രീകൾ അധികം മുന്നോട്ടു ചുവടുകൾ വച്ചിട്ടില്ല. ആദ്യകാലകുടിയേറ്റക്കാരിൽ അധികവും കർഷകരായിരുന്നു. ആ കാലഘട്ടത്തിലെ കാർഷികമേഖലയിലുള്ള സ്ത്രീകളുടെ പങ്ക് എടുത്തുപറയേണ്ടതാണ്. കാട്ടുമൃഗങ്ങളോടും പ്രതികൂല കാലാവസ്ഥയോടും മല്ലടിച്ച് മണ്ണിൽ പൊന്ന് വിളയിക്കാൻ പുരുഷന്മാർക്കൊപ്പം സ്ത്രീകളും ഉണ്ടായിരുന്നു. ഗൃഹജോലികൾക്കൊപ്പം മറ്റു പണികൾക്കും അവർ സമയം കണ്ടെത്തിയിരുന്നു. ഇന്നന്യമായിക്കൊണ്ടിരിക്കുന്ന കപ്പ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ ഇവരുടെ ശ്രമഫലമായി ധാരാളം വിളഞ്ഞിരുന്നു. കിലോമീറ്ററുകൾ താണ്ടിയാണെങ്കിലും കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുവാൻ അമ്മമാർക്ക് താല്പര്യം പ്രകടിപ്പിച്ചിരുന്നു. വേണ്ടത്ര ശിക്ഷണം നല്കി കുട്ടികളെ വളർത്തുവാനും ഇവർക്ക് കഴിഞ്ഞിരുന്നു. ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ഇവർക്കുണ്ടായിരുന്നു. രോഗങ്ങളും, ദുരിതങ്ങളും ഇവരെ അലട്ടിയിരുന്നു. ആശുപത്രിയുടെ അഭാവം നിമിത്തം ഒറ്റമൂലികളിലും, പച്ചമരുന്നുകളിലുമാണ് അവർ ആശ്വാസം കണ്ടെത്തിയിരുന്നത്. ഈ പാരമ്പര്യ ചികിത്സാരീതികൾ ഇന്നും പലരും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട് ഇങ്ങനെയൊക്കെയാണെങ്കിലും പുരുഷമേധാവിത്വത്തിൻെറ ആട്ടമ്മിയിൽ അരഞ്ഞ് അവരുടെ ഇഷ്ടത്തിനനുസരിച്ച് സ്ത്രീകളെ രൂപപ്പെടുത്തിയിരുന്നു. അതുകൊണ്ടു തന്നെ അവരുടെ പ്രവർത്തനങ്ങൾ വീട്ടിലും പരിസരങ്ങളിലുമായി ഒതുങ്ങി നിന്നു. പലപ്പോഴും പൊതുവേദികളിൽ എത്തുവാനുള്ള അവസരങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു. ഇതുകൊണ്ടായിരിക്കാം ഇന്നും പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ അഭാവം കാണുന്നത്.

1991-ലെ സെൻസസ് അനുസരിച്ച് 19557 പേരിൽ 9893 സ്ത്രീകളെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ 1996 ആയപ്പോഴേക്കും ഇതിന് ഘടകവിരുദ്ധമായി സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടി. 22405 ആളുകളിൽ 11276 സ്ത്രീകളുണ്ട്. അതായത് 1000 പുരുഷന്മാർക്ക് 1013 സ്ത്രീകൾ. ഈ വർദ്ധനവിനനുസരിച്ച് ഒരു മേഖലയിലും ഇവരുടെ പ്രാതിനിധ്യം ഇല്ല. സാമൂഹിക സാമ്പത്തികരംഗത്തിൻെറ സമഗ്രവികസനത്തിന് ഇവരുടെ പങ്കാളിത്തം കൂടിയേ തീരൂ. പ്രാഥമിക വിദ്യാഭ്യാസത്തിൽ സ്ത്രീകൾ മുൻപന്തിയിലും സാങ്കേതികവിദ്യാഭ്യാസത്തിൽ അവർ പിന്നിലുമാണ്. ആകെയുള്ള വിദ്യാർത്ഥികളിൽ 44.1% പേരും പെൺകുട്ടികളാണ്. 1991-ലെ കണക്കനുസരിച്ച് സ്ത്രീ സാക്ഷരത 82.41% ആണ്. സാക്ഷരതാ പ്രവർത്തനങ്ങളിലും വനിതകളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഒരു വർഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 18337 രോഗികൾ എത്തുന്നു. ഇവരിൽ 10236 ഉം സ്ത്രീകളാണ്. ഇത് ആരോഗ്യനിലവാരത്തിൽ അവർ പിന്നിലാണ് എന്ന് കാണിക്കുന്നു. വിദ്യാഭ്യാസ നിലവാരം പഴയതിലും ഉയരുകയും കുട്ടികളുടെ എണ്ണം കുറയുകയും ചെയ്തിട്ടും വരുമാനമുണ്ടാക്കുന്ന പണികളിലേർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഈ പഞ്ചായത്തിലെ ആകെ സ്ത്രീ തൊഴിലാളികളുടെ എണ്ണം 1991-ലെ കണക്കു പ്രകാരം 871 ആണ്. 9.01% മാത്രമണിത്.

| തൊഴിൽമേഖല | പുരുഷൻ | സ്ത്രീ | കൂലിനിരക്ക് | |
|---|---|---|---|---|
| | | | പു | സ്ത്രീ |
| കൃഷി | 404 | 17 | - | - |
| കർഷകതൊഴിലാളികൾ | 146 | 45 | 80 | 50 |
| മൃഗസംരക്ഷണം | 3308 | 335 | - | - |
| കരിങ്കൽക്വാറി | 39 | 3 | 175 | 80 |
| കുടിൽവ്യവസായം | 27 | 11 | 80 | 50 |
| മറ്റു വ്യവസായം | 170 | 8 | 100 | 60 |
| നിർമ്മാണപ്രവർത്തനം | 118 | 5 | 125 | 75 |
| വ്യാപാരം | 331 | 14 | 50 | 30 |
| ഗതാഗതം,വാർത്താവിനിമയം | 126 | 6 | 100 | 60 |
| മറ്റുള്ളവ | 295 | 216 | 80 | 65 |
| ആകെ | 4964 | 660 | | |
| ഭാഗികമായി തൊഴിലുള്ളവർ | 271 | 211 | | |

അവലംബം :- 1991-ലെ സെൻസസ്

90% സ്ത്രീകളും വീട്ടമ്മമാരാണ്. തീറ്റപ്പുല്ലിന്റെ ലഭ്യതയനുസരിച്ച് ആടുമാടുകളെ വളർത്തുകയും ജലത്തിന്റെ ലഭ്യതയനുസരിച്ച് പച്ചക്കറി കൃഷി നടത്തുകയും ചെയ്യുന്നവരുണ്ട്. എങ്കിലും ഈ രംഗങ്ങളിൽ അവർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. കാരണം നാനാവിധത്തിലുള്ള പച്ചക്കറികൾ കമ്പോളങ്ങളിൽ സുലഭമായി ലഭിക്കുന്നതുകൊണ്ട് ഇതിനുവേണ്ടി ബുദ്ധിമുട്ടാൻ അവർ തയ്യാറാവുന്നില്ല. മാത്രമല്ല ടി.വി. തുടങ്ങിയ ആഡംബര വസ്തുക്കളുടെ അതിപ്രസരം കൊണ്ട് സ്ത്രീകൾ അലസരായി മാറുന്നു. പഞ്ചായത്തിൽ 3990 വീടുകളുള്ളതിൽ 365 എണ്ണം വനിതകളുടെ നിയന്ത്രണത്തിലാണ്. എട്ടു വിധവകൾക്ക് വിധവാപെൻഷൻ ലഭിക്കുന്നു. 130 പേർക്ക് ഇതിന് അർഹതയുണ്ട്. 10 അങ്കണവാടികൾ സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. 224 ഗർഭിണികൾക്കും 185 മുലയൂട്ടുന്ന അമ്മമാർക്കും അവരുടെ സേവനം ലഭിക്കുന്നുണ്ട്. ഇവരുടെ കണക്കനുസരിച്ച് 15.93% എന്ന നിരക്കിൽ പ്രതിവർഷം ജനനം കണക്കാക്കിയിരിക്കുന്നു.

ഉദയഗിരി പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിലുള്ള പാലുല്പാദന വില്പന സഹകരണ സംഘം കാർത്തികപുരത്തും, മണക്കടവിലും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ബഹുജനസംഘടനകളിൽ വനിതാ പ്രാതിനിധ്യം വളരെ കുറവാണ്. സ്ത്രീകൾ പൊതുരംഗത്ത് വരാതിരിക്കുന്നതിനുള്ള കാരണം സമൂഹത്തിന്റെ മനോഭാവമാണ്. ഇതിനു മാറ്റം വരുത്തി സ്ത്രീകളുടെ ഒരു നേതൃത്വനിര തന്നെ വളർത്തിക്കൊണ്ടു വരണം. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന വനിതകൾ ധാരാളമുണ്ട്. സ്ത്രീധന സമ്പ്രദായം മൂലം വനിതകൾ പല വിധത്തിലും ക്ലേശമനുഭവിക്കുന്നു. ആവശ്യപ്പെടുന്ന സ്ത്രീധനം കൊടുക്കാനില്ലാത്തതുകൊണ്ട് വിവാഹം കഴിയാത്ത യുവതികൾ ഈ പഞ്ചായത്തിലുണ്ട്. ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ സ്ത്രീകൾക്കുവേണ്ടി പ്രത്യേക പദ്ധതികളും പ്ലാനുകളും നടപ്പിലാക്കേണ്ടതാണ്.

സ്ത്രീകൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങളേയും അവ പരിഹരിക്കാനുള്ള സാധ്യതകളേയും കുറിച്ചുള്ള ഒരവലോകനം ഇവിടെ രേഖപ്പെടുത്തുന്നു.

## പ്രശ്നങ്ങൾ

### 1. സ്ത്രീ തൊഴിലാളികളുടെ അഭാവം

കാർഷിക മേഖലയിലുണ്ടായ മുരടിപ്പും കൃഷിയോടുള്ള വിമുഖതയും സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരം കുറയാൻ കാരണമായി. കൂലിയിലുള്ള അന്തരം മൂലം കൃഷിപ്പണിചെയ്തിരുന്ന സ്ത്രീകൾ കെട്ടിടനിർമ്മാണം, കരിങ്കൽക്വാറികൾ, റോഡുനിർമ്മാണം തുടങ്ങിയ മേഖലകളിലേയ്ക്ക് കുടിയേറി.

### 2. വനിതാനേതൃത്വത്തിന്റെ അഭാവം

വനിതാനേതൃത്വത്തിന്റെ അഭാവം സ്ത്രീകളുടെ വികസന പ്രവർത്തനങ്ങൾക്ക് വിഘാതമാവുന്നു. മഹിളാസംഘടനകളുടെയും വനിതാ സഹകരണ സംഘങ്ങളുടെയും കുറവ് ഇതിനു കാരണമാകുന്നു. പല പദ്ധതികളെകുറിച്ചും വേണ്ടത്ര അറിവ് ലഭിക്കാത്തതും പ്രോത്സാഹനക്കുറവും വനിതാക്ഷേമത്തിന് തടസ്സമായി നില്ക്കുന്നു. കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ കഴിവുള്ളവ

രുണ്ടെങ്കിലും അവർക്കായി ഒരു കലാകേന്ദ്രമോ, സംഘടനയോ പ്രവർത്തിക്കുന്നില്ല. കായിക ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ വനിതാ പരിശീലന ങ്ങൾ ഇല്ല.

3. ആരോഗ്യപരമായ പിന്നോക്കാവസ്ഥ

ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരി ല്ലാത്തതുനിമിത്തം ഭവന സന്ദർശനവും ബോധവ ത്ക്കരണവും വേണ്ടത്ര നടക്കുന്നില്ല. ഒരു സ്ത്രീരോഗ വിദഗ്ദന്റെ കുറവ് ഈ പഞ്ചായത്തിലുണ്ട്. വ്യക്തി ശുചിത്വത്തിലും പരിസരശുചിത്വത്തിലും സ്ത്രീകൾ വേണ്ടത്ര ബോധവതികളല്ല. മാനസികവും ശാരീരിക വുമായ ആരോഗ്യം പരിരക്ഷിക്കുവാൻ ആവശ്യമായ സാഹചര്യം എല്ലാവർക്കും ഇല്ല.

4. താഴ്ന്ന വിദ്യാഭ്യാസ നിലവാരം

വിദ്യാഭ്യാസ കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. Mother P.T.A കൾ നിലവി ലുണ്ടെങ്കിലും അത് സജീവമല്ല. പഞ്ചായത്തിൽ നിന്നും വളരെയധികം ദൂരെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നതിനാൽ പെൺകുട്ടി കൾക്ക് ഇവ ലഭിക്കാനുള്ള സാഹചര്യം വളരെ കുറവാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്കാവശ്യമായ പ്രഥമിക സൗകര്യ ങ്ങളില്ല. അതായത് 25 കുട്ടികൾക്ക് ഒരു മൂത്രപ്പുര എന്ന തോതിലെങ്കിലും ഇത് ഉണ്ടായിരിക്കണം. ഈ സൗകര്യക്കുറവ് പലവിധരോഗങ്ങൾക്കും കാരണ മാകുന്നു. പ്രി പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി അൺഎയ്ഡഡ് സ്ഥാപനങ്ങളെ ഉള്ളൂ. ഇവയാകട്ടെ സാമ്പത്തികലാഭം മാത്രമാഗ്രഹിക്കുന്നവയാണ്. അതിനാൽ പല കുട്ടികൾക്കും അവിടെ പ്രവേശനം ലഭിക്കാറില്ല. അംഗനവാടികളെ കേന്ദ്രീകരിച്ച് മഹിളാസ്വസ്ഥ്യ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം നിർജ്ജീവാവസ്ഥയിലാണ്.

5. സ്ത്രീ പീഡനം

സ്ത്രീധനം, മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം, കുടുംബങ്ങളിലെ അന്തഃഛിദ്രങ്ങൾ ഇവ മൂലം പീഡനങ്ങളനുഭവിക്കുന്ന സ്ത്രീകളുണ്ട്. കോളനികളെ കേന്ദ്രീകരിച്ച് പണം വെച്ചുള്ള ചീട്ടുകളി പല കുടുംബങ്ങളേയും ദോഷകരമായി ബാധി ക്കുന്നു. ഈ വിധത്തിലുള്ള സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാൻ പറ്റിയ വേദികളില്ല.

6. സമൂഹത്തിന്റെ സ്ത്രീയോടുള്ള മനോഭാവം

പൊതുപ്രവർത്തനത്തിനിറങ്ങുന്ന സ്ത്രീകൾക്ക് ചുററുപാടുമുള്ളവരിൽ നിന്നും ക്രൂരമായ വിമർശന ങ്ങളും അപവാദങ്ങളും നേരിടേണ്ടിവരുന്നു. പുരുഷ മേധാവിത്വം സ്ത്രീമനസ്സുകളിൽ വേരുറച്ചതുകാരണം അവരുടെ ആജ്ഞാനുവർത്തികളായി മാത്രം തുടരാൻ അവർ ഇഷ്ടപ്പെടുന്നു.

7. സ്ത്രീക്ഷേമ പദ്ധതികൾ നടപ്പാക്കുമ്പോഴുള്ള അപാകത

മിക്ക പദ്ധതികളുടെയും ദൗർബല്യം അവ യൊന്നും പലപ്പോഴും ഉപഭോക്താവിന് ലഭിക്കുന്നില്ല എന്നുള്ളതാണ്. വിവധ പദ്ധതികളെക്കുറിച്ച് വ്യക്തമായി അറിയാനുള്ള മാർഗ്ഗങ്ങളില്ല. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കു ന്നതിനും ആവശ്യമായ സംവിധാനങ്ങളില്ല.

8. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യമില്ലായ്മ

ആരോഗ്യകരമായ പല പ്രശ്നങ്ങൾക്കും ഇത് കാരണമാകുന്നു. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്ര ങ്ങളിൽ മൂത്രപ്പുരയും കക്കൂസും അത്യാവശ്യമാണ്. ഇവയില്ലാത്തതുകൊണ്ട് പലപ്പോഴും സ്ത്രീകൾ ബുദ്ധിമുട്ടുന്നു.

9. സ്ത്രീപുരുഷ വിവേചനം

മിക്ക മേഖലകളിലും സ്ത്രീപുരുഷ അന്തരം നിലനില്ക്കുന്നു. തൊഴിൽ മേഖലയിലാണ് ഇത് കൂടുതൽ പ്രകടമായി കാണുന്നത്. ഒരേ പണിയെടു ക്കുന്ന സ്ത്രീയും പുരുഷനും വ്യത്യസ്ഥ വേതനമാണ് ലഭിക്കുന്നത്. നിർമ്മാണ പ്രവർത്തനരംഗത്ത് പുരുഷന് 125 രൂപാ കൂലി ലഭിക്കുമ്പോൾ സ്ത്രീക്ക്

70 നും 80 നും ഇടയിലാണ് ലഭിക്കുന്നത്. സർക്കാർ ജോലികളിലും പുരുഷനാണ് പ്രാധിനിധ്യം കൂടുതൽ. സ്ത്രീകൾ കൂടുതലുള്ളത് അദ്ധ്യാപനമേഖലയിൽ മാത്രമാണ്.

10. സ്വയം തൊഴിൽ കണ്ടെത്താനുള്ള വിമുഖത

വിദഗ്ദ്ധമായ പരിശീലനത്തിൻെറയും ബോധവത്കരണത്തിൻെറയും കുറവ് സ്വയം തൊഴിലുകൾ കണ്ടെത്തുവാനുള്ള സ്ത്രീകളുടെ ഉത്സാഹത്തെ നശിപ്പിക്കുന്നു. ആത്മവിശ്വാസത്തിൻെറയും ശുഭാപ്തി വിശ്വാസത്തിൻെറയും കുറവ്, സംഘടനാശേഷിക്കുറവ് ഇവയും കാരണങ്ങളാണ്. DWCRA, IRDP ട്രൈസം ഇവയെക്കുറിച്ചുള്ള അജ്ഞത മൂലം പുതിയ സംരഭങ്ങൾ തുടങ്ങുന്നില്ല. സ്വയം തൊഴിലുകൾ ആരംഭിക്കുവാനുള്ള ബാങ്ക് വായ്പകൾ ലഭിക്കണമെങ്കിൽ പല കടമ്പകളും കടക്കണം. വനിതകളെ സംബന്ധിച്ചിടത്തോളം ഇത് വിഷമകരമാണ്.

11. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും

സ്ത്രീ എന്നും അടുക്കളക്കുള്ളിൽ കഴിയേണ്ടവളാണെന്ന മൂഢവിശ്വാസം വികസനപ്രക്രിയയിൽ നിന്നും അവളെ മാറ്റി നിർത്തുന്നു. പൊതുപ്രവർത്തനത്തിനിറങ്ങുന്ന സ്ത്രീകൾക്കെതിരെ അവർ തന്നെ നടത്തുന്ന ആരോപണങ്ങളും അപവാദങ്ങളും അനാരോഗ്യകരമാണ്. സ്ത്രീ പ്രദർശന വസ്തുവും പിടിച്ചേല്പിക്കുന്ന വസ്തുവുമായി മാറുന്ന ദുഷ്പ്രവണത സമൂഹത്തിൽ നിലനില്ക്കുന്നു.

12. വായനാശീലമില്ലായ്മ

ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുന്നവർ വിരളമാണ്. താഴ്ന്ന നിലവാരമുള്ള വാരികകളാണ് സ്ത്രീകളുടെ ഇടയിൽ പ്രചാരത്തിലുള്ളത്. വായനശാലയിലും സാംസ്ക്കാരിക നിലയത്തിലും പോകുന്നവർ ഒരു ശതമാനം പോലുമില്ല. വനിതകൾക്കുമാത്രമായി ഒരു വായനശാലയോ വിനോദവിജ്ഞാന കേന്ദ്രമോ ഇല്ല.

സാധ്യതകൾ

1. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാധിനിധ്യം നൽകുക. വാർഡ് അടിസ്ഥാനത്തിൽ തൊഴിൽ മേഖല ശക്തിപ്പെടുത്തുക. പച്ചക്കറി, ഔഷധസസ്യം, ഓർക്കിഡ്, കുറ്റിമുല്ല, കൂണ് മുതലായവ കൃഷി നടത്തണം. അതിനുവേണ്ട പരിശീലനവും ധനസഹായവും നൽകുക. മൃഗസംരക്ഷണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ മൃഗാശുപത്രി വഴി നൽകുക. മൃഗാശുപത്രിയുടെ നേതൃത്വത്തിൽ വനിതകളുടെ ഒരു സഹകരണസംഘം ഉണ്ടാക്കണം. ഇവരുടെ നേതൃത്വത്തിൽ കോഴി, ആട്, പന്നി ഇവ വളർത്തൽ നടപ്പാക്കാൻ കഴിയും. കൃഷി കാര്യങ്ങളിലുള്ള വിമുഖത മാറ്റിയെടുക്കാനുള്ള പ്രോത്സാഹനം നൽകണം. ഇതിനുവേണ്ടി മേന്മയേറിയ കായ്ഫലങ്ങൾക്കും കിഴങ്ങുവർഗ്ഗങ്ങൾക്കും പ്രദർശനമത്സരം നടത്താം.

2. സ്ത്രീകളെ നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. മഹിളാസംഘടനകൾ രൂപീകരിക്കുകയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുകയും വേണം. അംഗനവാടികളുടെ നേതൃത്വത്തിലുള്ള മഹിളാസ്വസ്ഥ് സംഘങ്ങൾ ഫലപ്രദമായി നടത്തണം. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായി അംഗനവാടികളെ മാറ്റുക. രാഷ്ട്രീയ നേതൃനിരയിലേക്ക് ധാരാളം സ്ത്രീകളെ കൊണ്ടുവരിക. പഞ്ചായത്തുതലത്തിൽ വനിതാക്ഷേമത്തിനുവേണ്ടി ഒരു പ്രത്യേക സമിതി രൂപീകരിക്കുക. ആ സമിതിയുടെ കീഴിൽ വാർഡുസമിതികൾ ഉണ്ടാക്കണം. ഈ സമിതിയുടെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പിലാക്കുക. പഞ്ചായത്തുതല സമിതിയുടെ ഉത്തരവാദിത്വം വനിതാമെമ്പർമാരെ ഏല്പിക്കുക. പക്ഷേ രാഷ്ട്രീയത്തിന്നതീതമായി വേണം ഇത് പ്രവർത്തിക്കുവാൻ. രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലുള്ള ക്ഷേമത്തിനു വേണ്ടി എല്ലാ തുറകളിലുമുള്ള സ്ത്രീകളെ പങ്കെടുപ്പിക്കുവാൻ ബോധപൂർവ്വമായ ശ്രമം നടത്തണം.

3. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ വനിതകളുടെ ആരോഗ്യത്തിനു പ്രാധാന്യം കൊടുക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ത്രീരോഗ വിദഗ്ദനെ നിയമി

ക്കണം. അതുവരെ ആഴ്ചയിൽ ഒരിക്കൽ പരിശോധന നടത്തണം. വ്യക്തിശുചിത്വത്തിനും പരിസരശുചിത്വത്തിനും വേണ്ട നിർദ്ദേശങ്ങൾ ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് നൽകുക. ആരോഗ്യത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവർക്കു വേണ്ടുന്ന ആരോഗ്യപരിപാലനം നൽകണം. കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള ബോധവൽക്കരണ ക്ലാസുകൾ വ്യാപകമാക്കണം. കുടുംബാസൂത്രണതുക വർദ്ധിപ്പിക്കണം.

4. വിദ്യാഭ്യാസകാര്യങ്ങളിൽ സ്ത്രീകൾക്ക് മതിയായ പങ്കാളിത്തം കൊടുക്കുക. മാസത്തിലൊരിക്കൽ മദർ പി.ടി.എ. കൂടുകയും കുട്ടികളുടെ പഠനനിലവാരവും മറ്റു കാര്യങ്ങളും ചർച്ച ചെയ്യുകയും വേണം. പെൺകുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ പ്രാഥമികസൗകര്യങ്ങൾ ഉറപ്പുവരുത്തുക. ആവശ്യത്തിനു മൂത്രപ്പുരകൾ ഇല്ലാത്ത സ്കൂളുകളിൽ പഞ്ചായത്തിൻെറയും നാട്ടുകാരുടെയും സഹായത്തോടെ അത് സ്ഥാപിക്കണം. പ്രീ - പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഉദയഗിരി, കാർത്തികപുരം, മണക്കടവ് തുടങ്ങിയ നാടിൻെറ സിരാകേന്ദ്രങ്ങളിൽ പ്രീ-പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുക. ഇതിലൂടെ അഭ്യസ്ത വിദ്യരായ യുവതികൾക്ക് തൊഴിലവസരം ഉണ്ടാകുന്നു. സ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപകരുടെ താല്ക്കാലിക കുറവു നികത്താൻ പഞ്ചായത്തിലുള്ള യോഗ്യരായ സ്ത്രീകളെ തൽസ്ഥാനത്തു നിയമിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം ലഭ്യമാക്കുക.

5. ഉദയഗിരി പഞ്ചായത്തിനെ സമ്പൂർണ്ണ മദ്യനിരോധന മേഖലയായി പ്രഖ്യാപിക്കണം. 50% സ്ത്രീകൾക്കും ഇത് ശാരിരികവും മാനസികവും സാമ്പത്തികവുമായ നേട്ടമുണ്ടാക്കും. പണം വച്ചുള്ള തീട്ടുകളി, മയക്കുമരുന്നിൻെറ ഉപയോഗം ഇവ നിയമമുപയോഗിച്ച് കർശനമായി തടയുക. വ്യാജവാറ്റുകാരെ കണ്ടുപിടിക്കാൻ പഞ്ചായത്തുതല സ്ക്വാഡുകൾ രൂപീകരിക്കുക. പുഴയോരങ്ങളിൽ നടക്കുന്ന വ്യാജമദ്യ വില്പന തടയേണ്ടതാണ്. ഇത് യാത്രക്കാരായ വനിതകൾക്ക് പ്രശ്നമുണ്ടാക്കുന്നു. പീഡനമനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ നിയമപരമായി നേരിടാൻ പഞ്ചായത്തുതലത്തിൽ ലീഗൽസെൽ രൂപീകരിക്കണം. പുരുഷന്മാർക്കൊപ്പം എല്ലാ മേഖലകളിലും വനിതകൾക്കുകൂടി പ്രാധാന്യം കൊടുത്താൽ ഒരു പരിധി വരെ പുരുഷമേധാവിത്വം കുറക്കാൻ സാധിക്കും.

6. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിൻെറ ഫലം ഗുണഭോക്താവിന് ലഭിക്കുന്നതായിരിക്കണം. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം. ഓരോ വാർഡിലും പത്തുപേരുവീതമടങ്ങുന്ന ടീമിന് ഒരു കുടിൽ വ്യവസായം ആരംഭിക്കാം.

7. പ്രധാനപ്പെട്ട ടൗണുകളിൽ സ്ത്രീകൾക്കായി മൂത്രപ്പുര ഉണ്ടാക്കണം. വികലാംഗരായ സ്ത്രീകൾക്ക് പ്രത്യേക ക്ഷേമ പദ്ധതികൾ നടപ്പിലാക്കണം. അർഹതപ്പെട്ടവർക്ക് വിധവാ പെൻഷൻ നല്കണം. ഇവയെല്ലാം ജാതിമതവർഗ്ഗവർണ്ണ രാഷ്ട്രീയ വ്യത്യാസമില്ലാതെ നടപ്പിലാക്കിയാൽ എല്ലാതലത്തിലും ക്ഷേമമുണ്ടാക്കുന്നതിനോടൊപ്പം വനിതകളുടെ സമഗ്രവികസനവും സാധ്യമാവും. ■

# സഹകരണം

1950 - ന്റെ തുടക്കത്തോടുകൂടി ഈ പ്രദേശങ്ങളിൽ മദ്ധ്യതിരുവിതാംകൂറിൽ നിന്നും കുടിയേറ്റം ആരംഭിക്കുകയും അതുവരെ ഇവിടെ വസിച്ചിരുന്ന ആദിവാസി ഹരിജൻ ജനവിഭാഗങ്ങൾ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന കൃഷിയിലും ജീവിതരീതിയിലും മാറ്റം വരുത്താൻ നിർബന്ധിതരായി തീരുകയും ചെയ്തു. ഓരോ വർഷവും മാറി മാറി കൃഷി ചെയ്തിരുന്ന ആദിവാസികൾക്ക് കുടിയേറ്റത്തോടുകൂടി ഇഷ്ടാനുസരണം ഭൂമി ലഭ്യമല്ലാതെ വരികയും അതിന്റെ ഫലമായി ക്ഷാമവും ദുരിതങ്ങളും അനുഭവിക്കേണ്ടിവരികയും ചെയ്തു. ഈ സാഹചര്യത്തിൽ മുളക്, നെല്ല്, ചോളം, മുത്താറി, കപ്പ തുടങ്ങിയ സാധനങ്ങൾ ദൈനംദിന ജീവിതാവശ്യങ്ങൾക്കുവേണ്ടി 'വിലമുറിക്കൽ' നടത്തിയിരുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥയിലായിരുന്ന കുടിയേറ്റക്കാരും 'വിലമുറിക്കൽ' നടത്തിയാണ് അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചിരുന്നത്. വ്യവസ്ഥകൾക്കനുസരിച്ച് വിലമുറിച്ച സാധനങ്ങൾ നൽകാൻ കഴിയാതെ വന്നാൽ വർദ്ധിച്ച പിഴ ഈടാക്കിയിരുന്നു. ഇങ്ങനെ വരുന്ന മുതലും പലിശയും ചേർന്നുള്ള 'പൊലിക്കടം' കൊടുത്തു തീർക്കാൻ കഴിയാതെ ചെറുകിട കർഷകരും ആദിവാസികളും വിഷമിച്ചു. ഈ സാഹചര്യത്തിലാണ് ആലക്കോട് കേന്ദ്രമായി 5-10-1960-ൽ 83 പേർ പങ്കെടുത്ത യോഗത്തിൽ വച്ച് എം.ഡി. തോമസ് മണ്ഡപത്തിൽ ചീഫ് പ്രൊമോട്ടറായി ഒരു ഐക്യനാണയ സഹകരണസംഘം രൂപീകരിച്ചത്. ഇതിന്റെ ഫലമായി കൃഷിക്കാർക്ക് പരിമിതമായ തോതിലാണെങ്കിലും സാമ്പത്തികസഹായം ലഭിച്ചു. ഈ സ്ഥാപനമാണ് ആലക്കോട് സർവ്വീസ് സഹകരണ ബാങ്കായി 1972-ൽ രൂപീകരിക്കപ്പെട്ടത്. ഇതിന്റെ കാർത്തികപുരം ശാഖ 1975-ൽ ആരംഭിച്ചു. ഈ പഞ്ചായത്തിലെ ആദ്യത്തെ ബാങ്ക് അങ്ങിനെ രൂപീകരിക്കപ്പെട്ടു. 1983-ൽ നടുവിൽ സർവ്വിസ് സഹകരണ ബാങ്കിന്റെ മണക്കടവ് ശാഖയും പ്രവർത്തനം ആരംഭിച്ചു. തളിപ്പറമ്പ് കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനവും നമ്മുടെ പഞ്ചായത്തിലെ നിരവധി കർഷകർക്ക് പ്രയോജനപ്പെടുന്നുണ്ട്.

ക്ഷീരോല്പാദക മേഖലയിൽ മുക്കട കേന്ദ്രമാക്കി 1970-ൽ ക്ഷീര വ്യവസായ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചുവെങ്കിലും അതിന്റെ പ്രവർത്തനം അധികനാൾ നീണ്ടുനിന്നില്ല. തളിപ്പറമ്പ് ബ്ലോക്ക് പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനമേഖലയിൽ പെട്ട ഈ പഞ്ചായത്തിൽ ആ സ്ഥാപനത്തിൽ നിന്നും കുറെ പേർക്ക് വായ്പകൾ ലഭിച്ചിട്ടുണ്ട്. ക്ഷീരോല്പാദക മേഖലയിൽ അഞ്ചുസംഘങ്ങൾ 1992 മുതൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അഞ്ചു റബ്ബർ ഉത്പാദകസംഘങ്ങളിൽ മാമ്പൊയിൽ, ഉദയഗിരി എന്നീ സംഘങ്ങൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ആലക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയുടെ പ്രവർത്തനമേഖലയിൽ ഉദയഗിരി പഞ്ചായത്തും ഉൾപ്പെടുന്നു. മണക്കടവ്, കാർത്തികപുരം, ഉദയഗിരി സ്കൂളുകളിൽ സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുമായി

ബന്ധപ്പെട്ടും കരിങ്കൽ മേഖലയിലും സഹകരണ സംഘങ്ങൾക്ക് ഈ പഞ്ചായത്തിൽ സാധ്യതകളുണ്ട്.

## പ്രശ്നങ്ങൾ

1. ആലക്കോട്, നടുവിൽ സഹകരണ ബാങ്കുകളുടെ ഇന്നത്തെ പ്രവർത്തനം കൊണ്ടുമാത്രം കാർഷികാവശ്യങ്ങൾക്ക് പര്യാപ്തമാകുന്നില്ല.
2. കാർഷിക വായ്പയെ സംബന്ധിച്ച് കൃഷിക്കാർ യഥാസമയം വിവരങ്ങൾ അറിയുന്നില്ല.
3. കഠിനമായ നിബന്ധനകൾ കൊണ്ട് വായ്പ ലഭിക്കാൻ വിഷമം നേരിടുന്നു.
4. കാർഷികവായ്പയുടെ ഉയർന്ന പലിശ നിരക്ക് വായ്പയെടുപ്പിനെ നിരുത്സാഹപ്പെടുത്തുന്നു.
5. ഉല്പാദനച്ചെലവിനനുസൃതമായി പാൽ ഉല്പാദകർക്ക് വില ലഭിക്കുന്നില്ല.
6. റബ്ബർ കർഷകസംഘങ്ങൾ നാമമാത്രമായതുകൊണ്ട് വലിയ വിഭാഗം റബ്ബർ കർഷകർക്കും പുറം കമ്പോളത്തെ ആശ്രയിക്കേണ്ടി വരുന്നു.
7. വനിതാ സഹകരണ സംഘങ്ങളുടെ അഭാവം
8. ആലക്കോട് സഹകരണ ആശുപത്രി പ്രവർത്തിക്കുന്നുവെങ്കിലും വിദഗ്ധ ചികിൽസ ലഭ്യമല്ല.
9. വ്യാവസായികാടിസ്ഥാനത്തിലുള്ള സഹകരണ സംഘങ്ങൾ നിലവിലില്ലായ്മ.
10. സ്കൂൾ സഹകരണ സംഘങ്ങൾ വേണ്ടത്ര ഫലപ്രദമല്ല.
11. വിദഗ്ദ അവിദഗ്ദ തൊഴിലാളികളുടെയും പരമ്പരാഗത തൊഴിലാളികളുടെയും സഹകരണ സംഘങ്ങളില്ല.

## സാധ്യതകൾ

1. പഞ്ചായത്തിൽ ആകെ പ്രവർത്തന പരിധിയായുള്ള ഒരു പ്രാഥമിക സഹകരണബാങ്ക് രൂപീകരിക്കുക.
2. കാർഷിക വായ്പകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
3. കാർഷിക വായ്പകൾക്ക് സബ്സിഡി ഏർപ്പെടുത്തി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുക.
4. ക്ഷീരോല്പാദകസംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ തുടങ്ങുകയും ന്യായമായ വില നൽകി പാൽ സംഭരിക്കുകയും ചെയ്യുക.
5. വനിതാ വായ്പാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
6. സഹകരണ മേഖലയിൽ ആധുനികസൗകര്യങ്ങളോടുകൂടിയ അലോപ്പതി ആശുപത്രി ആരംഭിക്കൽ.
7. പഞ്ചായത്തിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.
8. പഞ്ചായത്തടിസ്ഥാനത്തിൽ റബർ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.
9. സഹകരണ അടിസ്ഥാനത്തിൽ കാർഷിക വിളകളുടെ സംസ്ക്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
10. സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വിപുലപ്പെടുത്തുക.
11. റെഡിമെയ്ഡ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ഭക്ഷ്യോൽപ്പന്ന സംസ്ക്കരണം, ഖാദി യൂനിറ്റുകൾ ആരംഭിക്കുക.
12. വിദഗ്ധ തൊഴിലാളികളെയും മറ്റു തൊഴിലാളികളേയും ഉൾപ്പെടുത്തി ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം പഞ്ചായത്തിൽ രൂപീകരിക്കുക.

# പട്ടികജാതി - പട്ടികവർഗ്ഗ

## ക്ഷേമം



കേരളപ്പിറവിക്ക് മുമ്പുതന്നെ ഇവിടെ ഗോത്ര വർഗ്ഗക്കാർ ഉണ്ടായിരുന്നു. അതുകൊണ്ട് ഇവിടെ യുണ്ടായിരുന്ന സംസ്കാരം അവരുടെതായിരുന്നു. തനതായ ആചാരങ്ങളും വേഷവിധാനങ്ങളും അനുഷ്ഠാനങ്ങളുമാണ് ഉണ്ടായിരുന്നത്. പുല, വാലായ്മ തുടങ്ങിയവയും ഇവർ ആചരിച്ചിരുന്നു. പ്രത്യേകരീതിയിലുള്ള കൃഷി സമ്പ്രദായം, പുനംകൃഷി, കാട്ടുകിഴങ്ങുകൾ ശേഖരിക്കൽ, നായാട്ട് എന്നിവയും ഉണ്ടായിരുന്നു. വിവാഹാനുഷ്ഠാനങ്ങളും വളരെ വ്യത്യസ്തമായിരുന്നു. വധുവിന്റെ അമ്മയ്ക്ക് വരൻ കാഴ്ചകൊടുത്ത് പെണ്ണിനെ സ്വീകരിക്കുന്നതും വിവാഹസദ്യയ്ക്ക് ഉള്ള സാധനങ്ങൾ അവൻ തന്നെ കൊണ്ടുവന്ന് ഒരുമയോടുകൂടി പാകം ചെയ്തു ഭക്ഷിക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. ഇവരുടെ ഇടയിൽ തന്നെ കരിമ്പാലർ ഉയർന്നവനും വേട്ടുവരും, മാവിലരും താഴ്ന്നവനുമായിരുന്നു. മരുമക്കത്തായമാണ് ഇവരുടെ ഇടയിൽ ഇന്നും നിലനിൽക്കുന്നത്. അമ്മാമനായിരുന്നു അധികാരി. എല്ലാകാര്യങ്ങളും ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു നടന്നിരുന്നത്. ഇന്ന് ഈ കാര്യങ്ങൾക്കൊക്കെ ഒരു പരിധി വരെ മാറ്റം വന്നു. കുടിയേറ്റക്കാരുമായുള്ള സമ്പർക്കം മൂലം ഒരു സമ്മിശ്രസംസ്ക്കാരമാണ് ഇന്ന് നിലനിൽക്കുന്നത്. ആരാധനാരീതികളിൽ പലതും ഇന്നും നിലനില്കുന്നു. ഉദാഹരണമായി തെയ്യങ്ങൾ, കുളി ആരാധന തുടങ്ങിയവ.

ഉദയഗിരി പഞ്ചായത്തിൽ 22045 ജനങ്ങൾ അധിവസിക്കുന്നതിൽ 1689 പട്ടികജാതിക്കാരാണ്. അതായത് മൊത്തം ജനസംഖ്യയുടെ 7.5% വരും ഇവർ. ഇതിൽ 852 പുരുഷന്മാരും 837 സ്ത്രീകളും ആണ്. ഒരു പട്ടിക വർഗ്ഗ സ്ത്രീയും ഈ പഞ്ചായത്തിൽ എട്ടാം വാർഡിൽ കട്ടപ്പള്ളി എന്ന സ്ഥലത്ത് താമസിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ 11 പട്ടികജാതി കോളനികൾ ഉണ്ട്. ഇതിൽ താളിപ്പാറ വേട്ടുവ സമുദായത്തിൽ പെട്ട ആളുകൾ താമസിക്കുന്നവയും തുവരക്കാട് മാവില സമുദായക്കാർ താമസിക്കുന്ന കോളനിയും ആണ്. ബാക്കി എല്ലാ കോളനികളും കരിമ്പാല സമുദായത്തിൽപ്പെട്ടവർ താമസിക്കുന്നവയും ആണ്.

കോളനികൾ കൂടാതെ രണ്ടാം വാർഡിൽ ആമാക്ക്ര എന്ന സ്ഥലത്ത് ആറു കുടുംബങ്ങളും ഒമ്പതാം വാർഡിൽ ശാന്തിപുരത്ത് രണ്ട് കുടുംബങ്ങളും താളിപ്പാറ താഴെ ഒരു കുടുംബവും മുക്കുഴിയിൽ ഒരു കുടുംബവും താമസിക്കുന്നുണ്ട്. ആ കുടുംബനാഥൻ വികലാംഗനും കൂടിയാണ്.

420 പട്ടികജാതി കുടുംബങ്ങളിൽ 320 കുടുംബങ്ങൾക്ക് സ്വന്തമായി വീടു നിർമ്മിച്ചു നല്കുവാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞു എന്നത് ഒരു വൻനേട്ടമായി കാണുന്നു. അതുപോലെ തന്നെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു കുടുംബത്തിനും വീട് നിർമ്മാണത്തിന് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. 97% കുടുംബങ്ങളും ദാരിദ്രരേഖക്ക് താഴെയാണ്. വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കമാണ് ഹരിജനങ്ങൾ. സ്കൂളിൽ പോകുന്ന കുട്ടികൾ തന്നെ എസ്.എസ്.എൽ.സി പൂർത്തിയാക്കുന്നവർ വളരെ കുറവാണ്. ഉപരി വിദ്യാഭ്യാസത്തിനു പോകുന്നവർ ഈ വിഭാഗത്തിൽ വളരെ വിരളമാണ്. കുടുംബത്തിന്റെ സാമ്പത്തികനിലയാണ് പ്രധാനകാരണം.

76% കുടുംബങ്ങൾക്കും സർക്കാരിന്റെ വിവിധ സ്കീമുകളിൽ വീടുകൾ ലഭിച്ചിട്ടുണ്ടെങ്കിലും പ്രാഥമിക സൗകര്യങ്ങൾ പല വീടുകൾക്കും ഇല്ല. കാരണം വീടുനോടനുബന്ധിച്ചു നല്കിയ കക്കൂസ് നിർമ്മാണഗ്രാൻറ് പല കുടുംബങ്ങളും ദുരുപയോഗം ചെയ്തതുകൊണ്ടാണ്.

മുതുശ്ശേരി, പൂവൻഞ്ചാൽ, മാവിൻതട്ട്, ചെക്കിറിഞ്ഞി, തുമരക്കാട്, തോണ്ടിക്കുഴി, പാറോത്തുംമല, പെരുമുണ്ട എന്നീ പ്രദേശങ്ങളിൽ

വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ച പട്ടിക ജാതിക്കാരുടെ വീടുകൾ വളരെ കുറവാണ്. മറ്റു കോളനികളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല. കോളനികളിലേക്കുള്ള യാത്രാസൗകര്യങ്ങളും വളരെ പരിമിതമാണ്.

ആനക്കുഴി, തലതണ്ണി, കോളി, പാറോത്തും മല എന്നീ ഹരിജൻ കോളനികളിൽ വെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആരോഗ്യരംഗത്ത് എടുത്തു പറയത്തക്ക പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല. പരിസര ശുചിത്വത്തിന്റെ അഭാവം ചില സന്ദർഭങ്ങളിൽ പകർച്ചവ്യാധികൾ പിടിപെടാൻ കാരണമാകാറുണ്ട്.

ജനസംഖ്യയിൽ ഭൂരിഭാഗവും കർഷക തൊഴിലാളികൾ ആണ്. എന്നാൽ അവരിൽ ഒരു ചെറിയ വിഭാഗം കെട്ടിട നിർമ്മാണരംഗത്തേക്ക് മാറി കൊണ്ടിരിക്കുന്ന പ്രവണത കാണാവുന്നതാണ്. സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർ വളരെ കുറവാണ്. അതായത് ആകെ അഞ്ചുപേർ മാത്രമാണ് ഈ രംഗത്ത് ഉള്ളത്.

സാമ്പത്തികരംഗത്ത് തുല്യത കൈവന്നി ട്ടില്ലെങ്കിലും സാമൂഹ്യരംഗത്ത് തുല്യത കൈവന്നി ട്ടുണ്ട്. ഉദയഗിരി പഞ്ചായത്തിലെ പട്ടികജാതിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിയിട്ടുണ്ട്. ഇവരുടെ ഇടയിൽ നിന്ന് ആളുകൾ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ നേതൃത്വസ്ഥാനത്തേക്ക് വളരെ ചെറിയതോതിൽ ആണെങ്കിൽ തന്നെ എത്തിച്ചേരുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല
2. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറഞ്ഞിട്ടില്ല
3. കോളനികളിൽ പ്രാഥമിക സൗകര്യമില്ല
4. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പ്രശ്ന മാകുന്നു
5. കോളനികളിലെ ആരോഗ്യസംവിധാനം തൃപ്തികരമല്ല
6. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സ ക്കും പെൺമക്കളുടെ വിവാഹത്തിനും കൊടുക്കുന്ന സഹായധനം വളരെ കുറവാണ്. അതുപോലും സമയാസമയങ്ങളിൽ ലഭിക്കുന്നില്ല.
7. ക്ഷേമപദ്ധതികൾ ഫലപ്രദമായി വിനിയോഗി ക്കുന്നില്ല.
8. ട്രൈസംപോലുള്ള പരിശീലനപരിപാടികൾ പ്രായോഗിക തലത്തിൽ ഫലപ്രദമായി നടപ്പിലാ ക്കാൻ സാധിക്കുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഹരിജൻ സർവ്വീസ് സഹകരണസംഘം തുടങ്ങുക.
2. പാരമ്പര്യതൊഴിലുകളേയും മറ്റു തൊഴിലുകളെയും അടിസ്ഥാനമാക്കി വലിയകോളനികളിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
3. പഠനം നിർത്തിയവർക്ക് തുടർവിദ്യാഭ്യാസം നടത്തുന്നതിന് ഓരോ കോളനിയും സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങുക.
4. കോളനികളിൽ ബോധവല്ക്കരണം നടത്തുന്നതിന് സ്ഥിരം കേന്ദ്രങ്ങൾ ആരംഭിക്കുക.
5. പട്ടികജാതി കലാകാരന്മാർക്കും ആദിവാസി വൈദ്യന്മാർക്കും പ്രോത്സാഹനവും സംരക്ഷണവും നല്കുക.
6. ഓരോ കോളനികളിലും സത്യസന്ധമായും നിർഭയമായും ലാഭേച്ഛ കൂടാതെയും പ്രവർത്തിക്കുന്ന മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുക.
7. കോളനി റോഡുകൾ ടാർ ചെയ്ത് ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുക
8. കമുങ്ങുംതണ്ണി, കോളി, ആനക്കുഴി എന്നീ കോളനികളിൽ കുടിവെള്ള സൗകര്യത്തിന് നില വിലുള്ള നീരുറവകൾ ഫലപ്രദമായി സംരക്ഷിക്കുന്ന തിന് വേണ്ട നടപടികൾ സ്വീകരിക്കുക.
9. കോളനികൾ അടിയന്തിരമായി വൈദ്യുതീ കരിക്കുക.
10. കക്കൂസ് നിർമ്മാണത്തിന് കാലാകാലങ്ങളിലുള്ള മുഴുവൻ തുകയും അനുവദിക്കുക.

| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങൾ എണ്ണം | അംഗങ്ങളുടെ എണ്ണം | ആൺ | പെൺ | ഓടിട്ട വീട് | ഓലപ്പുര | കക്കൂസ് ഉള്ളവർ | വയറിംഗ് ഉള്ളവർ | കിണർ ഉള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെക്കുറിഞ്ഞി | 1 | 21 | 84 | 44 | 40 | 11 | 10 | 1 | 10 | 2 |
| 2 | പൂവൻചാൽ | 1 | 36 | 151 | 82 | 69 | 27 | 9 | 6 | 19 | 10 |
| 3 | കോളി | 1 | 33 | 143 | 72 | 71 | 25 | 8 | 18 | 25 | 8 |
| 4 | മാവിൻതട്ട് | 1 | 20 | 88 | 38 | 50 | 16 | 4 | 7 | 4 | 4 |
| 5 | പാറോത്തുംമല | 1 | 55 | 234 | 132 | 112 | 43 | 12 | 9 | 43 | 10 |
| 6 | ആനക്കുഴി | 3 | 13 | 54 | 28 | 26 | 10 | 3 | 3 | 3 | 2 |
| 7 | വെള്ളാട്ടുകൊച്ചി | 5 | 15 | 57 | 33 | 24 | 7 | 8 | 1 | | 2 |
| 8 | ലഡാക്ക് | 6 | 22 | 90 | 45 | 45 | 10 | 12 | 2 | 9 | 3 |
| 9 | തുമരക്കാട് | 7 | 51 | 189 | 93 | 96 | 35 | 16 | 8 | 30 | 8 |
| 10 | മുതുശ്ശേരി | 10 | 32 | 114 | 55 | 59 | 30 | 2 | 26 | 27 | 26 |
| 11 | തലതണ്ണി | 10 | 74 | 307 | 157 | 150 | 70 | 4 | 26 | 48 | 45 |
| | | | 372 | 1521 | 779 | 742 | 284 | 88 | 87 | 218 | 120 |

ദശലക്ഷം കിണർ ഭവന നിർമ്മാണ പദ്ധതി ( MWS ) യിൽ
ഭവന നിർമ്മാണ ഗ്രാൻറ് ലഭിച്ച കുടുംബങ്ങൾ

| ക്രമമ്പർ | വർഷം | ലഭിച്ചകുടുംബങ്ങൾ | ഒരുവീടിന്ഗ്രാൻറ് | മൊത്തംതുക |
|---|---|---|---|---|
| 1 | 1989-90 | 4 | 15800.00 | 63200.00 |
| 2 | 1993-94 | 15 | " | 237000.00 |
| 3 | 1994-95 | 1 | " | 15800.00 |
| | ആകെ | 20 | | 316000.00 |

ഉദയഗിരി പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്തെ വിവരങ്ങൾ

| ക്രമനമ്പർ | പഞ്ചായത്തിലെമൊത്തം കുടുംബങ്ങൾ | കോൺക്രീറ്റ് വീടുകൾ | ഭാഗികമായി കോൺക്രീറ്റ് | ഓടിട്ടത് | പുതുക്കി പണിയേണ്ടവ |
|---|---|---|---|---|---|
| 1 | 3991 (1991ലെ സെൻ-സസ് പ്രകാരം) | 80 വീടുകൾ | 210 | 2200 | 1500 |
| 2 | ലക്ഷം വീട് കോളനി | 18 " | | 10 | 8 |
| 3 | ലഡാക്ക് ഭൂരഹിത കർഷകതൊഴിലാളി കോളനി | 29 " | | 10 | 19 |
| 4 | മുതുശ്ശേരി ഭൂരഹിത കർഷകതൊഴിലാളി കോളനി | 20 " | | 4 | 16 |

## സാധ്യതകൾ (ആവശ്യങ്ങൾ)

| ക്രമനമ്പർ | കോളനികളുടെ പേര് | വീട്ആവശ്യമുള്ള കുടംബങ്ങൾ | കക്കൂസ് ആവശ്യമുള്ള കുടംബങ്ങൾ | വയറിംഗ് ആവശ്യമുള്ള കുടുംബങ്ങൾ | കിണർ നിർമ്മാണ ഗ്രാൻറ്ആവശ്യമുള്ളവർ |
|---|---|---|---|---|---|
| 1 | ചെക്കുറിഞ്ഞി കോളനി | 10 | 20 | 11 | 4 |
| 2 | പൂവൻചാൽ കോളനി | 10 | 30 | 17 | 15 |
| 3 | കോളി കോളനി | 10 | 5 | 8 | 10 |
| 4 | മാവിൻതട്ട് | 4 | 13 | 12 | 10 |
| 5 | പോറോത്തുമല | 12 | 45 | 12 | 30 |
| 6 | ആനക്കുഴി | 8 | 11 | 13 | 10 |
| 7 | വെള്ളാട്ടുകൊല്ലി | 8 | 13 | 15 | 5 |
| 8 | ലഡാക്ക് | 12 | 19 | 13 | 5 |
| 9 | തുമരക്കാട് കോളനി | 16 | 43 | 21 | 5 |
| 10 | മുതുശ്ശേരി-തലതണ്ണി | 6 | 25 | 31 | 20 |
| | ആകെ | 96 | 224 | 153 | 114 |

കോളനികളുടെ(ഹരിജനങ്ങളുടെ) പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കേണ്ട പരിപാടികൾ

| ക്രമ നമ്പർ | മുതുശ്ശേരി-തലതണ്ണി IHDP | തുമരക്കാട് കോളനി | ചെക്കുറിഞ്ഞി പൂവൻഞ്ചാൽ-കോളി | മാവിൻതട്ട് തോണ്ടിക്കുഴി പാറോത്തുംമല | ആനക്കുഴി വെള്ളാട്ട്കൊല്ലി |
|---|---|---|---|---|---|
| 1 | തൊഴിൽ അടിസ്ഥാനമാക്കി സഹകരണ സംഘം | തൊഴിൽ അടിസ്ഥാനമാക്കി സഹകരണ സംഘം | തൊഴിൽ അടിസ്ഥാനമാക്കി സഹകരണ സംഘം | തൊഴിൽ അടിസ്ഥാനമാക്കി സഹകരണ സംഘം | തൊഴിൽ അടിസ്ഥാനമാക്കി സഹകരണ സംഘം |
| 2 | കമ്മ്യൂണിറ്റി ഹാൾ | കമ്മ്യൂണിറ്റി ഹാൾ | കമ്മ്യൂണിറ്റി ഹാൾ | കമ്മ്യൂണിറ്റി ഹാൾ | സാംസ്കാരിക നിലയം |
| 3 | ടി.വി.സെൻററുകൾ വായനശാലാ ആൻറ് | ടി.വി.സെൻററുകൾ വായനശാലാ ആൻറ് ഗ്രന്ഥാലയം തുടങ്ങുക | ടി.വി.സെൻററുകൾ വായനശാലാ ആൻറ് ഗ്രന്ഥാലയം തുടങ്ങുക | ടി.വി.സെൻററുകൾ വായനശാലാ ആൻറ് ഗ്രന്ഥാലയം തുടങ്ങുക | ടി.വി.സെൻററുകൾ വായനശാലാ ആൻറ് ഗ്രന്ഥാലയം തുടങ്ങുക |
| 4 | സ്ഥിരം ബോധവൽക്കരണ കേന്ദ്രം തുടങ്ങുക | സ്ഥിരം ബോധവൽക്കരണ കേന്ദ്രം തുടങ്ങുക | സ്ഥിരം ബോധവൽക്കരണ കേന്ദ്രം തുടങ്ങുക | സ്ഥിരം ബോധവൽക്കരണ കേന്ദ്രം തുടങ്ങുക | സ്ഥിരം ബോധവൽക്കരണ കേന്ദ്രം തുടങ്ങുക |
| 5 | പൊതുശ്മശാനം തുടങ്ങുക | പൊതുശ്മശാനം തുടങ്ങുക | പൊതുശ്മശാനം തുടങ്ങുക | പൊതുശ്മശാനം തുടങ്ങുക | |
| 6 | സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങുക | സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങുക | സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങുക | സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങുക | സാക്ഷരതാ കേന്ദ്രങ്ങൾ തുടങ്ങുക |
| 7 | വനിതകളുടെ ത്രിഫ്റ്റ് ക്രഡിറ്റ് ഗ്രൂപ്പ് രൂപികരിക്കുക | വനിതാ ഗ്രൂപ്പുകൾ സംഘടിപ്പിക്കുക | വനിതാ ഗ്രൂപ്പുകൾ രൂപികരിക്കുക | വനിതാ ഗ്രൂപ്പുകൾ രൂപീകരിക്കിക | വനിതാ ഗ്രൂപ്പുകൾ രൂപീകരിക്കുക |
| 8 | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക |

# വിഭവ സമാഹരണം

മനുഷ്യസമൂഹം സാമൂഹ്യവിഭവങ്ങളെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. വിഭവങ്ങൾ ചൂഷണം ചെയ്ത് ജീവിക്കുന്ന മനുഷ്യൻ വിഭവ സ്രോതസ്സുകൾ എന്നേക്കും നിലനിർത്തുന്നതിനു പയുക്തമായ തരത്തിൽ ദീർഘവീക്ഷണത്തോടു കൂടിയുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിന്റെ പ്രകൃതി വിഭവശേഷിയും മനുഷ്യ വിഭവശേഷിയും വളരെ സമ്പന്നമാണ്. പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി നാനാ തുറകളിലുള്ള പ്രവർത്തനത്തിന്റെ ഉത്തരവാദിത്വ ങ്ങളും പഞ്ചായത്തു ഭരണസമിതിക്കുമേൽ വന്നു ഭവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വരുമാന ത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുമില്ല. അതു കൊണ്ട് പഞ്ചായത്തിന്റെ വിവിധ തുറകളിലെ വിക സന പ്രവർത്തനങ്ങളുടെ വേഗത കൂട്ടുന്നതിന് വിവി ധ മാർഗ്ഗങ്ങളിലൂടെ വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനമാർഗ്ഗങ്ങൾ

| ഇനം | 85-86 (രൂപ) | 95-96 (രൂപ) |
|---|---|---|
| കെട്ടിടനികുതി | 73487.62 | 18.3604.40 |
| വിനോദ നികുതി | 13746.46 | 27896.00 |
| തൊഴിൽ നികുതി | 31845.00 | 90065.00 |
| പഞ്ചായത്ത് ഭൂമിയിൽനിന്നുള്ള വരുമാനം | 626.00 | 600.00 |
| ലൈസൻസ് ഫീസ് | 5683.65 | 17299.25 |
| പ്രദർശന നികുതി | 531.25 | 1940.00 |
| ജെ.ആർ.വൈ | - | |
| ഉപാധിരഹിത ഫണ്ട്(അൺടൈഡ്) | - | |
| മറ്റു ഗവ: ഗ്രാൻറുകൾ | 148535.60 | 646784.00 |
| ഇതര വരുമാനങ്ങൾ | 72662.07 | 49863.60 |
| ആകെ | 3,47,117.65 | 10,18,051.25 |



## കെട്ടിട നികുതി

കെട്ടിട നിർമ്മാണ ചിലവിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നികുതി നിർണ്ണയം നടത്തിയാൽ കെട്ടിട നികുതിയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയും

## തൊഴിൽ നികുതി

മാസ ശമ്പളക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നും മാത്രം പിരിക്കുന്ന തൊഴിൽ നികുതി കർഷകൻ, കച്ചവടക്കാർ, തുടങ്ങി സ്ഥിരമായി തൊഴിലെടുക്കുന്നവരിൽ നിന്നെല്ലാം ഈടാക്കുകയാണെങ്കിൽ ഈ ഇനത്തിലുള്ള വിരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.

## വിനോദ നികുതി

പഞ്ചായത്തിലെ കാർത്തികപുരത്തുള്ള ഒരു സിനിമാ ശാലയിൽനിന്നും മാത്രമെ വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുള്ളൂ. 95-96 വർഷത്തെ വിനോദ നികുതിയിനത്തിലുള്ള വരുമാനം 27,896 രൂപയാണ്. കാലാനുസൃതമായി വിനോദ നികുതിയും വർദ്ധിപ്പിക്കേണ്ടതാണ്.

## പുറമ്പോക്കു ഭൂമി

പഞ്ചായത്തിലെ പുറമ്പോക്കുഭൂമി നാളിതുവരെയായിട്ടും കൃത്യമായി സർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയിട്ടില്ല. എത്രയും വേഗം ഇതു അളന്നു തിട്ടപ്പെടുത്തേണ്ടതും സംരക്ഷിക്കേണ്ടതുമാണ്. നിലവിൽ ലീസിനു കൊടുത്തിട്ടുള്ള പുറമ്പോക്കു ഭൂമികളുടെയും പഞ്ചായത്ത് ഭൂമിയുടെയും ലീസ് വർദ്ധിപ്പിക്കേണ്ടതാണ്.

## പുതിയ സാദ്ധ്യതകൾ

കാർത്തികപുരത്ത് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് ഇവ നിർമ്മിച്ചു ലീസിനു നൽകുവാൻ കഴിയും. മണക്കടവിലും പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് ലീസിനു നൽകാവുന്നതാണ്. ലീസിനു നൽകുന്ന വ്യക്തികളിൽ നിന്നും ഡിപ്പോസിറ്റായി മൂലധനം സമാഹരിക്കാൻ സാധിക്കും.

## ടൂറിസം

പ്രകൃതി രമണീയങ്ങളായ കുന്നിൻ ചെരിവുകളും കൊച്ചു സമതലങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിൽ ടൂറിസത്തിന് അനന്തമായ സാദ്ധ്യതകളാണുള്ളത്. പുഴയിൽ ജലാശയങ്ങൾ രൂപപ്പെടുത്തി ബോട്ടിങ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പൈതൽമല പഞ്ചായത്തിന്റെ തെക്കുകിഴക്കെ അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നിന്നും പൈതൽ മലയിലേക്കുള്ള ഗതാഗത സൗകര്യം ഇന്നത്തേതിൽനിന്നും വിപുലപ്പെടുത്തിയാൽ ടൂറിസത്തിന്റെ സാദ്ധ്യതകൾ പലമടങ്ങു വർദ്ധിപ്പിക്കുവാൻ സാധിക്കും. തിരുനെറ്റിയെ മികച്ച ടൂറിസ്റ്റ് കേന്ദ്രമായി വാർത്തെടുക്കാൻ കഴിയും.

## ധനകാര്യ സ്ഥാപനങ്ങൾ

നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ഉദയഗിരി, മണക്കടവ് ശാഖകൾ, ആലക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ കാർത്തികപുരം ശാഖ, നടുവിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മണക്കടവ് ശാഖ ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ. തളിപ്പറമ്പ് കാർഷിക വികസന ബാങ്ക്, ആലക്കോട് തളിപ്പറമ്പ എന്നീ സ്ഥലങ്ങളിലെ സ്വകാര്യ ദേശസാൽകൃത ബാങ്കുകൾ, തളിപ്പറമ്പിലെ കെ.എസ്.എഫ്.ഇ ശാഖ(കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ്) എന്നിവയെല്ലാം പഞ്ചായത്തിലെ ജനങ്ങൾ തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി സമീപിക്കുന്നു. കാർഷിക മേഖലയിലാണ് പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ കൂടുതൽ ലോണുകൾ നൽകിയിട്ടുള്ളത്. നിയമത്തിന്റെ പരിമിതികൾമൂലം കൃഷിക്കാർക്ക് തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിക്കാനുതകുന്ന തരത്തിൽ ലോണുകൾ നൽകുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

## മനുഷ്യ വിഭവശേഷി

മനുഷ്യ വിഭവശേഷി സന്നദ്ധ പ്രവർത്തനം വഴി ഏറെ പ്രയോജനപ്പെടുത്തിയ നിരവധി അനുഭവങ്ങൾ ഈ പഞ്ചായത്തിനുണ്ട്. ഉദയഗിരി വികസന

സമിതിയുടെ നേതൃത്വത്തിൽ കാർത്തികപുരം പാലം, ഉദയഗിരി പാലം, പൂല്ലരികലുങ്ക് നിരവധി റോഡുകൾ നാട്ടുകാരുടെ ശ്രമദാനം വഴി നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൻെറ ധനസഹായത്തോടുകൂടി വിവിധ വാർഡുകളിൽ പൊതുജനങ്ങളുടെ ശ്രമദാനം വഴിയായി നിരവധി റോഡുകൾ പുതുതായി വെട്ടിത്തുറന്നിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സ്ക്കൂൾ രക്ഷാകർതൃ സമിതികൾ സ്ക്കൂളുകളിൽ വിവിധങ്ങളായ നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിയ അനുഭവങ്ങളും നിരവധിയാണ്.

### പ്രശ്നങ്ങൾ

1. തൊഴിൽ നികുതി എല്ലാ വിഭാഗം തൊഴിലാളികൾക്കും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
2. പഞ്ചായത്ത് പുറമ്പോക്ക്ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.
3. പഞ്ചായത്ത്ഭൂമി അളന്നു തിട്ടപ്പെടുത്താത്തതിനാൽ വേണ്ട രീതിയിൽ സംരക്ഷിക്കുവാൻ കഴിയുന്നില്ല.
4. ടൂറിസം മേഖലയിൽ കാര്യമായ സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടില്ല.
5. സന്നദ്ധ പ്രവർത്തനത്തിൽ ജനപങ്കാളിത്തം വളരെ കുറവായി കാണുന്നു.
6. ഇപ്പോഴത്തെ വരുമാനം കൊണ്ട് പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുവാൻ വളരെ ബുദ്ധിമുട്ടാണ്.

### നിർദ്ദേശങ്ങൾ

1. നിർമ്മാണ ചിലവിൻെറ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ നികുതി ശാസ്ത്രീയമായി നിർണ്ണയിക്കുക.
2. ഇപ്പോൾ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥിരം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.
3. ലീസ് വർദ്ധിപ്പിക്കുക
4. കാർത്തികപുരത്ത് കമ്മ്യൂണിറ്റി ഹാൾ, പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്, ടാക്സി സ്റ്റാൻഡ്, ബസ്സ്റ്റാൻഡ് ഇവ സ്ഥാപിക്കുക.
5. മണക്കടവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
6. ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഉല്പാദനകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
7. തോട്ടിൽ നിന്നും പുഴയിൽ നിന്നും വെള്ളമെടുക്കുന്നതിനു നിയന്ത്രണമേർപ്പെടുത്തുക.
8. ജലസേചനത്തിന് പുഴയിൽ നിന്നും മറ്റും വെള്ളമെടുക്കുന്നവരിൽ നിന്ന് വാർഷിക ഫീസ് ഈടാക്കുക
9. എല്ലാ വിവാഹങ്ങളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുവാനും റജിസ്ട്രേഷൻ ഫീസ് ഈടാക്കുവാനും സംവിധാനം ഏർപ്പെടുത്തുക.
10. ഭൂനികുതി പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുവാൻ അനുമതി നൽകുക.
11. മത്സ്യ മാംസ കച്ചവടത്തിന് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.
12. കാർത്തികപുരത്ത് പഞ്ചായത്താഫീസിന് സമീപത്തുള്ള 1.41 ഏക്ര മിച്ചഭൂമി ഗവൺമെണ്ട് പഞ്ചായത്തിൻെറ പൊതു ആവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുക.
13. ടൂറിസം വികസനത്തിനു വേണ്ടി കാർത്തികപുരത്ത് ഒരു വഴിയോര വിശ്രമ കേന്ദ്രവും പി.ഡബ്ല്യു.ഡി. ഗസ്റ്റ് ഹൗസും സ്ഥാപിക്കുക.
14. സ്ക്കൂളിൻെറ സാധാരണ ഗതിയിലുള്ള ഭൗതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു പി.ടി.എ വഴിയും വിദ്യാർത്ഥികൾ വഴിയും ആവശ്യമായ ഫണ്ട് ശേഖരിക്കുക.
15. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി രോഗികളിൽനിന്നും നിർബന്ധപൂർവ്വമല്ലാതെ കൂപ്പൺ വഴി സംഭാവനകൾ വഴി ഫണ്ടുണ്ടാക്കുക.
16. കൃഷി ആവശ്യങ്ങൾക്കുള്ള ലോണിൻെറ തുകയുടെ പരിധി ഉയർത്തുകയും വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യുക.
17. പുതിയ റോഡുകൾ, കുളങ്ങൾ, കിണറുകൾ, കളിസ്ഥലം, ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ,റോഡുകളുടെ ഓവുചാൽ, അറ്റകുറ്റപ്പണികൾ ഇവക്കെല്ലാം മനുഷ്യ വിഭവ ശേഷി പ്രയോജനപ്പെടുത്തുവാൻ കഴിയും. വാർഡ് സമിതികൾ, അയൽകൂട്ടങ്ങൾ, ഇവയുടെ പ്രവർത്തനം വഴി സന്നദ്ധ പ്രവർത്തനം ഫലപ്രദമായി വിനിയോഗിക്കാം.

KANNUR DISTRICT

UDAYAGIRI PANCHAYAT






TIME OFFSET PRINTERS,TPBA. PH:202225